# പാലാ രൂപത

## രണ്ടാമത് എപ്പാർക്കിയൽ അസംബ്ലി
## 2013 നവംബർ 13 മുതൽ 16 വരെ

# വിഷയാവതരണരേഖ

### വിഷയം:

## നവസുവിശേഷവൽക്കരണവും വിശ്വാസകൈമാറ്റവും

**(The New Evangelization and the Transmission of Faith)**

**ബിഷപ്സ് ഹൗസ്, പാലാ**

20 ഒക്ടോബർ 2013

# ആമുഖവചസ്സുകൾ

## രണ്ടാമത് എപ്പാർക്കിയൽ അസംബ്ലിയിലേക്ക് പ്രാർത്ഥനാപൂർവം

2013 നവംബർ 13 മുതൽ 16 വരെ അരുണാപുരത്തുള്ള പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്ന പാലാ രൂപത രണ്ടാമത് എപ്പാർക്കിയൽ അസംബ്ലിയുടെ ചർച്ചകൾക്കുള്ള വിഷയാവതരണ രേഖയാണിത് (instrumentum laboris). രൂപതയുടെ വിവിധ തലങ്ങളിൽ നിന്ന് പൗരസ്ത്യസഭാനിയമപ്രകാരം തിരഞ്ഞെടുക്കപ്പെട്ട വൈദികരും സമർപ്പിതരും അൽമായരും അടങ്ങുന്ന ഉപദേശകസമിതിയാണ് എപ്പാർക്കിയൽ അസംബ്ലി. ഇവർ രൂപതയിലെ ദൈവജനത്തെ മുഴുവൻ പ്രതിനിധാനം ചെയ്യുന്നവരാണ്. ഇവരുടെ കൂട്ടായ പ്രാർത്ഥനയും പരിചിന്തനവും ആസൂത്രണവും നമ്മുടെ രൂപതയുടെ മുമ്പോട്ടുള്ള വളർച്ചയെ നിർണ്ണായകമായി സ്വാധീനിക്കുമെന്നുള്ളത് ഉറപ്പാണ്.

രണ്ടാമത് എപ്പാർക്കിയൽ അസംബ്ലി പ്രഖ്യാപിക്കപ്പെട്ട 2013 മാർച്ച് മുതൽ നാം ഈ അസംബ്ലിക്കായി ഒരുങ്ങിവരികയാണ്. ബന്ധപ്പെട്ട എല്ലാവരുടെയും അഭിപ്രായങ്ങൾ ശ്രവിച്ചശേഷം "നവസുവിശേഷവൽക്കരണം" എന്ന ആനുകാലികപ്രസക്തിയുള്ള പ്രമേയമാണ് ഈ അസംബ്ലിയുടെ പ്രധാന ചർച്ചാവിഷയമായി നാം സ്വീകരിച്ചിരിക്കുന്നത്. ഈ പൊതുപ്രമേയത്തെ ആസ്പദമാക്കി തയ്യാറാക്കിയ മാർഗ്ഗരേഖ (lineamenta) 2013 ജൂൺ മാസത്തിൽ തയ്യാറാക്കി എല്ലാ ഇടവകകളിലും ബന്ധപ്പെട്ട സ്ഥാപനങ്ങളിലും സംഘടനകളിലും എത്തിച്ചുകൊടുത്തിരുന്നു. പ്രസ്തുത രേഖ രൂപതയുടെ വിവിധ തലങ്ങളിൽ വിശദമായി പഠനത്തിന് വിധേയമാക്കി ബന്ധപ്പെട്ടവർ വിലയിരുത്തലുകളും പ്രായോഗികനിർദ്ദേശങ്ങളും യഥാസമയം രൂപതാകേന്ദ്രത്തിൽ എത്തിച്ചുതന്നിരുന്നു. ലഭിച്ച മറുപടികളിൽ ഏറിയ പങ്കും പ്രായോഗികനിർദ്ദേശങ്ങളായിരുന്നു. അവയെല്ലാംകൂടി ഏകോപിപ്പിച്ച് നവസുവിശേഷവൽക്കരണത്തിന്റെയും വിശ്വാസകൈമാറ്റത്തിന്റെയും ഏറ്റവും പ്രാധാന്യമർഹിക്കുന്ന പത്തു മേഖലകളോട് ബന്ധപ്പെടുത്തി ക്രമീകരിച്ച് അനുബന്ധമായിട്ടാണ് അവയെ വിഷയാവതരണരേഖയിൽ

ചേർത്തിരിക്കുന്നത്. മാർഗ്ഗരേഖയുടെ ഉള്ളടക്കത്തെ സംബന്ധിച്ച് ലഭിച്ച വിലയിരുത്തലുകളും ഉചിതമായി പരിഗണിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. അതിനാൽ ഭേദഗതി വരുത്തിയ മാർഗ്ഗരേഖയും ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന പ്രായോഗികനിർദ്ദേശങ്ങളുടെ അനുബന്ധവും കൂടിചേരുന്നതാണ് ഈ വിഷയാവതരണരേഖ.

ക്രിയാത്മകമായ ചർച്ചകൾ നടത്തി സ്ഥായിഭാവമുള്ള കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കുക എന്നതാണ് അസംബ്ലി അംഗങ്ങളുടെ നിയോഗം. അസംബ്ലിയിലെ ചർച്ചകളുടെ വെളിച്ചത്തിൽ പുതിയ കർമ്മപദ്ധതി തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതുമാണ്. എപ്പാർക്കിയൽ അസംബ്ലിയിലെ ചർച്ചകളും തത്ഫലമായി രൂപം കൊള്ളുന്ന കർമ്മപദ്ധതിയും നമ്മുടെ രൂപതയെ ദൈവം ആഗ്രഹിക്കുന്ന വളർച്ചയിലേയ്ക്ക് നയിക്കുമെന്നുള്ള പ്രത്യാശയോടെ ഈ വിഷയാവതരണരേഖ അസംബ്ലി അംഗങ്ങളുടെ ആഴമേറിയ പഠനത്തിനായി നല്കുന്നു. ഈശോ നമ്മുടെ പരിശ്രമങ്ങളെ ഫലമണിയിക്കട്ടെ. നവസുവിശേഷവൽക്കരണത്തിന്റെ അഗ്നി നമ്മുടെ രൂപതയിൽ ജ്വലിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം

**മാർ ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതയുടെ മെത്രാൻ

ബിഷപ്സ് ഹൗസ്
പാലാ, 20.10.2013

# I

# മാർഗ്ഗരേഖ

**(ഭേദഗതി വരുത്തിയത്)**

## വിഷയം:

---

**നവസുവിശേഷവൽക്കരണം: വിശ്വസിക്കുന്നതിന്റെ സന്തോഷവും വിശ്വാസം കൈമാറുന്നതിന്റെ തീക്ഷ്ണതയും**

**(New Evangelization: The Joy of Believing and the Enthusiasm for Transmitting the Faith)**

---

"ദൈവത്തിന്റെ ദാനം എന്തെന്ന് നീ അറിഞ്ഞിരുന്നെങ്കിൽ..." (യോഹ. 4,10)

# ഉള്ളടക്കം

**ആമുഖം - രണ്ടാമത് എപ്പാർക്കിയൽ അസംബ്ലി: പശ്ചാത്തലവും ലക്ഷ്യവും ചർച്ചാവിഷയവും**

A. എപ്പാർക്കിയൽ അസംബ്ലിയുടെ പ്രത്യേകപശ്ചാത്തലം ..... 7
B. എപ്പാർക്കിയൽ അസംബ്ലിയുടെ ലക്ഷ്യം ..... 9
C. എപ്പാർക്കിയൽ അസംബ്ലിയുടെ ചർച്ചാവിഷയം ..... 10

**അദ്ധ്യായം ഒന്ന് – നവസുവിശേഷവൽക്കരണം: അർത്ഥവും ലക്ഷ്യവും**

A. 'നവസുവിശേഷവൽക്കരണം': പദപ്രയോഗത്തിന്റെ അർത്ഥതലങ്ങൾ ..... 13
B. നവസുവിശേഷവൽക്കരണത്തിന്റെ സമകാലികപശ്ചാത്തലം ..... 14
C. നവസുവിശേഷവൽക്കരണവും വിശ്വാസവർഷവും ..... 15

**അദ്ധ്യായം രണ്ട് – നവസുവിശേഷവൽക്കരണവും വിശ്വസിക്കുന്നതിന്റെ സന്തോഷവും**

A. വിശ്വാസത്തിന്റെ വാതിൽ നമുക്ക് മുമ്പിൽ എപ്പോഴും തുറന്നുകിടക്കുന്നു ..... 16
B. ഈശോമിശിഹാ വിശ്വാസത്തിന്റെ മൂലക്കല്ല് ..... 19
C. ശ്ലൈഹികത വിശ്വാസജീവിതത്തിന്റെ അടിത്തറ ..... 21
D. വിശ്വാസജീവിതം സഭയോടുചേർന്ന് ..... 23
E. വിശ്വാസത്തിന്റെ ഉള്ളടക്കം വിശ്വാസപ്രമാണത്തിലൂടെ ..... 27
F. വിശ്വാസവും ദൈവാരാധനയും ..... 30
G. വിശ്വാസവും അനുദിനജീവിതവും ..... 32
H. വിശ്വാസജീവിതത്തിന്റെ സ്വരതാളലയം ..... 35
I. യഥാർത്ഥ ഉറവയിൽ നിന്നും തെളിനീർപാനം ചെയ്യുക ..... 39

**അദ്ധ്യായം മൂന്ന് – നവസുവിശേഷവൽക്കരണവും വിശ്വാസം കൈമാറുന്നതിന്റെ തീക്ഷ്ണതയും**

**ഭാഗം I – വിശ്വാസകൈമാറ്റത്തിന്റെ പ്രധാന വേദികൾ**

A. ശരിയായ ദൈവസ്നേഹാനുഭവവും സമഗ്രമായ വിശ്വാസബോധ്യങ്ങളും ..... 40
B. വിശ്വാസകൈമാറ്റം ജീവിതസാക്ഷ്യത്തിലൂടെ ..... 41
C. കുടുംബം : വിശ്വാസപരിശീലനത്തിന്റെയും വിശ്വാസകൈമാറ്റത്തിന്റെയും പ്രഥമകളരി ..... 43
D. ഇടവക: വിശ്വാസത്തിൽ പക്വതപ്രാപിക്കുവാനും ഫലപ്രദമായി കൈമാറുവാനുമുള്ള വേദി ..... 45
E. അധ്യാപകർ വിശ്വാസത്തിന്റെ പരിശീലകരും കൈമാറ്റക്കാരും ..... 47
F. ആതുര - പരസ്നേഹശുശ്രൂഷാരംഗങ്ങൾ വിശ്വാസകൈമാറ്റത്തിന് ..... 48
G. സാംസ്കാരിക - സാമൂഹിക - സാമ്പത്തിക - രാഷ്ട്രീയ മേഖലകളിലൂടെയുള്ള വിശ്വാസകൈമാറ്റം ..... 50
H. ശാസ്ത്ര - സാങ്കേതികപുരോഗതിയും വിവരസാങ്കേതികവിദ്യയും കലാസാഹിത്യാദികളും ചരിത്രപഠനവും വിശ്വാസകൈമാറ്റത്തിന് ..... 51
I. വൈദിക - സന്യാസദൈവവിളികളുടെ പ്രോത്സാഹനം വിശ്വാസകൈമാറ്റത്തിന് ..... 52
J. കൂട്ടായ്മയിലൂടെയും സാഹോദര്യത്തിലൂടെയുമുള്ള വിശ്വാസകൈമാറ്റം ..... 52
K. വിശ്വാസകൈമാറ്റം മാതൃസഭയോടും സാർവ്വത്രികസഭയോടും ചേർന്ന് ..... 54
L. വിശ്വാസകൈമാറ്റത്തിന്റെ പ്രേഷിതമാനം ..... 54
M. വിശുദ്ധർ: വിശ്വാസകൈമാറ്റത്തിന്റെ ജ്വലിക്കുന്ന മാതൃകകൾ ..... 55
N. രൂപതാമെത്രാൻ വിശ്വാസനിക്ഷേപത്തിന്റെയും വിശ്വാസകൈമാറ്റത്തിന്റെയും ജാഗ്രതയുള്ള കാവൽക്കാരൻ ..... 56
O. പ്രാർത്ഥനയിൽ ഒന്നിച്ചുചേരുന്ന രൂപതാകുടുംബം ..... 57

**ഭാഗം II – വിശ്വാസകൈമാറ്റത്തിന് പുതിയ ഭാഷയും ശൈലികളും**

A. മാറ്റങ്ങളും വൈവിധ്യവും സമകാലികസമൂഹത്തിന്റെ പ്രത്യേകതകൾ ..... 58
B. നവസുവിശേഷവൽക്കരണത്തിന് പുതിയ ഭാഷയും ശൈലികളും ..... 58

**ഉപസംഹാരം – പാലാ രൂപത 2033-ൽ** ..... 61

# ആമുഖം

## രണ്ടാമത് എപ്പാർക്കിയൽ അസംബ്ലി: പശ്ചാത്തലവും ലക്ഷ്യവും ചർച്ചാവിഷയവും

## A. എപ്പാർക്കിയൽ അസംബ്ലിയുടെ പ്രത്യേക പശ്ചാത്തലം

സാന്ത്വനപ്രകാശമായ ദൈവം നിരവധി നന്മകൾകൊണ്ട് അനുഗ്രഹിച്ച നമ്മുടെ രൂപതയുടെ രണ്ടാമത് എപ്പാർക്കിയൽ അസംബ്ലി 2013 നവംബർ 13 മുതൽ 16 വരെ അരുണാപുരത്തുള്ള പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് നടത്തപ്പെടുകയാണ്. രൂപതാകുടുംബം മുഴുവൻ ഒരുമിച്ചു പ്രാർത്ഥിക്കുകയും പഠിക്കുകയും രൂപതയുടെ സർവ്വതോമുഖമായ വളർച്ചയ്ക്ക് ഉപകാരപ്രദമായ കർമ്മപദ്ധതിആവിഷ്കരിക്കുകയും ചെയ്യുന്ന സുപ്രധാന അവസരമാണിത്. അനുദിനവും നമ്മുടെമേൽ വർഷിക്കപ്പെടുന്ന നിരവധിയായ ദൈവാനുഗ്രഹങ്ങൾക്ക് ദൈവജനം മുഴുവനോടുംചേർന്ന് നമുക്ക് ദൈവത്തിന് നന്ദിപറയാം. പൗലോസ്ശ്ലീഹാ അനുസ്മരിപ്പിക്കുന്നതുപോലെ, "......നിങ്ങളെപ്രതി നിരന്തരം ദൈവത്തിന് കൃതജ്ഞതയർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടവരാണ്. എന്തെന്നാൽ ആത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ട്, സത്യത്തിൽ വിശ്വസിച്ച് രക്ഷ പ്രാപിക്കുവാൻ ആദിയിൽതന്നെ ദൈവം നിങ്ങളെ തിരഞ്ഞെടുത്തു" (2 തെസ. 2:13). ദാനമായിലഭിച്ച വിശ്വാസത്തെ കൃതജ്ഞതാപൂർവം വിലമതിക്കുവാനും അതിൽ കൂടുതൽ ആഴപ്പെടുവാനും നമുക്ക് കഴിയട്ടെ. പ്രധാനമായും മൂന്ന് കാര്യങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ എപ്പാർക്കിയൽ അസംബ്ലി സമ്മേളിക്കുന്നത്. ഈ നാളുകളിൽ ദൈവാരൂപി നമ്മെ എല്ലാവരെയും ഫലപ്രദമായി പ്രചോദിപ്പിക്കട്ടെ.

## 1. സാർവ്വത്രികസഭയിലെ വിശ്വാസവർഷാചരണം

2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെയാണ് തിരുസ്സഭയിൽ വിശ്വാസവർഷം ആചരിക്കുന്നത്. ദൈവജനത്തിന്റെ വിശ്വാസജീവിതത്തിന് ശരിയായ ദിശാബോധവും നവമായ കാഴ്ചപ്പാടുകളും പകർന്നുനല്കിയ ചരിത്രപ്രാധാന്യമുള്ള രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടിയതിന്റെ സുവർണ്ണജൂബിലിവർഷത്തിലാണ് സഭ വിശ്വാസവർഷം പ്രഖ്യാപിച്ചിരിക്കുന്നത്. അതുപോലെതന്നെ കൗൺസിൽ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ തയ്യാറാക്കിയ "കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം" പ്രസിദ്ധീകരിച്ചതിന്റെ ഇരുപതാം വാർഷികവും കൂടി പരിഗണിച്ചാണ് വിശ്വാസവർഷം ആചരിക്കുന്നത്. മാമ്മോദീസായിൽ ആരംഭിക്കുന്ന വിശ്വാസയാത്രയുടെ വഴി വീണ്ടും കണ്ടെത്തി, ലോകത്തിന്റെ ഏകരക്ഷകനായ ഈശോയിലേക്കുള്ള ആത്മാർത്ഥവും നിരന്തരവുമായ മാനസാന്തരത്തിലൂടെ ഓരോ വിശ്വാസിയുടെയും വിശ്വാസജീവിതത്തിൽ ഒരു പുതിയ "പുറപ്പാടനുഭവം" സംജാതമാക്കുക എന്നതാണ് വിശ്വാസവർഷപ്രഖ്യാപനത്തിന്റെ ഏറ്റവും പ്രധാനലക്ഷ്യം. അതായത്, പാപത്തിന്റെയും തിന്മയുടെയും അടിമത്വത്തിൽനിന്ന് മോചിതരായി ദൈവമക്കളുടെ യഥാർത്ഥ ആത്മീയസ്വാതന്ത്ര്യത്തിലേക്ക് നാം കടന്നുവരണം.

## 2. നവസുവിശേഷവൽക്കരണം

2012 ഒക്ടോബർ 07 മുതൽ 28 വരെ റോമിൽനടന്ന ആഗോള മെത്രാന്മാരുടെ സിനഡിന്റെ വിഷയം 'ക്രൈസ്തവവിശ്വാസകൈമാറ്റത്തിന് നവസുവിശേഷവൽക്കരണം' എന്നതായിരുന്നു. പരമ്പരാഗതക്രൈസ്തവസമൂഹങ്ങളിലെ വിശ്വാസകാര്യങ്ങളോടുള്ള നിസ്സംഗതയും വിശ്വാസ വ്യതിചലനങ്ങളും കണ്ടെത്തി അവയെ പരിഹരിച്ച് കൂടുതൽ തീക്ഷ്ണതയോടും ആവേശത്തോടുംകൂടെ വിശ്വാസ തീർത്ഥാടനം തുടരുവാൻ വിശ്വാസിസമൂഹത്തെ ഒരുക്കുകയാണ് ലോകം മുഴുവനിലും നടന്നുകൊണ്ടിരിക്കുന്ന എല്ലാ നവസുവിശേഷവൽകരണപ്രവർത്തനങ്ങളുടെയും ലക്ഷ്യം.

## 3. 63 സംവത്സരങ്ങൾ പിന്നിട്ട പാലാ രൂപത

ദൈവപരിപാലനയിൽ 1950-ൽ സ്ഥാപിതമായ നമ്മുടെ രൂപത അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെയും (1950-1981) അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെയും (1981-2004) ഇപ്പോൾ നമ്മുടെ ഇടയനായ അഭിവന്ദ്യ മാർ ജോസഫ്

കല്ലറങ്ങാട്ട് പിതാവിന്റെയും (2004-) സഹായമെത്രാനായ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെയും (2012-) നേതൃത്വത്തിൽ ഏറെ വളർന്നുവെന്നത് ദൈവതിരുമുമ്പാകെ നമുക്ക് നന്ദിയോടെ ഓർക്കാം. അജപാലനപ്രവർത്തനങ്ങളിലും വിശ്വാസപരിശീലനരംഗത്തും ആരാധനക്രമപരിശീലനത്തിലും വിദ്യാഭ്യാസമേഖലയിലും ആതുരശുശ്രൂഷാരംഗത്തും പരസ്നേഹപ്രവർത്തനങ്ങളിലും സംഘടനാപ്രവർത്തനങ്ങളിലും സാമൂഹികപ്രവർത്തനങ്ങളിലുമെല്ലാം നമ്മുടെ രൂപത വളരെയേറെ വളർന്നുകഴിഞ്ഞു. തുടർച്ചയുള്ളതും നിരന്തരവുമായ ഈ വളർച്ചയാണ് രൂപതയുടെ വിവിധ രംഗങ്ങളിൽ നാമിന്ന് കാണുന്നത്. എങ്കിലും നമ്മുടെ രൂപതയിലെ വിശ്വാസജീവിതപശ്ചാത്തലം ഇന്ന് വളരെവേഗം മാറിക്കൊണ്ടിരിക്കുന്നു. കാർഷികമേഖലയിലും സാമ്പത്തികരംഗത്തും ജീവിതരീതികളിലും പരമ്പരാഗതകുടുംബസങ്കല്പങ്ങളിലും അജപാലനശുശ്രൂഷാമേഖലകളിലും സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയമേഖലകളിലും വിവരസാങ്കേതികവിദ്യാരംഗത്തും വന്ന മാറ്റങ്ങൾ ദൈവജനത്തിന്റെ വിശ്വാസജീവിതത്തെയും ബാധിക്കുന്നുണ്ട്. തൽഫലമായി മുൻതലമുറ ഏറെ പവിത്രമായി കരുതിയിരുന്ന പല വിശ്വാസധാർമ്മികപ്രബോധനങ്ങളും ജീവിതമൂല്യങ്ങളും ഇന്ന് തെറ്റായും തെറ്റിദ്ധരിപ്പിക്കത്തക്കവിധത്തിലും വ്യാഖ്യാനിക്കപ്പെടുന്നുമുണ്ട്.

## B. എപ്പാർക്കിയൽ അസംബ്ലിയുടെ ലക്ഷ്യം

(2) മേൽപ്പറഞ്ഞ മൂന്ന് പ്രത്യേകപശ്ചാത്തലങ്ങൾ കൂട്ടായ വിചിന്തനത്തിനും കർമ്മപരിപാടികൾക്കും നമ്മെ ക്ഷണിക്കുന്നു. ഈ എപ്പാർക്കിയൽ അസംബ്ലി പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് കൂട്ടായ പരിചിന്തനത്തിലൂടെ കത്തോലിക്കാവിശ്വാസജീവിതത്തിന്റെ ശക്തിപ്പെടുത്തലാണ്. നമ്മുടെ രൂപതയിലെ വിശ്വാസജീവിതത്തിന്റെ എല്ലാമേഖലകളും സജീവമാക്കുവാനും അതുവഴി വിശ്വാസജീവിതത്തിന്റെ ആഴങ്ങളിലേക്ക് നീക്കി വലയിറക്കുവാനും *(duc in altum)* അങ്ങനെ കത്തോലിക്കാവിശ്വാസപൈതൃകം വരുംതലമുറയ്ക്ക് ഭദ്രമായി കൈമാറ്റം ചെയ്യുവാനും രൂപതയിലെ മുഴുവൻ വിശ്വാസികളെയും സുസജ്ജരാക്കുക എന്നതാണ് ഈ അസംബ്ലിയിലൂടെ സാധിക്കേണ്ടത്. ആദിമസഭയിലെ അറിയപ്പെടുന്ന എഴുത്തുകാരനായ ഒരിജൻ സാക്ഷ്യപ്പെടുത്തുന്നതുപോലെ "അടുത്തിരിക്കുന്നവനെ തീക്ഷ്ണതയിൽ ജ്വലിപ്പിക്കുക" എന്നതായിരിക്കട്ടെ നമ്മുടെ ദൗത്യം. ആകയാൽ 'കത്തോലിക്കാവിശ്വാസത്തിൽ എല്ലാവരും ജ്വലിക്കുക, എല്ലാവരെയും ജ്വലി

പ്പിക്കുക' എന്നതാണ് ഈ എപ്പാർക്കിയൽ അസംബ്ലിയുടെ ആദർശ വാക്യം. "നിന്റെ പ്രവൃത്തികൾ ഞാൻ അറിയുന്നു. നീ തണുപ്പോ ചൂടോ ഉള്ളവനല്ല. തണുപ്പോ ചൂടോ ഉള്ളവനായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു. ചൂടോ തണുപ്പോ ഇല്ലാത്ത മന്ദോഷ്ണനാകയാൽ നിന്നെ ഞാൻ എന്റെ വായിൽനിന്നു തുപ്പിക്കളയും" (വെളി. 3,15-16) എന്ന് തിരുവചനം നമ്മെ ഉദ്ബോധിപ്പിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ ലക്ഷ്യംവച്ച ജീവിതനവീകരണവും കൂട്ടായ്മയും തുറവിയുള്ള സംഭാഷണവും നമ്മുടെ രൂപതയിലും കൂടുതൽ സജീവമാകണം. കൗൺസിലിന്റെ ചൈതന്യം നമ്മുടെ രൂപതയുടെ എല്ലാ മേഖലകളിലും ആഴത്തിൽ വ്യാപിക്കണം.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ തന്റെ ആദ്യപ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചതുപോലെ "സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും യാത്ര" നമ്മുടെ രൂപതയിൽ കൂടുതൽ സജീവമാക്കാൻ ഈ അസംബ്ലിയുടെ പരിചിന്തനങ്ങളും തീരുമാനങ്ങളും നമ്മെ സഹായിക്കണം. അങ്ങനെ സജീവമായ വിശ്വാസജീവിതവും കൂട്ടായ്മയും വഴി ഒരു നവീനപന്തക്കുസ്താനുഭവം നമ്മുടെ രൂപതയിൽ മുഴുവൻ ഉണ്ടാകുവാനിടയാകണം.

## C. എപ്പാർക്കിയൽ അസംബ്ലിയുടെ ചർച്ചാവിഷയം

(3) വിശ്വാസവർഷം പ്രഖ്യാപിച്ചുകൊണ്ട് ബനഡിക്ട് പതിനാറാമൻ പാപ്പാ നല്കിയ "വിശ്വാസത്തിന്റെ വാതിൽ" (Porta Fidei) എന്ന തിരുവെഴുത്തിന്റെ ഏഴാമത്തെ ഖണ്ഡികയിലെ ചിന്തയാണ് ഈ അസംബ്ലിയുടെ ചർച്ചാവിഷയമായി നാം സ്വീകരിച്ചിരിക്കുന്നത്.

"ഇന്ന് ഈ ലോകത്തിന്റെ എല്ലാ ജനതകളോടും സുവിശേഷം പ്രഘോഷിക്കുവാൻ ലോകത്തിന്റെ രാജവീഥികളിലൂടെ അവിടുന്ന് നമ്മെ അയയ്ക്കുന്നുണ്ട് (മത്താ 28, 19). ഈശോമിശിഹാ തന്റെ സ്നേഹത്തിലൂടെ ഓരോ തലമുറയിലെയും ആളുകളെ തന്നിലേയ്ക്ക് ആകർഷിക്കുന്നു. ഓരോ നൂറ്റാണ്ടിലും അവിടുന്ന് സഭയെ വിളിച്ചുകൂട്ടുന്നു. നവമായ ഒരു കല്പന നല്കിക്കൊണ്ട് സുവിശേഷം പ്രഘോഷിക്കുവാനുള്ള കടമ ഏല്പിക്കുന്നു. നവസുവിശേഷവൽക്കരണത്തിന് കൂടുതൽ സഭാത്മകമായ സമർപ്പണം ഇന്നാവശ്യമാണ്. **വിശ്വസിക്കുന്നതിന്റെ സന്തോഷവും വിശ്വാസം കൈമാറുന്നതിനുള്ള തീക്ഷ്ണതയും വീണ്ടും കണ്ടെത്താനാണിത്.** അവിടുത്തെ സ്നേഹം അനുദിനം വീണ്ടും കണ്ടെത്തുന്നതിലൂടെ വിശ്വാസികളുടെ പ്രേഷിത

സമർപ്പണം ശക്തിയും ഊർജ്ജവും നേടുന്നു. അവ ഒരിക്കലും മാഞ്ഞു പോകുകയില്ല..." (n. 7)

വിശ്വസിക്കുന്നതിന്റെ സന്തോഷവും വിശ്വാസം കൈമാറുന്നതിന്റെ തീക്ഷ്ണതയും സമഞ്ജസമായി കൂടിച്ചേരുന്ന സ്ഥായിഭാവമുള്ള വിശ്വാസാനുഭവമാണ് നവസുവിശേഷവൽക്കരണപ്രവർത്തനങ്ങളുടെ കേന്ദ്രമെന്ന തിരിച്ചറിവാണ് ഈ ചിന്തയെ ഇത്തവണത്തെ എപ്പാർക്കിയൽ അസംബ്ലിയുടെ ചർച്ചാവിഷയമായി സ്വീകരിക്കുവാൻ നമ്മെയും പ്രേരിപ്പിക്കുന്നത്. നമ്മുടെ രൂപതയിലെ വിശ്വാസജീവിതത്തെ ശക്തിപ്പെടുത്തുവാനുള്ള ഉത്തമമാർഗ്ഗവും ഇതുതന്നെ.

കത്തോലിക്കാവിശ്വാസവും ധാർമ്മികതയും നാം വഹിക്കേണ്ട ഒരു ഭാരമല്ല; മറിച്ച് ഓരോ ദിവസവും ജീവിക്കേണ്ട ഒരു സന്തോഷാനുഭവമാണ്. വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പയും ഇപ്പോൾ വിശ്രമജീവിതം നയിക്കുന്ന ബനഡിക്ട് മാർപാപ്പായും പലപ്പോഴും ആവർത്തിച്ചിരുന്ന ഒരു ചിന്തയാണിത്: ഒരു കത്തോലിക്കാവിശ്വാസി ആയിരിക്കുന്നതിന്റെ സൗന്ദര്യവും സന്തോഷവും അറിയുക (the beauty and joy of being a catholic). ഈ അനുഭവം സ്വന്തമാക്കുവാനും അത് സുവിശേഷാധിഷ്ഠിതമായ ലളിതജീവിതത്തിലൂടെയും പാവങ്ങളോടും പാർശ്വവൽകരിക്കപ്പെട്ടവരോടുമുള്ള പ്രത്യേകസ്നേഹത്തിലൂടെയും പങ്കുവയ്ക്കുവാനുമാണ് ഫ്രാൻസിസ് മാർപാപ്പയും നമ്മെ അനുസ്മരിപ്പിക്കുന്നത്. ഈശോയെയും അവിടുത്തെ സുവിശേഷത്തെയും അവിടുത്തെ സഭയെയും ജീവിതത്തിന്റെ ഹൃദയസ്ഥാനത്ത് പ്രതിഷ്ഠിക്കുമ്പോൾ നമുക്കു കരഗതമാകുന്ന സന്തോഷവും തീക്ഷ്ണതയുമാണിത്. വചനമായ ഈശോയെ ഹൃദയത്തിലും ശരീരത്തിലും സ്വീകരിച്ച പരിശുദ്ധ അമ്മയും പരിശുദ്ധാരൂപിയുടെ അഭിഷേകവും നിറവും സ്വീകരിച്ച ശ്ലീഹന്മാരും ആദിമക്രൈസ്തവരും രക്തസാക്ഷികളും വിശുദ്ധരുമെല്ലാം സ്വന്തമാക്കിയതും അനുഭവിച്ചതും പങ്കുവച്ചതും ഈ സന്തോഷവും തീക്ഷ്ണതയുമായിരുന്നു. ഇന്ന് നമുക്ക് ആവശ്യമായിരിക്കുന്നതും ഇവ തന്നെയാണ്.

വിശ്വസിക്കുന്നതിന്റെ സന്തോഷവും വിശ്വാസം കൈമാറുന്നതിന്റെ തീക്ഷ്ണതയും നമുക്ക് കൈവരുന്നത് ദൈവവുമായുള്ള വ്യക്തിബന്ധത്തിന്റെ ഊഷ്മളതയിലും ഹൃദ്യതയിലുമാണ്. പഴയനിയമത്തിലെ ദൈവജനമായിരുന്ന ഇസ്രായേൽമക്കളുടെ വിശ്വാസജീവിതവും ദൈവാനുഭവവും ദൈവ-മനുഷ്യ ഉടമ്പടിബന്ധത്തിന്റെ നൂലിഴകളിൽ നെയ്തെടുത്തതായിരുന്നു. ഈജിപ്തിലെ അടിമത്തത്തിൽനിന്നുള്ള വിമോച

നത്തിന്റെ അനുഭവവും വിശ്വസ്തതയുടെയും സ്നേഹത്തിന്റെയും ഉട മ്പടിബന്ധവും ഇസ്രായേൽജനത്തിന്റെ ദൈവാനുഭവത്തിന്റെ അടിത്തറ കളായിരുന്നു. ഇപ്രകാരമൊരു ദൈവ-മനുഷ്യഉടമ്പടിബന്ധമാണ് പുതിയനിയമത്തിലെ ദൈവജനമായ തിരുസ്സഭാമക്കളുടെ വിശ്വാസ ജീവിതത്തിന്റെയും അടിസ്ഥാനമാകേണ്ടത്. അതിനാൽ സഭയുടെ നവ സുവിശേഷവൽകരണപ്രവർത്തനങ്ങളുടെ അടിസ്ഥാനം ദൈവവു മായുള്ള, ഈശോയുമായുള്ള, ഈ വ്യക്തിബന്ധം തന്നെയാണ്. അപ്പോൾ വിശ്വാസജീവിതവും ദൈവപ്രമാണങ്ങളും തിരുസഭയുടെ കല്പനകളും തിരുസഭാപ്രബോധനങ്ങളും നമുക്കും ഊഷ്മളമായ ഒരനുഭവമാകും.

# അദ്ധ്യായം ഒന്ന്

## നവസുവിശേഷവൽക്കരണം: അർത്ഥവും ലക്ഷ്യവും

### A. 'നവസുവിശേഷവൽക്കരണം': പദപ്രയോഗത്തിന്റെ അർത്ഥതലങ്ങൾ

(4) തിരുസഭയുടെ സമീപകാലചരിത്രത്തിൽ ഏറ്റവുമധികം പ്രചാരം നേടിയ ഒരു പദവും പ്രമേയവുമാണിത്. ഈ പദം ഇദം പ്രഥമമായി ഉപയോഗിച്ചത് വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പയാണ്. 1979 ജൂൺ 09-ന് പോളണ്ടിൽ ശ്ലൈഹികസന്ദർശനം നടത്തിയ അവസരത്തിലാണ് അദ്ദേഹം 'നവസുവിശേഷവൽക്കരണം' എന്ന വിഷയം ആദ്യമായി അവതരിപ്പിച്ചത്. പിന്നീട് 1983 മാർച്ച് 09-ന് ലാറ്റിനമേരിക്കയിലെ മെത്രാന്മാരോട് സംസാരിച്ച അവസരത്തിൽ ഈ പദപ്രയോഗത്തിന്റെ അർത്ഥതലങ്ങൾ ജോൺ പോൾ മാർപാപ്പ തന്നെ വ്യക്തമാക്കുകയുണ്ടായി: ".... വീണ്ടും സുവിശേഷവൽക്കരിക്കുവാനുള്ള (re-evangelization) സമർപ്പണമല്ല വേണ്ടത്; പിന്നെയോ നവസുവിശേഷവൽക്കരണമാണു (new evangelization) വേണ്ടത്. അത് തീക്ഷ്ണതയിലും ശൈലികളിലും പ്രകാശനത്തിലും നവീനമായിരിക്കണം (new in its ardour, in its methods and in its expressions)". ഈ നവസുവിശേഷവൽക്കരണം സഭ മുഴുവന്റെയും ദൗത്യമാണെന്ന് 'രക്ഷകന്റെ ദൗത്യം' (Redemptoris Missio) എന്ന ചാക്രികലേഖനത്തിലൂടെ ജോൺ പോൾ രണ്ടാമൻ പാപ്പാ നമ്മെ ഓർമ്മിപ്പിക്കുന്നുമുണ്ട്. 2012 ഒക്ടോബറിൽ റോമിൽ നടന്ന ആഗോളമെത്രാന്മാരുടെ സിനഡിന്റെ മാർഗ്ഗരേഖ 'നവസുവിശേഷവൽക്കരണം' എന്ന പ്രമേയത്തെ നന്നായി വിശദീകരിക്കുന്നുണ്ട്: ".... നവസുവിശേഷവൽക്കരണമെന്നത് ആദ്യസുവിശേഷവൽകരണം വീണ്ടും ഏറ്റെടുത്ത് നടത്തുന്നതല്ല; കഴിഞ്ഞകാലത്തേത് ആവർത്തിക്കലുമല്ല; മറിച്ച് ഇന്ന് സുവിശേഷം പ്രഘോഷിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്നതിന് സഭയ്ക്കുള്ള വിളിയിൽ, മാറിവരുന്ന സാഹചര്യങ്ങളോടും അവസ്ഥകളോടും പ്രത്യുത്തരിക്കുവാൻ പുതിയ വഴികൾ വെട്ടിത്തുറക്കാനുള്ള ധീരതയാണ്...." (n.5). നവസുവിശേഷവൽക്കരണത്തിന്റെ പുതുമ ഉള്ളടക്കത്തിലല്ല;

മറിച്ച് രീതികളിലും പ്രവർത്തനശൈലികളിലുമാണ്. ഉള്ളടക്കമാകട്ടെ ഈശോയുടെ നിത്യനൂതനമായ സുവിശേഷം തന്നെയാണ്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സഭാദർശനവും പ്രേഷിത വീക്ഷണങ്ങളും ധന്യനായ പോൾ ആറാമൻ മാർപാപ്പായുടെ 'സുവിശേഷവൽകരണം ഇന്ന്' (Evangeli Nuntiandi) എന്ന അപ്പസ്തോലിക ലേഖനത്തിന്റെ ചിന്തകളും നവസുവിശേഷവൽക്കരണപ്രവർത്തനങ്ങൾക്ക് അടിസ്ഥാനമായി വർത്തിക്കുന്നു. നവസുവിശേഷവൽക്കരണം ഇന്നിന്റെ അടിയന്തിരാവശ്യമാണെന്ന തിരിച്ചറിവും ഇത് സഭ മുഴുവന്റെയും ദൗത്യമാണെന്ന കാഴ്ചപ്പാടും ഇപ്പോൾ നന്നായി വളരുന്നുണ്ട്. മനുഷ്യചരിത്രത്തിലെ പുതിയ സാഹചര്യങ്ങളെ മനസ്സിലാക്കുവാനും വ്യാഖ്യാനിക്കുവാനും സഭയ്ക്കു കഴിയണം. അതിനാൽ നവസുവിശേഷവൽക്കരണം ഏറ്റവുമധികം ആവശ്യമായിരിക്കുന്ന മേഖലകളായി 2012-ലെ ആഗോളമെത്രാന്മാരുടെ സിനഡ് നിർദ്ദേശിച്ചിരിക്കുന്നത് പ്രധാനമായും സംസ്കാരം, സാമൂഹ്യജീവിതം, സമ്പർക്കമാധ്യമങ്ങൾ, സാമ്പത്തികം, ശാസ്ത്ര-സാങ്കേതികരംഗം, രാഷ്ട്രീയം എന്നിവയാണ്. സഭയിലെ വിവിധങ്ങളായ നവസുവിശേഷവൽക്കരണപ്രവർത്തനങ്ങളുടെ ആഗോളതലത്തിലുള്ള ഏകോപനം നടത്തുന്നത് 2010 ജൂൺ 29-ന് വത്തിക്കാനിൽ സ്ഥാപിതമായ നവസുവിശേഷവൽക്കരണത്തിനുള്ള പൊന്തിഫിക്കൽ കൗൺസിലാണ്.

## B. നവസുവിശേഷവൽക്കരണത്തിന്റെ സമകാലികപശ്ചാത്തലം

(5) കൈമാറ്റം ചെയ്യപ്പെട്ടു ലഭിച്ച കത്തോലിക്കാവിശ്വാസത്തിൽ വളർന്നുവരുന്ന പരമ്പരാഗതസമൂഹങ്ങളിൽ ഇന്നു കണ്ടുവരുന്ന വിശ്വാസപ്രതിസന്ധിയാണ് നവസുവിശേഷവൽക്കരണത്തെക്കുറിച്ച് ചിന്തിക്കുവാൻ സഭയെ പ്രേരിപ്പിക്കുന്നത്. വിശ്വാസപ്രതിസന്ധിക്ക് വിവിധ കാരണങ്ങളുണ്ട്. ദ്രുതഗതിയിൽ മാറുന്ന ആധുനികലോകം, ആഴമായ വിശ്വാസജീവിതത്തിന്റെ അഭാവം, വിശ്വാസവിഷയങ്ങളിലെ അറിവില്ലായ്മ, വളരെ വേഗത്തിൽ വളർന്നുവരുന്ന ഭൗതികചിന്തകൾ, ദൈവചിന്തയുടെ ശോഷണം, ദൈവനിഷേധത്തിന്റെയും അജ്ഞേയവാദത്തിന്റെയും ചിന്തകൾ, വളരുന്ന അധാർമ്മികത, വിശ്വാസ-ധാർമ്മികമേഖലകളിൽ വർദ്ധിച്ചുവരുന്ന ആപേക്ഷികചിന്തകൾ, ജീവിതസഹനങ്ങൾക്കു മുമ്പിൽ പകച്ചുനിൽക്കുന്ന ഭൗതികജീവിതവീക്ഷണങ്ങൾ, വിശ്വാസവിരുദ്ധഗ്രൂപ്പുകളുടെ വികലമായ പ്രബോധനങ്ങൾ, അന്ധവിശ്വാസങ്ങൾ, ശാസ്ത്ര-സാങ്കേതികപുരോഗതികളെ മനസ്സിലാക്കുന്ന

രീതിയിൽ വരുന്ന മാറ്റങ്ങൾ, മാധ്യമങ്ങളുടെ ദുസ്വാധീനം, ആഗോള വൽക്കരണത്തിന്റെ ദൂഷ്യവശങ്ങൾ തുടങ്ങിയവ അവയിൽ ചിലത് മാത്രമാണ്. ഇപ്രകാരമുള്ള പ്രത്യേകസാഹചര്യങ്ങൾ വഴി നമ്മുടെ പരമ്പരാഗത കത്തോലിക്കാസമൂഹങ്ങളിൽ വളർന്നുവരുന്ന വിശ്വാസപ്രതിസന്ധിക്ക് പരിഹാരം കണ്ടെത്തി അവരെ കത്തോലിക്കാവിശ്വാസത്തിൽ ശക്തിപ്പെടുത്തുകയാണ് നവസുവിശേഷവൽക്കരണപ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യം. അതിനാൽ നവസുവിശേഷവൽക്കരണം നവവിശ്വാസവൽക്കരണം തന്നെയാണ്.

## C. നവസുവിശേഷവൽക്കരണവും വിശ്വാസവർഷവും

(6) നവസുവിശേഷവൽക്കരണപ്രവർത്തനങ്ങൾക്ക് ചാലകശക്തി പകരുന്നതാണ് വിശ്വാസവർഷത്തിന്റെ പ്രഖ്യാപനവും ആചരണവും. സമരിയാക്കാരിയെപ്പോലെ സഭയാകുന്ന കിണറ്റിൻ കരയിലേക്ക് പോകുവാനാണ് സഭ വിശ്വാസികളുടെ സമൂഹത്തെ ഈ വിശ്വാസവർഷം ഓർമ്മിപ്പിക്കുന്നത് (വിശ്വാസത്തിന്റെ വാതിൽ, 3). ദൈവത്തിനുവേണ്ടി ദാഹിക്കുകയും അന്വേഷിക്കുകയും ചെയ്യുന്ന ഇന്നത്തെ മനുഷ്യന്റെ പ്രതീകമാണ് സമരിയാക്കാരി. ദൈവത്തെ തേടുന്ന സമകാലികമനുഷ്യൻ 'മലിനജലം', 'കലക്കവെള്ളം' കുടിക്കുവാനിടയാകാതെ നിത്യജീവന്റെ 'ശുദ്ധജലം' കുടിക്കുവാൻ ഇടയാകണം. തന്നിൽ വിശ്വസിക്കുവാനും നിത്യജീവനിലേക്ക് നയിക്കുന്ന അരുവിയിൽ നിന്ന് ആവോളം കുടിക്കുവാനും (യോഹ. 4:14) ഈശോ എല്ലാ വിശ്വാസികളെയും നിരന്തരമായി ക്ഷണിക്കുന്നു. സഭ വിശ്വസ്തതയോടെ കൈമാറിത്തരുന്ന ദൈവവചനവും വിശുദ്ധകുർബാനയുമാകുന്ന ജീവജലത്തിന്റെ ഉറവയിൽനിന്ന് കുടിക്കുവാൻ ഓരോ വിശ്വാസിക്കും കഴിയണം. ആത്യന്തികമായി ഓരോ വിശ്വാസിയും ഈശോയിലേക്ക് മാനസാന്തരപ്പെടണം, വ്യക്തിപരമായി വളരണം (വിശ്വാസത്തിന്റെ വാതിൽ, 6, 13). ആകയാൽ വിശ്വാസവർഷാചരണം നവസുവിശേഷവൽക്കരണപ്രവർത്തനങ്ങൾക്ക് പുതിയ ഊർജ്ജവും ഭാവവും പ്രദാനം ചെയ്യുമെന്ന് നമുക്ക് പ്രത്യാശിക്കാം.

# അദ്ധ്യായം രണ്ട്

## നവസുവിശേഷവൽക്കരണവും വിശ്വസിക്കുന്നതിന്റെ സന്തോഷവും

*"വിശ്വാസമില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല...."*
*(ഹെബ്രാ. 11, 6)*

## A. വിശ്വാസത്തിന്റെ വാതിൽ നമ്മുടെ മുമ്പിൽ എപ്പോഴും തുറന്നുകിടക്കുന്നു

(7) വിശ്വാസം ഒരു ദൈവദാനമാണ്. വിശ്വാസത്തിന്റെ വാതിൽ (നടപടി 14, 27) ദൈവം തുറക്കുന്ന സ്വർഗ്ഗീയവാതിലാണ് (നടപടി 16, 14). ദൈവത്തിന്റെ കൃപാവരദാനമായ വിശ്വാസത്തിന്റെ ഈ വാതിൽ ആദ്യമായി നമ്മുടെ മുമ്പിൽ തുറക്കപ്പെടുന്നത് പരിശുദ്ധമാമ്മോദീസാ എന്ന കൂദാശയുടെ സ്വീകരണം വഴിയാണ്. ഈ വാതിലിലൂടെ ത്രിയേകദൈവവുമായുള്ള സംസർഗ്ഗത്തിലേക്കും സഭാകൂട്ടായ്മയിലേക്കും നമുക്ക് പ്രവേശനം ലഭിക്കുന്നു (വിശ്വാസത്തിന്റെ വാതിൽ, 1). മാമ്മോദീസായിൽ ആരംഭിക്കുന്ന ഈ വിശ്വാസയാത്രയാകട്ടെ ഒരായുസ്സു മുഴുവൻ നീണ്ടുനിൽക്കുന്ന ഒന്നാണ്. മരണമാകുന്ന വാതിലിലൂടെ കടന്ന് നിത്യജീവനിൽ പ്രവേശിക്കുമ്പോൾ ഈ യാത്ര പൂർണമാകുന്നു. വിശ്വാസിയുടെ ജീവിതം മുഴുവൻ പ്രകാശമാനമാക്കുന്നതാണ് അവന്റെ വിശ്വാസം.

ദൈവത്തിന്റെ വെളിപ്പെടുത്തലുകൾക്കു മുമ്പിൽ മനുഷ്യൻ നല്കുന്ന പ്രത്യുത്തരമാണ് വിശ്വാസം. അതിനാൽ വിശ്വാസത്തിന്റെ അടിസ്ഥാനം ദൈവികവെളിപാടാണ്. വെളിപ്പെടുത്തുന്ന ദൈവവും പ്രത്യുത്തരിക്കുന്ന മനുഷ്യനും വിശ്വാസജീവിതത്തിന്റെ രണ്ട് അടിസ്ഥാനഘടകങ്ങളാണ്. വിശ്വാസം ഒരു വിളിയും പ്രത്യുത്തരവുമാണെന്ന് പറയുന്നത് ഇതുകൊണ്ടാണ്. ദൈവത്തിന്റെ വെളിപ്പെടുത്തലുകൾക്കു

വിശ്വാസി തന്നെത്തന്നെ വിട്ടുകൊടുക്കുന്നു. പഴയ നിയമത്തിലെയും പുതിയനിയമത്തിലെയും വിശ്വാസമാതൃകകൾ ചെയ്തതും മറ്റൊന്നല്ല. പഴയനിയമത്തിലെ വിശ്വാസികളുടെ പിതാവായ അബ്രാഹവും പൂർവപിതാവായ ജോസഫും ജനനേതാവായ മോശയും അദ്ദേഹത്തിന്റെ പിൻഗാമിയായ ജോഷ്വായും ന്യായാധിപന്മാരും പ്രവാചകരും പുതിയനിയമത്തിലെ പരിശുദ്ധ കന്യകാമറിയവും വി. യൗസേപ്പും വി. യോഹന്നാൻ മാംദാനയും ശ്ലീഹന്മാരും വി.പൗലോസ് ശ്ലീഹായുമെല്ലാം തങ്ങളുടെ വ്യത്യസ്തങ്ങളായ ജീവിതപശ്ചാത്തലങ്ങളിൽ തങ്ങളെത്തന്നെ ദൈവകരങ്ങളിൽ ഏല്പിച്ചുകൊടുക്കുകയായിരുന്നു. അത് അവർക്കെല്ലാം രക്ഷയുടെ കവാടമായി മാറി എന്നത് വി. ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്ന യാഥാർത്ഥ്യമാണ്. അതുകൊണ്ട് വിശ്വാസത്തിന് അസ്തിത്വപരവും അടിസ്ഥാനപരവുമായ മാനങ്ങൾ ഉണ്ട്. ഒരുവന്റെ വിശ്വാസം ദൈവവുമായുള്ള അവന്റെ അസ്തിത്വപരമായ, സജീവമായ, സ്ഥായിയായ വ്യക്തിബന്ധത്തിന്റെ പ്രകാശനവും കൂടിയാണ്. വിശ്വസിക്കുന്നതിലൂടെ മാത്രമേ വിശ്വാസം കൂടുതൽ ശക്തമാവുകയുള്ളു (വിശ്വാസത്തിന്റെ വാതിൽ, 7).

വിശ്വാസത്തിന്റെ ബൗദ്ധിക-ഹൃദയതലങ്ങൾ സഭയുടെ അടിസ്ഥാനപ്രബോധനമാണ്. പിതാവായ ദൈവം ഈശോമിശിഹാവഴി വെളിപ്പെടുത്തിത്തന്ന വിശ്വാസസത്യങ്ങൾ ബുദ്ധികൊണ്ട് അംഗീകരിച്ച് ഏറ്റുപറയുന്ന ബൗദ്ധികസമർപ്പണവും നമ്മെത്തന്നെ ദൈവകരങ്ങളിലേക്ക് ഏല്പിച്ചുകൊടുക്കുന്ന ഹൃദയസമർപ്പണവും വിശ്വാസത്തിലുണ്ട്. വിശ്വാസസമർപ്പണം സ്വതന്ത്രമാണ്; യുക്തിസഹമാണ്. അതിസ്വാഭാവികവുമാണ്. "വിശ്വസിച്ചാൽ നീ ദൈവമഹത്വം കാണും" (യോഹ 11, 40) എന്ന് ലാസറിന്റെ കബറിടത്തിങ്കൽവച്ച് ഈശോ മർത്തായോട് പറയുമ്പോൾ ഈ അതിസ്വാഭാവികമാനമാണ് ഈശോ നമ്മെ ഓർമ്മിപ്പിക്കുന്നത്. സമ്പൂർണ്ണമായ സ്വയംസമർപ്പണമാണ് വിശ്വാസജീവിതത്തിന്റെ കാതൽ (ദൈവാവിഷ്കരണം, 5).

ദൈവകരങ്ങളിലേക്ക് ബുദ്ധിയും ഹൃദയവും ജീവിതവും സമർപ്പിക്കുമ്പോൾ വിശ്വാസത്തിന്റെ പിന്നിലെ യുക്തികൂടി നാം മനസ്സിലാക്കണം. വിശ്വസിച്ച് ഏറ്റുപറയുന്ന നിത്യസത്യങ്ങളുടെ ഉള്ളടക്കം മനസ്സിലാക്കുവാൻ ഓരോ വിശ്വാസിയും ശ്രദ്ധിക്കണം. വി. പത്രോസ് ശ്ലീഹാ നമ്മെ അനുസ്മരിപ്പിക്കുന്നു: ".... ഈശോയെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ പൂജിക്കുവിൻ; നിങ്ങൾക്കുള്ള പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി

പറയുവാൻ സന്നദ്ധരായിരിക്കുവിൻ. എന്നാൽ അത് ശാന്തതയോടും ബഹുമാനത്തോടുംകൂടി ആയിരിക്കട്ടെ. (1 പത്രോ 3, 15-16). ഇപ്രകാരം നമ്മുടെ വിശ്വാസത്തെയും പ്രത്യാശയെയും കുറിച്ചുള്ള ശാസ്ത്രീയവും ക്രമീകൃതവുമായ പഠനമാണ് ദൈവശാസ്ത്രം. ഇവിടെ വിശ്വാസവും യുക്തിയുമാകുന്ന രണ്ടു ചിറകുകൾ ഉപയോഗിച്ച് ദൈവാവിഷ്കൃതസത്യങ്ങളുടെ പൊരുൾ മനസ്സിലാക്കുവാൻ ശ്രമിക്കുന്നു. വിശ്വാസത്തെ യുക്തികൊണ്ട് മനസ്സിലാക്കുന്നതുപോലെ പ്രധാനപ്പെട്ടതാണ് വിശ്വാസത്തിലൂടെ ദൈവികരഹസ്യത്തെ ആരാധിക്കുവാൻ പരിശീലിക്കുന്നതും. ഈ രണ്ടു ഭാവങ്ങളും ചേരുന്നതാണ് യഥാർത്ഥമായ ദൈവശാസ്ത്രപഠനങ്ങൾ. ഇപ്രകാരം ദൈവശാസ്ത്രം പഠിക്കുവാൻ വൈദികരും സന്യസ്തരും മാത്രമല്ല അത്മായസഹോദരങ്ങളും ഇന്ന് ഏറെ താത്പര്യത്തോടെ മുൻപോട്ട് വരുന്നുവെന്നത് ശ്ലാഘനീയമാണ്.

വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദൈവികപുണ്യങ്ങൾ തമ്മിൽ അഭേദ്യമായ ആന്തരികബന്ധമുണ്ട്. വിശ്വാസംവഴി ദൈവം വെളിപ്പെടുത്തിയ സത്യങ്ങളും തിരുസഭ പഠിപ്പിക്കുന്ന പ്രബോധനങ്ങളും അംഗീകരിച്ച് ഏറ്റുപറഞ്ഞ് ജീവിക്കുവാൻ നമുക്കു കഴിയുന്നു. ദൈവത്തിന്റെ കർത്തൃത്വത്തിലും പരിപാലനയിലും ദൈവകൃപയിലും ആശ്രയിക്കുവാൻ പ്രത്യാശ നമ്മെ പ്രാപ്തരാക്കുന്നു. ദൈവത്തെ എല്ലാറ്റിനുമുപരി മുഴുഹൃദയത്തോടെ സ്നേഹിക്കുവാനും സഹോദരങ്ങളെ തന്നെപോലെ തന്നെ സ്നേഹിക്കുവാനും സ്നേഹം നമ്മെ പരിശീലിപ്പിക്കുന്നു. വിശ്വാസവും ശരണവും സ്നേഹവും ദൈവികപുണ്യങ്ങളാണ്. എന്നാൽ സ്നേഹമാണ് വിശ്വാസജീവിതത്തിന്റെ പൂർത്തീകരണം (1 കോറി 13, 1-7; റോമാ 13, 8-10, ഗലാ 5, 6).

ദൈവികപുണ്യങ്ങളും സാന്മാർഗ്ഗികപുണ്യങ്ങളായ വിവേകം, നീതി, മിതത്വം, ആത്മധൈര്യം എന്നിവയും തമ്മിൽ ഗാഢമായ ആന്തരികബന്ധമുണ്ട്. ക്രിസ്തീയവിവേകം വിശ്വാസപ്രബോധനങ്ങളുടെ ശരിയായ വിശദീകരണത്തിന് സഹായിക്കുന്നു. നീതിയും മിതത്വവും വിശ്വാസജീവിതത്തിന്റെ ഉത്തരവാദിത്വങ്ങളെ ക്രമാനുസൃതം നിർവ്വഹിക്കുവാൻ പരിശീലിപ്പിക്കുന്നു. ആത്മധൈര്യമാകട്ടെ വിശ്വാസത്തിന് ധീരമായി സാക്ഷ്യം വഹിക്കുവാനും വിശ്വാസസത്യങ്ങൾ ശരിയായി ഉൽസാഹപൂർവ്വം പഠിപ്പിക്കുവാനും സഹായിക്കുന്നു. ചുരുക്കത്തിൽ വിശ്വാസം പ്രഘോഷിക്കുവാനും ആഘോഷിക്കുവാനും ജീവിക്കുവാനും നമ്മെ ഒരുക്കുന്നത് സാന്മാർഗ്ഗികപുണ്യങ്ങളാണ്.

## B. ഈശോമിശിഹാ വിശ്വാസത്തിന്റെ മൂലക്കല്ല്

(8) നമ്മുടെ വിശ്വാസജീവിതത്തിന്റെയും വിശ്വാസപ്രഘോഷണത്തിന്റെയും മൂലക്കല്ല് ദൈവപുത്രനായ ഈശോയാണ്. കാരണം അവിടുന്നാണ് പിതാവായ ദൈവത്തെ നമുക്ക് പൂർണമായി വെളിപ്പെടുത്തിയത്. "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്" (യോഹ 1, 18). ഈശോയാണ് പരിശുദ്ധാരൂപിയെക്കുറിച്ച് വെളിപ്പെടുത്തിത്തന്നതും നമ്മെ പഠിപ്പിച്ചതും (യോഹ 14, 16). ഇപ്രകാരം ത്രിയേകദൈവത്തെ വെളിപ്പെടുത്തിത്തന്ന ഈശോ വെളിപാടിന്റെ പൂർണ്ണതയാണ്. "പൂർവകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധരീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാനനാളുകളിൽ തന്റെ പുത്രൻവഴി അവിടുന്ന് നമ്മോട് സംസാരിച്ചിരിക്കുന്നു. അവനെ അവിടുന്ന് സകലത്തിന്റെയും അവകാശിയായി നിയമിക്കുകയും അവൻ മുഖേന പ്രപഞ്ചത്തെ സൃഷ്ടിക്കുകയും ചെയ്തു. അവൻ അവിടുത്തെ മഹത്വത്തിന്റെ തേജസ്സും സത്തയുടെ മുദ്രയുമാണ്..." (ഹെബ്രാ 1, 1-4). തലമുറകളിലൂടെ തുടരുന്ന ദൈവത്തിന്റെ മഹത്തായ ഈ രക്ഷാകരപദ്ധതി ഈശോയുടെ മനുഷ്യാവതാര-പെസഹാരഹസ്യങ്ങളിലൂടെ പൂർണ്ണമായി വെളിവാക്കപ്പെട്ടു. ഈശോ തന്റെ മഹത്വപൂർണമായ പ്രത്യാഗമനദിനത്തിൽ തന്നെത്തന്നെയും ലോകം മുഴുവനെയും പിതാവിന്റെ പക്കൽ സമർപ്പിക്കുമ്പോൾ രക്ഷാകരപദ്ധതി പരിപൂർത്തിയിലെത്തും.

ദൈവപുത്രനും വെളിപാടിന്റെ പൂർണതയുമായ ഈശോയിൽ വിശ്വസിക്കുന്നതാണ് നിത്യജീവനും ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തിയും. ഈശോ പഠിപ്പിക്കുന്നു: "ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച ഈശോമിശിഹായെയും അറിയുക എന്നതാണ് നിത്യജീവൻ" (യോഹ 17, 3); "ഇതാണ് ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി; അവിടുന്ന് അയച്ചവനിൽ വിശ്വസിക്കുക" (യോഹ 6, 29). ഈശോ എന്ന ഏകവ്യക്തിയിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും കുറ്റം കൂടാതെയും കുറവു കൂടാതെയും കലർപ്പു കൂടാതെയും ഭേദം കൂടാതെയും പരസ്പരം ഒന്നിച്ചുചേരുന്നു. അങ്ങനെ ഈശോ തന്റെ ദൈവത്വത്തിലും മനുഷ്യത്വത്തിലും നിർവഹിച്ച മനുഷ്യാവതാരവും പെസഹാരഹസ്യങ്ങളുംവഴി അവിടുന്ന് മനുഷ്യരക്ഷ

സാധിച്ചു. "പുത്രനായിരുന്നിട്ടും തന്റെ സഹനത്തിലൂടെ അവൻ അനുസരണം അഭ്യസിച്ചു. പരിപൂർണ്ണനാക്കപ്പെട്ടതുവഴി അവൻ തന്നെ അനുസരിക്കുന്നവർക്കെല്ലാം നിത്യരക്ഷയുടെ ഉറവിടമായി" (ഹെബ്രാ 5, 9); അതുകൊണ്ട് നമ്മുടെ വിശ്വാസത്തിന്റെ നായകനും കർത്താവുമായ ഈശോയെ നോക്കിക്കൊണ്ട് വിശ്വാസജീവിതം നയിക്കുവാനാണ് അവിടുന്ന് നമ്മെ ക്ഷണിക്കുന്നത് (ഹെബ്രാ 12, 3). ഈശോയുടെ ജനനത്തിന്റെ രണ്ടാം സഹസ്രാബ്ദി ആഘോഷങ്ങളുടെ സമാപനത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ പുറപ്പെടുവിച്ച 'നവ സഹസ്രാബ്ദത്തിലേക്ക്' എന്ന ശ്ലൈഹിക ഉപദേശത്തിന്റെ പ്രധാനപ്രമേയം ക്രൂശിതനും ഉത്ഥിതനുമായ ഈശോയുടെ തിരുമുഖം നോക്കി മൂന്നാം സഹസ്രാബ്ദത്തിലേയ്ക്ക് കാലെടുത്തു വയ്ക്കുക എന്നതായിരുന്നു. പീഡകൾ സഹിച്ച് മരിച്ച് ഉയിർത്ത ഈശോയാണ് നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രബിന്ദു (നടപടി 13, 26-41).

ബെത്‌ലഹെമിലെ കാലിത്തൊഴുത്തിൽ മനുഷ്യനായി അവതരിച്ച് നസ്രത്തിൽ വളർന്ന് ഗലീലിയിൽ ദൈവരാജ്യം വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും പ്രഘോഷിച്ച് ജറുസലേമിൽ പാടുപീഡകൾ സഹിച്ച് മരിച്ച ഈശോയാണ് മൂന്നാംനാൾ മഹിമപ്രതാപത്തോടെ ഉയിർത്തെഴുന്നേറ്റത്. അങ്ങനെ ചരിത്രപുരുഷനായ ഈശോ വിശ്വാസത്തിന്റെ നാഥനായി. "നിങ്ങൾ കുരിശിൽ തറച്ചുകൊന്ന ഈശോയെ ദൈവം കർത്താവും മിശിഹായുമാക്കി ഉയർത്തി എന്ന് ഇസ്രായേൽജനം മുഴുവൻ വ്യക്തമായി അറിയട്ടെ" (നടപടി 2, 36). ഈശോമിശിഹായിൽ പഴയനിയമത്തിലെ എല്ലാ പ്രതീകങ്ങളും രൂപകങ്ങളും ഉപമകളും സാദൃശ്യങ്ങളും നിഴലുകളും പൂർത്തിയായി. ഈശോമിശിഹാ എന്ന യാഥാർത്ഥ്യം (കൊളോ 2, 17) രക്ഷയുടെ ഏക ഉറവിടമായിത്തീർന്നു (നടപടി 4, 12). ഈശോയുടെ അനന്യതയും വ്യതിരിക്തതയും തിരുസഭ വളരെ വ്യക്തമായി പഠിപ്പിക്കുന്നുണ്ട് (LG, 14; DV, 1-5, DH, 1, 11; Dominus Iesus (2000). ഈശോ മാത്രമാണ് രക്ഷ പ്രാപിക്കാനുള്ള ഏകമാർഗ്ഗം എന്നത് പരമസത്യമായി നിലകൊള്ളുന്നു. ഈശോയിലുള്ള ഉറച്ചവിശ്വാസത്തിലൂടെ രക്ഷയുടെ അനുഭവത്തിൽ ജീവിക്കുവാനും നമുക്ക് കഴിയട്ടെ. "ഈശോ കർത്താവാണെന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്ന് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും" (റോമാ 10, 9). "കർത്താവായ ഈശോയിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" (നടപടി 16, 31). ലോകത്തിന്റെ ഏകരക്ഷകനായ ഈശോയിലേക്കുള്ള വിശ്വാസികളുടെ

ആത്മാർത്ഥവും നവീകൃതവുമായ മാനസാന്തരത്തിനുള്ള അവസരമായിട്ടാണ് വിശ്വാസവർഷത്തെ നാം കാണേണ്ടത് (വിശ്വാസത്തിന്റെ വാതിൽ, 6). സഭയുടെ എല്ലാ പ്രവർത്തനങ്ങളും ഈശോയെ കൊടുക്കുവാൻ ഉതകുന്നതായിരിക്കട്ടെ.

## C. ശ്ലൈഹികത വിശ്വാസജീവിതത്തിന്റെ അടിത്തറ

(9) ഈശോയാകുന്ന മൂലക്കല്ലിൽ ഉറപ്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസജീവിതത്തിന്റെ അടിത്തറ ശ്ലീഹന്മാർ ആണ്. ഈ വിശ്വാസജീവിതത്തെ അനുദിനം വളർത്തുന്നതും പരിപോഷിപ്പിക്കുന്നതും പരിശുദ്ധാരൂപിയുടെ അഭിഷേകമാണ്. പൗലോസ് ശ്ലീഹാ എഴുതുന്നു: "ഇനിമേൽ നിങ്ങൾ അന്യരോ, പരദേശികളോ അല്ല; വിശുദ്ധരുടെ സഹപൗരന്മാരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്. ശ്ലീഹന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ. ഈ അടിത്തറയുടെ മൂലക്കല്ല് മിശിഹായാണ്. മിശിഹായിൽ ഭവനമാകെ സമന്വയിക്കപ്പെട്ടിരിക്കുന്നു. കർത്താവിൽ പരിശുദ്ധമായ ആലയമായി അതു വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങളും അതിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു" (എഫേ 2, 19-22). ഈശോയാകുന്ന മൂലക്കല്ലിൽ, ശ്ലീഹന്മാരുടെ അടിത്തറയിൽ പണിയപ്പെട്ടിരിക്കുന്ന തിരുസഭ പ്രതിസന്ധികളെയും വൈതരണികളെയും അതിജീവിച്ച് (മത്താ 16, 18) മണവാളനായ ഈശോയുടെ പ്രത്യാഗമനംവരെ അവളുടെ വിശ്വാസയാത്ര തുടരുന്നു. ഈശോയോടും ശ്ലീഹന്മാരോടും അവരുടെ പിൻഗാമികളോടും അതുവഴി ശ്ലൈഹികാടിത്തറയോടും ചേർന്നുനിൽക്കുമ്പോഴാണ് നമ്മുടെ വിശ്വാസം കലർപ്പില്ലാത്തതും ആധികാരികവുമാകുന്നത്.

ശ്ലീഹന്മാർ കഴിഞ്ഞാൽ വിശ്വാസത്തിന്റെ നെടുംതൂണുകളാണ് സഭാപിതാക്കന്മാർ. ശ്ലീഹന്മാർക്കുശേഷം എട്ടാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിൽ ജീവിച്ച വിശുദ്ധരും സത്യവിശ്വാസം പഠിപ്പിച്ചവരും സഭയുടെ അംഗീകാരമുള്ളവരുമാണ് സഭാപിതാക്കന്മാർ. അവരുടെ പ്രബോധനങ്ങളും പ്രസംഗങ്ങളും വിശ്വാസത്തിന്റെയും ദൈവശാസ്ത്രചിന്തകളുടെയും അക്ഷയഖനികളാണ്. പരിശുദ്ധത്രിത്വം, ഈശോമിശിഹാ, പരിശുദ്ധാത്മാവ്, വി. കുർബാന, തിരുസഭ, യുഗാന്ത്യജീവിതം, ധാർമ്മികത, ആദ്ധ്യാത്മികത തുടങ്ങിയവ സംബന്ധിച്ച് പിതാക്കന്മാർ പഠിപ്പിക്കുന്ന കാര്യങ്ങൾ എല്ലാക്കാലത്തും വിശ്വാസജീവിതത്തിന്റെ പരിപോഷണത്തിന് അനിർവാര്യമാണ്. സഭാപിതാക്കന്മാരെ നന്നായി അറിയുവാനും മനസ്സിലാക്കുവാനും കാലോചിത

മായി വ്യാഖ്യാനിക്കുവാനും നമുക്ക് കഴിയേണ്ടിയിരിക്കുന്നു. പഴമയുടെ ഓർമ്മ നമുക്ക് ഒരിക്കലും നഷ്ടമാകാതെ സജീവമായി നിലനിർത്തുവാൻ കഴിയണം.

ശ്ലീഹന്മാരിൽനിന്ന് കൈമാറിപ്പോരുന്ന ശ്ലൈഹികപാരമ്പര്യം പരിശുദ്ധാത്മാവിന്റെ സഹായത്താൽ ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെ പ്രബോധനങ്ങളിലൂടെ അനുദിനം സഭയിൽ വളർന്നുകൊണ്ടിരിക്കുന്നു. വെളിപ്പെടുത്തപ്പെട്ട വിശ്വാസസത്യങ്ങളെക്കുറിച്ചുള്ള തങ്ങളുടെ ധ്യാനവും പഠനവുംവഴി വിശ്വാസികളും ഈ വളർച്ചയെ സഹായിക്കുന്നു (ദൈവാവിഷ്കരണം, 8). അതിനാൽ വിശ്വാസപാരമ്പര്യം നിർജ്ജീവമായ ഒരു യാഥാർത്ഥ്യമല്ലെന്നും നേരെമറിച്ച് സജീവവും ക്രിയാത്മകവുമാണെന്നും നാം മനസ്സിലാക്കണം. ഈ ശ്ലൈഹികപൈതൃകത്തിൽനിന്ന് സഭയെ അടർത്തിയെടുത്താൽ വിശ്വാസജീവിതത്തിന്റെ ആധികാരികഭാവങ്ങൾ നമുക്ക് നഷ്ടപ്പെടുകയായിരിക്കും ചെയ്യുക.

ഭാരതത്തിലെ മാർത്തോമ്മാനസ്രാണികൾ തങ്ങളുടെ പിതാവായ മാർത്തോമ്മായിൽനിന്ന് സ്വീകരിച്ച് സ്വന്തമാക്കിയ ശ്ലൈഹികവിശ്വാസാനുഭവത്തിൽ അഭിമാനം കൊള്ളുന്നവരാണ്. "എന്റെ കർത്താവേ, എന്റെ ദൈവമേ" (മാർ വാലാഹ്) എന്ന തോമാശ്ലീഹായുടെ ഉത്ഥാനാനുഭവമാണ് നസ്രാണികളുടെ ശ്ലൈഹികവിശ്വാസത്തിന് ആധാരം. ദൈവപരിപാലനയിൽ തോമ്മാശ്ലീഹാ പരി. അമലോത്ഭവമാതാവിനോടൊപ്പം നമ്മുടെ രൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനാണെന്ന കാര്യവും നമുക്ക് നന്ദിയോടെ ഓർക്കാം. ക്രൈസ്തവവിശ്വാസത്തിന്റെ ആദ്യനൂറ്റാണ്ടിൽത്തന്നെ സുവിശേഷവെളിച്ചം സ്വീകരിക്കുവാൻ കഴിഞ്ഞവരെന്ന നിലയിൽ ഭാരതത്തിലെ നസ്രാണിസമൂഹത്തിന് വ്യതിരിക്തതയും അനന്യതയും ഉണ്ട്. തോമാശ്ലീഹായുടെ മിശിഹാനുഭവസാക്ഷ്യവും സ്വന്തമായ ആരാധനാക്രമവും തനതായ ദൈവശാസ്ത്രവീക്ഷണങ്ങളും ധാർമ്മികജീവിതശൈലിയും ആദ്ധ്യാത്മികതയും ശിക്ഷണക്രമവുമുള്ള ഒരു സമൂഹമെന്ന നിലയിൽ സാർവത്രികസഭയുടെ കൂട്ടായ്മയിൽ സീറോമലബാർ സഭയ്ക്ക് സവിശേഷമായ സ്ഥാനമാണുള്ളത്. മാർത്തോമ്മാനസ്രാണികളുടെ വിശ്വാസ-ധാർമ്മികജീവിതശൈലിയെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നത് "മാർത്തോമ്മാമാർഗ്ഗം" എന്ന പദമാണ്. മാതൃസഭയുടെ തനിമയും വ്യക്തിത്വവും സംബന്ധിച്ച് ഇനിയും പഠനങ്ങളും കൂട്ടായ പരിശ്രമവും ഉണ്ടാകണം. നമ്മൾ വിശ്വാസത്തിൽ ജനിച്ച് വളരുന്ന മാതൃസഭയോടൊത്ത് ചിന്തിക്കുവാനും ആ വിശ്വാസപൈതൃകം അന്യൂനം ജീവിക്കുവാനും തിരുസഭ

യിലെ ഇതരസഭാപൈതൃകങ്ങളെ ആദരിക്കുവാനും നമുക്ക് കഴിയണം. ഇപ്രകാരം മാതൃസഭയോടുള്ള വിശ്വസ്തതയിലൂടെയാണ് സാർവത്രികസഭയോടുള്ള വിശ്വസ്തതയിലും സ്നേഹത്തിലും നാം വളരുന്നത്.

## D. വിശ്വാസജീവിതം സഭയോടു ചേർന്ന്

(10) വിശ്വാസം ദൈവത്തോടുള്ള നമ്മുടെ വ്യക്തിപരവും അസ്തിത്വപരവുമായ ബന്ധവും സമർപ്പണവും ആണ്. എന്നാൽ വിശ്വാസജീവിതം കേവലം വൈയക്തികമല്ല; സ്വകാര്യവുമല്ല. വിശ്വാസത്തിന് സാമൂഹികവും സഭാത്മകവുമായ മാനങ്ങളുണ്ട്. അതുകൊണ്ടാണ് 'വിശ്വാസത്തിന്റെ വാതിൽ' എന്ന തിരുവെഴുത്തിൽ "ഞാൻ വിശ്വസിക്കുന്നു" എന്നതും "ഞങ്ങൾ വിശ്വസിക്കുന്നു" എന്നതും പരസ്പരം ചേർന്നുപോകുന്ന കാര്യങ്ങളാണെന്ന് പരിശുദ്ധ ബെനഡിക്ട് പിതാവ് അനുസ്മരിപ്പിക്കുന്നത് (n. 10).

വിശ്വാസികളുടെ സമൂഹത്തിൽനിന്നു വേറിട്ട അസ്തിത്വം സഭയ്ക്കില്ല. നെയ്തെടുത്ത വസ്ത്രത്തിന് ഊടും പാവും എന്നപോലെ, മത്സ്യത്തിന് വെള്ളം എന്നപോലെ, നമ്മെ ചൂഴ്ന്നുനില്ക്കുന്ന യാഥാർത്ഥ്യമാണ് തിരുസഭ. വിശ്വാസികളാകുന്ന സജീവശിലകൾകൊണ്ട് (എഫേ 2, 19-22; 1 കോറി 3, 10-17) അനുദിനവും പണിയപ്പെടുന്ന, ജീവിക്കുന്ന ഒരു യാഥാർത്ഥ്യമാണ് തിരുസഭ. സഭ ദൈവജനമാണ് എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ കണ്ടെത്തൽ ഉറവിടങ്ങളിലേക്കുള്ള ഒരു മടങ്ങിപ്പോകലായിരുന്നു. ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ പങ്കുചേരുന്ന ഒരു സ്നേഹസമൂഹമായിരുന്നു ജറുസലേമിലെ ആദ്യത്തെ ക്രൈസ്തവസമൂഹം (നടപടി 2, 37-47; 4, 32-37). ഈ ദൈവജനകൂട്ടായ്മയുടെ ശൈലി കാലാന്തരത്തിൽ മങ്ങിപ്പോയപ്പോൾ വത്തിക്കാൻ കൗൺസിൽ ആദിമസഭയുടെ ശക്തമായ ഈ ചിന്തയെ നന്നായി പുനരവതരിപ്പിച്ചു. മാമ്മോദീസായിലൂടെ ഈശോയിൽ വിളിച്ചുകൂട്ടപ്പെടുന്നവർ ഈശോയുടെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും പൊതുവായി പങ്കുചേരുന്നു; അങ്ങനെ അവർ ദൈവജനമായിത്തീരുന്നു.

ഉത്ഥിതനായ ഈശോമിശിഹായുടെ സജീവമായ സാന്നിദ്ധ്യം ഇന്ന് നമുക്ക് ലഭിക്കുന്നത് സഭയുടെ കൂട്ടായ്മയിലാണ് (യോഹ 20, 24-29). സഭ മിശിഹായുടെ മൗതികശരീരമാണ് (mystical body). വി. പൗലോസ് ശ്ലീഹായും സഭാപിതാക്കന്മാരും വത്തിക്കാൻ കൗൺസിലും പഠിപ്പിക്കുന്നത് ഇതുതന്നെയാണ്. ഉയിർത്തെഴുന്നേറ്റ ഈശോ ഇന്ന്

സഭയിൽ ജീവിക്കുന്നു; സഭയിലൂടെ ലോകത്തിൽ സന്നിഹിതനാകുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ മാനവചരിത്രത്തിലൂടെയുള്ള തുടർച്ച യാണ് തിരുസഭ. മാമ്മോദീസായിലൂടെ ഓരോ വിശ്വാസിയും മൗതിക ശരീരത്തിലെ അംഗമാകുന്നു. ഇപ്രകാരം ഈശോയുടെ മൗതികശരീ രമായ തിരുസഭയ്ക്ക് ദൈവികവും മാനുഷികവും - അദൃശ്യവും ദൃശ്യവും - ആയ തലങ്ങളുണ്ട്. പിതാവായ ദൈവത്തിന്റെയും പുത്ര നായ ഈശോയുടെയും പരിശുദ്ധാരൂപിയുടെയും സഭയിലെ സജീവ മായ സാന്നിദ്ധ്യമാണ് തിരുസഭയുടെ അദൃശ്യവശം. സഭ മിശിഹായു ടേതാണ്; ദൈവത്തിന്റേതാണ്. വി. കുർബാനയിൽ നാം പ്രാർത്ഥിക്കു ന്നുണ്ടല്ലോ: "അങ്ങയുടെ അഭിഷിക്തൻ കഠിനമായ പീഡകളനുഭവിച്ച് വീണ്ടെടുത്ത അജഗണമായ പരിശുദ്ധകത്തോലിക്കാസഭ അങ്ങയുടേ താകുന്നു..." സഭയുടെ ശുശ്രൂഷാസംവിധാനങ്ങളും വിവിധ ശുശ്രൂഷ കളും സ്ഥാപനങ്ങളുമെല്ലാം അവളുടെ ദൃശ്യഘടകങ്ങളാണ്. സഭയുടെ അദൃശ്യവും ദൃശ്യവുമായ ഘടകങ്ങൾ പരസ്പരം ചേർന്നുപോ കുന്നവയാണ്.

ദൈവജനത്തെ നയിക്കുവാനും പഠിപ്പിക്കുവാനും വിശുദ്ധീകരി ക്കുവാനും പടുത്തുയർത്തുവാനും പരിപോഷിപ്പിക്കുവാനും (എഫേ 4:12-16) ശുശ്രൂഷാപൗരോഹിത്യത്തിന്റെ വിവിധ പടികൾ സഭയിൽ ഉണ്ടാകുവാൻ ദൈവം തിരുമനസ്സായി. വി. കുർബാനയിൽ നാം പ്രാർത്ഥിക്കുന്നു: '..... ദൈവസ്വഭാവത്തിൽ അങ്ങുമായി ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ യഥാർത്ഥപൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെടുന്നു. വിശ്വാസികൾക്ക് ആത്മീ യശുശ്രൂഷ ചെയ്യുന്നതിന് പരിശുദ്ധമായ സഭാശരീരത്തിലെ സവിശേ ഷാംഗങ്ങളാകുവാൻ നിസ്സാരരും ബലഹീനരുമായ ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി...'. മെത്രാന്മാരും വൈദികരും ഡീക്കന്മാരും തങ്ങളുടെ വിളിക്കനുസരിച്ചുള്ള പൗരോഹിത്യശുശ്രൂഷ കളിലൂടെ സഭാഗാത്രത്തെ പടുത്തുയർത്തുന്നു. ശുശ്രൂഷാപൗരോ ഹിത്യം (ministerial priesthood) പൊതുപൗരോഹിത്യത്തിന് (common priesthood) പകരമല്ല; പൊതുപൗരോഹിത്യം ശുശ്രൂഷാപൗ രോഹിത്യത്തിനും. ഇവ രണ്ടും വ്യതിരിക്തങ്ങളും എന്നാൽ പരസ്പര പൂരകങ്ങളുമാണ്.

സഭാശുശ്രൂഷയിൽ സന്യസ്തർ സുപ്രധാനമായ പങ്ക് വഹി ക്കുന്നു. സുവിശേഷത്തിലെ നിർമ്മലനും ദരിദ്രനും അനുസരണമുള്ള വനും ആയ ഈശോയെ ഏറ്റവുമടുത്ത് അനുകരിക്കുവാൻ സുവിശേ ഷോപദേശങ്ങളായ വ്രതത്രയംവഴി പരിശ്രമിക്കുന്നവരും പൂർണമായും

അവിഭക്തഹൃദയത്തോടെയും സഭാശുശ്രൂഷയ്ക്കായി വേർതിരിക്കപ്പെടുകയും ചെയ്യുന്നവരാണ് സമർപ്പിതർ. സന്യാസസമർപ്പണത്തിലൂടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈശോയ്ക്കും അവിടുത്തെ സുവിശേഷത്തിനും സഭയ്ക്കുമായി തങ്ങളെത്തന്നെ സമർപ്പിക്കുന്ന സ്ത്രീ-പുരുഷന്മാർ സഭയുടെ വലിയ ആത്മീയശക്തികേന്ദ്രമാണ്. അവർ ദൈവത്തിന്റെ പിതൃത്വവും മാതൃത്വവും ദൈവജനത്തിന് ദൃശ്യമാക്കുന്നു. അവരുടെ ജീവിതം മലമുകളിൽ ഉയർത്തപ്പെട്ട ദീപംപോലെയാണ്; അവർ ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമാണ്; ലോകത്തിൽ ദൈവസാന്നിദ്ധ്യത്തിന്റെ സജീവമായ അടയാളമാണ്; വരാനിരിക്കുന്ന ജീവിതത്തിന്റെ ചൂണ്ടുപലകകളുമാണ്. തിരുസഭയിൽ ദൈവാത്മാവിന്റെ പ്രചോദനത്താൽ രൂപംകൊണ്ടിരിക്കുന്ന വിവിധ സന്യാസസമൂഹങ്ങൾ തങ്ങളുടെ വിവിധങ്ങളായ സിദ്ധികളിലൂടെ (charisms) സഭാഗാത്രത്തെ പടുത്തുയർത്തുന്നു.

അല്മായർ സഭയുടെ അവിഭാജ്യഘടകമാണ്. "തിരുപ്പട്ടം സ്വീകരിക്കാത്തവരോ സഭ അംഗീകരിച്ചിട്ടുള്ള സന്യാസമൂഹങ്ങളിൽ പെടാത്തവരോ ആയ എല്ലാ വിശ്വാസികളുമാണ്" അത്മായർ (LG, 31; See also CCEO, 399). മാമ്മോദീസാവഴി അവർ ഈശോയോടു ചേർന്ന് ഒരു ശരീരമായിത്തീരുന്നു; ദൈവജനമായി രൂപംകൊള്ളുന്നു. മിശിഹായുടെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും സ്വകീയമായ രീതിയിൽ അവർ പങ്കുകാരാകുന്നു (1 പത്രോ 2, 9). കുടുംബങ്ങളുടെയും ഇതര ഭൗതികജീവിതമണ്ഡലങ്ങളുടെയും വിശുദ്ധീകരണമാണ് അല്മായ സഹോദരങ്ങളുടെ സുപ്രധാന ദൗത്യം. വിവാഹത്തിന്റെ ഐക്യവും അഭേദ്യതയും (മത്താ 19,3-6) അവികലമായി സംരക്ഷിക്കുക, ദാമ്പത്യവിശ്വസ്തത പാലിച്ച് ജീവിക്കുക, ഉത്തരവാദിത്വപൂർണ്ണമായ പിതൃത്വത്തിന്റെയും മാതൃത്വത്തിന്റെയും (responsible parenthood) ശ്രേഷ്ഠത മനസ്സിലാക്കി ദൈവം ദാനമായി തരുന്ന മക്കളെ ദൈവത്തിനും സഭയ്ക്കും സമൂഹത്തിനും വേണ്ടപ്പെട്ടവരായി വളർത്തുക, ലോകത്തിൽ ആയിരുന്നുകൊണ്ട് സാംസ്കാരികവും സാമൂഹികവും സാമ്പത്തികവും പൗരപരവുമായ ജീവിതസാഹചര്യങ്ങളെ സുവിശേഷദീപ്തിയാലും ചൈതന്യത്താലും പ്രകാശിതമാക്കുക എന്നിവയാണ് അല്മായരുടെ പ്രധാന ദൗത്യങ്ങൾ. ഇപ്രകാരം ഒരു നവലോകസൃഷ്ടിയിൽ അവർ ഉത്തരവാദിത്വപൂർവ്വം പങ്കുചേരുന്നു.

ഈശോ സ്ഥാപിച്ച ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമായ സഭ (മത്താ 16, 18) പൂർണമായും പ്രകാശിതമാകുന്നത് കത്തോലിക്കാസഭയിലാണ് (LG, 8). പത്രോസിന്റെ പിൻഗാമിയും അദ്ദേഹ

ത്തോട് ഐക്യം പുലർത്തുന്ന മെത്രാന്മാരും ചേർന്ന് കത്തോലിക്കാസഭയെ നയിക്കുന്നു. തിരുസഭയുടെ ദൃശ്യഘടനയ്ക്ക് പുറത്തും സത്യത്തിന്റെ കിരണങ്ങളും വിശുദ്ധീകരണത്തിനുള്ള മാർഗ്ഗങ്ങളും ഉണ്ടെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ അംഗീകരിക്കുന്നു. എന്നാൽ രക്ഷയുടെ എല്ലാ ഘടകങ്ങളും അവയുടെ പൂർണതയിൽ ദൃശ്യമാകുന്നത് പത്രോസിന്റെ പിൻഗാമിയോട് കൂട്ടായ്മയിൽ ആയിരിക്കുന്ന തിരുസഭയിൽ മാത്രമാണ് (LG, 14). ഇപ്രകാരം തിരുസഭയുടെ അനന്യതയും വ്യതിരിക്തതയും രണ്ടാം വത്തിക്കാൻ കൗൺസിൽ നന്നായി പഠിപ്പിക്കുമ്പോഴും അകത്തോലിക്കാസഭകളിലും (non Catholic Churches) ഇതര സഭാസമൂഹങ്ങളിലും (other ecclesial communities) വ്യക്തമാകുന്ന സഭായാഥാർത്ഥ്യം കൗൺസിൽ എടുത്തുപറയുന്നുണ്ട് (LG, 15).

പത്രോസിന്റെ പിൻഗാമിയുടെ ശുശ്രൂഷാനേതൃത്വം അംഗീകരിക്കുന്ന കത്തോലിക്കാസഭ വിവിധ സഭകളുടെ കൂട്ടായ്മയാണെന്ന ചിന്ത രണ്ടാം വത്തിക്കാൻ കൗൺസിൽ എടുത്തുപറയുന്നുണ്ട് (LG, 23; OE, 1-3; UR, 14-17). ഒരേ വിശ്വാസവും കൂദാശകളും ശുശ്രൂഷാനേതൃത്വവും ഏറ്റുപറയുന്ന ഈ സഭകൾ തമ്മിൽ ശ്ലൈഹികവിശ്വാസപൈതൃകം, സാംസ്കാരികപശ്ചാത്തലം, ദൈവാരാധന, ദൈവശാസ്ത്രം, ധാർമ്മിക-ആത്മീയ ജീവിതശൈലി, ശിക്ഷണക്രമം തുടങ്ങിയ കാര്യങ്ങളിൽ വ്യതിരിക്തതയും തനിമയും പുലർത്തുന്നു. തിരുസഭയിലെ ഈ വൈവിധ്യം സഭയുടെ ഐക്യത്തെയും കാതോലികസ്വഭാവത്തെയും നന്നായി പ്രതിഫലിപ്പിക്കുന്നു. ഇപ്രകാരം പാശ്ചാത്യ-പൗരസ്ത്യ വിഭാഗങ്ങളിലായി ആറ് അടിസ്ഥാനആരാധനക്രമകുടുംബങ്ങളും (ലത്തീൻ, അന്ത്യോക്യൻ, അലക്സാണ്ട്രിയൻ, അർമേനിയൻ, പൗരസ്ത്യസുറിയാനി, ബൈസന്റയിൻ) 23 സ്വയാധികാരസഭകളുമുണ്ട് (sui iuris Churches). ഈ സഭകൾ തമ്മിൽ സഹോദരപൂർവകമായ ബന്ധവും സർഗ്ഗാത്മകമായ കൈമാറ്റങ്ങളും ദൈവശാസ്ത്രപരമായ പരസ്പരപൂരകത്വവും നിലനിൽക്കുന്നു. പൗരസ്ത്യവും പാശ്ചാത്യവുമായ രണ്ട് ശ്വാസകോശങ്ങളുപയോഗിച്ച് മിശിഹായുടെ ഏകസഭ സത്യവിശ്വാസത്തിന്റെ ശുദ്ധവായു ശ്വസിക്കുകയും എന്നാൽ ഏക ഹൃദയത്തോടെ ദൈവസ്നേഹത്തിൽ സ്പന്ദിക്കുകയും ചെയ്യുന്നു.

മിശിഹായുടെ രക്ഷാകരസാന്നിദ്ധ്യമായ സഭയിൽ എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു. (LG, 39-43) "നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ" (മത്താ 5, 48). കൗൺസിൽ വീക്ഷണത്തിൽ വിശുദ്ധി ക്രിസ്തീയസ്നേഹത്തിന്റെ പൂർണതയിലേയ്ക്കുള്ള

വളർച്ചയും ജീവിതാവസ്ഥയുടെ കടമകളുടെ വിശ്വസ്തതാപൂർവകമായ നിർവഹണവും ആണ്. അത് വ്യക്തിജീവിതത്തിന്റെ സമഗ്രതയും ജീവിതസമർപ്പണത്തിന്റെ സമ്പൂർണതയും ഉൾപ്പെടുന്നതാണ് (CCC, 2337-2350). വി. കുർബാനയിൽ നാം പ്രാർത്ഥിക്കുന്നു: "....ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹാ വന്ന് ജീവദായകമായ സുവിശേഷംവഴി പ്രവാചകന്മാർ, ശ്ലീഹന്മാർ, രക്തസാക്ഷികൾ, വന്ദകന്മാർ, വേദപാരംഗതന്മാർ, മെത്രാന്മാർ, പുരോഹിതന്മാർ, ശുശ്രൂഷികൾ എന്നിവർക്കും വിശുദ്ധ മാമ്മോദീസായുടെ സജീവവും ജീവദായകവുമായ അടയാളത്താൽ മുദ്രിതരും പരിശുദ്ധ കത്തോലിക്കാസഭയുടെ സന്താനങ്ങളുമായ എല്ലാവർക്കും ആവശ്യമായ നൈർമ്മല്യത്തിന്റെയും വിശുദ്ധിയുടെയും മാർഗ്ഗം പഠിപ്പിച്ചുവെന്നും എല്ലാ മനുഷ്യരും അറിയട്ടെ..." (നാലാം ഗ്ഹാന്ത പ്രാർത്ഥന).

തിരുസഭയെ 'രക്ഷയുടെ സാർവ്വത്രികകൂദാശ'യും നമ്മുടെ ആത്മീയതറവാടുമായി കരുതി സ്നേഹിക്കുവാനും അവളിൽ അഭിമാനിക്കുവാനും നമുക്ക് കഴിയണം. വിശുദ്ധീകരണത്തിന്റെ അടിസ്ഥാന ഉപാധികളായ തിരുവചനങ്ങളും വിശുദ്ധ കൂദാശകളും അനവരതം സൂക്ഷിക്കപ്പെടുന്നത് സഭയിലാണ്. ഇവകൂടാതെ കൂദാശാനുകരണങ്ങളും ഇതര ആശീർവാദപ്രാർത്ഥനകളും ദൈവജനത്തിന്റെ വിശുദ്ധീകരണത്തിനായി സഭ നിർദ്ദേശിക്കുന്നു. തിരുസഭയോടു ചേർന്ന് ഈശോയുടെ കരംപിടിച്ച് വിശ്വാസയാത്ര അനുസ്യൂതം തുടരുവാൻ വിശ്വാസികളായ നമുക്കു കഴിയണം. സഭാമാതാവ് നമുക്ക് അഭിമാനത്തിന്റെയും സ്നേഹത്തിന്റെയും വിഷയമാകണം; സഭയ്ക്കുവേണ്ടി നിലകൊള്ളുവാൻ കഴിയണം. ഈശോയിലുള്ള നമ്മുടെ വിശ്വാസസമർപ്പണവും അവിടുത്തോടുള്ള കടപ്പാടും വിധേയത്വവും സഭയോടുള്ള സമർപ്പണവും പ്രതിപത്തിയും കടപ്പാടും വിധേയത്വവുമാകട്ടെ. തിരുസഭയോടുള്ള സ്നേഹം ഈശോയോടുള്ള സ്നേഹം തന്നെയാണ്.

## E. വിശ്വാസത്തിന്റെ ഉള്ളടക്കം വിശ്വാസപ്രമാണത്തിലൂടെ

(11) വിശ്വാസിക്ക് സഭയുടെ വിശ്വാസപ്രമാണം തിരിച്ചറിയൽ രേഖയാണ്. സഭയുടെ ആരംഭകാലം മുതൽ വിവിധ രൂപത്തിലുള്ള വിശ്വാസപ്രമാണങ്ങൾ സഭയിൽ ഉണ്ടായിരുന്നു. സഭയിലെ ആദ്യത്തെ വിശ്വാസപ്രമാണമായി കരുതപ്പെടുന്നത് 1 കോറി 15:3-4 ആണ്. "വി. ലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ മിശിഹാ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാം നാൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു."

സഭയിലെ ഏറ്റവും ആദ്യത്തേതും ഏറ്റവും ചെറുതുമായ വിശ്വാസ പ്രമാണമാണിത്. ഇതിന്റെ വികസിതവും വിപുലവുമായ രൂപമാണ് പിന്നീട് സഭയിൽ ഉണ്ടായ വിശ്വാസപ്രമാണങ്ങളെല്ലാം. ഇവയിൽ ഏറ്റവും പ്രചാരത്തിലായത് ശ്ലീഹന്മാരുടെ വിശ്വാസപ്രമാണവും നിഖ്യാ വിശ്വാസപ്രമാണവുമാണ്. ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം ലത്തീൻ സഭ ഒൻപതാം നൂറ്റാണ്ടു മുതൽ മാമ്മോദീസാർത്ഥി കൾക്കായി ഉപയോഗിക്കുവാൻ തുടങ്ങി; പിന്നീട് മറ്റുകൂദാശ കൾക്കായും. എന്നാൽ പൗരസ്ത്യസഭകളിൽ തുടക്കം മുതൽ നിഖ്യാ വിശ്വാസപ്രമാണമാണ് എല്ലാ കൂദാശാപരികർമ്മങ്ങളിലും ഉപയോ ഗിക്കുന്നത് (CCC, 194-195).

വിശ്വാസത്തിന്റെ സുപ്രധാനരഹസ്യങ്ങളാണ് വിശ്വാസപ്രമാണ ത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ത്രിയേകദൈവവിശ്വാസവും പ്രപഞ്ചസൃഷ്ടിയും മനുഷ്യരക്ഷയും മനുഷ്യവിശുദ്ധീകരണവും തിരുസഭയുടെ അനന്യതയും നിത്യജീവിതവും മരിച്ചവരുടെ ഉയിർപ്പും വിശ്വാസപ്രമാണത്തിൽ പ്രതിപാദിക്കപ്പെടുന്നു. അതിനാൽ വിശ്വാസ പ്രമാണത്തെ മനോഹരമായ പ്രാർത്ഥനയായിട്ടാണ് സഭ പരിഗണി ക്കുന്നത്. സഭയുടെ ഈ പ്രാർത്ഥന ധ്യാനിക്കുന്നതും മനഃപാഠമാക്കി ആവർത്തിച്ചുചൊല്ലുന്നതും ഫലപ്രാപ്തിയുള്ളതാണ്; വിശ്വാസ ഉണർവിന് സഹായവുമാണ്. "വിശ്വാസത്തിന്റെ വാതിൽ" എന്ന തിരുവെഴുത്തിൽ വിശ്വാസപ്രമാണം ഹൃദിസ്ഥമാക്കി ദൈവാലയങ്ങ ളിലും കുടുംബങ്ങളിലും സന്യാസഭവനങ്ങളിലും സഭാകൂട്ടായ്മക ളിലും ആവർത്തിച്ചു ചൊല്ലണമെന്ന് പരി. ബനഡിക്ട് പിതാവ് നിർദ്ദേ ശിക്കുന്നു (n.8). "നിങ്ങൾ എല്ലാവരും ഒന്നിച്ച് സ്വീകരിക്കുകയും ഓരോരുത്തരായി ചൊല്ലുകയുംചെയ്ത വിശുദ്ധരഹസ്യത്തിന്റെ വിശ്വാസപ്രമാണം, സഭാമാതാവിന്റെ വിശ്വാസം ദൃഢമായി നിർമ്മി ച്ചിരിക്കുന്ന വാക്കുകളാണ്. കർത്താവായ മിശിഹായെന്ന സുസ്ഥിര മായ അടിസ്ഥാനത്തിന്മേലാണ് സഭ നിർമ്മിക്കപ്പെട്ടിരിക്കുന്നത്. നിങ്ങൾ അത് സ്വീകരിക്കുകയും ഉരുവിടുകയും ചെയ്തിരിക്കുന്നു. നിങ്ങളുടെ മനസ്സുകളിലും ഹൃദയങ്ങളിലും അത് സന്നിഹിതമാക്കി സൂക്ഷിക്കണം. നിങ്ങളുടെ കിടക്കയിൽ അത് ആവർത്തിക്കണം. പൊതുസ്ഥലങ്ങളിൽ അത് അനുസ്മരിക്കണം. ഊണിന്റെ സമയത്ത് അത് മറക്കരുത്; നിങ്ങളുടെ ശരീരം ഉറങ്ങുമ്പോൾപോലും ഹൃദയ ങ്ങൾകൊണ്ട് നിങ്ങൾ അതിനെ കാത്തുസൂക്ഷിക്കണം" (Sermo 215,1). വി. ആഗസ്തീനോസിന്റെ ഈ വാക്കുകളുടെ ചൈതന്യം ജീവിതത്തിൽ ആവിഷ്ക്കരിക്കുന്നതിന് ഈ വിശ്വാസവർഷാചരണം നമ്മെ സഹായിക്കട്ടെ.

വിശ്വാസപ്രമാണത്തിന്റെ ഉള്ളടക്കത്തിലേയ്ക്കു നമ്മുടെ ശ്രദ്ധ കൊണ്ടുവരുന്നത് പ്രയോജനകരമാണ്. നിഖ്യാവിശ്വാസപ്രമാണത്തിൽ നാം ഏറ്റുപറയുന്ന പ്രധാനവിശ്വാസരഹസ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സർവ്വശക്തനും പിതാവുമായ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.
2. ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവിൽ ഞങ്ങൾ വിശ്വസിക്കുന്നു.
3. ദൈവത്തിന്റെ ഏകപുത്രനും സകല സൃഷ്ടികൾക്കുംമുമ്പുള്ള ആദ്യജാതനും യുഗങ്ങൾക്കെല്ലാം മുമ്പു പിതാവിൽനിന്നു ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും ഏകകർത്താവുമായ ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു.
   - അവിടുന്ന് സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും പിതാവിനോടുകൂടെ ഏകസത്തയുമാകുന്നു.
   - അവിടുന്നുവഴി പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു.
   - മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും അവിടുന്ന് സ്വർഗ്ഗത്തിൽനിന്നിറങ്ങി പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽനിന്ന് ശരീരം സ്വീകരിച്ച് മനുഷ്യനായി പിറന്നു.
   - പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിക്കുകയും സ്ലീവായിൽ തറയ്ക്കപ്പെട്ട് മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാം ദിവസം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു.
   - അവിടുന്ന് സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളി പിതാവിന്റെ വലതുഭാഗത്തിരിക്കുന്നു.
   - മരിച്ചവരെയും ജീവിക്കുന്നവരെയും വിധിക്കുവാൻ അവിടുന്ന് വീണ്ടും വരുവാനിരിക്കുന്നു.
4. പിതാവിൽനിന്ന് പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു.
5. ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.
6. പാപമോചനത്തിനുള്ള ഏക മാമ്മോദീസായും ശരീരത്തിന്റെ ഉയിർപ്പും നിത്യായുസ്സും ഞങ്ങൾ ഏറ്റപറയുകയും ചെയ്യുന്നു.

വിശ്വാസത്തിന്റെ ത്രിത്വാത്മകമാനവും മിശിഹാകേന്ദ്രിത ഭാവവും പരിശുദ്ധാത്മകേന്ദ്രിതഭാവവും സഭാത്മകമാനവും കൗദാശികമാനവും യുഗാന്ത്യോന്മുഖസ്വഭാവവും വിശ്വാസപ്രമാണം സമ്യക്കായി പ്രതിപാദിക്കുന്നുണ്ട്. വിശ്വാസജീവിതത്തിന്റെ അടിസ്ഥാനശിലകളായ പരി. ത്രിത്വവും - പിതാവ് പുത്രൻ പരിശുദ്ധാത്മാവ് - തിരുസഭയും മരണാനന്തരജീവിതത്തിലുള്ള പ്രത്യാശയും ബോധ്യങ്ങളായി നമ്മുടെ ജീവിതത്തിൽ പ്രകാശിതമാകുമ്പോഴാണ് ഏറ്റുചൊല്ലുന്ന വിശ്വാസപ്രമാണം ജീവിതഗന്ധിയാകുന്നത്. സ്വർഗ്ഗീയ ഓറശ്ലേമിനെ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന സഭയ്ക്ക് വിശ്വാസപ്രമാണം കരുത്തും ബലവും പകരണം.

## F. വിശ്വാസവും ദൈവാരാധനയും

(12) ദൈവാരാധനയിലാണ് വിശ്വാസത്തിന്റെ അടിസ്ഥാനമനോഭാവങ്ങളും ആഭിമുഖ്യങ്ങളും പ്രകാശിതമാകുന്നത്. സ്ഥായിയായ വിശ്വാസത്തിന്റെ സജീവമായ സാക്ഷ്യമാണ് ദൈവാരാധന. ഇത് വിശ്വാസത്തിന്റെ നിക്ഷേപാലയവും, ഭാവിമഹത്വത്തിന്റെയും ദൈവികജീവന്റെയും അച്ചാരവും ആണ്. ത്രിയേകദൈവം മനുഷ്യനുവേണ്ടി ചെയ്ത മഹനീയവും വിസ്മയാവഹവുമായ കാര്യങ്ങളുടെ അനുസ്മരണവും ആഘോഷവുമാണ് ദൈവാരാധന. വിശ്വാസത്തിന്റെ ആഘോഷമാണ് ദൈവാരാധന.

ദൈവാരാധനയുടെ കേന്ദ്രം വി. കുർബാനയാണ്. വി. കുർബാനയിൽ ദൈവത്തിന്റെ രക്ഷാകരപദ്ധതി മുഴുവനും പ്രത്യേകിച്ച് ഈശോയുടെ മനുഷ്യാവതാരവും പെസഹാരഹസ്യങ്ങളും അവിടുത്തെ രണ്ടാമത്തെ ആഗമനവും നാം ആഘോഷിക്കുന്നു. ബലിയും വിരുന്നുമായ വി. കുർബാന വിശ്വാസത്തിന്റെ മഹാരഹസ്യമാണ്. ബെനഡിക്ട് മാർപാപ്പ "ഉപവിയുടെ കൂദാശ" എന്ന അപ്പസ്തോലികലേഖനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, പൂർണമായി വിശ്വസിക്കുകയും നന്നായി ആഘോഷിക്കുകയും ഫലപ്രദമായി ജീവിക്കുകയും ചെയ്യേണ്ട വിശ്വാസരഹസ്യമാണ് വി. കുർബാന. പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായ ഈശോയുടെ യഥാർത്ഥവും സത്താപരവുമായ സാന്നിദ്ധ്യം ആണ് വി. കുർബാന. ഈ കൗദാശിക സാന്നിധ്യം വി. കുർബാനയുടെ ആഘോഷസമയത്തും തുടർന്നുമുണ്ട്. അൾത്താരയിലെ ബലിയർപ്പണസമയത്തും ബലിയുടെ തുടർച്ചയും വ്യാപനവുമായ വി. കുർബാനയുടെ പരസ്യാരാധനയിലും ഈശോയുടെ സജീവമായ സാന്നിദ്ധ്യമുണ്ട്. പരി. കുർബാനയിലെ ഈശോയുടെ കൗദാശികസാന്നിധ്യം ബലിയർപ്പണവേളയിൽ മാത്രമാണുള്ളതെന്ന ചിലരുടെ വാദത്തെ സഭ ഇവിടെ തിരുത്തുകയാണ്.

വിശുദ്ധ കുർബാന ദൈവാനുഗ്രഹങ്ങളുടെ ഉറവിടമാണ്; ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കുംവേണ്ടി പ്രപഞ്ചത്തിൽ സമർപ്പിക്കാവുന്ന ഏറ്റവും ശ്രേഷ്ഠമായ പ്രാർത്ഥനയാണ് വി. കുർബാന. ഇത് ദൈവസ്നേഹത്തിന്റെയും അവിടുത്തെ നിത്യസാന്നിദ്ധ്യത്തിന്റെയും ജീവൻ തുടിക്കുന്ന ശാശ്വതസ്മാരകമാണ്. ആകയാൽ വി. കുർബാന എന്ന വിശ്വാസരഹസ്യം പൂർണമായും വിശ്വസിക്കുവാനും 'തികഞ്ഞ സ്നേഹത്തോടും ഉറച്ച വിശ്വാസത്തോടും'കൂടെ സഭ നിർദ്ദേശിക്കുന്ന രീതിയിൽ പരികർമ്മം ചെയ്യുവാനും നമുക്ക് കഴിയണം. വി. കുർബാനയുടെ ചൈതന്യം ആത്മദാനത്തിനും കൂട്ടായ്മയ്ക്കും പങ്കുവയ്ക്കലിനും നമ്മെ നിർബന്ധിക്കുന്നു. വി. കുർബാനസ്വീകരണശേഷമുള്ള ആരാധനാസമൂഹത്തിന്റെ കൃതജ്ഞതാപ്രാർത്ഥന ഏറെ അർത്ഥപൂർണമാണ്. "ഞങ്ങളുടെ കർത്താവേ, കടങ്ങളുടെ പൊറുതിക്കായി വി. കുർബാന സ്വീകരിച്ച ഞങ്ങളുടെ കൈകളെ ശക്തമാക്കണമേ... സദ്ഫലങ്ങൾ പുറപ്പെടുവിക്കുവാൻ അവയെ യോഗ്യമാക്കണമേ.... കീർത്തനം പാടിയ ഞങ്ങളുടെ അധരങ്ങളെ സ്വർഗ്ഗത്തിൽ നിന്നെ സ്തുതിക്കുവാൻ അർഹമാക്കണമേ. സ്തുതികൾ കേട്ട കാതുകൾ ശിക്ഷാവിധിയുടെ സ്വരം കേൾക്കാതിരിക്കട്ടെ. കാരുണ്യം കണ്ട കണ്ണുകൾക്ക് നിന്റെ അനുഗ്രഹദായകമായ പ്രത്യാഗമനം കാണുവാൻ ഇടവരട്ടെ. പരിശുദ്ധൻ എന്ന് പാടിപ്പുകഴ്ത്തിയ നാവുകളെ സത്യംപറയുവാൻ സന്നദ്ധമാക്കണമേ. ദൈവാലയത്തിൽ സഞ്ചരിച്ച പാദങ്ങൾക്ക് പ്രകാശത്തിന്റെ സ്ഥലത്ത് സഞ്ചരിക്കുവാൻ ഇടയാകട്ടെ. നിന്റെ സജീവമായ ശരീരം ഉൾക്കൊണ്ട ഞങ്ങളുടെ ശരീരങ്ങൾക്ക് നവജീവൻ പ്രദാനംചെയ്യണമേ."

ഇതരകൂദാശകളും യാമപ്രാർത്ഥനകളും ദൈവാരാധനയുടെ ഭാഗമാണ്. ഇവയിലൂടെ ദൈവമഹത്വവും മനുഷ്യവിശുദ്ധീകരണവും സാധിക്കുന്നു. നിരന്തരമായ ദൈവസ്തുതിപ്പുകളുടെ സ്വരം മണവാട്ടിയായ സഭ മണവാളനായ മിശിഹായെ കേൾപ്പിക്കുന്നതാണ് യാമപ്രാർത്ഥനകൾ. ഇതുവഴി ദിവസത്തിന്റെ വിവിധ യാമങ്ങളെ വിശുദ്ധീകരിക്കുവാനും ലോകം മുഴുവനുംവേണ്ടി മാധ്യസ്ഥ്യം വഹിക്കുവാനും കഴിയുന്നു (SC, 83-85). കൂദാശകളും യാമപ്രാർത്ഥനകളും ഉത്ഥിതനായ ഈശോയുടെയും സഭയുടെയും പ്രവൃത്തികളാണ്. അതിനാൽ അവ സഭയോടു ചേർന്ന് സഭ അനുശാസിക്കുന്ന രീതിയിലാണ് പരികർമ്മം ചെയ്യേണ്ടത്.

ക്രൈസ്തവസമൂഹങ്ങളിൽ രൂപംകൊണ്ട് നാം ഉപയോഗിച്ചുവരുന്ന കൂദാശാനുകരണങ്ങളും ആശിർവ്വാദപ്രാർത്ഥനകളും വിവിധ

ഭക്താനുഷ്ഠാനങ്ങളും ദൈവാരാധനയോട് ചേർന്നുപോകുന്നതാണ്. ജപമാല, കുരിശിന്റെ വഴി, കരുണക്കൊന്ത, നൊവേനപ്രാർത്ഥനകൾ തുടങ്ങിയവയുടെ മൂല്യവും പ്രാധാന്യവും നാം വിസ്മരിച്ചുകളയരുത്. വിശ്വാസജീവിതത്തെ പരിപോഷിപ്പിക്കുവാൻ അവയ്ക്ക് കഴിയുന്നു. എങ്കിലും അവയൊന്നും വി. കുർബാനകേന്ദ്രിതമായ ദൈവാരാധനയ്ക്ക് പകരമാകില്ല. സഭാസമൂഹത്തിലെ ഭക്താനുഷ്ഠാനങ്ങൾ ദൈവാരാധനയിൽനിന്നു മുളയെടുത്തു വരുന്നവയും ദൈവാരാധനയിലേക്ക് അടുപ്പിക്കുന്നവയുമായിരിക്കണം; ആരാധനവൽസരത്തിന്റെ ചൈതന്യത്തോട് ചേർന്നുപോകുന്നതുമാകണം. ഓരോ സമൂഹവും അനുഷ്ഠിക്കുന്ന ഭക്തമുറകൾ അതാതു സ്ഥലത്തെ മെത്രാന്റെ നിർദ്ദേശാനുസരണം അംഗീകൃതഗ്രന്ഥങ്ങൾക്ക് അനുസൃതമായിരിക്കണം (SC, 13). ദൈവാരാധനയുടെ വ്യക്തിപരമായ മാനവും പരിഗണിക്കപ്പെടേണ്ടതാണ്. വ്യക്തിപരമായ പ്രാർത്ഥനയും ധ്യാനവും ആത്മീയാനുഷ്ഠാനങ്ങളും ഉപവാസവും നോമ്പും പരിഹാരകൃത്യങ്ങളും ഇതിൽപ്പെടുന്നു.

## G. വിശ്വാസവും അനുദിനജീവിതവും

(13) ദൈവവിശ്വാസവും ദൈവാരാധനയും ദൈവാലയംകൊണ്ട് തീരുന്നതല്ല. അവ ജീവിതബന്ധിയാണ്. മനുഷ്യന്റെ അനുദിനജീവിതത്തിന്റെ നീറുന്നപ്രശ്നങ്ങൾക്കും ചോദ്യങ്ങൾക്കും ഉത്തരം കണ്ടുപിടിക്കുവാൻ വിശ്വാസവും ആരാധനയും നമ്മെ സഹായിക്കുന്നു. ജീവിതസാഹചര്യങ്ങളോടും സംസ്കാരത്തോടും സുവിശേഷമൂല്യങ്ങളുടെയും സഭയുടെ നിലപാടുകളുടെയും വെളിച്ചത്തിൽ പ്രതികരിക്കുവാൻ വിശ്വാസവും ആരാധനയും വിശ്വാസികളുടെ സമൂഹത്തെ പ്രാപ്തരാക്കുന്നു. സമൂഹത്തിൽ ദൈവകൃപയുടെ പുളിമാവാകാനും അനേകം ജീവിതങ്ങൾക്ക് സാന്ത്വനത്തിന്റെ തണലേകുന്ന കടുകുമരമാകാനും വിശ്വാസിക്ക് കഴിയണം (മത്താ 13, 31-33).

വിശ്വാസവീക്ഷണങ്ങൾ ദൈനംദിനജീവിതത്തെ ശക്തിപ്പെടുത്തുന്നു. ജീവിതയാത്രയിൽ വ്യക്തികളും സംഭവങ്ങളും അനുഭവങ്ങളും യാദൃശ്ചികങ്ങളല്ല; അവയെല്ലാം ദൈവത്തിന്റെ അദൃശ്യമായ പരിപാലനയുടെ ഭാഗമായി കാണുവാൻ വിശ്വാസം നമ്മെ പഠിപ്പിക്കുന്നു. ജീവിതസഹനങ്ങൾ പരാജയങ്ങളല്ലെന്നും അവയ്ക്ക് രക്ഷാകരമായ മൂല്യമുണ്ടെന്നും വിശ്വാസം നമ്മെ അനുസ്മരിപ്പിക്കുന്നു. രോഗം, മരണം, സാമ്പത്തികതകർച്ച, ദുരന്തങ്ങൾ തുടങ്ങിയവ വിശ്വാസത്തിന്റെ വെളിച്ചത്തിൽ രക്ഷാകരമായ കണ്ണുകളോടെ കാണുവാൻ വിശ്വാസം നമ്മെ ഒരുക്കുന്നു (2 കോറി 7, 10; 1 പത്രോ 4, 12-13).

വിശ്വാസം ജീവിക്കുന്നതാണ് ധാർമ്മികത (faith lived). ഇത് ഈശോയിലുള്ള ജീവിതം (life in Christ) തന്നെയാണ്. ഈശോയിലുള്ള ജീവിതം നയിക്കുവാൻ സന്മാർഗ്ഗനിയമങ്ങളും ധാർമ്മികമനസ്സാക്ഷിയും വിശ്വാസിയെ സഹായിക്കുന്നു. വസ്തുനിഷ്ഠമായ ധാർമ്മികനിയമങ്ങളുടെ വെളിച്ചത്തിൽ ഉത്തമമനസ്സാക്ഷി രൂപപ്പെടുത്തേണ്ടതുണ്ട്. തിരുവചനം, സഭാപ്രബോധനങ്ങൾ, ധന്യജീവിതമാതൃകകൾ, സദ്ഗ്രന്ഥങ്ങൾ, ഉത്തമസുഹൃത്തുക്കൾ, ജീവിതാനുഭവങ്ങൾ, ശാസ്ത്രകണ്ടുപിടുത്തങ്ങൾ, രാജ്യനിയമങ്ങൾ തുടങ്ങിയവയും ശരിയായ മനസ്സാക്ഷി രൂപീകരിക്കുവാൻ നമ്മെ സഹായിക്കുന്നുണ്ട്. എല്ലാറ്റിനുമുപരി ശരിതെറ്റുകളെ വിവേചിച്ചറിയുവാൻ പരിശുദ്ധാരൂപി നമ്മെ സഹായിക്കുന്നു. ക്രൈസ്തവധാർമ്മികതയെ കേവലം അരുതുകളുടെയും നിരോധനങ്ങളുടെയും സമാഹാരമായി കാണുവാൻ ഇടയാകരുത്. ദൈവ-മനുഷ്യ ഉടമ്പടിബന്ധം ആവശ്യപ്പെടുന്ന വിശ്വസ്തതയുടെയും സ്നേഹത്തിന്റെയും പശ്ചാത്തലത്തിൽ വേണം ദൈവപ്രമാണങ്ങളെയും സഭയുടെ ധാർമ്മികപ്രബോധനങ്ങളെയും മനസ്സിലാക്കുവാൻ.

ക്രൈസ്തവധാർമ്മികതയ്ക്ക് ലംബവും തിരശ്ചീനവുമായ മാനങ്ങളുണ്ട്: ദൈവം ആദത്തോട് ചോദിച്ചു: 'നീ എവിടെയാണ്?' (ഉൽപ 3, 9); ദൈവം കായേനോട് ചോദിച്ചു: 'നിന്റെ സഹോദരൻ എവിടെയാണ്?' (ഉൽപ. 4, 9). ദൈവത്തെ പുൽകുവാൻ ഉയരുന്ന കരങ്ങൾ സഹോദരങ്ങളെകൂടി പുൽകുന്നതാകണം. ദൈവത്തോടുള്ള ബന്ധം പരസ്നേഹത്തിലൂടെ സഹോദരങ്ങളിലേക്ക് വളരണം (1 യോഹ 4, 7-21). ദൈവ-മനുഷ്യബന്ധവും മനുഷ്യസാഹോദര്യവും സാമൂഹികനീതിയും പരസ്പരം ചേർന്നുപോകുന്നതാണ്. സ്നേഹത്തിൽ പ്രവർത്തനനിരതമായ വിശ്വാസം (ഗലാ 5, 6) എന്നതുകൊണ്ട് പൗലോസ് ശ്ലീഹാ വിവക്ഷിക്കുന്നതും ഇതു തന്നെയാണ്. പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണെന്ന് യാക്കോബ്ശ്ലീഹായും സാക്ഷ്യപ്പെടുത്തുന്നു (2,26). വിശ്വാസവും പരസ്നേഹവും വിശ്വാസവും ധാർമ്മികജീവിതവും ചേർന്നുപോകുന്നു. എല്ലാ ധാർമ്മികതയും സ്നേഹത്തിൽ പൂർണമാകുകയും ചെയ്യുന്നു. പൗലോസ് ശ്ലീഹാ അനുസ്മരിപ്പിക്കുന്നു: "പരസ്പരം സ്നേഹിക്കുക എന്നതൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടുമുണ്ടാകരുത്. എന്തെന്നാൽ അയൽക്കാരനെ സ്നേഹിക്കുന്നവൻ നിയമം പൂർത്തീകരിച്ചു കഴിഞ്ഞു... അതുകൊണ്ട് നിയമത്തിന്റെ പൂർത്തീകരണം സ്നേഹമാണ്" (റോമ. 13:8-10).

ധാർമ്മികജീവിതം ഈശോയിലുള്ള ജീവിതമാണെങ്കിൽ, ദൈവ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ആത്മാവും ശരീരവുമുള്ള സമഗ്ര മനുഷ്യനെ ആദരിക്കുന്നതും വിശ്വാസത്തിന്റെ പ്രകാശനമാണ്. മനുഷ്യ മഹത്വത്തെ അപമാനിക്കുന്നതെന്തും ഗൗരവമായ തിന്മയാണ്. മനുഷ്യ ജീവൻ അതിന്റെ വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും സംരക്ഷണം അർഹിക്കുന്നു. കാരണം മനുഷ്യജീവൻ ദൈവത്തിന്റെ അമൂല്യദാന മാണെന്നും ജീവന്റെയും മരണത്തിന്റെയും നാഥൻ ദൈവം തന്നെയാ ണെന്നും നാം ജീവന്റെ സൂക്ഷിപ്പുകാരും സംരക്ഷകരും മാത്രമാണെന്നു മുള്ള അടിസ്ഥാനചിന്തയാണ് സഭ നമുക്ക് നല്കുന്നത്. കൗൺസിൽ പിതാക്കന്മാർ പഠിപ്പിക്കുന്നു: "....ജീവന്റെ കർത്താവായ ദൈവമാണ് ജീവസംരക്ഷണമെന്ന ശ്രേഷ്ഠമായ ജോലി, മനുഷ്യോചിതമായ രീതി യിൽ നിർവഹിക്കപ്പെടേണ്ട ആ ജോലി, മനുഷ്യനെ ഭരമേല്പിച്ചിരി ക്കുന്നത്. അതുകൊണ്ട് മനുഷ്യജീവനെ അതിന്റെ ഉത്ഭവത്തിന്റെ ആദ്യ ക്ഷണംമുതൽ അതീവശ്രദ്ധയോടുകൂടി സംരക്ഷിക്കണം..." (GS, 51). മനുഷ്യജീവന് നേരെയുള്ള എല്ലാ കടന്നാക്രമണങ്ങളും അപലപനീ യങ്ങളാണ്. കൊലപാതകം, ഗർഭച്ഛിദ്രം, പെൺഭ്രൂണങ്ങളെ നശിപ്പിക്കൽ, ആത്മഹത്യ, ദയാവധം, കൃത്രിമബീജസങ്കലനമാർഗ്ഗങ്ങൾ, മനുഷ്യക്ലോ ണിംഗ്, വാടക മാതൃത്വം, വന്ധീകരണശസ്ത്രക്രിയകൾ, കൃത്രിമഗർഭ നിരോധനമാർഗ്ഗങ്ങളുടെ ഉപയോഗം, ദാരിദ്ര്യമരണം, ലഹരിവസ്തു ക്കളുടെ ഉപയോഗം, അവയവകച്ചവടം, മാനഭംഗങ്ങൾ, ലൈംഗികാതി ക്രമങ്ങൾ, ബലാൽസംഗങ്ങൾ, വേശ്യാവൃത്തി, പൊർണോഗ്രാഫി, വ്യഭിചാരം, കുഞ്ഞുങ്ങളെയും പ്രായപൂർത്തിയാകാത്തവരെയും ദുരു പയോഗിക്കുന്നത്, ശിശുവേല, മനുഷ്യക്കടത്ത് തുടങ്ങിയവ മനുഷ്യമ ഹത്വത്തെ കളങ്കപ്പെടുത്തുന്നു.

മനുഷ്യജീവനും മനുഷ്യവ്യക്തിയും മാത്രമല്ല മനുഷ്യർ അധി വസിക്കുന്ന ഭൂമിയും പരിസ്ഥിതിയും നന്നായി സംരക്ഷിക്കപ്പെടേണ്ട തുണ്ട്. അതുകൊണ്ട് പരിസ്ഥിതിദൈവശാസ്ത്രവും ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്നു. പ്രകൃതിയിലെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതും പരിസരശുചിത്വം ഉറപ്പാക്കുന്ന നടപടികളും മാലിന്യസംസ്കരണവും ഇന്നത്തെ അടിയന്തിരാവശ്യങ്ങളാണ്. ശുദ്ധവായു, ശുദ്ധജലം, ഹരി തപ്രകൃതി, ശുചിത്വമുള്ള പരിസ്ഥിതി എന്നിവ എല്ലാ മനുഷ്യരുടെയും അവകാശമാണ്. പരിസ്ഥിതിയെ സംരക്ഷിക്കുമ്പോൾ മനുഷ്യപരിസ്ഥി തിയും (human ecology) പരിഗണിക്കപ്പെടേണ്ടതുണ്ട്. പ്രകൃതിയും അവയിലെ വിഭവസമൃദ്ധിയും സംരക്ഷിക്കുവാൻ നാം ജാഗ്രത പുലർത്തുമ്പോൾ പ്രകൃതിയുടെ മകുടമായ മനുഷ്യവ്യക്തിയെ ആദ രിക്കുവാനും സംരക്ഷിക്കുവാനും നമുക്ക് കഴിയണം. ഇപ്രകാരം വിശ്വാ

സവും ധാർമ്മികതയും ജീവന്റെ സംരക്ഷണത്തിനും പരിപോഷണ ത്തിനും ഭൂമിയുടെ സംരക്ഷണത്തിനും പ്രചോദനമാകുമ്പോൾ മാത്രമേ അവ സുവിശേഷാധിഷ്ഠിതവും ഉത്തരവാദിത്വപൂർണവുമാകുകയുള്ളൂ. മനുഷ്യാസ്ഥിത്വത്തിലെ എല്ലാ ധാർമ്മികചോദ്യങ്ങൾക്കും നമുക്ക് എഴുതി തയ്യാറാക്കിയ ഉത്തരങ്ങൾ (readymade) ഇല്ല എന്ന കാര്യം നമുക്ക് ഓർക്കാം. എല്ലാ ചോദ്യങ്ങളുടെയും ആത്യന്തിക ഉത്തരം മനുഷ്യാവതാരം ചെയ്ത ഈശോയാണ് (LG, 10).

വിശ്വാസവും ധാർമ്മികതയും പ്രാർത്ഥനയിലൂടെയും ആത്മീയ ജീവിതത്തിലൂടെയും പരിപോഷിപ്പിക്കപ്പെടണം. പ്രാർത്ഥനയുടെ നിശ്ശ ബ്ദതയിലും ഏകാന്തതയിലുമാണ് വിശ്വാസത്തിന്റെ ആഴങ്ങൾ അറി യുവാനുള്ള വെളിച്ചവും ധാർമ്മികധീരതയോടെ ജീവിക്കുവാനുമുള്ള ശക്തിയും നേടുന്നത്. ആദ്ധ്യാത്മികജീവിതത്തിന് സഭാത്മകവും വ്യക്തി പരവുമായ മാനങ്ങളുണ്ട്. സഭാത്മകതലത്തിൽ സഭയുടെ മടിത്തട്ടിൽ സൂക്ഷിക്കപ്പെടുന്ന തിരുവചനവും കൂദാശകളും യാമപ്രാർത്ഥനകളു മെല്ലാം നമ്മെ സഹായിക്കുന്നു. വ്യക്തിപരമായ തലത്തിലാകട്ടെ, ഓരോ രുത്തരുടെയും വ്യക്തിപരമായ പ്രാർത്ഥനാജീവിതവും ഭക്താനുഷ്ഠാ നങ്ങളും പ്രായശ്ചിത്തപ്രവൃത്തികളും സുകൃതജീവിതവും ഉൾപ്പെടുന്നു. ആദ്ധ്യാത്മികജീവിതം ആത്യന്തികമായി പരിശുദ്ധാത്മാവിനാൽ നയി ക്കപ്പെടുന്ന ജീവിതമാണ്. അതിനാൽത്തന്നെ അത് സത്താപരമായി സഭാ ത്മകവും ദൈവാരാധനാകേന്ദ്രിതവുമാണ്.

## H. വിശ്വാസജീവിതത്തിന്റെ സ്വരതാളലയം (Symphony of faith/ Orchestra of faith)

(14) വിശ്വാസത്തിനും വിശ്വാസജീവിതത്തിനും ഒരു ക്രമമുണ്ട്; താളമുണ്ട്. വിശ്വാസത്തിന്റെ അടിസ്ഥാനവിഷയമായ ത്രിയേക ദൈവംതന്നെ ഒരുമയാണല്ലോ. വെളിപ്പെടുത്തുന്ന ദൈവവും പ്രത്യു ത്തരിക്കുന്ന മനുഷ്യനും തമ്മിൽ കണ്ടുമുട്ടുന്നത് വിശ്വാസത്തിന്റെ മേഖ ലയിലാണ്. പ്രപഞ്ചസൃഷ്ടിയിൽ ആരംഭിച്ച് ഈശോയിൽ പൂർത്തി യാകുന്ന വെളിപാടിനു ഒരു ക്രമാനുഗതഭാവമുണ്ട്. ദൈവികവെളി പാട് നമുക്ക് കൈമാറി ലഭിക്കുന്നത് വി. ഗ്രന്ഥവും വി. പാരമ്പര്യവും വഴിയാണ്. ഇവ തമ്മിൽ പരസ്പരബന്ധവും വിനിമയവുമുണ്ട്. രണ്ടി ന്റെയും ഉത്ഭവം ഒരേ സ്രോതസ്സിൽനിന്നാണ്. ഒരുവിധത്തിൽ രണ്ടും ഒന്നായി ചേർന്ന് ഒരേ ലക്ഷ്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. വി. ലിഖിതങ്ങളും വി. പാരമ്പര്യവും ഒരേ ബഹുമാനത്തോടും ഒരേ ആദ രവോടുംകൂടിയാണ് നാം സ്വീകരിച്ചു വണങ്ങേണ്ടത് (DV, 9).

സഭയുടെ മനസ്സും മനസ്സാക്ഷിയും അറിഞ്ഞ് തിരുവചനങ്ങളും വിശ്വാസപ്രബോധനങ്ങളും ധാർമ്മികപഠനങ്ങളും ദൈവാരാധനാരീതികളും വ്യക്തമായി മനസ്സിലാക്കുകയും ശരിയായി വ്യാഖ്യാനിക്കുകയും വേണം. പ്രബോധനങ്ങളിൽ വെള്ളം ചേർക്കാതെതന്നെ, പ്രാദേശികവും സാംസ്കാരികവുമായ അനുരൂപണങ്ങൾ സഭയുടെ പഠനങ്ങൾ വ്യാഖ്യാനിക്കുമ്പോഴും ദൈവാരാധന പരികർമ്മം ചെയ്യുമ്പോഴും സാധ്യമാണ്. എന്നാൽ ഇവിടെ വിശ്വാസത്തിന്റെ താളവും ക്രമവും പാലിക്കപ്പെടേണ്ടതുണ്ട്. വചനവ്യാഖ്യാനവും സഭയുടെ പ്രബോധനങ്ങളുടെ വ്യാഖ്യാനങ്ങളും ആധ്യാത്മികതയും ഒരിക്കലും വ്യക്തികേന്ദ്രീകൃതമാകരുത്; സഭാത്മകമാകണം. സഭാസമൂഹത്തിന്റെ വിവിധ ശുശ്രൂഷാവേദികളിലും ഈ ക്രമവും താളവും ഉണ്ടാകണം. തിരുസഭയിൽ പൗരോഹിത്യശുശ്രൂഷയും അത്മായരുടെ ദൗത്യവും സന്യസ്തരുടെ സിദ്ധികളും തമ്മിൽ ഈ ക്രമവും താളവും ഉണ്ടാകണം. സഭാജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഈ സ്വരതാളലയം ഉണ്ടാകണം. വിശ്വാസത്തിന്റെ മേഖലയിൽ വിശ്വാസപ്രബോധനങ്ങളും സഭാശുശ്രൂഷകളും തമ്മിലും പഠനവും പരിശീലനവും തമ്മിലും ദൈവാരാധനയും അനുദിനജീവിതവും തമ്മിലും ഈ സമന്വയം ഉണ്ടാകണം. ഒരു ഓർക്കസ്ട്രായിൽ നിരവധി ഉപകരണങ്ങളും വ്യക്തികളും ഉണ്ടെങ്കിലും കേൾക്കുന്നത് സ്വരതാളലയമുള്ള മധുരസംഗീതമാണ്. വിശ്വാസ-ധാർമ്മികമേഖലയിലും സഭാജീവിതത്തിലും ഇതുപോലെ സംഭവിക്കണം. പുറത്തുവരുന്നത് ഈശോയുടെയും അവിടത്തെ സുവിശേഷത്തിന്റെയും സഭയുടെയും ഏകസ്വരം മാത്രമായിരിക്കണം. അപ്പോൾ സഭയുടെ മുഖം കൂടുതൽ തിളക്കമാർന്നതാകും.

തിരുസഭയിൽ വിശ്വാസപ്രബോധനങ്ങൾ എല്ലാം സത്യവിശ്വാസത്തിന്റെ ഒരേ സ്വർണനൂലിലാണ് കോർത്തിണക്കിയിരിക്കുന്നത്. ത്രിയേകദൈവം, വേദപുസ്തകം, വിശുദ്ധ പാരമ്പര്യം, ശ്ലീഹന്മാർ, സഭാപിതാക്കന്മാർ, കൂദാശകൾ, ശുശ്രൂഷകൾ തുടങ്ങിയവയിലൂടെയെല്ലാം ഒരേ വിശ്വാസമാണ് കൈമാറ്റം ചെയ്യപ്പെടുന്നത്. താളംതെറ്റി വരുന്നവയാണ് അബദ്ധപ്രബോധനങ്ങൾ, വിഭജനങ്ങൾ, അന്ധവിശ്വാസങ്ങൾ, ദുരാചാരങ്ങൾ എന്നിവയെല്ലാം. സഭയുടെ ആരംഭകാലം മുതൽ വിശ്വാസധാർമ്മികവിഷയങ്ങളിൽ താളഭംഗങ്ങളും വ്യതിചലനങ്ങളും ഉണ്ടായിട്ടുണ്ട്. വിജാതീയരുടെ സഭാപ്രവേശനം, വിഗ്രഹാർപ്പിതഭക്ഷണം, പരിശുദ്ധാത്മാവിന്റെ വരദാനങ്ങളുടെ ഉപയോഗം തുടങ്ങിയവയായിരുന്നു ആദിമസഭയിലെ പ്രധാനപ്രശ്നങ്ങൾ. സഭാപിതാക്കന്മാരുടെ കാലഘട്ടത്തിൽ പരി. ത്രിത്വം, ഈശോമിശിഹാ

യുടെ ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള ബന്ധം, പരിശുദ്ധാത്മാവിന്റെ ദൈവത്വം, ദൈവമാതൃത്വം, ഐക്കണുകളുടെ വണക്കം തുടങ്ങിയവയായിരുന്നു ഭിന്നിപ്പിന്റെ വിഷയങ്ങൾ. മധ്യകാലഘട്ടത്തിലാകട്ടെ ഈ വ്യതിചലനങ്ങൾ കൂദാശകളോടും കൃപാവരത്തോടും നീതീകരണത്തോടും ബന്ധപ്പെട്ടായി. ആധുനികകാലഘട്ടത്തിലാകട്ടെ ഈ തർക്കങ്ങൾ മാർപാപ്പയുടെ പരമാധികാരത്തോടും പേപ്പസിയോടും ബന്ധപ്പെട്ടതായി. എന്നാൽ സഭയിലുണ്ടായ എല്ലാ തർക്കങ്ങളും ദൈവാരൂപിയുടെ സഹായത്താൽ നിയമാനുസൃത അധികാരികളിലൂടെയും കൗൺസിലുകളിലൂടെയും പരിഹരിക്കുവാനും സത്യവിശ്വാസത്തെ അവികലമായി കൈമാറാനും തിരുസഭയ്ക്കു കഴിഞ്ഞു.

സമീപകാലത്ത് വിശ്വാസ-ധാർമ്മിക വിഷയങ്ങളിൽ ഇത്തരത്തിലുള്ള വ്യതിചലനങ്ങൾ നമ്മുടെ വിശ്വാസസമൂഹങ്ങളിൽ അവിടവിടെയായി മുളച്ചുവരുന്നുണ്ട്. സത്യവിശ്വാസത്തിൽനിന്ന് കുടുംബങ്ങളെയും വ്യക്തികളെയും അടർത്തിമാറ്റുന്ന ഇത്തരം പ്രസ്ഥാനങ്ങൾക്കും അവയുടെ പ്രബോധനങ്ങൾക്കും മുമ്പിൽ സഭാസമൂഹം മുഴുവൻ ജാഗരൂകരാകേണ്ടതാണ്. ജെറമിയാ 2, 23-ൽ പറയുന്നു: "എന്റെ ജനം രണ്ടു തിന്മകൾ പ്രവർത്തിച്ചു. ജീവജലത്തിന്റെ ഉറവയായ എന്നെ അവർ ഉപേക്ഷിച്ചു. ജലം സൂക്ഷിക്കുവാൻ കഴിയാത്ത പൊട്ടക്കിണറുകൾ കുഴിക്കുകയും ചെയ്തു." ദൈവചിന്തയുടെ ഗ്രഹണവും തിന്മകളുടെ തേരോട്ടവും വിശ്വാസികളുടെ ഹൃദയത്തെ ദുർബലമാക്കുന്നു. അന്യമതസ്ഥരുടെ ആരാധനകളിലുള്ള പങ്കുചേരൽ, ശകുനം, മുഹൂർത്തം, നക്ഷത്രഫലം, കൈനോട്ടം, ജാതകം, കൂടോത്രം, മന്ത്രവാദം തുടങ്ങിയ വിശ്വാസവിരുദ്ധപ്രവണതകളിൽ കുടുങ്ങാതിരിക്കുവാൻ സത്യവിശ്വാസികൾ ശ്രദ്ധിക്കണം. നവയുഗപ്രസ്ഥാനങ്ങളിൽപ്പെടുന്നവർ ഉപയോഗപ്പെടുത്തുന്ന ചാത്തൻസേവ, സാത്താൻപൂജ, കറുത്തകുർബാന (black mass), ഓജോ ബോർഡ്, പരേതാത്മാക്കളോടുള്ള ആശയവിനിമയം, ഇതര നിഗൂഢവിദ്യകൾ തുടങ്ങിയവ സഭയുടെ വിശ്വാസത്തോട് ചേർന്നുപോകുന്നതല്ല.

ഇവയ്ക്കെല്ലാംപുറമെ അടുത്ത കാലത്ത് നമ്മുടെയിടയിൽ രംഗപ്രവേശനം ചെയ്തിരിക്കുന്ന സത്യവിശ്വാസത്തിൽനിന്ന് വ്യതിചലിച്ച ഗ്രൂപ്പുകളുടെ വികലപ്രബോധനങ്ങളിൽ വശീകരിക്കപ്പെടാതിരിക്കുവാനും നാം ശ്രദ്ധിക്കേണ്ടതുണ്ട്. സ്പിരിറ്റ് ഇൻ ജീസസ്, എംപറർ എമ്മാനുവേൽ ട്രസ്റ്റ്, സ്വർഗ്ഗീയവിരുന്ന്, ആത്മാഭിഷേകസഭ, കവനന്റ് പീപ്പിൾ, യഹോവാസാക്ഷികൾ, പെന്തക്കുസ്താ സെക്ടുകൾ തുടങ്ങിയവ വിശ്വാ

സവിരുദ്ധഗ്രൂപ്പുകളാണ്. മരണാനന്തരജീവിതവും പൂർവ്വികശാപവുമായി ബന്ധപ്പെട്ടാണ് വികലപ്രബോധനങ്ങൾ ഏറെയും പ്രചരിക്കുന്നത്. നിത്യ ശിക്ഷ ഇല്ലെന്നും നരകത്തിൽ ആയിരിക്കുന്ന പരേതാത്മാക്കളോട് വചനം പ്രസംഗിച്ച് അവരെ രക്ഷിക്കാനാവുമെന്നും പരമ്പരാഗതവി ശ്വാസം തെറ്റായി വ്യാഖ്യാനിച്ച് ഈശോ നരകത്തിലെത്തി ആത്മാക്കളെ രക്ഷിച്ച് സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോയി എന്നും നിലവിളക്ക്, ആന്തൂ റിയം പൂവ്, ചെമ്പരത്തിപ്പൂവ് തുടങ്ങിയവയിലൂടെ പിശാച് കടന്നുവരു മെന്നും സ്പിരിറ്റ് ഇൻ ജീസസ് ഗ്രൂപ്പുകാർ പഠിപ്പിക്കുന്നു. രക്ഷകൻ ഇനിയും വന്നിട്ടില്ലെന്നും കന്യകയിൽനിന്നും ജനിക്കുന്ന എമ്മാനുവേൽ എംപററിലൂടെയാണ് രക്ഷ കൈവരുന്നതെന്നും എംപറർ എമ്മാനുവേൽ ട്രസ്റ്റിന്റെ പേടകത്തിൽ ആദ്യം പ്രവേശിക്കുന്ന 1,44,000 പേർ മാത്രമേ രക്ഷ പ്രാപിക്കുകയുള്ളൂവെന്നും ബാക്കിയുള്ളവരെല്ലാം ജലപ്രളയ ത്തിൽപ്പെട്ട് മരിച്ചുപോകുമെന്നും പരി. മറിയം പരി. ത്രിത്വത്തിലെ രണ്ടാ മത്തെ ആളാണെന്നും പിതാവായ ദൈവത്തിന് മറിയത്തിൽ ജനിച്ച ആദ്യ പുത്രനാണ് ആദം എന്നും എംപറർ എമ്മാനുവേൽ ട്രസ്റ്റുകാർ പഠിപ്പി ക്കുന്നു. പരേതാത്മാക്കൾ ശാന്തികിട്ടാതെ അലഞ്ഞുതിരിഞ്ഞു നടക്കു ന്നുവെന്നും അവർക്ക് ശാന്തിയുണ്ടാകുവാൻ വലിയ പരിഹാരപ്രാർത്ഥ നകൾ നടത്തണമെന്നും പൂർവ്വികരുടെ പാപശാപംമൂലമാണ് പിൻതല മുറക്കാർക്ക് ദുഃഖദുരിതങ്ങൾ സംഭവിക്കുന്നതെന്നും ഇതുപോലെയുള്ള ഗ്രൂപ്പുകാർ പഠിപ്പിക്കുന്നു. വിശ്വസിച്ചുള്ള സ്നാനവും അന്ത്യഅത്താ ഴവും മാത്രമാണ് കൂദാശകൾ എന്നും കുർബാനയിലും മറ്റു കൂദാശക ളിലും ദൈവസാന്നിധ്യമില്ലെന്നും പരി. കന്യകാമറിയത്തെയും വിശുദ്ധ രെയും വണങ്ങുവാൻ പാടില്ലെന്നും സ്വർഗ്ഗീയവിരുന്നുകാരും ആത്മാഭി ഷേകസഭക്കാരും പഠിപ്പിക്കുന്നു. കവനന്റ് പീപ്പിൾ ഗ്രൂപ്പുകാർ മരിയഭക്തിയും വിശുദ്ധരോടുള്ള വണക്കവും പരി. കുർബാനയിലെ ദൈവസാന്നിധ്യവും കുമ്പസാരവും പരി. മറിയത്തിന്റെ അമലോത്ഭവവും സ്വർഗ്ഗാരോപണവും നിഷേധിക്കുന്നു.

മനുഷ്യനിൽ സ്വാഭാവികമായി അലിഞ്ഞുചേർന്നിരിക്കുന്ന ദൈവ ചിന്തയും ആത്മീയതയും ഭാവിയെക്കുറിച്ചുള്ള ഉൽക്കണ്ഠകളും ചൂഷണം ചെയ്യുന്ന ഇതുപോലെയുള്ള കപടആത്മീയ പ്രസ്ഥാന ങ്ങളെയും അവയുടെ പ്രബോധനങ്ങളെയും തിരുസഭാമക്കൾ നന്നായി തിരിച്ചറിയണം. സത്യവിശ്വാസത്തിൽനിന്നും നന്മയുടെ പാത യിൽനിന്നും നമ്മെ പിന്തിരിപ്പിക്കുന്ന ദുഷ്ടാരൂപിയിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും തിന്മയുടെ എല്ലാ ബന്ധനങ്ങളിൽനിന്നും കെണികളിൽനിന്നും ഈശോയുടെ രക്ഷാകരമായ നാമത്തിന്റെ ശക്തി

യാലും വി. സ്ലീവായുടെ അടയാളത്താലും ദൈവജനം എന്നും സംരക്ഷിക്കപ്പെടുന്നു.

## I. യഥാർത്ഥ ഉറവയിൽ നിന്നും തെളിനീർപാനം ചെയ്യുക

(15) വിശ്വാസജീവിതത്തിൽ ഉണ്ടായിരിക്കേണ്ട സ്വരതാളലയം സംരക്ഷിക്കുന്നതിനും വിശ്വാസരംഗത്ത് കടന്നുവന്നുകൊണ്ടിരിക്കുന്ന വ്യതിചലനങ്ങൾ പ്രതിരോധിക്കുന്നതിനുമുള്ള ഏറ്റവും നല്ല ഉപാധി സത്യപ്രബോധനങ്ങളാകുന്ന തെളിനീർ ഉറവയിൽനിന്നും പാനം ചെയ്യുക എന്നതാണ്. വികലവും അബദ്ധജടിലവുമായ പ്രബോധനങ്ങളാകുന്ന കലക്കവെള്ളത്തിന് പകരം സത്യപ്രബോധനത്തിന്റെ തെളിനീരാണ് സഭാമക്കൾക്ക് ലഭിക്കേണ്ടത് (2012 ആഗോളമെത്രാന്മാരുടെ സിനഡ് സന്ദേശം, 1) ദൈവവചനം വിശ്വാസജീവിതത്തിന്റെ നിലയ്ക്കാത്ത ശുദ്ധ ജലപ്രവാഹമാണ്. "ആത്മാവും ജീവനു"മായ വചനവും നമ്മുടെ വിശ്വാസജീവിതത്തെ പരിപോഷിപ്പിക്കുന്ന കൂദാശകൾ പ്രത്യേകിച്ച് വി. കുർബാനയും കുമ്പസാരവും വിശ്വാസജീവിതത്തെ ബലപ്പെടുത്തുന്നു.

ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരിലൂടെ തിരുസഭയുടെ സത്യപ്രബോധനങ്ങൾ വിശ്വാസികളിൽ എത്തുന്നു. അവയോട് വിശ്വാസപൂർവ്വകമായ വിധേയത്വം പ്രകടിപ്പിക്കുവാൻ നമുക്ക് കടമയുണ്ട്. സഭാപ്രബോധനങ്ങളെ ശരിയായി മനസ്സിലാക്കി ആനുകാലികമായി വ്യാഖ്യാനിക്കുവാൻ നാം പഠിക്കണം. ഇതിന് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളും കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥവും നന്നായി സഹായിക്കും. കൗൺസിൽ പ്രമാണരേഖകളുടെ മൂല്യവും ശോഭയും ഒട്ടും നഷ്ടപ്പെട്ടിട്ടില്ല. ആകയാൽ "തുടർച്ചയുടെ വ്യാഖ്യാനശാസ്ത്ര"മനുസരിച്ച് (the hermeneutic of continuity) കൗൺസിൽ രേഖകൾ നന്നായി പഠിക്കുകയും ശരിയായി വ്യാഖ്യാനിക്കുകയും വേണം. "തുടർച്ചയുടെ വ്യാഖ്യാനശാസ്ത്രം" എന്നതുകൊണ്ട് വിവക്ഷിക്കുന്നത് സഭയുടെ ആനുകാലികപ്രബോധനങ്ങൾ പഠിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുമ്പോൾ നാളിതുവരെ ഉണ്ടായിട്ടുള്ള വിശ്വാസപ്രബോധനങ്ങളും സഭയുടെ സജീവമായ പൈതൃകവും പരിഗണിക്കണമെന്നാണ്. കത്തോലിക്കാവിശ്വാസത്തിന്റെ ഉള്ളടക്കം സംബന്ധിച്ച് ശരിയായ അറിവിൽ എത്തിച്ചേരുന്നതിന് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം അമൂല്യവും അനുപേക്ഷണീയവുമായ ഉറവിടമാണ്. സമകാലികസാഹചര്യത്തിലെ എല്ലാ സഭാനവീകരണപ്രവർത്തനങ്ങളും ഈ രണ്ടു അടിസ്ഥാനരേഖകളോട് വിശ്വസ്തത പുലർത്തിക്കൊണ്ടായിരിക്കണം.

## അധ്യായം മൂന്ന്

# നവസുവിശേഷവൽക്കരണവും വിശ്വാസം കൈമാറുന്നതിന്റെ തീക്ഷ്ണതയും

*"ഈശോയുടെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു"*
*(2 കോറി. 5,14)*

## ഭാഗം I

## വിശ്വാസകൈമാറ്റത്തിന്റെ പ്രധാനവേദികൾ

### A. ശരിയായ ദൈവസ്നേഹാനുഭവവും സമഗ്രമായ വിശ്വാസബോധ്യങ്ങളും

(16) "ഈശോയോടുള്ള സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു" (2 കോറി 5,14) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമ്മെയും പ്രചോദിപ്പിക്കട്ടെ. നമ്മുടെ ഹൃദയങ്ങളെ നിറയ്ക്കുന്നതും നവസുവിശേഷവൽക്കരണപ്രവർത്തനങ്ങളെ സജീവമാക്കുന്നതും ദൈവസ്നേഹമാണ്. ദൈവവിശ്വാസവും ദൈവാനുഭവവും വ്യക്തിപരമായ ദൈവസ്നേഹാനുഭവമായി മാറണം. എന്നാൽ ദൈവസ്നേഹാനുഭവം കേവലം വൈകാരികമോ താല്ക്കാലികമോ അല്ല. പ്രത്യുത സമഗ്രവും സ്ഥായിഭാവമുള്ളതും നമ്മുടെ ജീവിതത്തെ ആകമാനം രൂപപ്പെടുത്തുന്നതുമാണ്. ദൈവാരൂപിയാണ് നമ്മുടെ ഹൃദയങ്ങളെ ദൈവസ്നേഹത്തിൽ നിറച്ച് കാത്തുസൂക്ഷിക്കുന്നത് (റോമ 5, 5). അതുകൊണ്ട് ദൈവസ്നേഹാനുഭവം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ജീവിതമാണ്. വിശ്വാസം, ശരണം, സ്നേഹം എന്നീ ദൈവികപുണ്യങ്ങളും വിവേകം, നീതി, മിതത്വം, ആത്മധൈര്യം എന്നീ മൗലികപുണ്യ

ങ്ങളും ദൈവസ്നേഹാനുഭവജീവിതത്തെ അർത്ഥപൂർണ്ണമാക്കുന്നു. ഈശോയിൽ പൂർത്തിയായ രക്ഷാകരരഹസ്യങ്ങൾ സഭയുടെ കൂട്ടായ്മയിൽ അനുഭവിച്ച് സ്വന്തമാക്കുമ്പോഴാണ് ദൈവസ്നേഹത്തിന്റെ വഴികൾ നാം അറിയുന്നത്. അതുകൊണ്ടുതന്നെ ദൈവസ്നേഹാനുഭവം സഭയോടും അവളുടെ വിശ്വാസപ്രബോധനങ്ങളോടും ദൈവാരാധനയോടും ബന്ധപ്പെട്ടു നില്ക്കുന്നു. അതിനാൽ ദൈവസ്നേഹാനുഭവം കേവലം വ്യക്തിഗതമായ അനുഭവമല്ല. സഭയുടെ ദൈവാനുഭവത്തിലുള്ള പങ്കുചേരലാണ്. രൂപതാതലത്തിൽ നാം നടത്തിവരുന്ന ബൈബിൾ കൺവൻഷൻ സഭാത്മകപരിശീലനത്തിന് വളരെ ഉപകരിക്കുന്നുണ്ട്. സഭാസമൂഹത്തിലെ നവീകരണശുശ്രൂഷകൾ കൂടുതൽ കൂടുതൽ സഭാത്മകവും ദൈവാരാധന കേന്ദ്രിതവുമാകണം. വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി 2013 മെയ്മാസത്തിൽ നാം നടത്തിയ 'പാലാ രൂപത ഗ്രാൻഡ് മിഷൻ' ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടായിരുന്നു. വാഗമണ്ണിൽ നാം ആരംഭിച്ചിരിക്കുന്ന 'മൗണ്ട് നെബോ ദൈവശാസ്ത്രപഠനകേന്ദ്ര'ത്തിലൂടെ വചനപ്രഘോഷണത്തിന്റെയും നവീകരണശുശ്രൂഷയുടെയും മേഖലകളിൽ സഭാത്മകപരിശീലനം തുടരുവാൻ നാം ആഗ്രഹിക്കുന്നു. ജീവിതത്തെ കർമ്മോൽസുകമാക്കുന്ന ഉറച്ച വിശ്വാസബോധ്യങ്ങളാണ് ഇന്നുണ്ടാകേണ്ടത്.

## B. വിശ്വാസകൈമാറ്റം ജീവിതസാക്ഷ്യത്തിലൂടെ

(17) ഫലപ്രദമായ വിശ്വാസകൈമാറ്റത്തിന്റെ പ്രധാന മാർഗ്ഗം ജീവിതസാക്ഷ്യമാണ് (വിശ്വാസത്തിന്റെ വാതിൽ, 15). വ്യക്തിജീവിതത്തിന്റെ വിശുദ്ധിയും വിശ്വസ്തതയും വിശ്വസനീയതയും സുതാര്യതയും എന്നത്തേയുംകാൾ ഇന്ന് ആവശ്യമായിരിക്കുന്നു. ക്രൈസ്തവവിശുദ്ധി ചാരിത്ര്യശുദ്ധിയിൽമാത്രം ഒതുങ്ങുന്നതല്ല. പ്രത്യുത സ്നേഹത്തിന്റെ പരിപൂർണ്ണതയിലേക്കുള്ള വളർച്ചയും ജീവിതകടമകളുടെ വിശ്വസ്തതാപൂർണ്ണമായ നിർവഹണവുമാണത്. വിശുദ്ധിയിലുള്ള വളർച്ച സ്നേഹത്തിലുള്ള വളർച്ചയാണ്. വിശുദ്ധിയും പാപവും ഇടകലർന്ന ജീവിതവഴികളിലൂടെ കടന്നുപോകുന്ന (വിശ്വാസത്തിന്റെ വാതിൽ, 13) ക്രിസ്തുശിഷ്യൻ സുവിശേഷത്തിന്റെ ജീവിക്കുന്ന സാക്ഷ്യവും ചലിക്കുന്ന സക്രാരിയുമാകണം. 'സുവിശേഷം ജീവിതത്തിലൂടെ പ്രഘോഷിക്കുക; വാക്കുകൾ ആവശ്യത്തിന് മാത്രം ഉപയോഗിക്കുക' എന്ന വി. ഫ്രാൻസീസ് അസ്സീസിയുടെ വാക്കുകൾ നമുക്ക് എന്നും ഓർമ്മയിൽ സൂക്ഷിക്കാം. ഇങ്ങനെ ജീവിക്കുന്ന വിശ്വാസികളുടെ കൂട്ടായ്മയാണ് സഭയുടെ കരുത്ത്. അധ്വാനിച്ച് കുടുംബം

പോറ്റുന്ന കുടുംബനാഥനും വിശ്വസ്തതയോടെ കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്ന കുടുംബനാഥയും മാതാപിതാക്കൾക്ക് വിധേയരായി ജീവിക്കുന്ന സുകൃതസമ്പന്നരായ മക്കളും വിശ്വാസത്തിന്റെ ഉത്തമസാക്ഷ്യങ്ങളാണ്. മണ്ണിനെയും പ്രകൃതിയെയും സ്നേഹിക്കുന്ന കർഷകനും നീതിപൂർവ്വം ജീവിക്കുന്ന വ്യാപാരിയും സേവനനിരതനായ ഗവൺമെന്റ് ഉദ്യോഗസ്ഥനും അഴിമതിയുടെ കളങ്കമില്ലാത്ത പൊതുപ്രവർത്തകനും വിശ്വസ്തതയോടെ ജീവിക്കുന്ന വൈദികനും സന്യസ്തരുമെല്ലാം സുവിശേഷത്തിന്റെ ചൈതന്യത്തെ പ്രകാശിപ്പിക്കുന്നവരാണ്.

മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളെയും വിശ്വാസചൈതന്യം സ്വാധീനിക്കണം. കാരണം അനുദിനജീവിതത്തിന്റെ സാധാരണമേഖലകളെ ഉൾക്കൊള്ളുന്നതായിരുന്നു ഈശോയുടെ ദൈവരാജ്യപ്രഘോഷണം. അവിടുന്ന് കടൽത്തീരത്തും കൃഷിയിടങ്ങളിലും ഇടയസങ്കേതങ്ങളിലും വഴിയോരങ്ങളിലും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സ്ഥലങ്ങളിലും വചനം പങ്കുവച്ചു. അവിടുന്ന് സംവദിച്ചതാകട്ടെ ശ്രോതാക്കൾക്കു മനസ്സിലാകുന്ന ഉപമകളും രൂപകങ്ങളും കഥകളും ഉപയോഗിച്ചായിരുന്നു.

സുവിശേഷസാക്ഷ്യത്തിന്റെ ഉദാത്തമാതൃകകളാൽ സമ്പന്നമാണ് നമ്മുടെ രൂപത. ഉത്തമരായ അനേകം വൈദികരും സന്യസ്തരും അത്മായസഹോദരങ്ങളും നമുക്ക് പകർന്നുനല്കിയത് സാക്ഷ്യജീവിതത്തിന്റെ വിശ്വാസവെളിച്ചമാണ്. ധന്യജീവിതംകൊണ്ട് വിശുദ്ധിയുടെ പരിമളം പരത്തിയ പുണ്യശ്ലോകരെ അനുസ്മരിക്കുവാനും ആദരിക്കുവാനും നാം ആരംഭിച്ച 'കബറിട തീർത്ഥാടനപാത' (Tomb Pilgrimage) നമ്മുടെ ആത്മീയ ഉണർവിനും വിശ്വാസവളർച്ചയ്ക്കും കാരണമാകുന്നതാണ്. ഭാരതത്തിൽനിന്നുള്ള ആദ്യത്തെ തദ്ദേശീയ വിശുദ്ധയായ അൽഫോൻസാമ്മയുടെ ജീവിതവും മരണവും കബറിടവുംകൊണ്ട് നമ്മുടെ രൂപത അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചനും ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചനും ദൈവദാസൻ മാർ മാത്യു കാവുകാട്ടും നമ്മുടെ രൂപതയിൽനിന്നുള്ള പുണ്യസൂനങ്ങളാണ്. പാലാ രൂപതയിലെ ദൈവജനത്തെ വിശുദ്ധിയിൽ വളർത്തുന്നതിനും ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതിനും ധന്യജീവിതങ്ങളെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിനും നടപടിക്രമങ്ങൾ ആരംഭിച്ച് തന്റെ ശ്ലൈഹികശുശ്രൂഷയെ ധന്യമാക്കിയ പുണ്യശ്ലോകൻ മാർ സെബാസ്റ്റ്യൻ വയലിൽപിതാവ് ഭാഗ്യസ്മരണാർഹനാണ്.

## C. കുടുംബം : വിശ്വാസപരിശീലനത്തിന്റെയും വിശ്വാസകൈമാറ്റത്തിന്റെയും പ്രഥമകളരി

(18) സഭയിലും സമൂഹത്തിലും കുടുംബത്തിനുള്ള സവിശേഷ പ്രാധാന്യം നമുക്കേവർക്കും അറിവുള്ളതാണ്. കുടുംബത്തിന് സഭയിലുള്ള കേന്ദ്രസ്ഥാനം എടുത്തുപറഞ്ഞുകൊണ്ടാണ് കുടുംബത്തെ "ഗാർഹികസഭ" എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിക്കുന്നത് (LG, 11). കുടുംബം "സ്നേഹത്തിന്റെയും ജീവന്റെയും കൂട്ടായ്മയാണ് (GS, 47-52); "വ്യക്തികളുടെ കൂട്ടായ്മ"യാണ് (കുടുംബം ഒരു കൂട്ടായ്മ, 11-14); "ജീവന്റെ ശ്രീകോവി"ലാണ് (ജീവന്റെ സുവിശേഷം 11). സ്ത്രീ-പുരുഷ വിവാഹത്തിലൂടെയാണ് ക്രൈസ്തവകുടുംബം രൂപം കൊള്ളുന്നത്. വിവാഹത്തിലൂടെ ഏകശരീരമായി ഭവിക്കുന്ന (മത്താ 19, 6) ദമ്പതികൾ വിവാഹം എന്ന കൂദാശയുടെ ഐക്യവും അഭേദ്യതയും എന്നും നിലനിർത്തണം. ദാമ്പത്യസ്നേഹവും ജീവന്റെ ശുശ്രൂഷയുംവഴി ദമ്പതികൾ സ്രഷ്ടാവിന്റെ സ്നേഹത്തിൽ സഹകരിക്കുകയും ആ സ്നേഹത്തെ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. കുടുംബജീവിതത്തിൽ ലഭിക്കുന്ന മക്കൾ ദൈവദാനങ്ങളാണെന്ന ചിന്ത മാതാപിതാക്കന്മാരെ നയിക്കട്ടെ. സ്വാർത്ഥലക്ഷ്യങ്ങൾക്കുവേണ്ടി അധാർമ്മികമായ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ദമ്പതികൾ കുഞ്ഞുങ്ങളുടെ എണ്ണം കുറയ്ക്കുന്നത് സഭ പഠിപ്പിക്കുന്ന ഉത്തരവാദിത്വപൂർണമായ മാതൃത്വത്തിനും പിതൃത്വത്തിനും എതിരാണെന്ന് അവർ മനസ്സിലാക്കണം. സഭയുടെ വളർച്ചയും ദൈവവിളികളുടെ പരിപോഷണവും കുട്ടികളുടെ എണ്ണത്തേയുംകൂടി ആശ്രയിച്ചാണിരിക്കുന്നതെന്ന് ദമ്പതിമാർ മനസ്സിലാക്കണം. ശിശുക്കൾ, കൗമാരപ്രായക്കാർ, യുവജനങ്ങൾ, വിവാഹത്തിന് ഒരുങ്ങുന്നവർ, ചെറുപ്പക്കാരായ ദമ്പതികൾ എന്നിവരോടുള്ള പ്രത്യേകമായ കരുതലും ജാഗ്രതയും പുലർത്തുവാൻ മാതാപിതാക്കന്മാരും അജപാലകരും പ്രത്യേകം ശ്രദ്ധിക്കണം. വൃദ്ധർ, ശാരീരിക-മാനസികവെല്ലുവിളികൾ നേരിടുന്നവർ, നിരാലംബർ എന്നിവരെയും നാം പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. തിരുബാലസഖ്യം, അൾത്താരബാലസംഘം, മിഷൻലീഗ്, കെ.സി.എസ്.എൽ., കെ.സി.വൈ.എം., സി.എസ്.എം., മാതൃജ്യോതി, പിതൃവേദി, ലീജിയൻ ഓഫ് മേരി, എൽഡേഴ്സ് ഫോറം തുടങ്ങിയ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളും ആഘോഷമായ ദിവ്യകാരുണ്യസ്വീകരണം നടത്തിയ കുട്ടികൾക്കായി രൂപതാതലത്തിൽ ഓരോ വർഷവും നടത്തിവരുന്ന സംഗമം, യുവജനകൂട്ടായ്മകൾ, വിവാഹഒരുക്ക സെമിനാറുകൾ എന്നിവയും ഈ രംഗത്ത് ഏറെ ഫലപ്രദങ്ങളാണ്.

കത്തോലിക്കാവിശ്വാസത്തിൽ നാം വളരുന്നതും പരിശീലനം സിദ്ധിക്കുന്നതും യഥാവിധി അത് കൈമാറ്റം ചെയ്യപ്പെടുന്നതും കുടുംബത്തിലൂടെയാണ്. മാതാപിതാക്കളാണ് കുഞ്ഞുങ്ങളെ സംബന്ധിച്ച് പ്രഥമ വിശ്വാസപരിശീലകർ. അവർ തങ്ങളുടെ ഉത്തമജീവിത മാതൃക, കരുതലുള്ള സ്നേഹം, കുടുംബപ്രാർത്ഥന, ഞായറാഴ്ച ആചരണം, കൗദാശികജീവിതം, ഇടവകയോടും ഇടവകപ്രവർത്തനങ്ങളോടുമുള്ള ഹൃദ്യമായ ബന്ധം, മക്കൾക്കു നല്കുന്ന ശരിയായ ശിക്ഷണം, സഭാനേതൃത്വത്തോടും വൈദികരോടും സമർപ്പിതരോടും പ്രകടിപ്പിക്കുന്ന ആദരവ്, ദൈവപ്രമാണങ്ങളോടും തിരുസഭയുടെ കല്പനകളോടും കാണിക്കുന്ന വിശ്വസ്തത, സാമ്പത്തികമിതത്വം, തുടങ്ങിയവവഴി തങ്ങളുടെ മക്കൾക്ക് വിശ്വാസപരിശീലനം നല്കുകയാണ്. ജനനം, മാമ്മോദീസാ, ആഘോഷമായ കുർബാനസ്വീകരണം, വിവാഹവാഗ്ദാനം, വിവാഹം, മാറിത്താമസം, വീടുവെഞ്ചെരിപ്പ്, പെസഹാ അപ്പം മുറിക്കൽ, രോഗങ്ങൾ, സഹനങ്ങൾ, വിജയങ്ങൾ, ഉയർച്ചകൾ, മരണം തുടങ്ങിയ കുടുംബത്തിലെ വിവിധ സംഭവങ്ങൾ മാതാപിതാക്കന്മാർ തങ്ങളുടെ മക്കൾക്ക് ശരിയായ കത്തോലിക്കാ പരിശീലനം കൊടുക്കുവാനുള്ള സന്ദർഭങ്ങളാണെന്ന് മനസ്സിലാക്കണം.

വിവാഹത്തിന്റെയും കുടുംബത്തിന്റെയും കെട്ടുറപ്പിനെ സാരമായി ബാധിക്കുന്ന തിന്മകൾ ഇന്ന് ലോകത്തിൽ വർദ്ധിച്ചുവരുന്നു. കുടുംബപ്രാർത്ഥനയുടെ കുറവ്, മിശ്രവിവാഹങ്ങളുടെ വർദ്ധനവ്, കൂടിത്താമസം, രജിസ്റ്റർ വിവാഹം, സ്വവർഗ്ഗവിവാഹം, ദാമ്പത്യ അവിശ്വസ്തത, വിവാഹപൂർവ്വ ലൈംഗികബന്ധങ്ങൾ, ഗർഭച്ഛിദ്രം, കൃത്രിമജനനനിയന്ത്രണമാർഗ്ഗങ്ങളുടെ ഉപയോഗം, വന്ധീകരണശസ്ത്രക്രിയകൾ, വാടകമാതൃത്വം, കൃത്രിമബീജസങ്കലനമാർഗ്ഗങ്ങൾ, ലഹരിവസ്തുക്കളുടെ ഉപയോഗം, വിവാഹമോചനങ്ങൾ, കുടുംബകലഹങ്ങൾ, പ്രായമായവരോടുള്ള അവഗണന, ഗാർഹികപീഡനങ്ങൾ, കുഞ്ഞുങ്ങളെ ദുരുപയോഗിക്കൽ, അശ്ലീലമാധ്യമങ്ങളുടെ അതിപ്രസരം, ധൂർത്ത്, ആഡംബരങ്ങൾ, പരിധിവിട്ട ഫാഷൻഭ്രമം തുടങ്ങിയവ അവയിൽ പ്രധാനപ്പെട്ടവയാണ്. ഇത്തരം തിന്മകൾക്ക് മുമ്പിൽ ഉത്തമകത്തോലിക്കാദമ്പതിമാരും മാതാപിതാക്കന്മാരുമായി ജീവിക്കാനുള്ള പരിശീലനവും ഓർമ്മപ്പെടുത്തലുകളും കുടുംബങ്ങൾക്കു നല്കുവാൻ അജപാലകരും ബന്ധപ്പെട്ട കത്തോലിക്കാപ്രസ്ഥാനങ്ങളും പ്രത്യേകം ശ്രദ്ധിക്കണം. കുടുംബം നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുമ്പോഴാണ് വിശ്വസ്തമായ കുടുംബജീവിതം നയിക്കുവാൻ മാതാപിതാക്കൾ പ്രാപ്തരാകുന്നത്. പരിശുദ്ധ ത്രിത്വത്തിന്റെയും നസ്രത്തിലെ തിരുക്കുടുംബത്തിന്റെ മാതൃകയിൽ നമ്മുടെ കുടുംബങ്ങൾ രൂപപ്പെടട്ടെ.

## D. ഇടവക: വിശ്വാസത്തിൽ പക്വതപ്രാപിക്കുവാനും വിശ്വാസം ഫലപ്രദമായി കൈമാറുവാനുമുള്ള വേദി

(19) കുടുംബം വിശ്വാസപരിശീലനത്തിന്റെയും വിശ്വാസകൈമാറ്റത്തിന്റെയും പ്രഥമകളരി ആണെങ്കിൽ വിശ്വാസത്തിൽ ആഴപ്പെടുവാനും അത് ഫലപ്രദമായി കൈമാറ്റം ചെയ്യുവാനുമുള്ള അടുത്ത വേദിയാണ് ഇടവക. ഇടവകപള്ളി നമ്മുടെ 'ആത്മീയ തറവാട്' ആണ്. പ്രാരംഭകൂദാശകളിലൂടെ കത്തോലിക്കാവിശ്വാസത്തിൽ ജനിക്കുന്നതും ഇതര കൂദാശകളിലൂടെ വിശ്വാസജീവിതത്തിൽ പക്വതപ്രാപിക്കുന്നതും തിരുവചനങ്ങളും സഭാപ്രബോധനങ്ങളും വിശദീകരിക്കപ്പെടുന്നതും ഇടവകദൈവാലയത്തിലാണ്. ഈലോകജീവിതം പൂർണ്ണമാകുമ്പോൾ നാം അവസാനമായി സംവഹിക്കപ്പെടുന്നതും ഇടവകദൈവാലയത്തിലേക്കാണ്. നാം സംസ്കരിക്കപ്പെടുന്നതും അന്ത്യവിശ്രമം കൊള്ളുന്നതും ഇടവകയുടെ പുണ്യഭൂമിയിലാണ്. നമുക്കായി പ്രാർത്ഥനകളും ദിവ്യബലികളും അർപ്പിക്കപ്പെടുന്നതും ഇടവകപ്പള്ളിയിലാണ്. അതുകൊണ്ട് ഇടവകപ്പള്ളിയെ സ്നേഹിക്കുവാനും സ്വന്തംപോലെ കരുതുവാനും എല്ലാ വിശ്വാസികൾക്കും കടമയുണ്ട്. സ്വയം പര്യാപ്തതയിലെത്തിയ ഇടവകകളും മനോഹരമായ ഇടവക ദൈവാലയങ്ങളും അനുബന്ധസൗകര്യങ്ങളും നമ്മുടെ രൂപതയ്ക്ക് ദൈവം നല്കിയ അനുഗ്രഹങ്ങളാണ്.

ഇടവകദൈവാലയത്തിലെ വിശുദ്ധ കുർബാനയർപ്പണവും ഇതര കൂദാശാനുഷ്ഠാനങ്ങളും ദൈവവചനശുശ്രൂഷകളും വാർഷിക ധ്യാനവും പീഡാനുഭവആഴ്ചയിലെ തിരുക്കർമ്മങ്ങളും തിരുനാൾ ആഘോഷവും നമ്മുടെ വിശ്വാസജീവിതത്തെ വളർത്തുന്നുണ്ട്. ഇടവകയിൽ നടത്തപ്പെടുന്ന വിശ്വാസപരിശീലനക്ലാസ്സുകൾ, വിശ്വാസോത്സവം, കുടുംബക്കൂട്ടായ്മകൾ, സംഘടനാപ്രവർത്തനങ്ങൾ, ഇടവക ദിനാഘോഷം, ഇടവകതലത്തിൽ നടത്തുന്ന തീർത്ഥയാത്രകൾ തുടങ്ങിയവയും ഇടവകയുടെ പൊതുവായ വിശ്വാസവളർച്ചയെ സഹായിക്കുന്നുണ്ട്. ഇടവകയിലെ ഞായറാഴ്ചയാചരണവും കുമ്പസാരമെന്ന കൂദാശയുടെ ആവർത്തിച്ചുള്ള സ്വീകരണവും നമ്മുടെ വിശ്വാസജീവിതത്തെ ശക്തിപ്പെടുത്തുന്നുണ്ട്. ജീവിതനവീകരണത്തിനും ധ്യാനത്തിനുമായി ധ്യാനകേന്ദ്രങ്ങളിലും കൺവൻഷൻ സ്ഥലങ്ങളിലും പങ്കെടുക്കുമ്പോഴും ഇടവകപ്പള്ളിയോടുള്ള ആത്മബന്ധം കുറയുവാനിടയാകരുത്. ഞായറാഴ്ചകൾ, ക്രിസ്മസ്, ദനഹാ, വിഭൂതി, ഉയിർപ്പ്, പന്ത

ക്കുസ്ത, പെസഹാത്രിദിനങ്ങൾ തുടങ്ങിയ പ്രധാന അവസരങ്ങളിൽ കഴിവതും ഇടവകപ്പള്ളിയിൽത്തന്നെ പങ്കെടുക്കുന്നുവെന്ന് വിശ്വാസികൾ ഉറപ്പുവരുത്തേണ്ടതാണ്. ഞായറാഴ്ചകളിലെയും പ്രധാന അവസരങ്ങളിലെയും തിരുവചനസന്ദേശങ്ങൾ ആരാധനവൽസരകാലഘട്ടത്തോടും രക്ഷാകരസംഭവങ്ങളോടും ബന്ധപ്പെടുത്തി നല്കുവാൻ വൈദികരും ഡീക്കന്മാരും ശ്രദ്ധിക്കേണ്ടതാണ്. ശരിയായ ആരാധനക്രമപരിശീലനം ദൈവജനത്തിനു കൊടുക്കുവാനും അജപാലകർ ശ്രദ്ധിക്കണം.

ഇടവകയുടെ വിശ്വാസപരിശീലനത്തിനും വിശ്വാസകൈമാറ്റത്തിനും നേതൃത്വം വഹിക്കുന്നതിൽ ഇടവകയോഗത്തിന് വലിയ പങ്കുണ്ട്. ഭൗതികവസ്തുക്കളുടെ സൂക്ഷിപ്പും നടത്തിപ്പും മാത്രമല്ല യോഗത്തിന്റെ കടമ. ഇടവകയുടെ വിശ്വാസനിക്ഷേപവും സ്ഥാവരജംഗമവസ്തുക്കളും ഒരു കുടുംബനാഥന്റെ ജാഗ്രതയോടെയും കരുതലോടെയും സംരക്ഷിക്കുവാനും കൈമാറുവാനും ഇടവകയോഗത്തിന് ഉത്തരവാദിത്വമുണ്ട്. ഇടവകയുടെ ജീവകാരുണ്യ-വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ടതും ഇടവകയോഗമാണ്. ഇടവകാതിർത്തിയിലുള്ള പാവപ്പെട്ടവരോടും വിശക്കുന്നവരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും പ്രത്യേകിച്ച് ദളിത് കത്തോലിക്കരോടും അസംഘടിത തൊഴിലാളികളോടും അന്യസംസ്ഥാന തൊഴിലാളികളോടും പ്രത്യേകമായ കരുതലും ജാഗ്രതയും ഇടവകയ്ക്കുണ്ടാകണം. കത്തോലിക്കാവിശ്വാസികളായ അന്യസംസ്ഥാന തൊഴിലാളികൾക്ക് വിശ്വാസജീവിതം നയിക്കുവാനുള്ള അനുകൂലസാഹചര്യങ്ങൾ നൽകുവാനും നാം ശ്രദ്ധിക്കണം. ഈശോയുടെയും അവിടുത്തെ സുവിശേഷത്തിന്റെയും കരുണയുള്ള മുഖം ഇടവകയിലൂടെ മനുഷ്യർക്ക് അനുഭവിക്കാൻ കഴിയട്ടെ. പരിസ്ഥിതി സംരക്ഷണം, പരിസരശുചീകരണം, കൊതുകുനിവാരണം, മാലിന്യസംസ്കരണം, പ്ലാസ്റ്റിക് നിർമാർജ്ജനം, ഹരിതവൽക്കരണം, പച്ചക്കറികൃഷി, ഔഷധസസ്യങ്ങളുടെ പരിപാലനം തുടങ്ങിയ കാര്യങ്ങളിലുംകൂടി ഇടവകജനം മുന്നോട്ടിറങ്ങുന്നത് കാലോചിതമായ ഒരു മുന്നേറ്റമായിരിക്കും. ഇടവകസമൂഹത്തിന്റെ വിശ്വാസവളർച്ചയിൽ ആത്മാർത്ഥമായി അദ്ധ്വാനിക്കുന്ന വൈദികരെയും സന്യാസിനി-സന്യാസികളെയും വിശ്വാസപരിശീലകരെയും കൈക്കാരന്മാരെയും യോഗാംഗങ്ങളേയും ദൈവാലയശുശ്രൂഷികൾ, അക്കൗണ്ടന്റ്, ഇതര പള്ളിജോലിക്കാർ തുടങ്ങിയവരെയും നന്ദിയോടെ ഓർക്കുന്നു.

ഇടവക പലതരത്തിലുള്ള ബന്ധങ്ങളുടെ ആകെത്തുകയാണ്. ഇടവകയുടെ ആത്മീയപിതാവാണ് വികാരിയച്ചൻ. ഇടവകയുടെ സർവ്വതോമുഖമായ വളർച്ചയ്ക്കുവേണ്ടി ആത്മാർത്ഥമായി അധ്വാനിക്കുന്ന വികാരിയച്ചനോടും സഹവൈദികരോടും ചേർന്ന് ഇടവക ഒരു കുടുംബമായി വളരണം; വിശ്വാസത്തിന്റെയും പ്രാർത്ഥനയുടെയും പരസ്നേഹത്തിന്റെയും ഒരു കൂട്ടുകുടുംബമാണ് ഇടവക. ദൈവജനവുമായി ഇടയതുല്യമായ ഒരു ബന്ധം വികാരിയച്ചനുണ്ടാകണം. ഞായറാഴ്ച കുർബാനയ്ക്ക് വരാത്തവരേയും കൗദാശികജീവിതം മുടക്കമുള്ളവരേയും തേടിപ്പിടിച്ച് അവരെയും ഇടവകകൂട്ടായ്മയിലേക്ക് കൊണ്ടുവരുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കണം. ഇടവകകൾ തമ്മിലുള്ള ബന്ധങ്ങൾ വളർത്തുവാനും വികാരിയച്ചന്മാർ ശ്രദ്ധിക്കണം. അജപാലക-അത്മായസഹകരണം ഇടവകയുടെ എല്ലാ തലങ്ങളിലും ഉണ്ടാകണം. കേവലം സേവനദാതാവ് (service provider) മാത്രമായി ഇടവകപ്പള്ളി ചുരുങ്ങുവാൻ ഇടയാകരുത്. ഇടവകയോടും ഇടവകയുടെ പൊതുകാര്യങ്ങളോടും നിസ്സംഗതാമനോഭാവം ആരിലും ഉണ്ടാകാതിരിക്കട്ടെ.

ഇടവകയിലൂടെയുള്ള വിശ്വാസകൈമാറ്റത്തിന്റെ തലത്തിൽ വൈദികർക്കും സന്യസ്തർക്കും സവിശേഷമായ പങ്കുണ്ട്. അവരുടെ സമർപ്പണത്തിന്റെ ആഴം, ജീവിതവിശുദ്ധി, പ്രാർത്ഥനാജീവിതം, സുവിശേഷചൈതന്യം, ജീവിതലാളിത്യം, ദാരിദ്ര്യചൈതന്യം, മാതൃകാപരമായ ജീവിതം, മാനുഷികവും അജപാലനപരവുമായ ആഭിമുഖ്യങ്ങൾ തുടങ്ങിയവയെല്ലാം ഫലപ്രദമായ വിശ്വാസകൈമാറ്റത്തെ ഏറെ സ്വാധീനിക്കുന്നുണ്ട്.

## E. അധ്യാപകർ വിശ്വാസത്തിന്റെ പരിശീലകരും കൈമാറ്റക്കാരും

(20) സഭയുടെ പ്രേഷിതശുശ്രൂഷകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വിദ്യാഭ്യാസശുശ്രൂഷ. ഇളംതലമുറയ്ക്ക് വൈജ്ഞാനികശിക്ഷണവും വിശ്വാസപരിശീലനവും വ്യക്തിത്വവികസനവും നല്കുന്നതിനാണ് സഭ വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിച്ചുനടത്തുന്നത്. കത്തോലിക്കാവിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് അവയുടേതായ വ്യതിരക്തതയുമുണ്ട്. നിലവാരമുള്ള ബൗദ്ധികപരിശീലനം, കത്തോലിക്കാകുട്ടികൾക്ക് നല്കുന്ന മതബോധനക്ലാസ്സുകൾ, അകത്തോലിക്കാകുട്ടികൾക്ക് നല്കുന്ന സന്മാർഗ്ഗക്ലാസ്സുകൾ, ആദ്യവെള്ളിയാഴ്ചകളിലെ കുമ്പസാരവും വി. കുർബാനയും, അച്ചടക്കവും ശുചിത്വവുമുള്ള കലാലയാന്തരീക്ഷം, നിർദ്ധനരായ കുട്ടികൾക്ക് നല്കുന്ന സാമ്പ

ത്തികസഹായം, അധ്യാപക നിയമനത്തിലും വിദ്യാർത്ഥികളുടെ പ്രവേശനത്തിലും പുലർത്തുന്ന സുതാര്യത, കലാലയങ്ങളിലെ കുടുംബാന്തരീക്ഷം എന്നിവ കത്തോലിക്കാസ്ഥാപനങ്ങളുടെ മുഖമുദ്രയാണ്. ഇവയ്ക്കെല്ലാം നേതൃത്വം നല്കുന്നത് വിശ്വാസബോധ്യങ്ങളും ജീവിതമൂല്യങ്ങളും അക്കാദമികമികവുമുള്ള അധ്യാപകരാണ്. സ്കൂൾ-കോളേജ് തലങ്ങളിലും എഞ്ചിനീയറിംഗ്, നേഴ്സിംഗ് തുടങ്ങിയ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തും സിവിൽ സർവ്വീസ് പരിശീലന വേദിയിലും നമ്മുടെ രൂപത അഭിമാനാർഹമായ വളർച്ച കൈവരിച്ചിട്ടുണ്ട്.

അധ്യാപകശുശ്രൂഷ ദൈവവിളിയും പ്രേഷിതദൗത്യവുമാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു (GE, 5, 8, 12). തലമുറകളെ രൂപപ്പെടുത്തുന്നവർ ആണ് അധ്യാപകർ. ജീവിതവീഥികളിൽ അവർ വഴിവിളക്കുകളാണ്; മാനുഷികവും ധാർമ്മികവും വിശ്വാസപരവുമായ മൂല്യങ്ങൾ പരിശീലിപ്പിക്കുകയും കൈമാറുകയും ചെയ്യുന്നത് അദ്ധ്യാപകരാണ്. വിശ്വാസത്തിന്റെ വാതിലായ ഈശോയിലേക്കും അവിടുത്തെ സഭയിലേക്കുമുള്ള ചൂണ്ടുപലകയാണ് അധ്യാപകർ. ഇതിനായി കത്തോലിക്കാവിശ്വാസത്തിന്റെ അമൂല്യനിക്ഷേപം കണ്ടെത്തുവാനും അത് ഫലപ്രദമായി കൈമാറുവാനും അധ്യാപകർക്ക് കഴിയണം. ശരിയായ ദൗത്യബോധവും നിയോഗശുദ്ധിയും ധാർമ്മികജീവിതത്തിന്റെ പിൻബലവും അധ്യാപകസമൂഹത്തിനുണ്ടാകണം. ഒരു ശില്പിയുടെ വൈദഗ്ദ്ധ്യവും തോട്ടക്കാരന്റെ കരുതലും ഗുരുവിന്റെ ജീവിതമൂല്യങ്ങളും അവർക്കുണ്ടാകണം.

## F. ആതുര-പരസ്നേഹശുശ്രൂഷാരംഗങ്ങൾ വിശ്വാസകൈമാറ്റത്തിന്

(21) സഭയുടെ പ്രധാനപ്പെട്ട മറ്റൊരു ശുശ്രൂഷാവേദിയാണ് ആതുരശുശ്രൂഷാരംഗം. രോഗികളോടും പാവപ്പെട്ടവരോടും മരണാസന്നരോടും ഈശോ കാണിച്ച അതേ അനുകമ്പയും ആർദ്രതയും കരുതലുമാണ് ആതുരശുശ്രൂഷയിലൂടെ സഭ തുടരുന്നത്. രോഗീപരിചരണം മാത്രമല്ല അനുബന്ധമായുള്ള പരസ്നേഹശുശ്രൂഷയും ഇതിൽപ്പെടും. വൃദ്ധമന്ദിരങ്ങൾ, അഗതിമന്ദിരങ്ങൾ, പാലിയേറ്റീവ് കെയർ സെന്ററുകൾ, ഹോസ്പീസുകൾ, ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ഭവനങ്ങൾ, ബാലമന്ദിരങ്ങൾ, അനാഥാലയങ്ങൾ, ശിശുഭവനങ്ങൾ തുടങ്ങിയവയെല്ലാം ഇതിൽപ്പെടുന്നു. ഈ ശുശ്രൂഷയിലൂടെ അനേകം ജീവിതങ്ങൾക്ക് വെളിച്ചവും പ്രത്യാശയും പകരുവാൻ

സഭയ്ക്ക് കഴിയുന്നു. അവയിലൂടെ ഈശോയിലേക്കും അവിടുത്തെ സുവിശേഷസന്ദേശത്തിലേക്കും അനേകരെ ആകർഷിക്കുവാനും കഴി യുന്നു. ഈ ശുശ്രൂഷകൾക്ക് നേതൃത്വം നല്കുന്ന സന്യസ്തർ, ഡോക്ടർമാർ, നേഴ്സുമാർ എന്നിവർ ചെയ്യുന്ന സേവനങ്ങൾ നിസ്തു ലങ്ങളാണ്. ഈ രംഗത്ത് ദൈവസ്നേഹത്താൽ പ്രേരിതരായി അത്മായ സഹോദരങ്ങൾ ത്യാഗപൂർവം ചെയ്യുന്ന സേവനങ്ങളെയും ഇത്തരു ണത്തിൽ നന്ദിയോടെ ഓർക്കുന്നു. എങ്കിലും ഇതുപോലുള്ള പ്രവർത്ത നങ്ങളിൽ വിശ്വാസികൾ എല്ലാവരും ഭാഗഭാക്കാകേണ്ടതാണ്. ജീവ കാരുണ്യശുശ്രൂഷ സഭയുടെ മുഴുവൻ ദൗത്യമാണ്. ഇത്തരുണത്തിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റി സംഘടനാംഗങ്ങൾ ചെയ്യുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ എടുത്തുപറയത്തക്കതാണ്. നമ്മുടെ രൂപതയുടെ ആഭിമുഖ്യത്തിൽ ചേർപ്പുങ്കൽ നാം പണിയുവാനാരംഭി ച്ചിരിക്കുന്ന ആശുപത്രിയും പാലിയേറ്റിവ് കെയർ സെന്ററും രൂപതാ കേന്ദ്രം ആസ്ഥാനമായി പ്രവർത്തിക്കുന്ന കുടുംബസഹായനിധിയും പാലാ കാരിത്താസും കെ.സി.ബി.സി.യുടെ നിർദ്ദേശപ്രകാരം രൂപത യിൽ നാം ആരംഭിച്ചിരിക്കുന്ന അസോസിയേഷൻ ഓഫ് കാത്തലിക് കെയർ ഹോംസ് (ACCH) എന്ന കൂട്ടായ്മയും ആതുര-പരസ്നേഹ ശുശ്രൂഷാരംഗത്തുള്ള പാലാ രൂപതയുടെ വളർച്ചയുടെ ഭാഗമാണ്.

സഭയുടെ സാമൂഹികശുശ്രൂഷാരംഗങ്ങളെയും നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്. വചനപ്രഘോഷണവും ദൈവാരാധനയും മാത്ര മല്ല പരസ്നേഹപ്രവൃത്തികൾ കൂടി ചേരുമ്പോഴാണ് സഭാസമൂഹ ത്തിന്റെ അസ്തിത്വം പൂർണ്ണമാകുന്നത് എന്ന തിരിച്ചറിവാണ് ഇതു പോലെയുള്ള രംഗങ്ങളിലേക്ക് ശ്രദ്ധ തിരിക്കുവാൻ വിശ്വാസികളുടെ സമൂഹത്തെ പ്രേരിപ്പിക്കുന്നത്. നമ്മുടെ രൂപതയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി (PSWS) നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഭവനം നിർമ്മിച്ച് നല്കുന്നതിലും കുടിവെള്ളം എത്തിക്കുന്നതിലും PSWS വിജയം വരിച്ചിട്ടുണ്ട്. പാവപ്പെട്ടവരെ സ്വയം പര്യാപ്തതയി ലേക്ക് വളർത്തുന്നതിന് സ്വാശ്രയസംഘങ്ങൾ, കാർഷികസഹായപ ദ്ധതികൾ, തൊഴിൽ പരിശീലനപദ്ധതികൾ മുതലായവ രൂപീകരിച്ച് നടപ്പാക്കിവരുന്നു.

മനുഷ്യസ്നേഹിയായ ഈശോയുടെ ഭാവമാണ് ഇതുപോലെ യുള്ള പരസ്നേഹശുശ്രൂഷകളിലൂടെ ലോകത്തിന് കൊടുക്കുവാൻ നാം ശ്രമിക്കുന്നത്. ഈ ശുശ്രൂഷകൾ കേവലം മനുഷ്യസ്നേഹം മാത്ര മല്ല അവയിലൂടെ ദൈവപുത്രനായ ഈശോയെയും അവിടുത്തെ തിരു

സ്സഭയെയും അറിയുവാൻ അനേകർക്ക് ഇടവരുന്നുണ്ട്. പാവങ്ങളോടും ദളിതരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടുമുള്ള ഈ കരുതൽ സഭയുടെ സഹജഭാവങ്ങളിലൊന്നാണ്. "പാവങ്ങളെക്കുറിച്ച് നിങ്ങൾക്ക് കരുതൽ ഉണ്ടായിരിക്കണം" (ഗലാ 2, 10) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമുക്ക് പ്രചോദനമാകണം. ഫ്രാൻസീസ് മാർപാപ്പ തന്റെ ശ്ലൈഹികശുശ്രൂഷയിൽ മുൻഗണനാപ്രാധാന്യം കല്പിച്ചിരിക്കുന്നതും ഇതിനുതന്നെയാണ്. ഈ പരസ്നേഹപ്രവൃത്തികളെല്ലാം ഈശോയിലുള്ള വിശ്വാസത്തിലും അവിടുത്തോടുള്ള സ്നേഹത്തിലും അധിഷ്ഠിതമായിരിക്കണം.

## G. സാംസ്കാരിക-സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ മേഖലകളിലൂടെയുള്ള വിശ്വാസകൈമാറ്റം

(22) നവസുവിശേഷവൽക്കരണത്തിനുള്ള ഫലപ്രദമായ വേദികളാണ് സാംസ്കാരിക-സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയമേഖലകൾ. ഇവയെ നന്നായി ഉപയോഗപ്പെടുത്തുവാൻ 2012 ഒക്ടോബറിൽ റോമിൽ നടന്ന ആഗോളമെത്രാന്മാരുടെ സിനഡിന്റെ മാർഗ്ഗരേഖ നമ്മെ ക്ഷണിക്കുന്നു. ആരോഗ്യകരമായ മതനിരപേക്ഷത നല്ലതെങ്കിലും സെക്കുലറിസം അപകടകരമായ പ്രവണതയാണ്. മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിൽനിന്നും മനുഷ്യമനസ്സാക്ഷിയിൽനിന്നും ദൈവത്തെ ഭാഗികമായോ പൂർണ്ണമായോ ഒഴിവാക്കുന്ന മനോഭാവമാണ് സെക്കുലറിസം. കൂടാതെ ആപേക്ഷികതയും മതമൗലികവാദവും ഇതുപോലെതന്നെ അപകടകാരികളാണ്. ദൈവചിന്ത സംസ്കാരങ്ങളെ നിർമ്മലമാക്കട്ടെ. സുവിശേഷചൈതന്യം, വിശ്വാസവീക്ഷണം, വിശ്വാസ-ധാർമ്മികപ്രബോധനങ്ങൾ, പരസ്പരസഹവർത്തിത്വം, സഹിഷ്ണുത തുടങ്ങിയ മൂല്യങ്ങൾ സമകാലികസംസ്കാരങ്ങളെ സുവിശേഷവൽക്കരിക്കുവാൻ പ്രയോജനപ്പെടുത്തണം.

ആഗോളവൽക്കരണവും വിവരസാങ്കേതികവിദ്യയുടെ ദ്രുതഗതിയിലുള്ള വളർച്ചയും വിശ്വമാനവികതയ്ക്കും ആഗോളസമൂഹരൂപീകരണത്തിനും ഇടയാക്കിയിട്ടുണ്ട്. എങ്കിലും ഇവയുടെ ഫലമായി കൈമോശം വന്നിരിക്കുന്ന ജീവിതമൂല്യങ്ങളെക്കുറിച്ച് സഭയ്ക്ക് ഉത്കണ്ഠയുമുണ്ട്. ഐക്യദാർഢ്യവും പരസ്പരപങ്കാളിത്തവുംവഴി ആഗോളസമൂഹത്തെ ഒരു കുടുംബമായി കാണുവാൻ ഇടയാകണം. ഭൂമിശാസ്ത്രപരമായ അതിരുകൾക്ക് അതീതമായി വിശാലമായി ചിന്തിക്കുവാൻ കഴിയണം. സാമ്പത്തിക-രാഷ്ട്രീയമേഖലകളിൽ സത്യവും നീതിയും ധാർമ്മികതയും എല്ലാറ്റിനുമുപരി നീതിയെ അതിലംഘി

ക്കുന്ന പരസ്നേഹത്തിന്റെ ചൈതന്യവും ശക്തിപ്പെട്ടുവരണം. പൗരബോധവും ധാർമ്മികതയും നിലപാടുകളുമുള്ള രാഷ്ട്രീയനേതാക്കന്മാരും പൗരന്മാരും ഉണ്ടാകണം. സാംസ്കാരിക, സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ തലങ്ങളിൽ കർത്താവിനോടും സുവിശേഷത്തോടും സഭയോടും ചേർന്നുനില്ക്കുവാൻ കഴിയുന്നവരുടെ (വിശ്വാസത്തിന്റെ വാതിൽ, 10) യുവതലമുറയാണ് ഉയർന്നുവരേണ്ടത്. ധാർമ്മികതയുടെ വഴികളും ജീവന്റെ സംസ്കാരവും കൂടുതൽ സജീവമാകണം. കത്തോലിക്കായുവജനപ്രസ്ഥാനം, ഏ.കെ.സി.സി., ഇൻഫാം, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി തുടങ്ങിയ അത്മായസംഘടനകൾ ഈ രംഗത്ത് ക്രിയാത്മകമായി ഇടപെടുന്നുണ്ട്. കത്തോലിക്കാസഭയുടെ സാമൂഹിക പ്രബോധനങ്ങളും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അത്മായപ്രേഷിതത്വം, മതസ്വാതന്ത്ര്യം, സഭ ആധുനികലോകത്തിൽ എന്നീ പ്രമാണരേഖകളിലെ പ്രബോധനങ്ങളും ഈ രംഗങ്ങളിൽ നമുക്ക് വഴികാട്ടിയാകട്ടെ.

## H. ശാസ്ത്ര-സാങ്കേതികപുരോഗതിയും വിവരസാങ്കേതികവിദ്യയും കലാസാഹിത്യാദികളും ചരിത്രപഠനവും വിശ്വാസകൈമാറ്റത്തിന്

(23) ശാസ്ത്ര-സാങ്കേതികവളർച്ചയെ സഭ എന്നും സ്വാഗതം ചെയ്യുന്നു; പ്രോത്സാഹിപ്പിക്കുന്നു. ഭൗതികശാസ്ത്രജ്ഞന്മാരേയും സാങ്കേതികവിദഗ്ദ്ധരേയും പ്രതിഭാശാലികളെയും സഭ എന്നും ആദരിക്കുന്നു. അടുത്ത കാലങ്ങളിൽ വളരെവേഗത്തിൽ പുരോഗമിക്കുന്ന വിവരസാങ്കേതികവിദ്യയുടെ സാധ്യതകളും നന്മകളും (ഉദാ. കംപ്യൂട്ടർ, ഇന്റർനെറ്റ്, ഫേസ്ബുക്ക്, ട്വിറ്റർ, സോഷ്യൽ നെറ്റ്‌വർക്കുകൾ... etc.) നവസുവിശേഷവൽക്കരണപ്രവർത്തനങ്ങളിലും അജപാലനവേദികളിലും ഉപയോഗപ്പെടുത്തണമെന്ന് സഭ ആഗ്രഹിക്കുന്നു. കല, സാഹിത്യം, സംഗീതം എന്നിവയിലൂടെയുള്ള നവസുവിശേഷവൽക്കരണശ്രമങ്ങളും സഭ എന്നും വളർത്തുകയേ ചെയ്തിട്ടുള്ളൂ. ഇവിടെയെല്ലാം ഒരു നിർബന്ധമേ സഭയ്ക്കുള്ളൂ; ശാസ്ത്രവും സാങ്കേതികതയും വിവരസാങ്കേതികവിദ്യയും കലാ-സാഹിത്യസങ്കേതങ്ങളും ലക്ഷ്യം വയ്ക്കുന്നത് സത്യാന്വേഷണവും മനുഷ്യന്റെ സമഗ്രമായ വളർച്ചയും നന്മയുമായിരിക്കണം (വിശ്വാസത്തിന്റെ വാതിൽ, 12). കൂടാതെ വിശ്വാസകൈമാറ്റത്തിന്റെ ചരിത്രം പഠിക്കുവാനും രേഖകൾ നന്നായി സൂക്ഷിക്കുവാനും നാം ശ്രദ്ധിക്കണം. ചരിത്രരേഖകൾ നന്നായി പഠിക്കുവാനും പുരാവസ്തുക്കളും രേഖാലയങ്ങളും ചരിത്ര

മ്യൂസിയങ്ങളും ഫലപ്രദമായി സൂക്ഷിക്കുവാനും ആധുനികസങ്കേത ങ്ങൾ നാം യഥാവിധി ഉപയോഗപ്പെടുത്തേണ്ടതാണ്.

## I. വൈദിക-സന്യാസദൈവവിളികളുടെ പ്രോത്സാഹനം വിശ്വാസകൈമാറ്റത്തിന്

(24) നവസുവിശേഷവൽക്കരണവും വിശ്വാസകൈമാറ്റവും ദൈവജനം മുഴുവന്റെയും ദൗത്യമാണെങ്കിലും വൈദികർക്കും സമർപ്പിതർക്കും ഈ രംഗത്ത് വലിയ പങ്ക് വഹിക്കുവാനുണ്ട്. ദൈവ ജനമായി സഭയെ രൂപീകരിക്കുന്നതിൽ വൈദികർക്കും സന്യാസിനീ-സന്യാസികൾക്കും സുപ്രധാനമായ നിയോഗമുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അനേകം വൈദികരും സമർപ്പിതരും ഇന്ന് സമർപ്പി ക്കുന്ന ശുശ്രൂഷകളാണ് സഭയുടെ മുഖം കൂടുതൽ മിഴിവുള്ളതാക്കു ന്നത്. വിശ്വാസസമൂഹങ്ങൾ രൂപപ്പെടുത്തുന്നതിനും നാടിന്റെ വിക സനത്തിനുമായി അവർ സമർപ്പിച്ച, സമർപ്പിക്കുന്ന സേവനങ്ങളും ത്യാഗങ്ങളും വിസ്മരിക്കാനാകാത്തതാണ്. ഈ ശുശ്രൂഷകൾ അന വരതം തുടരണമെങ്കിൽ പുതിയ നിയോഗശുദ്ധിയുള്ള ദൈവവിളികൾ വൈദികശുശ്രൂഷയിലും സമർപ്പിതശുശ്രൂഷയിലും ധാരാളമായി ഉണ്ടാ കണം. ദൈവവിളികൾ പ്രോത്സാഹിപ്പിക്കുവാനുള്ള ഉത്തരവാദിത്വം സഭാസമൂഹം മുഴുവന്റെയുമാണെന്ന് നമുക്ക് ഓർക്കാം. ഇക്കാര്യത്തിൽ വൈദികർ, സന്യാസിനി-സന്യാസിമാർ, അദ്ധ്യാപകർ, മാതാപിതാക്കൾ തുടങ്ങിയവർക്ക് സവിശേഷമായ പങ്ക് വഹിക്കുവാനുണ്ട്. ദൈവവിളി യുടെ വിളനിലം ഉത്തമകുടുംബങ്ങളാണ് എന്ന കാര്യവും നാം വിസ്മ രിക്കരുത്.

## J. കൂട്ടായ്മയിലൂടെയും സാഹോദര്യത്തിലൂടെയുമുള്ള വിശ്വാസകൈമാറ്റം

(25) വിശ്വാസവും വിശ്വാസജീവിതവും കൂട്ടായ്മയിലുള്ള ജീവി തമാണ്. വിശ്വസിക്കുന്ന ആരും തനിച്ചല്ല (those who believe are never alone). സഭയുടെ കൂട്ടായ്മയിലാണ് അവർ വിശ്വാസം ജീവിക്കുന്നതും കൈമാറുന്നതും. സഭാകൂട്ടായ്മയോട് ചേർന്നുനില്ക്കുമ്പോഴാണ് വിശ്വാസത്തിൽ ആഴപ്പെടുന്നതും നന്നായി വിശ്വാസം കൈമാറ്റം ചെയ്യു ന്നതും. കൂട്ടായ്മയുടെ എല്ലാ തലങ്ങളും സജീവമാകട്ടെ. കുടുംബ ത്തിലും കുടുംബങ്ങൾ തമ്മിലും, ഇടവകയിലും ഇടവകകൾ തമ്മിലും, രൂപതയിലും രൂപതകൾ തമ്മിലും, മാതൃസഭയിലും വിവിധ വ്യക്തി സഭകൾ തമ്മിലുമുള്ള ബന്ധം കൂടുതൽ ഊഷ്മളമാകട്ടെ. സാർവ്വ

ത്രികസഭയുടെ കൂട്ടായ്മയിലും നമുക്ക് വളരാം. ഏതെങ്കിലും കാരണ ത്താൽ ഇടവകകൂട്ടായ്മയിൽനിന്ന് വിട്ടുനില്ക്കുന്നവരും കൗദാശിക സംസർഗ്ഗത്തിൽനിന്ന് അകന്നുകഴിയുന്നവരും സഭയുടെ ഭാഗമാണെന്ന് നാം തിരിച്ചറിയുകയും അവരെക്കൂടി സഭയുമായി പൂർണ്ണകൂട്ടായ്മയി ലേക്ക് കൊണ്ടുവരികയും വേണം. (2012 ആഗോളമെത്രാന്മാരുടെ സിനഡ് സന്ദേശം, 7; ഉപവിയുടെ കൂദാശ, 27-29).

കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽപെടാത്ത വിവിധ അക ത്തോലിക്കാസഭകളെയും ഇതര സഭാസമൂഹങ്ങളെയും ആദരിക്കു വാനും അവരോട് സഭൈക്യസംഭാഷണങ്ങളിൽ ഏർപ്പെടുവാനും കഴിയണം. വിവിധ അക്രൈസ്തവമതങ്ങളെ മാനിക്കുവാനും അവരു മായി സംവദിക്കുവാനും സഹകരിക്കാവുന്ന മേഖലകളിൽ സഹകരിക്കു വാനും സഹിഷ്ണുതയിലും സഹവർത്തിത്വത്തിലും വർത്തിക്കുവാനും നമുക്ക് കഴിയട്ടെ. നിരീശ്വരത്വവും മതമൗലികവാദവും തീവ്രവാദവും സഭ എന്നും തിരസ്ക്കരിക്കുന്നു (GS 19-21). എന്നാൽ ദൈവത്തിൽ വിശ്വസിക്കാത്തവരെയും നിരീശ്വരവാദികളെയും സഭ നിരാകരിക്കുന്നി ല്ല. അവരോട് സംഭാഷിക്കുവാൻ സഭ ആഗ്രഹിക്കുന്നു. "വിജാതി യർക്കുള്ള അങ്കണം"(Courtyard of Gentiles) എന്ന പ്രതീകാ ത്മകചിന്തയിലൂടെ ബെനഡിക്ട് മാർപാപ്പ സഹിഷ്ണുതയുടെ ഈ സന്ദേശമാണ് കൈമാറുന്നത്. സഹോദരങ്ങളെ മറന്ന് ദൈവത്തെയോ ദൈവത്തെ മറന്ന് സഹോദരങ്ങളെയോ ശുശ്രൂഷിക്കാനാവില്ല എന്ന തിരിച്ചറിവ് ദൈവത്തോടും മനുഷ്യരോടും ആരോഗ്യകരമായ ബന്ധ ങ്ങൾ നിലനിർത്തുവാൻ നമ്മെ സഹായിക്കുന്നു.

വിശുദ്ധ കുർബാനയിൽ നാം പ്രാർത്ഥിക്കുന്നു: "സ്വർഗ്ഗവാസിക ളുടെ സമാധാനവും ഭൂവാസികളുടെ പ്രത്യാശയുമായ മിശിഹായേ, ലോകത്തിന്റെ നാനാഭാഗങ്ങളിലും വിശിഷ്യ, പരിശുദ്ധ കത്തോലിക്കാ സഭയിലും നിന്റെ ശാന്തിയും സമാധാനവും പുലർത്തണമേ. സഭയെയും രാഷ്ട്രത്തെയും ഐക്യത്തിൽ സംരക്ഷിക്കണമേ. യുദ്ധങ്ങൾ ഒഴിവാ ക്കണമേ. യുദ്ധപ്രിയരായി ഭിന്നിച്ചുനില്ക്കുന്ന ജനതകളെ ചിതറിക്ക ണമേ. വിനയത്തിലും ദൈവഭയത്തിലും സമാധാനപൂർവ്വകവും ശാന്ത വുമായ ജീവിതം നയിക്കുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ..." എന്നാൽ സഭൈക്യശ്രമങ്ങളും മതാന്തരസംവാദങ്ങളും കത്തോലിക്കാവിശ്വാസി കളുടെയിടയിൽ വിശ്വാസത്തിലുള്ള തെറ്റിദ്ധാരണയ്ക്ക് കാരണമാ കരുത്. അതായത് ഏകരക്ഷകനായ ഈശോയെക്കുറിച്ചും അവന്റെ സത്യസഭയെക്കുറിച്ചുമുള്ള പ്രബോധനങ്ങളിൽ വെള്ളം ചേർക്കാനിട യാകരുത്. തിരുസഭയെ മറ്റു മതങ്ങളെപ്പോലെ രക്ഷയുടെ ഒരു മാർഗ്ഗ

മായിട്ടോ മറ്റു മതങ്ങളെ സഭയുടെ ഒരു പൂരകമായിട്ടോ കാണുന്നത് കത്തോലിക്കാവിശ്വാസത്തിന് വിരുദ്ധമാണ് (Dominus Iesus, 21-22).

## K. വിശ്വാസകൈമാറ്റം മാതൃസഭയോടും സാർവ്വത്രികസഭയോടും ചേർന്ന്

(26) വിശ്വാസത്തിൽ ജനിക്കുന്നതും വളരുന്നതും മാതൃസഭയിലൂടെയാണ്. ലോകത്തെവിടെ ജീവിച്ചാലും വിശ്വാസത്തിൽ ജനിച്ച് വളരുന്ന മാതൃസഭയുടെ തനിമയിൽ വളരുവാനും അത് കുറവുകൂടാതെ വരുംതലമുറയ്ക്ക് കൈമാറുവാനും നമുക്ക് അവകാശവും ഉത്തരവാദിത്വവുമുണ്ട്. ലോകത്തെവിടെയും മാതൃസഭയുടെ ചൈതന്യത്തിൽത്തന്നെ അജപാലനശുശ്രൂഷ ലഭിക്കുവാനും സുവിശേഷവൽക്കരണം നടത്താനുമുള്ള അവകാശം എല്ലാ വിശ്വാസികൾക്കുമുണ്ട് (OE, 4). അതുകൊണ്ടാണ് പ്രവാസികളായി താമസിക്കുന്ന നമ്മുടെ രൂപതാംഗങ്ങളോടും സഭാംഗങ്ങളോടും നാം പ്രത്യേക കരുതൽ പുലർത്തുന്നത്. മാതൃസഭയോട് കാണിക്കുന്ന സ്നേഹവും കൂറും സാർവ്വത്രികസഭയോട് പുലർത്തുവാനും സാർവ്വത്രികസഭയോട് തുറവിയും സ്നേഹവും കൂട്ടായ്മയും ഉണ്ടാകുവാനും നാം ശ്രദ്ധിക്കണം. പൗലോസ് ശ്ലീഹാ അനുസ്മരിപ്പിക്കുന്നതുപോലെ, "സകലസഭകളെയും കുറിച്ചുള്ള ഉൽക്കണ്ഠ" (2 കോറി 11, 28) നമ്മെ കർമ്മോത്സുകരാക്കണം.

## L. വിശ്വാസകൈമാറ്റത്തിന്റെ പ്രേഷിതമാനം

(27) വിശ്വാസകൈമാറ്റത്തിന്റെ തലത്തിൽ നവസുവിശേഷവൽക്കരണത്തോടൊപ്പം പ്രഥമസുവിശേഷവൽക്കരണവും (first evangelization) ശ്രദ്ധിക്കേണ്ടതുണ്ട്. "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും എന്റെ സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16, 15) എന്നതും "ലോകത്തിന്റെ അതിർത്തികൾവരെ നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കും" (നടപടി 1, 8) എന്നതും ഉയിർത്തെഴുന്നേറ്റ ഈശോയുടെ നിയോഗപ്പെടുത്തലായിരുന്നു (paschal command). ഈ ദൗത്യം ശ്രദ്ധാപൂർവ്വം നിർവഹിക്കുന്നതിൽ മണവാട്ടിയായ സഭ എന്നും ഉത്സാഹിച്ചിരുന്നു. തിരുസഭയുടെ ഈ പ്രേഷിതസ്വഭാവത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലും എടുത്തുപറയുന്നുണ്ട് (പ്രേഷിതപ്രവർത്തനം, 1). മനുഷ്യവർഗ്ഗത്തിന്റെ ഏകരക്ഷകനായ ഈശോയെയും അവിടുത്തെ സുവിശേഷസത്യങ്ങളെയും യുഗാന്ത്യംവരെയും ജീവിക്കുന്ന ചുറ്റുപാടുകളിൽ പരസ്യമായി പ്രഘോഷിക്കുവാൻ നമുക്ക് കഴിയണം. ഈശോയെ അറിയാത്ത സ്ഥലങ്ങ

ളിലും അവിടുത്തെ സാക്ഷ്യപ്പെടുത്തുവാൻ നമുക്ക് കഴിയട്ടെ. വി. കുർബാനയിൽ നാം പ്രാർത്ഥിക്കുന്നു: "അങ്ങുമാത്രമാണ് യഥാർത്ഥ പിതാവായ ദൈവമെന്നും അങ്ങയുടെ പ്രിയപുത്രനായ ഈശോമിശി ഹായെ അങ്ങ് അയച്ചുവെന്നും ഭൂവാസികൾ എല്ലാവരും അറിയട്ടെ...." (നാലാം ഗ്ഹാന്തപ്രാർത്ഥന) നമ്മുടെ രൂപതാതിർത്തിയിൽനിന്നും പതി നായിരക്കണക്കിന് മിഷനറിമാർ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലും വിദേശരാജ്യങ്ങളിലും സ്തുത്യർഹമായ പ്രേഷിതശുശ്രൂഷകൾ ചെയ്ത് ഈശോയുടെ സുവിശേഷത്തിന് സജീവമായ സാക്ഷ്യം വഹിക്കുന്നത് നാം ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കേണ്ടതുണ്ട്. 2012 ഏപ്രിൽ 30-ന് രാമപുരത്ത് നടത്തപ്പെട്ട മിഷനറിസംഗമം ഏവരും ഓർക്കുന്നു ണ്ടാകുമല്ലോ. മിഷനറിവേലയ്ക്കായി ഇനിയും ധാരാളം യുവതീയു വാക്കന്മാർ മുന്നോട്ടുവരുവാൻ പരിശുദ്ധാരൂപി അവരുടെ ഹൃദയങ്ങളെ പ്രചോദിപ്പിക്കുവാൻ നാം എന്നും പ്രാർത്ഥിക്കണം. കൂടാതെ നമ്മുടെ രൂപത ഏറ്റെടുത്തിരിക്കുന്ന അദിലാബാദ് മിഷനെ വളർത്തുവാൻ എല്ലാ വരും താൽപര്യപൂർവം ശ്രദ്ധിക്കുകയും വേണം.

## M. വിശുദ്ധർ: വിശ്വാസകൈമാറ്റത്തിന്റെ ജ്വലിക്കുന്ന മാതൃകകൾ

(28) വിശ്വസിക്കുന്നതിന്റെ സന്തോഷവും വിശ്വാസം കൈമാറു ന്നതിന്റെ തീക്ഷ്ണതയും നന്നായി അനുഭവിച്ചവരാണ് സഭയിലെ വിശുദ്ധർ. അവരുടെ ജീവിതമാതൃകയും പ്രാർത്ഥനാമദ്ധ്യസ്ഥതയും അവർ നമുക്ക് നല്കുന്ന ഭാവിമഹത്വത്തിന്റെ ഉറപ്പും പുണ്യവാന്മാരുടെ ഐക്യത്തിലുള്ള വിശ്വാസവും വിശുദ്ധരെ വണങ്ങുവാനും ആദരിക്കു വാനും നമ്മെ ക്ഷണിക്കുന്നു (LG, 50; SC, 104). അവർ നമുക്കുമുമ്പേ ഉത്ഥാനമഹത്വത്തിൽ പങ്കുചേർന്നവരാണ്. വിശുദ്ധരെയും മാലാഖമാ രെയും വണങ്ങുമ്പോഴും പരി. അമ്മയ്ക്ക് നാം പ്രത്യേക വണക്കം നല്കു ന്നുണ്ട്. ഈശോയുടെ അമ്മ സഭയുടെയും വിശ്വാസികളുടെയും സ്വർഗ്ഗീയ അമ്മയാണ്. വിശ്വാസതീർത്ഥാടനത്തിനും നവസുവിശേഷവൽക്കരണ ത്തിനും ഉദയനക്ഷത്രമാണ് പരി. കന്യകാമറിയം (LG, 52, 69). ആക യാൽ വിശുദ്ധരോടും രക്തസാക്ഷികളോടുമുള്ള ഭക്തിയിലും വണക്ക ത്തിലും വളരുവാനും പരി. അമ്മയോട് പുത്രനിർവ്വിശേഷമായ അടുപ്പവും ഭക്തിയും പുലർത്തുവാനും ഏവരും ശ്രദ്ധിക്കണം. എന്നാൽ വിശുദ്ധ രോടുള്ള വണക്കത്തിലും ഭക്തിയിലും കച്ചവടതാൽപര്യങ്ങളും ഉപരിപ്ല വമായ ഭക്തിയും അന്ധവിശ്വാസങ്ങളും ഉണ്ടാകാതിരിക്കുവാൻ അജപാല കരും അത്മായരും ഒരുപോലെ ശ്രദ്ധിക്കുകയും വേണം (LG,51).

## N. രൂപതാമെത്രാൻ വിശ്വാസനിക്ഷേപത്തിന്റെയും വിശ്വാസകൈമാറ്റത്തിന്റെയും ജാഗ്രതയുള്ള കാവൽക്കാരൻ

(29) ദൈവപിതാവിന്റെ രക്ഷാപദ്ധതിയുടെ പൂർത്തീകരണത്തിനായി ഈശോ സ്ഥാപിച്ച സഭ ശ്ലീഹന്മാരുടെ അടിത്തറയിലാണ് പണിയപ്പെട്ടിരിക്കുന്നത്. ഇതിന്റെ മൂലക്കല്ലാകട്ടെ ഈശോമിശിഹായും. അനുദിനം സഭ വളരുന്നത് പരിശുദ്ധാരൂപിയുടെ കൃപാവരത്താലാണ്. ഈശോയുടെ സഭയിൽ ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരിലൂടെ ശ്ലൈഹികപൈതൃകം അനവരതം തുടരുന്നു. ദൈവപരിപാലനയാലും പരിശുദ്ധാത്മാവിന്റെ തിരഞ്ഞെടുപ്പാലും മാർപാപ്പയുടെ അംഗീകാരത്താലും ഓരോ രൂപതയുടെയും ഇടയനും ഗുരുവുമാകുവാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടയാളാണ് രൂപതാമെത്രാൻ. ദൈവത്തിന്റെ സഭ മുഴുവനെയും കുറിച്ച് കരുതലും ജാഗ്രതയും പുലർത്തുമ്പോഴും (നടപടി 20, 28) തന്റെ ശുശ്രൂഷയ്ക്ക് പ്രത്യേകമായി ഏല്പിക്കപ്പെടുന്ന രൂപതാതിർത്തിക്കുള്ളിൽ സത്യവിശ്വാസത്തിന്റെ കോട്ടയും കാവൽക്കാരനുമായി വർത്തിക്കേണ്ടയാളാണ് രൂപതാമെത്രാൻ. ആകയാൽ രൂപതാതിർത്തിക്കുള്ളിൽ വിശ്വാസജീവിതത്തിന്റെയും വിശ്വാസകൈമാറ്റത്തിന്റെയും ജാഗ്രതയുള്ള സംരക്ഷകൻ രൂപതാമെത്രാനാണ്. അദ്ദേഹം തന്റെ സഹപ്രവർത്തകരായ വൈദികഗണം മുഴുവനോടും ചേർന്ന് ദൈവജനത്തെ മുഴുവനെയും നയിക്കുകയും പഠിപ്പിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നു. ഈ മേല്പട്ടശുശ്രൂഷയുടെ നിർവ്വഹണത്തിൽ സന്യസ്തരും അത്മായസഹോദരങ്ങളും അദ്ദേഹത്തിന് സഹകാരികളാണ്. രൂപതാമെത്രാൻ തന്റെ ഇടയലേഖനങ്ങൾ, സർക്കുലറുകൾ, അജപാലകനിർദ്ദേശങ്ങൾ, ഇടവകസന്ദർശനങ്ങൾ എന്നിവവഴിയും ഈ ദൗത്യം നിർവഹിക്കുന്നു. എല്ലാറ്റിലുമുപരി ജീവിതവിശുദ്ധിയും പൈതൃകമായ വാത്സല്യവും കരുണയും മെത്രാന്റെ ശ്ലൈഹികശുശ്രൂഷയുടെ മുഖമുദ്രയാണ്. രൂപതാമെത്രാനോടുള്ള കൂട്ടായ്മയും അനുസരണവും ശ്ലൈഹികപാരമ്പര്യത്തിൽ വിശ്വാസിസമൂഹം പങ്കുചേരുന്നതിന്റെ അടയാളവും കൂടിയാണ്. ഇപ്രകാരം രൂപതാമെത്രാനോടു ചേർന്ന് രൂപതയിലെ ദൈവജനം ഒരു കുടുംബമായി, ഈശോയുടെ രണ്ടാമത്തെ ആഗമനംവരെ വിശ്വാസയാത്ര തുടരുന്നു.

## O. പ്രാർത്ഥനയിൽ ഒന്നിച്ചുചേരുന്ന രൂപതാകുടുംബം

(30) വിശ്വാസകൈമാറ്റത്തിന്റെ വേദികളിൽ ഏറ്റവും പ്രധാനപ്പെട്ടതും ശക്തവും സ്ഥായീഭാവമുള്ളതും പ്രാർത്ഥനയാണ്. നന്നായി പ്രാർത്ഥിക്കുന്ന വിശ്വാസികളും കുടുംബങ്ങളും ഇടവകകളും സന്യാസഭവനങ്ങളും സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും സംഘടനകളുമാണ് രൂപതയുടെ ഏറ്റവും വലിയ മൂലധനം. അതുകൊണ്ട് പ്രാർത്ഥനയുടെ ചൈതന്യവും അരൂപിയും നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും തണൽവിരിച്ചു നിൽക്കണം. പ്രഭാതം മുതൽ പ്രദോഷം വരെയും രാത്രിയുടെ യാമങ്ങളിലും നമ്മുടെ രൂപതാകുടുംബം മുഴുവനിലും നിന്നും ദൈവസന്നിധിയിലേക്ക് നിരന്തരമായ പ്രാർത്ഥനകൾ ഉയരട്ടെ. വളരെ പ്രത്യേകമായി പാലാ ടൗണിലെ നിത്യാരാധന ചാപ്പലും സന്യാസഭവനങ്ങളോടനുബന്ധിച്ചുള്ള നിത്യാരാധനാകേന്ദ്രങ്ങളും നമ്മുടെ രൂപതയിൽ പുതിയതായി ആരംഭിച്ചിരിക്കുന്ന cloistered convent-ന്റെ (Poor Claires of Perpetual Adoration) ശാഖാഭവനവും നമ്മുടെ രൂപതയ്ക്ക് വലിയ അനുഗ്രഹങ്ങളാണ്. പ്രാർത്ഥനയിൽ മനസ്സും ഹൃദയവും ചിന്തകളും പ്രവർത്തനങ്ങളും ഒന്നിച്ചുചേരുന്ന ഒരു കുടുംബമായി നമ്മുടെ രൂപത മുന്നേറുവാൻ ഇടയാകട്ടെ.

## ഭാഗം II

# വിശ്വാസകൈമാറ്റത്തിന് പുതിയ ഭാഷയും ശൈലികളും

## A. മാറ്റങ്ങളും വൈവിധ്യവും സമകാലിക സമൂഹത്തിന്റെ പ്രത്യേകതകൾ

(31) മാറ്റങ്ങളും വൈവിധ്യങ്ങളും എല്ലാക്കാലങ്ങളിലും ഉണ്ടായിരുന്നു. എന്നാൽ അവയുടെ ഗതിവേഗവും വ്യാപനവും സമകാലിക സമൂഹത്തിൽ വളരെ വർദ്ധിച്ചിട്ടുണ്ട്. അറിവിന്റെ ലോകം വളരുന്നു; ശാസ്ത്രവും സാങ്കേതികവിദ്യകളും വികസിക്കുന്നു; സംസ്കാരങ്ങളും സമൂഹങ്ങളും കൈ കോർക്കുന്നു. വീക്ഷണങ്ങളും മനോഭാവങ്ങളും പങ്കുവയ്ക്കപ്പെടുന്നു. മാറ്റങ്ങൾക്കിടയിലെ വൈവിധ്യങ്ങളും ശ്രദ്ധേയമാണ്. വ്യത്യസ്തമായി ചിന്തിക്കുന്ന വ്യക്തികളും സമൂഹങ്ങളും സമുദായങ്ങളും വിശ്വാസസംഹിതകളും ഇന്ന് പ്രകടമാണ്. ഇപ്രകാരമുള്ള മാറ്റങ്ങൾക്കും വൈവിധ്യങ്ങൾക്കും മധ്യേയാണ് ദൈവപുത്രനായ ഈശോയുടെ ഏകസുവിശേഷത്തിന്റെ നിത്യനൂതനസന്ദേശം ലഘൂകരിക്കപ്പെടാതെയും വികലമാക്കാതെയും സമകാലികസമൂഹത്തിനും സംസ്കാരത്തിനും മുമ്പിൽ അവതരിപ്പിക്കുവാൻ നമുക്ക് കഴിയേണ്ടത്. സുവിശേഷം ഏകമാണെങ്കിലും അത് പങ്കുവയ്ക്കുവാൻ ഉപയോഗിക്കുന്ന ഭാഷയും ശൈലിയും കാലോചിതമായിരിക്കണം. സംസ്കാരത്തിലെയും സമൂഹത്തിലെയും മാറ്റങ്ങളും വൈവിധ്യങ്ങളും അതിന് നമ്മെ നിർബന്ധിക്കുന്നു.

## B. നവസുവിശേഷവൽക്കരണത്തിന് പുതിയഭാഷയും ശൈലികളും

(32) നവസുവിശേഷവൽക്കരണം എന്നത് സുവിശേഷം വീണ്ടും അറിയിക്കുന്ന പ്രക്രിയ അല്ലെന്നും അവതരണത്തിന്റെ നൂതന

ശൈലിയാണെന്നും അത് തീക്ഷ്ണതയിലും രീതികളിലും പ്രകാശന ത്തിലുമുള്ള നവീനതയാണെന്നും ഈ മാർഗ്ഗരേഖയുടെ ആദ്യഭാഗത്ത് നാം മനസ്സിലാക്കുകയുണ്ടായി. പുതിയ രീതികൾക്കും ഭാഷയ്ക്കും ഉണ്ടായിരിക്കേണ്ട ഏതാനും പ്രത്യേകതകൾ ചുവടെ ചേർക്കുന്നു.

a) സ്നേഹത്തിന്റെയും കരുണയുടെയും കരുതലിന്റെയും ആത്മാർത്ഥതയുടെയും ഭാഷയും ശൈലിയും.
b) സാഹോദര്യത്തിന്റെയും സംഭാഷണത്തിന്റെയും ചൈതന്യം.
c) ലാളിത്യത്തിന്റെയും എളിമയുടെയും വിനയത്തിന്റെയും ഭാവം.
d) മുറിവേറ്റതിനെ വച്ചുകെട്ടുകയും നഷ്ടപ്പെട്ട ആടുകളെ തേടി യിറങ്ങി അവയെ ആലയിലേക്ക് തിരികെ കൊണ്ടുവരുന്നതുമായ അജപാലനവീക്ഷണം.
e) ഒരുമയുടെയും സഹകരണത്തിന്റെയും ശൈലി.
f) ഐക്യദാർഢ്യത്തിന്റെയും ഭാഗഭാഗിത്വത്തിന്റെയും മനോഭാവം.
g) വ്യക്തിപരമായ ബന്ധങ്ങളുടെയും ആത്മാർത്ഥതയുടെയും ഭാവ ങ്ങൾ.
h) സർഗ്ഗാത്മകവും ക്രിയാത്മകവുമായ വീക്ഷണം.
i) ശ്രവിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ശൈലി.
j) വിമർശനങ്ങളെയും എതിർപ്പുകളെയും തുറവിയോടെ കാണുന്ന മനോഭാവം.
k) വ്യക്തികളിലും വസ്തുക്കളിലും സംഭവങ്ങളിലും ദൈവസാന്നി ധ്യവും ദൈവപരിപാലനയും ദർശിക്കുന്ന കൗദാശികഭാവം.
l) അത്ഭുതത്തോടും ആദരവോടും കൃതജ്ഞതാഭാവത്തോടും കൂടി ജീവിതയാഥാർത്ഥ്യങ്ങളെ വിലയിരുത്തുന്ന ശൈലി.
m) ആരവങ്ങൾക്കപ്പുറമുള്ള നിശ്ശബ്ദതയുടെയും ധ്യാനത്തിന്റെയും ഭാഷ.
n) ശാസ്ത്രത്തോടും സാങ്കേതികതയോടും വിവരസാങ്കേതിക വളർച്ചയോടും ചരിത്രത്തോടും തുറവിയുള്ള വീക്ഷണങ്ങൾ.
o) കല, സാഹിത്യം, സംഗീതം മുതലായവയോട് സർഗ്ഗാത്മകമായ സമീപനം.
p) ജീവിതസാക്ഷ്യത്തിന്റെയും ജീവിതവിശ്വസനീയതയുടെയും ജീവിതസുതാര്യതയുടെയും പിൻബലം.
q) ബുദ്ധിയും ഹൃദയവും യുക്തിയും വിശ്വാസവും ചിന്തയും വികാരവും സമഗ്രമായി ഒന്നിച്ചുചേരുന്ന ജീവിതവീക്ഷണം.

r) കുടുംബങ്ങളിലും ഇടവകകളിലും രൂപതകളിലും സഭയിലും സമൂഹത്തിലും നിലനില്ക്കേണ്ട കുടുംബാരൂപി.

s) കാലോചിതമായ മാറ്റങ്ങളും പാരമ്പര്യവും ആധുനികതയും ചരിത്രവഴികളും സമന്വയിപ്പിക്കുന്ന അജപാലനശൈലി.

t) എല്ലാറ്റിനുമുപരി വിശ്വാസത്തിലും പ്രാർത്ഥനയിലും അധിഷ്ഠിതമായ പ്രവർത്തനശൈലി.

ഇപ്രകാരം നവസുവിശേഷവൽക്കരണത്തിന്റെ ശൈലികളും പദപ്രയോഗങ്ങളും കാലോചിതമായി മാറുമ്പോഴും വിശ്വാസത്തിന്റെ അടിസ്ഥാനവ്യാകരണം മാറുന്നില്ല എന്നകാര്യം നാം ഓർക്കേണ്ടതുണ്ട്. വിശ്വാസത്തിന്റെ മൂലക്കല്ല് ഈശോമിശിഹായും വിശ്വാസത്തിന്റെ വിഷയം ഈശോയുടെ സുവിശേഷവുമാണ്. ഈ സുവിശേഷം ഈശോയുടെ തുടർച്ചയായ സഭയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് സുവിശേഷവൽക്കരണത്തിന്റെ അടിസ്ഥാനവ്യാകരണം സുവിശേഷാത്മകവും സഭാത്മകവും ദൈവാരാധനകേന്ദ്രിതവുമായിരിക്കണം. സുവിശേഷപ്രബോധനങ്ങളിൽ വെള്ളം ചേർക്കുവാൻ പാടില്ല. അമ്മയും ഗുരുനാഥയുമായ സഭ നല്കുന്ന വചനവ്യാഖ്യാനങ്ങളും വിശ്വാസ-ധാർമ്മികപ്രബോധനങ്ങളും വസ്തുനിഷ്ഠമായിത്തന്നെ വിശ്വാസികളുടെ സമൂഹം ഹൃദയപൂർവ്വം സ്വീകരിക്കുകയും അടുത്ത തലമുറയ്ക്ക് വിശ്വസ്തതാപൂർവ്വം കൈമാറുകയും വേണം. സാംസ്കാരികവൈവിധ്യങ്ങളും സഭാവൈവിധ്യങ്ങളും പരിഗണിച്ചുകൊണ്ടു വേണം വിശ്വാസസത്യങ്ങൾ പഠിപ്പിക്കുവാനും കൈമാറ്റം ചെയ്യുവാനും. തിരുസഭയുടെ സാർവ്വത്രികതയും വ്യക്തിസഭകളുടെ വ്യതിരിക്തതയും ഇക്കാര്യത്തിൽ നാം പരിഗണിക്കുകയും വേണം. സാർവ്വത്രികസഭയുടെയും മാതൃസഭയുടെയും മുഖം എന്നും തിളക്കമുള്ളതായിരിക്കട്ടെ. വ്യക്തികൾക്കും സ്ഥാനമാനങ്ങൾക്കും മാറ്റം വരാം. എന്നാൽ ദൈവപുത്രനായ ഈശോയും അവിടുത്തെ ഏകസഭയും നിത്യനൂതനങ്ങളാണ്.

# ഉപസംഹാരം

## പാലാ രൂപത 2033-ൽ

(33) ദൈവപരിപാലനയിൽ സാർവ്വത്രികസഭ ഈശോയുടെ ഉയിർപ്പിന്റെ രണ്ടാം സഹസ്രാബ്ദി ആഘോഷിക്കുന്നത് 2033-ലാണ്. ഇപ്പോൾ 63 വർഷത്തെ ചരിത്രമുള്ള നമ്മുടെ രൂപത 2033 ആകുമ്പോൾ 83 വർഷം പിന്നിടുന്ന ഒരു വലിയ തണൽവൃക്ഷമാകും. ആകയാൽ വരുന്ന 20 വർഷങ്ങൾ നമുക്ക് വലിയ ഒരുക്കത്തിന്റെ അവസരമാകട്ടെ. അതിനുള്ള ദർശനവും മുൻഗണനകളും ദൗത്യവും നമ്മുടെ അജപാലനപ്രവർത്തനങ്ങളുടെ വിവിധ തലങ്ങളിൽ രൂപപ്പെടുത്തുവാൻ ഈ എപ്പാർക്കിയൽ അസംബ്ലി ഇടയാക്കുമെന്ന് പ്രത്യാശിക്കുന്നു. വിശ്വാസമാകുന്ന ദൈവദാനം തിരിച്ചറിയുവാനും വിശ്വാസത്തിന്റെ ഉറവിടമായ ഈശോയോട് വിശ്വാസസമൃദ്ധിക്കുവേണ്ടി പ്രാർത്ഥിക്കുവാനും ജീവജലത്തിന്റെ സമൃദ്ധിയിൽനിന്ന് അനുദിനം പാനം ചെയ്യുവാനും നമുക്ക് എല്ലാവർക്കും കഴിയട്ടെ. അങ്ങനെ വിശ്വസിക്കുന്നതിന്റെ സന്തോഷവും വിശ്വാസം കൈമാറുന്നതിന്റെ തീക്ഷ്ണതയും സ്വന്തമാക്കുവാനും സഭയുടെ നവസുവിശേഷവൽക്കരണപ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി പങ്കുചേരുവാനും നമുക്ക് സാധിക്കട്ടെ. വിശ്വാസപൂർവ്വം നമുക്കും ഏറ്റുപറയാം: ദൈവമേ, നിന്റെ വഴികൾ എത്ര സുന്ദരം!!!

# II

# അനുബന്ധം

(മാർഗ്ഗരേഖയുടെ വെളിച്ചത്തിൽ നടന്ന
ചർച്ചകളുടെ പ്രായോഗികനിർദ്ദേശങ്ങൾ)

# ഉള്ളടക്കം


I. കുടുംബങ്ങളും ഇടവകകളും ........................................ 64

II. അജപാലകരുടെ ജീവിതവും ശുശ്രൂഷയും ........................ 82

III. സമർപ്പിതസന്യാസസമൂഹങ്ങൾ ........................................ 91

IV. കത്തോലിക്കാസംഘടനകൾ ........................................ 96

a. കെ.സി.വൈ.എം. / ജീസ്സസ് യൂത്ത് / സി.എസ്.എം. ..... 96

b. പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ............... 100

c. ഡി.സി.എം.എസ്. ................................................... 100

d. മാതൃജ്യോതി ...........................................................104

V. വിദ്യാഭ്യാസരംഗം ..........................................................107

VI. ആതുര - പരസ്നേഹശുശ്രൂഷാരംഗങ്ങൾ ...........................116

VII. സാമൂഹിക - സാംസ്കാരിക - രാഷ്ട്രീയമേഖലകൾ ............. 121

VIII. നവീന വിവരസാങ്കേതികവിദ്യകൾ ...................................130

IX. വൈദികപരിശീലനം .....................................................134

X. വൈദിക - സന്യസ്തദൈവവിളിപ്രോത്സാഹനം ................. 135

# I. കുടുംബങ്ങളും ഇടവകകളും

**(ഇടവകയോഗം, കുടുംബകൂട്ടായ്മകൾ, പ്രാർത്ഥനാഗ്രൂപ്പുകൾ, വിശ്വാസപരിശീലനം, മിഷൻ ലീഗ്, തിരുബാലസഖ്യം, ലീജിയൻ ഓഫ് മേരി, പാസ്റ്ററൽ കൗൺസിൽ എന്നീ തലങ്ങളിൽനിന്നും ലഭിച്ചത്**

- കത്തോലിക്കാവിശ്വാസത്തിന്റെ അടിസ്ഥാനമായ ഈശോയോടും തിരുസഭയോടും ചേർന്ന് ജീവിക്കുവാൻ ഓരോ വിശ്വാസിയും പരിശീലിപ്പിക്കപ്പെടണം. ഇതിനായി നല്ല വിശ്വാസബോധ്യങ്ങളും ദൈവാനുഭവവും നൽകണം.
- കുടുംബകൂട്ടായ്മകളും പ്രാർത്ഥനാഗ്രൂപ്പുകളും എല്ലാ ഇടവകകളിലും സജീവവും ശക്തവുമായ വിശ്വാസപരിശീലനകളരികളാക്കുക. അവ ക്രമമായി നടത്തുക.
- കൗദാശികജീവിതത്തിൽ ആഴപ്പെട്ട് ജീവിതസാക്ഷ്യം ഉള്ളവരാകുകയും കുട്ടികളെ വിശുദ്ധിയിലും വിശ്വാസത്തിലും വളർത്തുകയും ചെയ്യുക.
- സഭാപഠനങ്ങൾ പ്രാർത്ഥനാഗ്രൂപ്പുകളിലും കുടുംബകൂട്ടായ്മകളിലും കൂടുതൽ ചർച്ചയ്ക്കും പഠനത്തിനും വിധേയമാക്കുക.
- ആഡംബരശൈലിവെടിഞ്ഞ് വിശ്വാസികൾ ലളിതജീവിത-പ്രവർത്തനശൈലികൾ സ്വീകരിക്കുക.
- വിശുദ്ധരെക്കുറിച്ചുള്ള ചിന്തകളും പഠനങ്ങളും ആനുകാലിക വിഷയങ്ങളും സഭയുടെ പഠനങ്ങളുടെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുകയും കുടുംബകൂട്ടായ്മകളിൽ ചർച്ച ചെയ്യുകയും ചെയ്യുക.
- കൂദാശസ്വീകരണവേളകളും പരമ്പരാഗതാനുഷ്ഠാനങ്ങളും (പെസഹാ ആചരണം, മരണാനന്തരചടങ്ങുകൾ) കത്തോലിക്കാവിശ്വാസപരിശീലനവേദികളാക്കുവാൻ ശ്രദ്ധിക്കുക.
- അൽമായനേതൃത്വം വളർത്തണം. സഭാത്മകവും മാതൃകാപരവുമായ ജീവിതം നയിക്കാത്തവർ നേതൃത്വത്തിൽ വരാതെ ശ്രദ്ധിക്കുക.

- വിശ്വാസവിരുദ്ധസെക്ടുകളിലേക്ക് പോയ വിശ്വാസികളെ തിരികെ കൊണ്ടുവരാൻ ശ്രമിക്കുക.
- ആത്മാവിൽ ജ്വലിക്കുന്നവരായി ദൈവികമൂല്യങ്ങൾക്ക് ജീവിതത്തിന്റെ സമസ്തമേഖലകളിലും പ്രാധാന്യം നൽകി അനീതി, പക്ഷപാതം, സാമൂഹികതിന്മകൾ ഇവയ്ക്കെതിരെ പ്രതികരിക്കുവാൻ വിശ്വാസികളെ ശക്തരാക്കുക.
- വിവാഹം, ദാമ്പത്യബന്ധങ്ങൾ, ഗർഭധാരണം, പ്രസവം തുടങ്ങിയ കുടുംബജീവിതത്തിലെ പ്രധാനസംഭവങ്ങൾക്ക് പ്രാർത്ഥനാപൂർവം ഒരുങ്ങുക.
- വിശ്വാസവും-ആത്മീയവളർച്ചയും ലക്ഷ്യം വയ്ക്കുന്നവയായിരിക്കണം ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളും.
- ഇടവകകളിൽനിന്ന് പുണ്യസ്ഥലങ്ങളിലേക്ക് തീർത്ഥാടനങ്ങൾ സംഘടിപ്പിക്കുക.
- കുടുംബകൂട്ടായ്മകളിൽ യുവജനങ്ങളുടെയും പുരുഷന്മാരുടെയും പങ്കാളിത്തം ഉറപ്പു വരുത്തുക. ഭൗതികജീവിതസാഹചര്യങ്ങളെ എപ്പോഴും ആത്മീയമായി അപഗ്രഥിക്കാൻ ഓരോരുത്തരേയും പരിശീലിപ്പിക്കുക.
- മാമ്മോദീസാ സ്വീകരിച്ചവർ വിശ്വാസത്തിൽ ആഴപ്പെടുന്നതിനും മറ്റുള്ളവർക്ക് മാതൃകകളായി തീരുന്നതിനും പ്രാർത്ഥനാജീവിതത്തിൽ വളരുക.
- വിശ്വാസം സ്വീകരിച്ചവർ തങ്ങൾ വഹിക്കുന്ന സ്ഥാനത്തിനുയോജിച്ചവിധത്തിൽ പ്രവർത്തിക്കുകയും, ക്രിസ്തുസ്നേഹം മറ്റുള്ളവർക്ക് അനുഭവവേദ്യമാക്കുകയും ചെയ്യുക.
- വചനം ആഴത്തിൽ പഠിക്കാനും, പ്രാർത്ഥിക്കാനും, ജീവിക്കാനും കുടുംബകൂട്ടായ്മകൾ, പ്രാർത്ഥനാഗ്രൂപ്പുകൾ, ഭക്തസംഘടനകൾ എന്നീ വേദികൾ പ്രയോജനപ്പെടുത്തുക.
- ആദിമരക്തസാക്ഷികളെയും വിശ്വാസജീവിതം നയിച്ച് വിശുദ്ധരായി തീർന്നവരെയും പരിചയപ്പെടുത്തുന്ന വേദികൾ ഇടവകതലത്തിൽ സൃഷ്ടിക്കുക.
- ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും പങ്കുവയ്ക്കുന്ന സമൂഹമാണ് വിശ്വാസികൾ എന്ന ബോദ്ധ്യം ഉണ്ടാകത്തക്ക രീതിയിൽ പരോപകാരപ്രവർത്തികൾ ആസൂത്രണം ചെയ്യുക.
- ഒരു ക്രിസ്തീയപ്രസിദ്ധീകരണമെങ്കിലും കുടുംബത്തിൽ ഉണ്ടായിരിക്കാൻ ശ്രദ്ധിക്കുക.
- ഇടവകതലത്തിൽ ലൈബ്രറി ഉണ്ടായിരിക്കുകയും, ഇടവകാംഗങ്ങൾ അവ പ്രയോജനപ്പെടുത്തുകയും ചെയ്യുക.

- കുടുംബങ്ങളുടെ തലത്തിൽ നവസുവിശേഷവൽക്കരണം നേരിടുന്ന പ്രധാനവെല്ലുവിളികൾ താഴെ പറയുന്നവയാണ്:
  - മാധ്യമങ്ങളുടെ ദുരുപയോഗം, ഉപഭോഗസംസ്കാരത്തിന്റെ സ്വാധീനം.
  - മദ്യം, മയക്കുമരുന്ന്, അന്ധവിശ്വാസങ്ങൾ, തെറ്റായ പ്രബോധ നങ്ങൾ കാഴ്ചപ്പാടുകൾ, ബ്ലാക്ക് മാസ്സ് മുതലായവ.
  - ലൈംഗിക അരാജകത്വം, ലൈംഗികദുരുപയോഗം.
  - ജീവനെ നശിപ്പിക്കുന്ന സംസ്കാരം.
  - ധൂർത്ത്, ആഡംബരം, അഹംഭാവം.
  - കുടുംബപ്രാർത്ഥനയുടെ കുറവ്, വചനവായനയുടെ അഭാവം, പരസ്പരബഹുമാനമില്ലായ്മ.
  - മിശ്രവിവാഹത്തിന്റെ വർദ്ധനവ്, അജപാലകരുടെ അശ്രദ്ധ.
  - തെറ്റായ രാഷ്ട്രീയനയങ്ങളും നിയമങ്ങളും.
  - പാപബോധമില്ലാതെ വളർന്നുവരുന്ന തലമുറ; ഉന്നതസ്ഥാനീ യരുടെ ദുർമാതൃക.
  - വിശ്വാസജീവിതം അപകടത്തിലാക്കുന്ന പ്രവാസജീവിതം.
- ഭക്തസംഘടനകൾ, ഇടവകതിരുനാൾ, വാർഷികധ്യാനം, സാമൂഹ്യ പ്രവർത്തനങ്ങൾ എന്നിവയിൽ അൽമായപങ്കാളിത്തം ഉറപ്പാക്കണം.
- അൽമായർ ബലിയിലെ സജീവപങ്കാളികളാകണം.
- കൗദാശികജീവിതത്തിൽ ഇടവകജനത്തെ പ്രോൽസാഹിപ്പിക്കണം.
- വൈദികരെ ദൈവത്തിന്റെ പ്രതിപുരുഷരായി കണ്ട് ബഹുമാനി ക്കണം. അവരെ അനുസരിക്കുകയും അവരെ സന്ദർശിക്കുകയും ചെയ്യുക.
- ഞായറാഴ്ചയാചരണം സ്വന്തം ഇടവകയിൽത്തന്നെ നടത്തുവാൻ കഴിവതും പരിശ്രമിക്കണം.
- വൃദ്ധരായവരെ മാസത്തിലൊരിക്കൽ സന്ദർശിക്കുക.
- സഭാനവീകരണത്തിന് അത്മായപങ്കാളിത്തം ഉറപ്പാക്കണം.
- ആരാധനാക്രമാനുഷ്ഠാനങ്ങൾക്ക് നിരന്തരമായ പരിശീലനം കൊടുക്കണം.
- കുടുംബപ്രശ്നങ്ങൾ വികാരിയച്ചന്റെ നേതൃത്വത്തിൽ പരി ഹരിക്കുക.
- ഇടവകയോടും കുടുംബങ്ങൾതമ്മിലും ഭിന്നിച്ചുകഴിയുന്നവരെ ഒന്നിപ്പിക്കണം.

- ഇടവകയെ ആത്മീയതറവാടായി കരുതി ഫലപ്രദമായി വിശ്വാസം കൈമാറ്റം ചെയ്യുവാൻ താഴെ പറയുന്ന മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്:
    - കെറിഗ്മാ, ഹോംമിഷൻ രീതിയിൽ ഡോർ ടു ഡോർ സുവിശേഷവൽക്കരണം നടത്തുക.
    - ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് ഇടവക നേതൃത്വം കൊടുക്കുക.
    - കുടുംബകൂട്ടായ്മ ആദിമസഭയിലെ കൂട്ടായ്മയ്ക്ക് തുല്യമാക്കണം.
    - വൈദികനെ ഇടവകയുടെ കുടുംബനാഥനായി അംഗീകരിക്കുക. അവരെ സ്നേഹിക്കുക. അവർക്കുവേണ്ടി പ്രാർത്ഥിക്കുക.
    - ഇടവകതലത്തിൽ യുവജനധ്യാനം, ദമ്പതീധ്യാനം, നവീകരണധ്യാനം, ക്രിസ്റ്റീൻ ധ്യാനം എന്നിവ നടത്തി ആത്മീയ ഉണർവ്വ് ഉറപ്പാക്കുക.
    - ആഡംബരവും ഭൗതികതയും നിറഞ്ഞ ജീവിതരീതിയിൽ നിന്നും വിശ്വാസികൾ പിന്തിരിയുവാനുള്ള മാർഗ്ഗങ്ങൾക്ക് സഭാതലത്തിൽ നിർദ്ദേശങ്ങൾ നൽകുക.
    - വിശ്വാസസമൂഹത്തെ വിശ്വാസത്തിലെടുക്കുക.
    - ബൈബിൾ പഠനസൗകര്യങ്ങൾ ഒരുക്കുക.
    - വൈദികർ ഭവനങ്ങൾ ക്രമമായി സന്ദർശിക്കുക.
    - ഭൗതികപ്രവർത്തനങ്ങൾ കുറച്ച് അജപാലനപ്രവർത്തനങ്ങൾക്ക് അധികാരികൾ നേതൃത്വം കൊടുക്കണം.
    - വിശ്വാസപ്രതിസന്ധികളിൽ ഇടവകവികാരിയിൽനിന്നും ഉപദേശം സ്വീകരിക്കുക.
- സ്നേഹത്തിന്റെയും കരുണയുടെയും ഭാഷയും ശൈലിയും സ്വീകരിക്കുക.
- സഭ പാവങ്ങളോടും ദരിദ്രരോടും ഒപ്പമെന്നുള്ള ബോദ്ധ്യം ജനിപ്പിക്കുക.
- വി. ഗ്രന്ഥഭാഗങ്ങൾ ചോദ്യോത്തരരൂപത്തിൽ അവതരിപ്പിക്കുന്ന രീതികൾ അവലംബിക്കുക.
- വിശുദ്ധ കുർബാനയ്ക്കും വിശുദ്ധ കുർബാനസ്വീകരണത്തിനും പ്രാധാന്യം നൽകുക.
- വിശ്വാസികൾ പരസ്പരം കാണുമ്പോഴുള്ള “ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ” എന്നു പറഞ്ഞിരുന്ന പരമ്പരാഗതശൈലി പുനരാരംഭിക്കുക.

- കൊന്ത, വെന്തിങ്ങാ മുതലായവ ധരിക്കാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുക.
- ജീവിതത്തിലെ വിവിധപ്രശ്നങ്ങൾ ദൈവത്തിലാശ്രയിച്ചുകൊണ്ട് നേരിടാൻ വിശ്വാസികളെ സഹായിക്കുന്ന പ്രാർത്ഥനകൾക്ക് പ്രാധാന്യം നല്കുക.
- വിശ്വാസത്തിന്റെ പ്രഘോഷണങ്ങളായ തിരുനാളുകൾ ആഘോഷങ്ങളിൽ മുങ്ങിപ്പോകാതിരിക്കാൻ ശ്രദ്ധിക്കുക.
- കുടുംബത്തിൽനിന്നും മരണംമൂലം വേർപിരിഞ്ഞുപോയവരെ ഓർത്തു പ്രാർത്ഥിക്കുകയും പരിഹാരപ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്ന പരമ്പരാഗതരീതി നഷ്ടപ്പെടുത്താതെ നോക്കുക.
- ഇടവകയിൽ തിരുനാൾ ആഘോഷിക്കുമ്പോൾ ക്രിസ്തീയ ചൈതന്യവും സാമ്പത്തികമിതത്വവും പാലിക്കുക.
- ഇടവകാതിർത്തിയിലുള്ള കത്തോലിക്കരായ അന്യസംസ്ഥാന തൊഴിലാളികളുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുകയും അജപാലനകരുതൽ നൽകുകയും ചെയ്യുക.
- അനുദിനദിവ്യബലിയിൽ ഒരു കുടുംബത്തിൽ നിന്ന് ഒരാളെങ്കിലും പങ്കെടുക്കുന്നത് പ്രോത്സാഹിപ്പിക്കുക.
- കുട്ടികളുടെ വിശ്വാസപരിശീലനത്തിന് പ്രാമുഖ്യം നൽകണം.
- കുടുംബപ്രാർത്ഥനയുടെ ഭാഗമായി വചനവായന ശീലമാക്കുക.
- വചനത്തെക്കുറിച്ച് പഠിക്കുന്നതിനും ആഴത്തിൽ മനസിലാക്കുന്നതിനും ഉതകുന്ന രീതിയിലുള്ള പ്രഭാഷണങ്ങൾ, സെമിനാറുകൾ, ചർച്ചാക്ലാസുകൾ തുടങ്ങിയവ പ്രാവർത്തികമാക്കുക.
- വി. കുർബാന അർപ്പണം ദൈവാനുഭവത്തിലേയ്ക്ക് നയിക്കുന്നതാവണം. സംഗീതോപകരണങ്ങളുടെ അതിപ്രസരം നിയന്ത്രിക്കുക.
- കുടുംബപ്രാർത്ഥനയ്ക്ക് ഒരു നിശ്ചിതസമയം കുടുംബങ്ങളിൽ പാലിക്കുക.
- മനുഷ്യജീവിതത്തിലെ ദുഷ്പ്രേരണകൾ ഇല്ലാതാകുവാൻ നോമ്പ്, ഉപവാസം, വ്രതാചരണങ്ങൾ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നല്കുക.
- കത്തോലിക്കാസഭയുടെ പ്രബോധനങ്ങൾ സാധാരണഭാഷയിൽ നൽകുക.
- പാലാ കാരിത്താസിന്റെ പ്രവർത്തനങ്ങളിൽ ഇടവകയിൽനിന്നും ഉദാരമതികളായ സ്പോൺസർമാരെ കണ്ടെത്തികൊടുക്കുക.
- ഇടവകയിലെ ഓരോ പ്രായവിഭാഗങ്ങളുടെയും കൂട്ടായ്മകൾ സംഘടിപ്പിച്ച് അവരുടെ വിശ്വാസജീവിതം കാര്യക്ഷമമാക്കാനുള്ള പരിശീലനം നൽകുക.

- സമൂഹത്തിൽ വ്യാപകമാകുന്ന മദ്യാസക്തി ഇല്ലാതാക്കുവാൻ മദ്യപാനികളെ നേരിട്ടുകണ്ട് ബോധവൽക്കരണം നടത്തുക. ചികിത്സ വേണ്ടവർക്ക് അത് നൽകുക.
- കുടുംബത്തിലെ ചടങ്ങുകൾ ലളിതവൽക്കരിക്കുകയും മദ്യസൽക്കാരം പൂർണ്ണമായും ഒഴിവാക്കുകയും ചെയ്യുക.
- ദശാംശം നൽകുന്നതിൽ താത്പര്യം കാണിക്കുകയും അത് മക്കൾക്ക് പറഞ്ഞുകൊടുക്കുകയും ചെയ്യുക.
- പ്രാദേശികമായ വിശ്വാസപാരമ്പര്യങ്ങളെ സജീവമായി നിലനിർത്തുക.
- സഭയുടെ മിഷൻപ്രവർത്തനങ്ങളെ പ്രത്യേകിച്ച് പാലാ രൂപതയുടെ ഭാഗമായ അദിലാബാദ് മിഷനെ പ്രാർത്ഥനയും സാമ്പത്തികസഹായവും നൽകി വളർത്തണം.
- പരമ്പരാഗതമായ വിശ്വാസജീവിതശൈലികളെ പുതുതലമുറയ്ക്ക് പകർന്നുകൊടുക്കുക. (ഉദാ: കുരിശുമണി അടിക്കുന്ന സമയത്തെ പ്രാർത്ഥന, നോമ്പ് ആചരണം)
- വിശ്വാസപ്രമാണം കൂടുതൽ സമയങ്ങളിൽ ചൊല്ലുവാനുള്ള പ്രചോദനം വിശ്വാസികളിൽ വളർത്തുക.
- ക്രൈസ്തവനെ ഇതര മതസമൂഹങ്ങളിൽനിന്ന് വ്യത്യസ്തനാക്കുന്ന ആദിമക്രൈസ്തവശൈലികൾ പുനർസൃഷ്ടിക്കുക.
- വർഷത്തിൽ ഒരു തവണ വി. ഗ്രന്ഥം ആരംഭംമുതൽ അവസാനംവരെ വായിക്കുവാൻ പ്രേരിപ്പിക്കണം.
- ഓരോ ഇടവകയിലും പ്രത്യേക അവസരങ്ങളിൽ പൊതുദിവ്യകാരുണ്യസ്വീകരണം ഉറപ്പുവരുത്തുക.
- മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും അവരോടുള്ള ആദരവും കൂടുതൽ ശക്തമാക്കണം.
- വിശുദ്ധരുടെ ജീവിതമാതൃക പ്രചരിപ്പിക്കുന്ന ഗ്രന്ഥങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തണം.
- സഭാസ്ഥാപനങ്ങളിൽ വൈദികർ തൊഴിൽ ദാതാക്കളും അത്മായർ തൊഴിലാളികളുമാണെന്ന മനോഭാവം ഒഴിവാക്കുവാൻ ശ്രമിക്കണം.
- സംഘടനകളുടെയും മറ്റു പ്രസ്ഥാനങ്ങളുടെയും എണ്ണം ചുരുക്കുകയും ഉള്ളവ ഫലപ്രദമാക്കുകയും ചെയ്യുക.
- വി. കുർബാനയിൽ ശുശ്രൂഷികളാകുക, ലേഖനം വായിക്കുക, ഓരോ ദിവസത്തെയും വി. കുർബാനയ്ക്കായുള്ള ഒരുക്കങ്ങൾ ഇടവകയിലെ ഓരോ കുടുംബത്തിന്റെയും നേതൃത്വത്തിൽ നടത്തുക, ഓരോ കുടുംബത്തെയും സമർപ്പിച്ച് ബലിയർപ്പിക്കുക; ആരാധന,

മറ്റു പ്രാർത്ഥനാശുശ്രൂഷകൾ എന്നിവ നടത്തുക തുടങ്ങിയവ വഴി ആത്മായപങ്കാളിത്തം സജീവമാക്കുക.

- വിശ്വാസപരിശീലനത്തിനും മറ്റും കൂടുതൽ അല്മായരെ ഉൾക്കൊള്ളിക്കാൻ ശ്രദ്ധിക്കുക.
- കല, സാഹിത്യം, സ്പോർട്സ് എന്നിവ പ്രോത്സാഹിപ്പിക്കുന്ന സ്ഥലമായി ദൈവാലയാങ്കണം മാറണം. ദൈവാലയപരിസരത്ത് പൂന്തോട്ടങ്ങളും ഹരിതസസ്യങ്ങളും വച്ചുപിടിപ്പിക്കുന്നതിലൂടെ ഇടവകാംഗങ്ങളുടെ സഹകരണം കൂടുതൽ സജീവമാക്കാൻ സഹായിക്കും.
- ദൈവാലയശുശ്രൂഷിക്കും മറ്റു ജീവനക്കാർക്കും ന്യായമായ വേതനം കാലോചിതമായി വർദ്ധിപ്പിച്ച് നൽകണം.
- പൊതുരംഗത്തു പ്രവർത്തിക്കുന്ന വിശ്വാസികൾ ഒരു ക്രിസ്റ്റ്യൻ അജണ്ട ജീവിതത്തിൽ പാലിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കണം (ക്രൈസ്തവമൂല്യങ്ങൾ, സമയനിഷ്ഠ, ജീവിതവിശുദ്ധി, നീതിബോധം, എല്ലാ ജനങ്ങളോടും തുല്യപരിഗണന തുടങ്ങിയവ).
- ദൈവശാസ്ത്രം, മനഃശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ മേഖലകളിൽ ഇടവകാംഗങ്ങൾക്ക് ബോധവൽക്കരണം നല്കണം. ആഴത്തിലുള്ള അറിവും ദൃഢമായ ബോധ്യവുംനൽകി വിശ്വാസ കൈമാറ്റം സാധ്യമാക്കുക.
- പള്ളികളിലെ പ്രധാനതിരുനാളിന് പള്ളിയിൽ വരുന്ന എല്ലാവർക്കും സ്നേഹവിരുന്ന് നൽകുക.
- ഞായറാഴ്ചകൾ, കടമുള്ള ദിവസങ്ങൾ, തിരുനാളുകൾ തുടങ്ങിയവയുടെ തലേദിവസം ഇടവകാംഗങ്ങൾ ഒന്നിച്ച് ഇടവകദൈവാലയത്തിൽ റംശാപ്രാർത്ഥന നടത്തുക.
- വിശ്വാസികൾ പ്രവർത്തനരംഗങ്ങളിൽ സുതാര്യതയും സത്യസന്ധതയും പുലർത്തണം.
- അയൽപക്കബന്ധങ്ങൾ ദൃഢമാക്കുക.
- ഇടവകാതിർത്തിയിലുള്ള മുഴുവൻ ആളുകളുടെയും സാമ്പത്തികസ്ഥിതി വിലയിരുത്തി സഹായം അർഹിക്കുന്നവരുടെ ലിസ്റ്റ് മുൻഗണനാക്രമത്തിൽ തയ്യാറാക്കുക.
- ദളിതരെ സഭയുടെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരണം, അവരെ വേർതിരിച്ചു നിർത്തുന്ന സാഹചര്യം ഒഴിവാക്കുക.
- സാധുജനങ്ങൾക്ക് സർക്കാരിൽനിന്നും, മറ്റു സന്നദ്ധസ്ഥാപനങ്ങളിൽനിന്നും ലഭ്യമായ സഹായങ്ങൾ വാങ്ങിച്ചുകൊടുക്കുവാൻ ശ്രമിക്കുക.
- സാധുജനസേവനത്തിനായി ഇടവകതലത്തിൽ പ്രത്യേകഫണ്ട് രൂപീകരിക്കുക.

- ഇടവകദിനം ആചരിക്കുകയും വൃദ്ധജനങ്ങൾക്ക് ഒന്നു ചേരുന്ന തിനും ഓർമ്മകൾ പങ്കുവയ്ക്കുന്നതിനും സൗകര്യമൊരുക്കുകയും ചെയ്യുക.
- കുടുംബങ്ങളിലെ ആഘോഷങ്ങളോടനുബന്ധിച്ച് ഉപവി പ്രവൃത്തി കൾ പ്രോത്സാഹിപ്പിക്കുക (അനാഥാലയങ്ങളിൽ ഭക്ഷണം കൊടു ക്കുക).
- ഇടവകദൈവാലയത്തിൽ ഇടദിവസങ്ങളിലും ഞായറാഴ്ചകളിലും വിശുദ്ധ കുർബാനയ്ക്കുമുമ്പ് സപ്രാ നമസ്കാരം ചൊല്ലുവാൻ പ്രേരിപ്പിക്കുക. സപ്രായ്ക്കു മുമ്പ് ജപമാലയും ചൊല്ലാവുന്നതാണ്.
- പാവപ്പെട്ട കുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിന് പ്രോത്സാഹനവും പിന്തുണയും നൽകണം.
- വിശ്വാസജീവിതത്തിന്റെ അഭാവമാണ് വിശ്വാസവ്യതിചലനങ്ങൾക്ക് കാരണം.
- ഭീകരവാദം, സാമ്രാജ്യത്വം, കപടദേശീയത, മതമൗലികവാദം, തെറ്റായ മതനിരപേക്ഷത എന്നിവയുടെ പൊള്ളത്തരം തുറന്നു കാട്ടുക.
- കുടുംബം ഇന്നുനേരിടുന്ന ഏറ്റം വലിയ പ്രതിസന്ധി കുടുംബ ത്തിന്റെ സ്വഭാവത്തെപ്പറ്റിത്തന്നെ ഔദ്യോഗികമായി സഭ നൽകുന്ന കാഴ്ചപ്പാടും ദമ്പതികൾ അംഗീകരിച്ചിരിക്കുന്ന കാഴ്ചപ്പാടും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്നതാണ്. ദമ്പതികളുടെ ഭാഗത്തെ (യുവദമ്പതികളുടെയെങ്കിലും) നിലപാട് അണുകുടുംബമാണ് യഥാർത്ഥത്തിൽ സ്വീകരിച്ചുനടപ്പാക്കേണ്ടത് എന്നതാണ്. ഏതാനും വർഷങ്ങളായിനിലനില്ക്കുന്ന ഈ ദുരവസ്ഥയെപ്പറ്റി സഭാനേതൃ ത്വത്തിനു ബോദ്ധ്യമുണ്ടെങ്കിലും അതിന്റെ തിന്മയെപ്പറ്റിയോ, കുടും ബത്തിനു മാത്രമല്ല സഭയ്ക്കും ക്രൈസ്തവസമുദായത്തിനും അതു വരുത്തുന്ന വിപത്തിനെപ്പറ്റിയോ ഊന്നിപ്പറഞ്ഞുള്ള ഒരു ബോധവ ത്ക്കരണമോ മറ്റു നടപടികളോ ഉണ്ടായിക്കാണുന്നില്ല. ദമ്പതിക ളുടെ മനോധർമ്മമനുസരിച്ചു പ്രവർത്തിക്കട്ടെ എന്ന നിലപാ ടുസ്വീകരിച്ച് മൗനം പാലിക്കുന്നതായി തോന്നുന്നു. ഇതിൽനിന്നു വ്യത്യസ്തമായിട്ടുള്ള നീക്കങ്ങൾ ഉണ്ടെങ്കിൽ അവ ഒറ്റപ്പെട്ടതും ദുർബലവുമാണ്. ഞായറാഴ്ച പ്രസംഗങ്ങളിലോ മറ്റ് ഔദ്യോഗിക പഠനങ്ങളിലോ ഇത് പരിഗണിക്കപ്പെടുന്നതായി തോന്നുന്നില്ല. ഏതാനും പരിഹാരനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:
  - കുടുംബത്തിൽ കുഞ്ഞുങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ സഹായിക്കുന്ന ബോധവത്കരണം ഫലപ്രദമായ രീതിയിൽ നടത്തുക.

- കൂടുതൽ മക്കളുള്ള മാതാപിതാക്കളെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പു പോലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക.
- രൂപതവക വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിനും ജോലിക്കും കൂടുതൽ അംഗങ്ങളുള്ള കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് പ്രത്യേകപരിഗണന നൽകുക.

- മിക്കപ്പോഴും ഇടവകയിൽ ദേവാലയസ്ഥാപന കേന്ദ്രീകൃതമായ പ്രവർത്തനങ്ങളാണ് കൂടുതലും. ആദ്യം ഇതുതന്നെയാണ് വേണ്ടത്. ആരാധനയ്ക്കുള്ള സ്ഥലം - ദൈവാലയം, സ്കൂൾ, പാരിഷ്ഹാൾ എല്ലാം വേണം. പക്ഷെ ഇതിനും ഒരു പരിധിവയ്ക്കണം. ന്യായമായ ആവശ്യങ്ങൾക്കുള്ള സ്ഥാപനങ്ങളും അവയ്ക്കുവേണ്ട സ്ഥലസൗകര്യങ്ങളും ആയിക്കഴിഞ്ഞാൽ, ഇടവകയ്ക്കു കൂടുതൽ ഭദ്രത നൽകാവുന്ന സാമ്പത്തികസ്രോതസ്സുകളാകാവുന്നവിധം കെട്ടിടങ്ങൾ ഉണ്ടാക്കുകയോ, പറമ്പുകൾ വാങ്ങുകയോ ചെയ്യാവുന്നതാണ്. സ്വത്തും സ്ഥാപനവുംകൊണ്ട് ഇടവകയാകുകയില്ല. ഇടവകദൈവാലയത്തെ കേന്ദ്രീകരിച്ചു ജീവിക്കുന്ന ജനങ്ങളാണ് യഥാർത്ഥത്തിൽ ഇടവകയുടെ സ്വത്ത്. ഇടവകജനങ്ങളെ മാനുഷികമായും വിശ്വാസപരമായും വളർത്തിയെടുക്കാനുള്ള ശ്രദ്ധ അജപാലനത്തിന്റെ അതിപ്രധാനമായ ധർമ്മമായി കാത്തുസൂക്ഷിക്കണം. പ്രത്യേകിച്ച് ദുർബലവിഭാഗങ്ങളോട് ഉള്ള ഉത്തരവാദിത്തം നിറവേറ്റുന്നതിൽ ഇടവകയുടെ പൊതുസ്വത്തിന്റെ പങ്കുവയ്ക്കലും ഉൾപ്പെടുത്തുക. ഇടവകയുടെ സ്വത്തിന്റെ ദശാംശമോ, അതിൽ കൂടുതലോ ഇടവകയിലെ ദുർബലർക്കായി നീക്കിവയ്ക്കുന്നെങ്കിൽ ഇടവകാംഗങ്ങളും ദശാംശം നൽകേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അവരെ ബോധവത്ക്കരിക്കാനും എളുപ്പമാകും.
- ഇടവകജനങ്ങൾ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താനുള്ള വഴികൾ തേടണം. ഇന്നു ബന്ധങ്ങൾ കുറഞ്ഞുവരുകയാണ്. നിലവിലുള്ള വാർഡ്കൂട്ടായ്മകൾ നിലനിർത്തിക്കൊണ്ടുതന്നെ ഏറ്റം അടുത്തുള്ള നാലഞ്ചുവീട്ടുകാർ കൂടെക്കൂടെ ഒരുമിച്ചുചേരുവാനുള്ള സംവിധാനം ആലോചിക്കാവുന്നതാണ്.
- ഈശോയ്ക്കു സാക്ഷികളാവേണ്ടവർ എതിർസാക്ഷ്യമായി മാറാതിരിക്കുവാൻ ശ്രദ്ധിക്കണം.
- "സഭ ഉള്ളിലേക്കു പിൻവലിയുന്നത് അപകടരമാണ്. മറിച്ച് സമൂഹത്തിന്റെ പുറമ്പോക്കുകളിലേക്കാണ് സഭ നീങ്ങേണ്ടത്" എന്ന ഫ്രാൻസീസ് പാപ്പായുടെ വാക്കുകൾ അനുസ്മരിക്കണം.

- ഇടവകയിലെ കൊച്ചുകുട്ടികൾ ഒഴികെയുള്ളവരെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ 4 ഗ്രൂപ്പുകളായി തിരിക്കുക - 1) ബാലികബാലന്മാർ (9–15) 2) യുവതീയുവാക്കൾ (16–35) 3) മദ്ധ്യവയസ്കർ (36–60) 4) എൽഡേഴ്സ് (above 60)
- ഇടവകയിലെ എല്ലാ അംഗങ്ങളും പ്രായത്തിനു യോജിച്ച ഏതെങ്കിലും സംഘടനയിലോ ഒന്നിലധികം സംഘടനകളിലോ അംഗത്വം സ്വീകരിക്കുവാൻവേണ്ട പരിശ്രമങ്ങൾ നടത്തുക.
- അന്യസംസ്ഥാനങ്ങളിലും നഗരങ്ങളിലും ജോലിയും പഠനവുമായി പോകുന്ന യുവതീയുവാക്കൾ തിന്മയുടെ വഴിയിൽ പെട്ടുപോകാതിരിക്കാനുള്ള മാർഗ്ഗനിർദ്ദേശം നൽകുവാനും, നഗരജീവിതത്തിൽ അവരുടെ ആവശ്യങ്ങളിൽ സഹായിക്കുവാനും, അവരുടെ ആത്മീയകാര്യങ്ങളിൽ ശ്രദ്ധിക്കുവാനും care centre-കൾ ആരംഭിക്കണം. care centre-കളുടെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി കൗൺസിലിംഗ്, ധ്യാനം തുടങ്ങിയ ആദ്ധ്യാത്മികപരിപാടികൾ നടത്താവുന്നതാണ്.
- ബാലികാബാലന്മാരുടെയും വിദ്യാർത്ഥികളായ യുവജനങ്ങളുടെയും എണ്ണവും വിവരങ്ങളും ശേഖരിച്ചാൽ സൺഡേസ്കൂളിൽ വരാത്തവരെ കണ്ടുപിടിക്കാനും അവരെകൂടി വിശ്വാസപരിശീലനപരിപാടികളിൽ പങ്കെടുപ്പിക്കുവാനും സാധിക്കും.
- വിശുദ്ധരുടെ ജീവചരിത്രങ്ങൾ ഉൾപ്പെടെയുള്ള നല്ലഗ്രന്ഥങ്ങൾ ശേഖരിച്ച് സൺഡേസ്കൂളിലെ കുട്ടികൾക്കു വായനാശീലവും ആദ്ധ്യാത്മികവളർച്ചയും ഉണ്ടാകുവാൻ നടപടികൾ സ്വീകരിക്കുക. ഇതിന്റെ മേൽനോട്ടവും നടത്തിപ്പും സൺഡേസ്കൂൾ അദ്ധ്യാപകർ, പ്രത്യേകിച്ച് സൺഡേസ്കൂൾ അദ്ധ്യാപകരായ ബഹു. സിസ്റ്റേഴ്സ് ഏറ്റെടുക്കണം.
- യുവജനസംഘടനകൾ ചർച്ചാക്ലാസ്സുകളും പഠനകളരികളും സംഘടിപ്പിക്കണം. ബൈബിൾപഠനം, വിശുദ്ധ കുർബാനയിലെ അനുഷ്ഠാനങ്ങളും പ്രാർത്ഥനകളുംസംബന്ധിച്ച ബോധവൽക്കരണം, ആനുകാലികവിഷയങ്ങളെപ്പറ്റിയുള്ള ഡിബേറ്റുകൾ തുടങ്ങിയവ അവരുടെ പരിപാടികളിൽ ഉൾപ്പെടുത്തുക.
- സ്വാശ്രയസംഘങ്ങൾ വഴിയോ, പോസ്റ്റോഫീസ്നിക്ഷേപങ്ങൾ തുടങ്ങാൻ പ്രേരിപ്പിച്ചോ തൊഴിലാളികളിൽ മിതവ്യയശീലവും നിക്ഷേപതാല്പര്യവും വളർത്തണം.
- പെൺകുട്ടികളുടെ വിവാഹം, നിർധനരുടെ രോഗചികിത്സ തുടങ്ങിയ കാര്യങ്ങളിലും ഇടവകസംഘങ്ങളുടെ സഹായമുണ്ടാകണം. നിക്ഷേപപദ്ധതികളും അതിനു സഹായകമായിരിക്കും.

- ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും സുരക്ഷിതമായ വാസസ്ഥലങ്ങൾ ഉണ്ടാകുവാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തണം.
- സന്ധ്യാപ്രാർത്ഥനയിൽ കുടുംബാംഗങ്ങൾ എല്ലാവരും സജീവമായി പങ്കെടുക്കുന്നുണ്ടോ എന്നന്വേഷിച്ച് പോരായ്മകൾ പരിഹരിക്കാൻ ബഹു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും സംഘടനകളുടെയും യോഗ്യരായ മറ്റു വ്യക്തികളുടെയും കൂട്ടായ ശ്രമം ഉണ്ടാകണം.
- ഇടവകയിലെ വാർഷികധ്യാനം നടത്തുവാൻ എല്ലാ ഇടവകാംഗങ്ങൾക്കും സാധിക്കത്തക്കവിധം ശ്രമങ്ങൾ നടത്തണം.
- ഒരു കുടുംബത്തിലെ അംഗങ്ങൾ തമ്മിലോ, കുടുംബങ്ങൾ തമ്മിലോ ഭിന്നിപ്പുകളുണ്ടെങ്കിൽ പരിഹരിക്കണം. ഇതിനായി ബഹു. വികാരിയച്ചൻ, ബഹു. സിസ്റ്റേഴ്സ്, മാതൃകാജീവിതം നയിക്കുന്ന അൽമായർ എന്നിവർ ഉൾപ്പെട്ട ഒരു 'അനുരജ്ഞനസമിതി' ഉണ്ടായിരിക്കുന്നത് ഉപകാരപ്രദമായിരിക്കും.
- കുടുംബകൂട്ടായ്മകളിൽ കുടുംബനാഥന്മാർ കൂടുതലായി പങ്കെടുക്കണം.
- ഇടവകയിലെ നവീകരണശ്രമങ്ങൾക്ക് സംഘടനകളുടെ കൂട്ടായ പ്രവർത്തനം സഹായകമാണ്, ഓരോ ഇടവകയിലും സംഘടനകളുടെ ഒരു ഏകോപനസമിതി (Co-ordination Council of Parish Associations) രൂപീകരിക്കുന്നത് പ്രയോജനപ്രദമായിരിക്കും.
- ഓരോ ഇടവകയിലും, പ്രോ-ലൈഫ് സംഘടനകൾക്ക് രൂപം നൽകുകയും, അവയിലൂടെ ജീവന്റെ മഹത്വവും, ജീവനോടുള്ള തുറവിയും പുതുതലമുറയ്ക്ക് പകർന്നുകൊടുക്കുകയും ചെയ്യണം.
- കത്തോലിക്കർക്കിടയിൽ ജനസംഖ്യ കുറയുന്നതിന്റെ അപകടം ബോധ്യപ്പെടുത്തുകയും കൃത്രിമസന്താനോത്പാദനമാർഗ്ഗങ്ങളിലെ അധാർമ്മികത ജനങ്ങളെ ധരിപ്പിക്കുകയും ചെയ്യുക.
- കത്തോലിക്കാ വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ വിശ്വാസത്തിൽ നിന്നും അടർത്തിമാറ്റുന്ന സംഘടനകളെക്കുറിച്ചും, മതവിഭാഗങ്ങളെക്കുറിച്ചും, ജാഗ്രത പുലർത്തുകയും, അവയെക്കുറിച്ച് ശരിയായ ബോദ്ധ്യം വിദ്യാർത്ഥികൾക്കും, യുവജനങ്ങൾക്കും നൽകുകയുംവേണം.
- വിശ്വാസപരിശീലകർ ജീവിതവിശുദ്ധി ഉള്ളവരും മാതൃകാപരമായ ക്രിസ്തീയജീവിതം നയിക്കുന്നവരും ആയിരിക്കണം.
- വിശ്വാസപരിശീലകർ കൗദാശികജീവിതത്തിലും സഭാപ്രവർത്തനങ്ങളിലും താല്പര്യപൂർവ്വംപങ്കെടുക്കുകയും സഭയോടൊത്ത് ചിന്തിക്കുകയും സഭാപഠനങ്ങൾ പ്രാവർത്തികമാക്കുകയും വേണം.

- മാതൃകാപരമായ കുടുംബജീവിതവും ശരിയായ ദൗത്യബോധവും നിയോഗശുദ്ധിയും ധാർമ്മികജീവിതത്തിന്റെ പിൻബലവുമുള്ള വിശ്വാസപരിശീലകരെ കണ്ടെത്തി പരിശീലിപ്പിക്കുക.
- ദൈവവചനം ധ്യാനിക്കുന്ന ഹൃദയവും ദൈവഹിതം പറഞ്ഞുകൊടുക്കുന്ന അധരങ്ങളും വിശ്വാസപരിശീലകന് ഉണ്ടാവണം.
- വിശ്വാസപരിശീലകർ കുട്ടികളെ സ്നേഹിക്കുകയും അവരെ ശ്രവിക്കുകയും അവരെ മനസ്സിലാക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നവരാകണം.
- വിശ്വാസപരിശീലനത്തിന്റെ പ്രഥമകളരി കുടുംബമാണെന്ന തിരിച്ചറിവിൽനിന്നും വിശ്വാസപരിശീലനരംഗത്ത് മാതാപിതാക്കളുടെ സഹകരണം ഉറപ്പുവരുത്താൻ കഴിയണം.
- വിശ്വാസപരിശീലനം നിരന്തരം നവീകരണത്തിന് വിധേയമാകണം.
- വി. കുർബാനയെക്കുറിച്ചു ആഴമായി പഠിപ്പിക്കുകയും കുർബാനയുടെയും കുർബാനസ്വീകരണത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് ബോധ്യപ്പെടുത്തുകയും വേണം.
- വിശ്വാസനിസംഗതയും വിശ്വാസഅപചയങ്ങളും വിശ്വാസവ്യതിചലനങ്ങളും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവ പരിഹരിക്കുന്നതിന് മുൻകൈ എടുത്ത് വിശ്വാസസമൂഹത്തെ ഒറ്റക്കെട്ടായി നിലനിർത്തുക.
- ഇടവകാതിർത്തിയിൽ പരിസരമലിനീകരണം തടയുവാൻവേണ്ട നടപടികൾ സ്വീകരിക്കുക (ഉദാ. മാലിന്യസംസ്കരണം).
- സർക്കാർ കാലാകാലങ്ങളിൽ സ്കൂളുകളിൽ വരുത്തുന്ന താളക്രമമനുസരിച്ചായിരിക്കരുത് വിശ്വാസപരിശീലനരംഗം. വിശുദ്ധ ഗ്രന്ഥവും വിശുദ്ധ പാരമ്പര്യവും അടിസ്ഥാനമാക്കിയുള്ള പരിശീലനമാണ് ഇന്നിന്റെ ആവശ്യം.
- ക്ലാസ്തലപരിശീലനത്തിനുശേഷവും ഇടവകയിലെ പ്രവർത്തനങ്ങളിൽ യുവതീ-യുവാക്കൾക്ക് പങ്കാളിത്തം നല്കുക.
- പന്ത്രണ്ടുവർഷത്തെ വിശ്വാസപരിശീലനത്തിനുശേഷം പുറത്തിറങ്ങുന്ന കുട്ടികൾ സഭയോടും കൗദാശികജീവിതത്തോടും താത്പര്യമുള്ളവരായി ജീവിക്കുവാൻ തുടർപരിശീലനം നൽകണം.
- സാമ്പത്തികം, തൊഴിൽ, ആരോഗ്യം മുതലായ ഭൗതികാവശ്യപൂർത്തികരണത്തിന് നൊവേനകൾക്കും വിശുദ്ധരുടെ കബറിടവണക്കത്തിനും അമിതപ്രാധാന്യം നല്കാതെ ഈശോ കേന്ദ്രീകൃതമായ, വിശുദ്ധകുർബാന കേന്ദ്രീകൃതമായ ആദ്ധ്യാത്മികത വളർത്തുവാൻ ശ്രമിക്കണം.

- സ്വർഗ്ഗംപ്രാപിക്കുക എന്ന മനുഷ്യാത്മാവിന്റെ അന്തിമലക്ഷ്യത്തിന് ഉതകുന്ന പരിശീലനം കുട്ടികൾക്ക് നൽകണം.
- എൻട്രൻസ് കോച്ചിംഗിനും മറ്റും അർഹമായ പ്രാധാന്യം നൽകുമ്പോഴും വിശ്വാസപരിശീലനത്തിന് കൂടുതൽ പ്രാമുഖ്യം നൽകണം.
- ബ്ലാക്ക്മാസ് പോലുള്ള പ്രവർത്തനങ്ങളിൽ നമ്മുടെ കുട്ടികൾ പെടാതിരിക്കുവാൻ ശ്രദ്ധിക്കണം.
- തിരുബാലസഖ്യം, മിഷൻലീഗ് തുടങ്ങിയ സംഘടനകൾക്ക് കൂടുതൽ പ്രവർത്തനസമയം ലഭ്യമാക്കുകയും സംഘടനകളുടെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുകയും ചെയ്യുക.
- കുട്ടികളുടെ എണ്ണത്തിലുള്ള കുറവ് എൻട്രൻസ് കോച്ചിംഗ്, ട്യൂഷൻ, പ്രോജക്റ്റ് വർക്ക് തുടങ്ങിയവമൂലമുള്ള സമയക്കുറവ് എന്നിവ ഇന്ന് ഭക്തസംഘടനകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാതിരിക്കുവാൻ ശ്രദ്ധിക്കണം.
- മിഷൻലീഗ് സജീവമാക്കുന്നതിനുവേണ്ടി മുതിർന്ന അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി ശാഖാപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
- സമർപ്പണബോധമുള്ള നല്ല വ്യക്തികളുടെ അഭാവംമൂലം സംഘടനാപ്രവർത്തനങ്ങൾ പ്രതിസന്ധിയിലാകാതിരിക്കുവാൻ ശ്രദ്ധിക്കണം.
- കുടുംബ-സൗഹൃദക്കൂട്ടായ്മകളിൽസഭാനേതൃത്വത്തിനെതിരെ വിമർശനങ്ങൾ ഒഴിവാക്കുക.
- കുട്ടികളുടെ ഭൗതികവളർച്ചയെക്കുറിച്ചുള്ള അതിരുകവിഞ്ഞ ആശങ്കയും പണസമ്പാദനത്തോടുള്ള അത്യാഗ്രഹവും സുഖലോലുപതയും കുടുംബജീവിതത്തിലെ അവിശ്വസ്തതയും വഴക്കുകളും കുടുംബപ്രാർത്ഥനയിലെ കൂട്ടായ്മയുടെ അഭാവവും ഭവനങ്ങളിലെ മദ്യപാനവും കൂദാശകളോടും സഭയുടെ പ്രവർത്തനങ്ങളോടുമുള്ള താത്പര്യക്കുറവും ഇന്ന് കുടുംബങ്ങൾ നേരിടുന്ന പ്രതിസന്ധികളാണെന്ന ബോധ്യത്തോടെ അവയെ ഫലപ്രദമായി നേരിടുക.
- സൺഡേസ്കൂളിലെയും ക്ലാസ്മുറികളിലെയും അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കണം.
- മിഷൻഅനുഭവങ്ങൾ മനസ്സിലാക്കാനും പങ്കുവയ്ക്കുവാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കണം.
- സഭാധികാരികൾ ജീവിതമൂല്യങ്ങൾ മുറുകെപ്പിടിക്കുകയും മറ്റുള്ളവർക്ക് മാതൃകയാവുകയും ചെയ്യുക.
- ഇടവകസമൂഹത്തിലെ പ്രായമായ മാതാപിതാക്കന്മാരുടെ ജീവിതാനുഭവങ്ങൾ, വിശ്വാസപാരമ്പര്യങ്ങൾ ഇവ പുതു തലമുറയ്ക്ക് പകർന്നുനൽകുക.

- സൺഡേസ്കൂൾ പി.റ്റി.എ. നന്നായി പ്രവർത്തിക്കുകയും വിശ്വാസ പരിശീലകർക്കായി സെമിനാറുകളും ചർച്ചാക്ലാസുകളും തീർത്ഥാടനങ്ങളും സംഘടിപ്പിക്കുകയും ചെയ്യുക.
- ക്രൈസ്തവമൂല്യങ്ങൾ പകർന്നുനൽകുന്ന സാഹിത്യമത്സരങ്ങൾ പ്രോത്സാഹിപ്പിക്കുക, വിശുദ്ധരുടെ ജീവിതചരിത്രങ്ങൾ പ്രദർശിപ്പിക്കുക.
- വിശുദ്ധരുടെ ജീവചരിത്രം കലകളിലൂടെ അവതരിപ്പിക്കുക.
- സഭയുടെ ആരാധനക്രമാനുഷ്ഠാനങ്ങളിൽ ഏകീകരണമുണ്ടാവണം. ഇന്നു രൂപതകൾ തമ്മിൽപോലും അനുഷ്ഠാനങ്ങളിൽ വ്യത്യാസമുണ്ട്. ഇത് ചിന്താക്കുഴപ്പം ഉണ്ടാക്കുന്നു.
- സഭ പാവങ്ങളോടൊപ്പമാവണം. ഇന്ന് സ്ഥാപനങ്ങൾക്ക് കൂടുതൽ പ്രാധാന്യംകൊടുക്കുന്നു. ദരിദ്രരോട് അനുകമ്പയില്ലാതെയാവുന്നു. ഇടവകതലത്തിൽ ദരിദ്രർക്ക് സഹായം നൽകണം.
- സ്കൂൾ, കോളേജ്, ആശുപത്രികൾ എന്നിവ കൂടുതൽ ക്രിസ്തുസാക്ഷ്യം നൽകുന്നവയാകുക. ഓഫീസ് സ്റ്റാഫിന് നന്നായി പെരുമാറാൻ പ്രത്യേക പരിശീലനംനൽകുക.
- സഭാവിരുദ്ധഗ്രൂപ്പുകളെക്കുറിച്ചുള്ള അറിവ് ആവർത്തിച്ചു നൽകുക.
- വൃദ്ധജനങ്ങളുടെ സംരക്ഷണം കഴിയുന്നതും കുടുംബത്തിൽതന്നെ നടത്തുക. അല്ലാത്തവർക്ക് സംരക്ഷണാലയങ്ങൾ ഒരുക്കുക.
- വിശ്വാസപരിശീലന സിലബസ് കാലോചിതമാകുക. CCC സിലബസിന്റെ ഭാഗമാക്കുക.
- വി. കുർബാനയുടെ പവിത്രത കുട്ടികൾക്കും മുതിർന്നവർക്കും മനസിലാക്കിക്കൊടുക്കുക. അതിനായി നല്ല പുസ്തകങ്ങൾ (കാറ്റലിനയുടെ സാക്ഷ്യം) വായനയ്ക്കായി നൽകുക. വിശുദ്ധകുർബാന എഴുന്നള്ളിക്കുമ്പോൾ തിരിയും താലവും കൊണ്ടുപോകുന്നത് അതിന്റെ പവിത്രത മനസിലാക്കിക്കൊടുക്കാൻ സഹായിക്കും.
- ഈശോയോടുള്ള വ്യക്തിബന്ധത്തിൽ വളരുക, വളർത്തുക.
- വിശ്വാസകാര്യങ്ങളിൽ അറിവിന്റെയും ബോധ്യത്തിന്റെയും തലങ്ങളിൽ ആഴപ്പെടണം.
- മാതാപിതാക്കൾ വിശ്വാസത്തിന്റെ ത്യാഗങ്ങൾ ഏറ്റെടുത്ത് സത്യസന്ധമായ സാക്ഷ്യം നൽകണം.
- ഒന്നിച്ചു പ്രാർത്ഥിക്കുക, ഒന്നിച്ചു ഭക്ഷിക്കുക, ഒന്നിച്ചു ചിരിക്കുക ഒരു സാക്ഷ്യമാണ്.
- ദിവസം ഒരു തവണയെങ്കിലും പ്രത്യേകിച്ച് സന്ധ്യാസമയത്ത് വീട്ടിലുള്ളവർ ഒരുമിച്ചു പ്രാർത്ഥിക്കുകയും ഭക്ഷിക്കുകയും ചെയ്യണം. എല്ലാ വീടുകളിലും ഒരു ടൈം ടേബിൾ ഉണ്ടാവണം.

- കുടുംബത്തിലെ പ്രഭാതപ്രാർത്ഥനകൾ പ്രോത്സാഹിപ്പിക്കണം.
- പുതിയ അറിവുകളും വിദ്യകളും ആർജ്ജിക്കുക. ഇത് ഇവയുടെ ദുരുപയോഗം പ്രതിരോധിക്കുന്നതിന് സഹായിക്കും.
- സാമൂഹ്യപ്രശ്നങ്ങളിലും സഭാസംബന്ധമായ കാര്യങ്ങളിലും പ്രസക്തമായ ചർച്ചകൾ നടത്തുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്യുക.
- പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ വ്യക്തിജീവിതത്തിലെ വിശുദ്ധിയും വിശ്വാസ്യതയും, സുതാര്യതയും മറ്റുള്ളവർക്കു മാതൃകയാവണം.
- പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ രൂപതാദ്ധ്യക്ഷനും വിശ്വാസികൾക്കും ഇടയിലുള്ള ഒരു കണ്ണിയായി പ്രവർത്തിക്കണം.
- വീട്, ദൈവാലയം, പൊതുസ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ, പരിസരങ്ങൾ തുടങ്ങിയവ വൃത്തിയായും ചിട്ടയായും സൂക്ഷിക്കുക.
- മാതൃകാപരമായി ജീവിക്കുന്നവരെ സഭയും സഭാധികാരികളും പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക.
- തിരുനാളുകളിൽ വെടിക്കെട്ട് ഒഴിവാക്കുക.
- വിവാഹാവസരങ്ങളിലെ ധൂർത്ത് ഒഴിവാക്കുക.
- കുടുംബം, വിദ്യാലയങ്ങൾ, ഇടവകസംഘടനകൾ എന്നിവിടങ്ങളിൽ മൂല്യബോധം വളർത്തുന്ന പദ്ധതികൾ നടപ്പിലാക്കുക.
- മാധ്യമങ്ങൾ നൽകുന്ന മൂല്യരാഹിത്യത്തെ നേരിടാനുള്ള മാർഗ്ഗങ്ങൾ ഫലപ്രദമായി നടപ്പിലാക്കുക.
- മൂല്യബോധവും വിശ്വാസവും മുറുകെപിടിക്കുന്നവർ നേടുന്ന ഭൗതികവിജയങ്ങൾക്ക് പ്രാധാന്യം നൽകുന്നതുവഴി സജീവവിശ്വാസത്തിന്റെ ചിത്രം അവതരിപ്പിക്കാൻ സാധിക്കും.
- സത്യം, നന്മ, സ്നേഹം, സ്വാതന്ത്ര്യം എന്നീ മൂല്യങ്ങളിൽ ഊന്നി ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളും ക്രമപ്പെടുത്തുക.
- വിശ്വാസപരിശീലനരംഗത്തും മറ്റുവേദികളിലും മൂല്യബോധനത്തിന്റെ തുടർപ്രക്രിയകൾ നടത്തുക.
- സഭയുടെ ഔദ്യോഗികപ്രബോധനങ്ങൾ പ്രിന്റ് മീഡിയ വഴിയായി രൂപതയിലെ എല്ലാ കുടുംബങ്ങളിലും എത്തിക്കണം. ലീഫ്‌ലെറ്റ് മിനിസ്ട്രി പ്രയോജനപ്പെടുത്തുക.
- കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന്റെ ഉള്ളടക്കം ലളിതവത്കരിച്ച് പരമ്പരയായി പ്രസിദ്ധീകരിക്കുക.
- ദേവാലയം വൃത്തിയാക്കൽ, അലങ്കാരം എന്നിവയിൽ ഇടവകയിലെ വാർഡുകളെ ഉൾപ്പെടുത്തുക.

- ഇടവകദിനം ആഘോഷിക്കുക.
- കൃത്യനിഷ്ഠയോടെ ലിറ്റർജി ആഘോഷിക്കുക. അതിന്റെ ഗൗരവമായ ലംഘനങ്ങളെ രൂപതയിൽനിന്നുതന്നെ തിരുത്തുക.
- കുടുംബക്കൂട്ടായ്മയിൽ സന്യാസിനികളെയും ഉൾപ്പെടുത്തുന്നത് സന്യാസദൈവവിളികളുടെ പ്രോത്സാഹനത്തിന് ഉപകരിക്കും.
- നമ്മുടെ സഹായങ്ങളുടെ ഒരു നിശ്ചിതശതമാനം അക്രൈസ്തവർക്കായി മാറ്റിവയ്ക്കുക (മാനേജ്മെന്റ് സീറ്റ്, വിവാഹസഹായം മുതലായവ).
- വർഗ്ഗീയതയുടെ ചായ്‌വുള്ള സംഭാഷണങ്ങൾ പൊതുവേദികളിൽ ഒഴിവാക്കണം.
- ഇടവകപ്രതിനിധിയോഗം, ഭക്തസംഘടനകൾ എന്നിവയ്ക്ക് അർഹമായ പ്രാധാന്യംനൽകണം. ഇവയുടെയെല്ലാം ആത്യന്തികലക്ഷ്യം ഈശോയുടെ മഹത്വവും സഭയുടെ വളർച്ചയുമാണെന്ന ബോധ്യം വളർത്തുക.
- ഇടവകയിലെ തിരുനാളുകൾ, വിവാഹം, വിവാഹവാർഷികങ്ങൾ, മരണവാർഷികങ്ങൾ, മാമ്മോദീസാ, വെഞ്ചെരിപ്പുകൾ തുടങ്ങിയവയോടനുബന്ധിച്ച് ബന്ധപ്പെട്ട കുടുംബാംഗങ്ങൾ എല്ലാവരും കുമ്പസാരിച്ച് വി.കുർബാനയിൽ പങ്കെടുക്കാൻ പ്രേരിപ്പിക്കുക.
- മാമ്മോദീസായ്ക്ക് തലതൊടാൻപോകുന്നവർ മാതൃകാപരമായ വിശ്വാസജീവിതം നടത്തുന്നവരാണെന്ന് വികാരിയച്ചൻ ഉറപ്പ് വരുത്തുക.
- പുതുതായി വിശ്വാസത്തിലേയ്ക്കു വരുന്നവരെ നന്നായി ഒരുക്കി ശരിയായ കത്തോലിക്കാജീവിതം നയിക്കുമെന്ന് ഉറപ്പുവരുത്താതെ മാമ്മോദീസായും മറ്റു കൂദാശകളും നൽകി ഇടവകയിൽ ചേർക്കാനിടവരരുത്.
- ഇടവകയിൽ പേരിനും പ്രശസ്തിയ്ക്കുംവേണ്ടി അനാവശ്യപ്രവർത്തനങ്ങൾ ആരംഭിക്കാതിരിക്കുക. ഉദാ- ചെറിയ കാര്യങ്ങൾക്കുപോലും വലിയ പത്രവാർത്തകൾ, പരസ്യങ്ങൾ, ഫ്ളക്സ്ബോർഡുകൾ മുതലായവ ഒഴിവാക്കുക.
- മറ്റു മതസ്ഥരെ ആദരിക്കുന്നതിനും പരിഗണിക്കുന്നതിനും നമ്മുടെ വിശ്വാസം തടസ്സമാകാതിരിക്കുക.
- നൊവേനകൾപോലുള്ള ഭക്താഭ്യാസങ്ങൾക്ക് വി. കുർബാനയെക്കാൾ പ്രാധാന്യം നൽകാതിരിക്കുക.
- സഭയിലെ നോമ്പനുഷ്ഠാനങ്ങളിലും, വിലക്കപ്പെട്ട ദിവസങ്ങളിലെ മാംസവർജ്ജനം, ഉപവാസം എന്നിവയിലും വൈദികർ മാതൃകകളാവണം.

- ഞായറാഴ്ച വി. കുർബാന ആഘോഷമായി നടത്തണം. എന്നാൽ വളരെ നീണ്ടുപോകരുത്. സാധാരണക്കാരന്റെ ആവശ്യങ്ങൾ മനസിലാക്കാൻ വൈദികർക്ക് സാധിക്കണം (വി. കുർബാനസമയം).
- പള്ളികളിൽ വായിക്കുവാനുള്ള സർക്കുലറുകൾ, ഇടയലേഖനങ്ങൾ ദീർഘമാകരുത്. കൂടുതലായിട്ടുള്ളത് ലീഫ്ലെറ്റിൽ അടിച്ചു നൽകുക.
- ചരിത്രമൂല്യമുള്ള പൈതൃകങ്ങൾ സൂക്ഷിക്കുന്ന രൂപതവക മ്യൂസിയം കൂടുതൽ വിപുലീകരിക്കുകയും ആളുകളെ ആകർഷിക്കുകയും ചെയ്യുക.
- ഞായറാഴ്ചകളിൽ വി. ഗ്രന്ഥവായനകൾ 4 എണ്ണം നടത്തുക. പഴയനിയമലേഖനവായനകൾ വാർഡ്/സംഘടനാ/സൺഡേസ്കൂൾ ക്ലാസ് തലങ്ങളിൽ നടത്തുന്നത് ഉചിതമാണ്.
- ആഘോഷമായ കുർബാനയിൽ ഡിപ്റ്റിക്സ് പ്രാർത്ഥന ചൊല്ലുന്നത് നല്ലതാണ്.
- വിശ്വാസികളുടെ പ്രശംസയ്ക്കുവേണ്ടി ലിറ്റർജിക്ക് ചേരാത്തതായ കൂട്ടിചേർക്കലുകളും/ഒഴിവാക്കലുകളും നിർബന്ധമായി ഇല്ലാതാക്കണം.
- ദൈവാലയവും പരിസരവും തിരുവസ്തുക്കളും വൃത്തിയായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കണം.
- ഞായറാഴ്ചആചരണത്തിന്റെ പ്രസക്തി കൂടെക്കൂടെ വിശ്വാസസമൂഹത്തെ ഓർമ്മിപ്പിക്കണം.
- ഭക്താനുഷ്ഠാനങ്ങൾ കൂടുതൽ കൂടുതൽ ആരാധനക്രമപരമാക്കണം. മാസവണക്കങ്ങൾ ആരാധനവൽസരകാലഘട്ടത്തോട് ചേർന്നുപോകണം. മാർച്ച്മാസവണക്കവും മെയ്മാസവണക്കവും ഒക്ടോബറിലെ ജപമാലമാസാചരണവും മംഗളവാർത്തക്കാലത്തേയ്ക്ക് മാറണം; നവംബർമാസത്തെ ശുദ്ധീകരാത്മക്കളുടെ വണക്കമാസം ഏലിയാ-സ്ലീവാ-മൂശാക്കാലത്തേയ്ക്കും പള്ളിക്കൂദാശാക്കാലത്തേയ്ക്കും മാറണം.
- കൂദാശാ പരികർമ്മങ്ങളിലും പള്ളി രജിസ്റ്ററുകളിലും മാമ്മോദീസാപ്പേര് ഉപയോഗിക്കുന്നത് നിർബന്ധമാക്കണം.
- വിശ്വാസകൈമാറ്റം സഭാനേതൃത്വത്തിന്റെമാത്രം ചുമതലയാണെന്ന ധാരണ മാറണം.
- വിശ്വാസജീവിതത്തിലൂടെ സുവിശേഷവത്കരണം നടത്തിയിട്ടുള്ളവരെയും ഇപ്പോൾ നടത്തുന്നവരെയും ഇടവകസമൂഹത്തിന് പരിചയപ്പെടുത്തുക.
- വിശ്വാസപ്രതിസന്ധി അനുഭവിക്കുന്നവരെ നേരിട്ട് ആശ്വസിപ്പിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും, ഇടവകയിൽ ഇപ്രകാരം

വിശ്വാസകൈമാറ്റത്തിൽ പങ്കുകാരാകുന്നവരുടെ കൂട്ടായ്മയും ചർച്ചയും സംഘടിപ്പിക്കുക.

- കുടുംബത്തിലും, വ്യക്തിജീവിതത്തിലും, ഓരോ മാസവും ചെയ്യാൻപറ്റുന്ന കാര്യങ്ങൾ ഇടവക ബുള്ളറ്റിൻവഴിയോ മറ്റ് മാർഗ്ഗങ്ങളിലൂടെയോ പരിചയപ്പെടുത്തുക.
- ഇടവകസമൂഹത്തിലെ ഓരോ വ്യക്തിക്കും അവരുടെ വിശ്വാസജീവിതത്തെക്കുറിച്ച് മതിപ്പ് ഉണ്ടാക്കുക.
- സ്ഥിരം ഡീക്കൻ ശുശ്രൂഷ (permanent Deaconate) ഇടവകകളിൽ പുനഃസ്ഥാപിക്കാവുന്നതാണ്.
- പുരോഹിതർക്കും സന്യസ്തർക്കും കടന്നുചെല്ലാൻ കഴിയാത്ത സ്ഥലങ്ങളിലും സാഹചര്യങ്ങളിലും അൽമായർക്കു പ്രവർത്തിക്കാൻ സാധിക്കും.
- വലിയ ഇടവകകളെ ചെറിയ ഇടവകകളാക്കി തിരിച്ച് സഭാജീവിതം സജീവമാക്കുക.
- രണ്ടാംവത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങൾ നന്നായി പഠിക്കുകയും മനസിലാക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുക.
- മറ്റു മതസ്ഥർ മാമ്മോദീസാ മുങ്ങണമെന്ന വാശിയുപേക്ഷിച്ച് അവരെ സ്നേഹിക്കുക.
- മറ്റു മതസ്ഥരുടെ യാതൊരു പ്രസ്താവനകളും പാടില്ല എന്ന സമീപനവും പ്രസ്താവനകളും പാടില്ല.
- മറ്റു മതസ്ഥരോട് സ്നേഹത്തോടെ പെരുമാറുക.
- ഗായകസംഘത്തിന്റെ അമിതപ്രാധാന്യം ഒഴിവാക്കി കുർബാനയിലും ഇതരഭക്തകൃത്യങ്ങളിലും സമൂഹത്തിന്റെ സജീവപങ്കാളിത്തം ഉറപ്പാക്കുക.
- ഇടവകയിലെ തിരുനാളുകൾ, നൊവേനകൾ, ധ്യാനപരിപാടികൾ തുടങ്ങിയവയുടെ പരസ്യത്തിന് പോസ്റ്ററുകളും ഫ്ളക്സുകളും മിതമായി മാത്രം ഉപയോഗിക്കുക. പുറത്തേക്കുള്ള ഉച്ചഭാഷിണിയുടെ ഉപയോഗം കഴിവതും നിയന്ത്രിക്കുക.
- വിശുദ്ധരോടുള്ള വണക്കത്തിന്റെ പിന്നിലെ ഭൗതിക-സാമ്പത്തിക ലക്ഷ്യങ്ങളും അനാവശ്യമായ പരസ്യങ്ങളും ഒഴിവാക്കുക.
- വാഗമണ്ണിലെ മൗണ്ട് നെബോ പഠനകേന്ദ്രം വിശ്വാസികളുടെ ദൈവശാസ്ത്ര ആത്മീയപരിശീലനത്തിനായി ഉപയോഗപ്പെടുത്തുക.
- പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ലൈബ്രറി പ്രവർത്തനസജ്ജമാക്കുക.
- ദീപനാളം വാരിക രൂപതയിലെ എല്ലാ കുടുംബങ്ങളിലും എത്തത്തക്ക രീതിയിൽ പ്രവർത്തനങ്ങൾ വിപുലീകരിക്കുക.
- ഇടവകകളെ യഥാർത്ഥ ആരാധനാസമൂഹങ്ങളും സ്നേഹസമൂഹങ്ങളുമാക്കി വളർത്തുക.

# II. അജപാലകരുടെ ജീവിതവും ശുശ്രൂഷയും

**(പ്രിസ്ബിറ്ററൽ കൗൺസിൽ, വൈദികരുടെ ഫൊറോനാ കൂട്ടായ്മകൾ, വിവിധ തലങ്ങളിലെ ചർച്ചകൾ എന്നിവയിൽനിന്നും ലഭിച്ചവ)**

- വൈദികർ മനുഷ്യഹൃദയത്തെ സ്പർശിക്കുന്ന ശൈലികൾ സ്വീകരിക്കുവാനും ആഡംബരങ്ങൾ ഉപേക്ഷിക്കുവാനും മനസ്സാകുക. അധികാരവും സ്ഥാനമാനങ്ങളും കണക്കാക്കാതെ ലളിതമായ ജീവിതം നയിക്കുവാൻ തയ്യാറാവുക.
- ഭൗതികരംഗത്ത് നിരന്തരമായി മാറ്റങ്ങൾ വരുന്നതുപോലെ ആത്മീയരംഗത്തും കാലോചിതമായ മാറ്റങ്ങൾ വരുത്തി വിശ്വാസത്തിന്റെ പുതുമ നിലനിർത്തുക.
- വൈദികന്റെ ഒറ്റയാൾ പ്രകടനമായി വി. കുർബാന മാറരുത്.
- വൈദികരുടെ പഠനവും അറിവും ജനങ്ങളുടെ പ്രബോധനത്തിനായി ഉപയോഗപ്പെടുത്തുക
- എല്ലാ മനുഷ്യരോടും സ്നേഹത്തോടും ആത്മാർത്ഥതയോടുംകൂടി പെരുമാറി വിശ്വാസികളുടെ വിശ്വാസം ആർജ്ജിക്കുക.
- ഭവനസന്ദർശനം കാര്യക്ഷമമാക്കുക, പ്രത്യേകിച്ച് രോഗികളായുള്ളവരുടെ ഭവനങ്ങൾ കൂടെക്കൂടെ സന്ദർശിക്കുക.
- വിശ്വാസത്തിൽനിന്ന് അകന്നു ജീവിക്കുന്നവരുടെ അടുക്കലേയ്ക്ക് ഇടയൻ കടന്നുചെല്ലുക.
- ഭൗതികകാര്യങ്ങളിൽ കൂടുതൽ മുഴുകുന്നത് ദൈവികകാര്യങ്ങളിൽ വൈദികരുടെ താൽപര്യം കുറയ്ക്കുവാൻ ഇടയാക്കുന്നു.
- അജപാലകന്റെ കടമകൾ നിർവ്വഹിക്കുമ്പോൾ വേണ്ടത്ര വിവേകം പാലിക്കാതെ വരുന്നതിനാൽ തെറ്റുകളിലേയ്ക്ക് വഴുതിവീഴുന്നു.
- വൈദികജീവിതത്തിലെ സ്വത്വപ്രതിസന്ധികൾ ഫലപ്രദമായി പരിഹരിക്കുക
- പ്രാർത്ഥനയും വ്യക്തിപരമായ ജീവിതവും വൈദികകൂട്ടായ്മയും വഴി വൈദികജീവിതത്തിൽ അനുഭവപ്പെടുന്ന ഒറ്റപ്പെടലിനെ നേരിടാം. വൈദികൻ യാമപ്രാർത്ഥനകളും ജപമാലയും മുടക്കരുത്.

- സുഖദുഃഖങ്ങൾ വൈദികർ തമ്മിൽ പങ്കുവയ്ക്കുക. ഈശോയ്ക്കും തിരുസഭയ്ക്കും വേണ്ടി ജീവിതം പൂർണ്ണമായി സമർപ്പിക്കാൻ തയ്യാറാവുക
- ഇടയൻ ആളുകളെ അടുത്തറിയുക
- അക്രൈസ്തവരെ മാനിക്കുവാനും അവരുമായി സംവദിക്കുവാനും സാധിക്കുന്ന മേഖലകളിൽ സഹകരിക്കുവാനും ശ്രദ്ധിക്കുക.
- വൈദികരുടെ ജീവിതം, പെരുമാറ്റം, വ്യക്തിബന്ധങ്ങൾ എന്നിവവഴി എതിർസാക്ഷ്യം നൽകരുത്.
- സഭയുടെ പ്രേഷിതസ്വഭാവത്തെക്കുറിച്ച് ജനങ്ങളെ പഠിപ്പിക്കുക.
- കുടുംബക്കൂട്ടായ്മകൾ എല്ലാ അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ക്രമമായി നടത്തുക.
- ആരാധനക്രമം പ്രത്യേകിച്ച് ഞായറാഴ്ച ആചരണം കൂടുതൽ സജീവവും ഭക്തിനിർഭരവുമാക്കുക. വിശുദ്ധ കുർബാന സമ്പൂർണവും സമഗ്രവുമായി അർപ്പിക്കുക.
- വിശ്വാസപരിശീലനക്ലാസുകൾ സജീവമാക്കുക.
- വിശ്വാസവും ഭൗതികസമ്പത്തും മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ തയ്യാറാകുക.
- ഭക്തസംഘടനകളുടെ പ്രവർത്തനം എല്ലാ മേഖലകളിലേയ്ക്കും വ്യാപിപ്പിക്കുക. അംഗങ്ങളെ മാതൃകാപരമായ വിശ്വാസജീവിതത്തിൽ വളർത്തുക.
- കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുക. ഷാലോം പോലുള്ള ചാനലുകൾ കാണുവാൻ വിശ്വാസികളെ പ്രേരിപ്പിക്കുക.
- രോഗികളെയും പ്രായംചെന്നവരെയും മാതാപിതാക്കളെയും സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ട കടമ മക്കളോടു പറഞ്ഞു മനസിലാക്കി അതിന് അവരെ സഹായിക്കുക.
- വി. കുർബാനയിലെ പ്രാർത്ഥനകൾ ഭക്തിയായി ചൊല്ലുക. അങ്ങനെ ചൊല്ലുവാൻ വിശ്വാസികളെ പരിശീലിപ്പിക്കുകയും ചെയ്യുക.
- ഭക്തിജനകമായ ഗാനങ്ങൾ മിതമായ സംഗീതോപകരണങ്ങളോടുകൂടി ആലപിക്കുക. അതിൽ സമൂഹം മുഴുവനെയും ഭാഗഭാക്കുകളാക്കുക.
- കാർമ്മികൻ ധ്യാനിച്ച്, പ്രാർത്ഥിച്ച് ഒരുങ്ങി ബലി അർപ്പിക്കുക.
- സുവിശേഷപ്രഘോഷണം നന്നായി ഒരുങ്ങി വിശ്വാസികളുടെ ആവശ്യം മനസിലാക്കി നടത്തുക. അധികം നീണ്ടുപോകാതെ ശ്രദ്ധിക്കുക. ക്രൈസ്തവമല്ലാത്ത പുരാണകഥകളും മറ്റും ഒഴിവാക്കുക. വ്യക്തികളെ തേജോവധംചെയ്യുന്ന രീതിയിലുള്ള പരാമർശങ്ങൾ ഒഴിവാക്കുക.

- അറിയിപ്പുകൾ മിതവും ആവശ്യത്തിനുമാത്രവും ആക്കുക.
- വി. കുർബാനയിൽ ആദ്യാവസാനം സംബന്ധിക്കുവാൻ വേണ്ട നിർദ്ദേശം നൽകുക. താമസിച്ചുവരുന്നതിനെ നിരുത്സാഹപ്പെടുത്തുക.
- കുമ്പസാരിച്ച് വിശുദ്ധിയോടുകൂടി വി. കുർബാന സ്വീകരിക്കുവാൻ ആവശ്യമായ പരിശീലനം വിശ്വാസികൾക്ക് നൽകുക.
- വിവാഹം, മാമ്മോദീസാ മുതലായ ആഘോഷാവസരങ്ങളിൽ തിരുക്കർമ്മങ്ങളുടെ വിശുദ്ധിക്കുചേരാത്ത പ്രവർത്തനങ്ങൾ, വീഡിയോ ഫോട്ടോഗ്രാഫർമാരുടെ പെരുമാറ്റങ്ങൾ, ആളുകളുടെ പെരുമാറ്റങ്ങൾ, തുടങ്ങിയവ നിയന്ത്രിക്കുക.
- ദൈവാലയത്തിൽ വരുന്നവരുടെ വേഷവിധാനങ്ങൾ മാന്യമായിരിക്കുവാൻ ജനങ്ങളെ പഠിപ്പിക്കുക.
- ത്യാഗോജ്ജ്വലമായ ക്രിസ്തീയജീവിതം നയിച്ച വിശുദ്ധരുടെ ജീവിതമാതൃക ഇടവകജനത്തിന് പരിചയപ്പെടുത്തിക്കൊടുക്കുക. വിശുദ്ധരെ അനുകരിക്കാൻ വിശ്വാസികളെ പ്രേരിപ്പിക്കുക.
- വിശുദ്ധരുടെ പുണ്യകുടീരങ്ങൾ സന്ദർശിക്കുകയും അവരുടെ ജീവചരിത്രം പഠിക്കുകയും ചെയ്യുക.
- മറ്റു മതസ്ഥരും, സമുദായക്കാരുമായി ഇടപെടുന്ന അവസരത്തിൽ, ഈശോയെക്കുറിച്ചും ക്രിസ്തുമതത്തെക്കുറിച്ചും നല്ല അഭിപ്രായം ഉണ്ടാക്കുവാൻ ഇടയാക്കണം. ആതുരസേവനരംഗവും വിദ്യാഭ്യാസമണ്ഡലവും ഇതിന് വേദിയാകണം.
- വി. കുർബാനാധിഷ്ഠിതജീവിതത്തിന് മുൻഗണന നൽകുക. ക്രൈസ്തവന്റെ ആരാധനാജീവിതത്തിന്റെ കേന്ദ്രവും അടിസ്ഥാനവും വി. കുർബാനയാണെന്ന ബോധ്യം വിശ്വാസികൾക്ക് നൽകുക.
- വി. കുർബാനയിലും മറ്റ് ആരാധനാക്രമാനുഷ്ഠാനങ്ങളിലും ഏകീകൃതസ്വഭാവം നിലനിർത്തുക.
- ആരാധനാക്രമകാര്യങ്ങളിലും ഇതര ശിക്ഷണക്രമകാര്യങ്ങളിലും രൂപത/സഭാതലത്തിൽ എടുക്കുന്ന തീരുമാനങ്ങൾ രൂപത/സഭ മുഴുവനിലും നടപ്പാക്കാൻ ശ്രദ്ധിക്കുക. ഇടവക ജനത്തിന് ഞായറാഴ്ചകളിലെങ്കിലും ഇടവക ദേവാലയത്തിൽ ഒരുമിച്ചുകൂടുന്നതിന് അവസരം ഒരുക്കുക. അന്ന് മറ്റ് സ്ഥാപനങ്ങളിലെ പൊതുകുർബാനകൾ ഒഴിവാക്കുകയോ ഇടവകക്കാരെ ഇടവകദേവാലയത്തിൽ പോകുന്നതിന് അത്തരം സ്ഥാപനങ്ങൾ നിഷ്കർഷിക്കുകയോ ചെയ്യുക.
- വി. കുർബാനയിലെ പ്രാർത്ഥനകളുടെയും ഗാനങ്ങളുടെയും അർത്ഥതലങ്ങൾ വിശദീകരിച്ചുകൊണ്ട് ജനത്തെ പ്രബോധിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക.

- കുർബാനപുസ്തകം ഉപയോഗിച്ച് വി. കുർബാനയിൽ പങ്കെടുക്കാൻ ദൈവജനത്തെ പ്രേരിപ്പിക്കുക.
- എല്ലായിടത്തും സമയക്ലിപ്തത പാലിക്കുക.
- വൈദികൻ വി. കുർബാന ദൈവാനുഭവത്തോടെയാണ് അർപ്പിക്കുന്നത് എന്ന് ജനത്തിന് ബോദ്ധ്യം വരത്തക്കവിധത്തിൽ ആത്മീയ ഒരുക്കത്തോടെ ബലിയർപ്പിക്കുക.
- പ്രാർത്ഥനകളും ഗാനങ്ങളും മുൻകൂട്ടി പരിശീലിച്ചതിനുശേഷം ഭംഗിയായും സ്ഫുടമായും ചെയ്യുക.
- രൂപതാദ്ധ്യക്ഷന്റെ അനുവാദത്തോടെ, അനുവദിച്ചിരിക്കുന്ന ഭക്താനുഷ്ഠാനങ്ങൾ മാത്രം അനുഷ്ഠിക്കുക.
- ആരാധനക്രമഭാഷയും ശൈലികളും ചൈതന്യവും കൂടുതൽ സ്വായത്തമാക്കുക. ഇക്കാര്യത്തിൽ സഭയുടെ മനസ്സ് അറിയുക.
- ഇടവകധ്യാനത്തിൽ എല്ലാവരെയും പങ്കെടുപ്പിക്കുക. വചനാധിഷ്ഠിതധ്യാനം നൽകുക.
- കുടുംബക്കൂട്ടായ്മകളിൽ എല്ലാവരെയും പങ്കെടുപ്പിക്കുക. അതാത് പ്രദേശത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ ഉന്നതിക്ക് ഉതകുന്നവിധം പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുക.
- ഇടവകയിലെ രോഗികളെ സന്ദർശിക്കുക. പാവപ്പെട്ടവരെ സഹായിക്കുക.
- ഈശോയിലൂടെ വിശ്വാസത്തിൽ അടിയുറച്ചുനിന്നുകൊണ്ടുതന്നെ മറ്റുള്ളവരെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- വി. ഗ്രന്ഥത്തെക്കുറിച്ചുള്ള ആഴമായ അറിവ് ജനങ്ങളിൽ വർദ്ധിപ്പിക്കുക.
- വി. കുർബാനയും ഇതര കൂദാശകളും കൂദാശാനുകരണങ്ങളും സജീവമായി പരികർമ്മം ചെയ്യുക.
- ഞായറാഴ്ച കുർബാനയുടെ സമയം ഒന്നേകാൽ മണിക്കൂറിനുള്ളിൽ കൂടാതിരിക്കാൻ ശ്രദ്ധിക്കുക.
- ഇടവകയിലെ അനുഭവജ്ഞാനമുള്ള അദ്ധ്യാപകർ, ഡോക്ടർമാർ, എൻജിനീയർമാർ, നേതാക്കന്മാർ എന്നിവരെ ഇടവകയുടെ പൊതുപ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുക.
- ദൈവശാസ്ത്രവിഷയങ്ങളുടെ പഠനവും ചർച്ചയും കാര്യക്ഷമമാക്കുവാൻ വൈദികരുടെ തുടർപരിശീലനം ഉണ്ടാകണം. വാഗമൺ മൗണ്ട് നെബോ പഠനകേന്ദ്രവും അരുണാപുരത്തുള്ള പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടും ഇതിനായി ഉപയോഗപ്പെടുത്തുക.
- ഇടവകയുടെ വരുമാനത്തിന്റെ ഒരു നിശ്ചിതശതമാനം സാധുജന ശുശ്രൂഷയ്ക്കുവേണ്ടി മാറ്റിവയ്ക്കുന്നു എന്നു ഉറപ്പുവരുത്തുക.

- വൈദികർ പ്രാർത്ഥനാജീവിതത്തിൽ ആഴപ്പെടുക, ദൈവാലയ സന്ദർശനം, സുകൃതജപം, ബൈബിൾ വായന, ത്യാഗപ്രവൃത്തി കൾ, നോമ്പ്, ഉപവാസം, സന്ധ്യാപ്രാർത്ഥന എന്നിവ ഉണ്ടായിരി ക്കുക.
- കുടുംബാംഗങ്ങളുമായുള്ള ബന്ധം, അയൽക്കാരുമായുള്ള ബന്ധം, കാരുണ്യപ്രവൃത്തികളിലുള്ള ഉത്സാഹം തുടങ്ങിയവ പരിരക്ഷി ക്കുക.
- ഇപ്പോൾ ഉള്ള ദീർഘമായ വിവരണരീതികൾ മതപഠനഗ്രന്ഥങ്ങ ളിൽനിന്നും മാറ്റി പകരം എളുപ്പം മനസ്സിലാക്കാവുന്ന രീതിയിലുള്ള text-കൾ വരണം. അതായത് കാലത്തിനനുസൃതമായ നവീകരണം text-കളിൽ വരണം. 'YOU CAT' നല്ലൊരു മാതൃകയാണ്. capsule രീതിയിലുള്ള അവതരണം നല്ല ഒരു സ്വീകരണമാണ് ജനങ്ങൾക്കി ടയിൽ ഉണ്ടാക്കിയത്. ഇതുപോലുള്ള പരിഷ്കാരങ്ങൾ, സഭാചരിത്ര text കളിലും മറ്റ് ക്രൈസ്തവമതബോധനകാര്യങ്ങളിലും വരികയാ ണെങ്കിൽ വിശ്വാസസംബന്ധമായ കാര്യങ്ങൾ പകർന്നുനൽകുവാൻ കൂടുതൽ എളുപ്പമായിരിക്കും.
- വചനപ്രഘോഷണങ്ങൾ ജീവിതഗന്ധിയാകണം.
- കുടുംബക്കൂട്ടായ്മകളിൽ ദീർഘമായ പ്രഭാഷണങ്ങൾ ഒഴിവാക്കി, ഒരു പഠനവേദിയാക്കിമാറ്റി സംശയനിവാരണം വരുത്തുന്ന മാതൃക കൾ സ്വീകരിക്കാം.
- ചെറിയ ഇടവകകളിൽ പൊതുപണികൾ ഉത്തമമായ ഒരു വിശ്വാ സകൈമാറ്റരീതിയാണ്. പഴയതും പുതിയതുമായ തലമുറകൾ അവിടെ ഒന്നുചേരുന്നു. ഒരു ഇടവകയിലെ മുഴുവൻ ആളുകളെയും അടുത്തറിയാൻ സഹായിക്കുന്നു.
- മുതിർന്നവർക്കായി ഇടവകാതലത്തിൽ ബൈബിൾ ക്ലാസുകൾ ആരംഭിക്കുന്നത് നല്ലതാണ്. പുരുഷന്മാർക്ക് രാത്രിയിലും സ്ത്രീകൾക്ക് പകലുമായി നടത്തുന്ന ക്ലാസുകൾ നല്ല ഒരു വിശ്വാസ കൈമാറ്റവേദിയാണ്.
- സുവിശേഷപ്രബോധനങ്ങളും സഭാപ്രബോധനങ്ങളും വിശ്വാസവും യുക്തിയുംചേർത്ത് ലളിതമായി അവതരിപ്പിക്കുക.
- ഇടവക വികാരിയുടെ വീട് സന്ദർശനവും വെഞ്ചെരിപ്പും വിശ്വാ സിയുടെ വിശ്വാസത്തെ ആഴമായി സ്വാധീനിക്കുന്നു. വൈദികനു മായുള്ള ബന്ധം ഊട്ടി ഉറപ്പിക്കുന്നു.
- അടുക്കും ചിട്ടയുമുള്ള ജീവിതരീതി വൈദികർ സ്വീകരിക്കണം. മാർപാപ്പാമാരുടെ പ്രബോധനങ്ങളും, സഭയുടെ പഠനങ്ങളും ആളുകൾക്ക് പറഞ്ഞുകൊടുക്കണം. ജനങ്ങളുടെ സംശയങ്ങളും

തെറ്റിദ്ധാരണകളും നിവാരണം ചെയ്യുന്നതിനുള്ള ചർച്ചകളും മറ്റും സംഘടിപ്പിക്കണം.

- വൈദികരുടെ പ്രവർത്തനങ്ങളെല്ലാം സുതാര്യമായിരിക്കണം. ഇടവകയുടെ കണക്കുകൾ സുതാര്യമായിരിക്കണം.
- വിവാഹത്തലേന്ന് വീടുകളിൽ പോയി പ്രാർത്ഥിക്കുന്നത് ഒഴിവാക്കി ആ വീട്ടുകാരെ പള്ളിയിലേക്ക് വിളിച്ചുവരുത്തി വൈദികരുടെ സന്ധ്യാപ്രാർത്ഥനയിൽ പങ്കുചേർത്ത് വൈദികർ ആശീർവാദം നൽകുന്നത് നല്ലതായിരിക്കും.
- കമ്പ്യൂട്ടർ സാങ്കേതികവളർച്ചയെപ്പറ്റി വൈദികർക്ക് അറിവു കൊടുക്കുക.
- പഴയനിയമപശ്ചാത്തലം ഉൾക്കൊള്ളിച്ച് പുതിയനിയമം വ്യാഖ്യാനിക്കുക.
- അനുഗ്രഹപ്രദമായ രീതിയിൽ പ്രാർത്ഥനകൾ നടത്തുക.
- അംഗീകാരമില്ലാത്ത ബൈബിൾ ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുക.
- മറ്റു സെക്റ്റുകളിലേയ്ക്ക് ജനങ്ങൾ പോകാതിരിക്കുവാനും പോകുന്നവരെ തിരിച്ചുകൊണ്ടുവരാനും പരിശ്രമിക്കുക.
- അക്രൈസ്തവരോട് അനുകമ്പ കാണിക്കുക. അക്രൈസ്തവരുടെ മരണം, വിവാഹം, അത്യാഹിതം എന്നിവയിൽ നമ്മുടെ സാന്നിദ്ധ്യം ഉണ്ടായിരിക്കുക.
- പ്രകൃതിദുരന്തങ്ങളിൽ ജാതിമതഭേദമെന്യെ സഹായിക്കുക.
- ആധുനികമാധ്യമമേഖലകൾ നന്നായി ഉപയോഗിക്കുക.
- സ്വന്തം സുഖസൗകര്യങ്ങളേക്കാൾ സഭയെക്കുറിച്ച് ചിന്തിക്കാനും, സഭയ്ക്കുവേണ്ടി പ്രവർത്തിക്കാനും സമർപ്പിതർ കൂടുതൽ ശ്രദ്ധിക്കണം.
- അന്യമതസ്ഥരുടെ ഉത്സവത്തിന് വേണ്ട സഹകരണം (വിശ്വാസത്തിന്റെ പരിധിയിൽ നിൽക്കുന്നത്) വളർത്തുക; സഭാസ്ഥാപനങ്ങളിൽ അന്യമതസ്ഥരായവരേയും (സ്വഭാവഗുണവും യോഗ്യതയും ഉള്ളവരെ) ജോലികൾക്കായി നിയോഗിക്കാവുന്നതാണ്.
- മതസൗഹാർദ്ദം തകർക്കുന്ന നീക്കങ്ങൾ നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കുക.
- ഒരു ഫൊറോനയിലെ വൈദികർ മാസത്തിൽ ഒരു ദിവസത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിച്ച് ജനങ്ങളെ ബാധിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുക. മൂന്നുമാസം കൂടുമ്പോൾ എങ്കിലും ഇടവകകളിൽ ഏകദിനധ്യാനം നടത്തുന്നത് നല്ലതാണ്.

- വൈദിക-അത്മായബന്ധം കൂടുതൽ ദൃഢമാക്കുവാൻ താഴെ പറയുന്ന മാർഗങ്ങൾ അവലംബിക്കാവുന്നതാണ്:
  - വൈദികർ ഭവനസന്ദർശനം നടത്തുകയും, രോഗികൾ, ക്ലേശ മനുഭവിക്കുന്നവർ എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക.
  - വൈദികർ അൽമായരെ കേൾക്കാൻ തയ്യാറാവുക.
  - വൈദികർ ജനങ്ങളോട് സൗഹൃദപരമായും, സന്തോഷ ത്തോടുകൂടിയം ഇടപെടുക.
  - അൽമായർക്ക് സ്വാതന്ത്ര്യത്തോടെ ഇടപെടാൻ സാധിക്കുന്ന പെരുമാറ്റം കാഴ്ചവയ്ക്കുക.
  - വൈദികർ ജനത്തിന് സംലഭ്യരാകണം. വർഷത്തിലൊരിക്കൽ ഇടവകയിലെ കുടുംബത്തോടൊത്ത് സന്ധ്യാപ്രാർത്ഥനയിൽ പങ്കെടുക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.
  - ഇടവകയിലെ കുടുംബങ്ങളോടും വ്യക്തികളോടും പക്ഷപാതം കാണിക്കാതിരിക്കുക.
  - സാമൂഹ്യതിന്മകളായ മദ്യപാനം, പുകവലി, മുറുക്ക് എന്നിവ യിൽനിന്ന് വൈദികർ മാറി നിൽക്കുകയും ലഹരിവിരുദ്ധ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
  - വൈദികർ ഇടവകയിലെ ജീവകാരുണ്യപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും വേണം.
  - ശുശ്രൂഷാമനോഭാവത്തിലേയ്ക്ക് വൈദികരും ഇടവകജനവും മാറണം.
  - അൽമായമനസ്സുകളിൽ ഈശോയുടെ സാന്നിദ്ധ്യമായിമാറു വാൻ വൈദികർ ശ്രമിക്കണം.
  - മാതൃകാജീവിതവും പരസ്നേഹപ്രവർത്തികളും, ജീവിത സാക്ഷ്യവും വൈദികരുടേയും അൽമായരുടേയും ജീവിത ത്തിൽ ഉണ്ടാകണം.
  - വൈദികർ ഇടവകയിലെ ഓരോ കുടുംബത്തിലേയും അംഗ മായിരിക്കണം.
- വൈദികൻ ദൈവത്തിനും ജനത്തിനും ഇടയിൽമദ്ധ്യസ്ഥനായി മാറണം.
- അജപാലകർ മരാമത്തുപണികൾമാത്രം നടത്തുന്നവരാകാതെ ദൈവജനത്തെ വളർത്തുന്നവരാകണം.
- വൈദികർ കാപട്യമില്ലാതെ നിഷ്കളങ്കജീവിതം നയിക്കണം.
- വൈദികൻ സാമ്പത്തികവിദഗ്ദ്ധനേക്കാൾ ആത്മീയവൈദഗ്ദ്യം നേടിയവനായിരിക്കണം.

- വൈദികൻ പിതാവ്, കൂട്ടുകാരൻ എന്നീ നിലകളിലേയ്ക്ക് ഇറങ്ങി വരുന്നുവെന്ന് ഉറപ്പാക്കുക.
- എല്ലാറ്റിനും ഉപരിയായി വിശ്വാസകൈമാറ്റത്തിലൂടെ ഒരു വൈദി കൻ അനുഭവിക്കുന്ന ആത്മീയസന്തോഷം ഇടവകജനങ്ങൾക്ക് അനുഭവവേദ്യമാക്കുക.
- ഇപ്പോൾ വിശ്വാസികൾ വളരെ സെൻസിറ്റീവ് ആയതിനാൽ അവ രുടെ വിശ്വാസജീവിതത്തെ തകർക്കുന്ന പ്രസംഗങ്ങൾ, പ്രവർത്ത നങ്ങൾ എന്നിവ ഒഴിവാക്കുക. ശാപം, തെറ്റായ പഠിപ്പിക്കലുകൾ മുതലായവ ഒഴിവാക്കുക.
- ദൈവവിളിയിൽ ഉണ്ടാകാവുന്ന വ്യക്തിപരമായ സംശയം വിശ്വാസ ജീവിതത്തിലുള്ള തളർച്ച, ആരോഗ്യപ്രശ്നങ്ങൾ, ഏകാന്തത, മാധ്യ മങ്ങളിലെ ദുഷ്പ്രചരണം, ബ്രഹ്മചര്യജീവിതത്തിലുണ്ടാകുന്ന തളർച്ചകൾ മുതലായവ വിവേകപൂർവ്വം ശ്രദ്ധിക്കുക.
- വൈദികരെക്കുറിച്ചുള്ള അത്മായരുടെ കാഴ്ചപ്പാടുകൾ ഇന്ന് വള രെയധികം മാറികഴിഞ്ഞിട്ടുണ്ട്. ഉത്തമഗുണങ്ങൾ എല്ലാ അച്ചന്മാ രിലും സന്യസ്തരിലും ഉണ്ടാകണമെന്ന് അവർ ആഗ്രഹിക്കുന്നു.
- ടി.വി, ഇന്റർനെറ്റ്, മൊബൈൽഫോൺ എന്നിവയുടെ ഉപയോഗം നിയന്ത്രിക്കണം.
- മദ്യപാനവും ലൈംഗികമേഖലയിലെ വീഴ്ചകളും വൈദികശുശ്രൂ ഷയെ സാരമായി ബാധിക്കുന്നുണ്ട്.
- മറ്റുള്ളവരോട് ആദരവില്ലാത്ത പെരുമാറ്റരീതികൾ ഉപേക്ഷിക്കണം.
- ധൈര്യവും, തീക്ഷ്ണതയുമുള്ള ഇടയനാകുക.
- വഴിതെറ്റിപോകുന്ന അജഗണങ്ങളെ തിരികെകൊണ്ടുവരുക.
- സ്വന്തം ജനത്തിനുവേണ്ടി ജീവൻപോലും കൊടുക്കാൻ ഒരുങ്ങുക.
- മറ്റു വൈദികരുമായി പക്വതയുള്ള ബന്ധം പുലർത്തുക
- അടുത്തുള്ള വൈദികരെ സഹായിക്കുക.
- തിരുത്തലുകൾ ആവശ്യമെങ്കിൽ സഹോദരവൈദികരോട് അവ മാന്യമായി പറയുക.
- മറ്റു വൈദികരുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക.
- അജപാലനശുശ്രൂഷാരംഗങ്ങളിൽ നമ്മുടെ രൂപതയിലെ ജ്യേഷ്ഠ വൈദികസഹോദരങ്ങളായ വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ, ധന്യൻ കദളി ക്കാട്ടിൽ മത്തായിച്ചൻ തുടങ്ങിയ ഉത്തമജീവിതമാതൃകകൾ മനസ്സു കളിൽ സജീവമാക്കി നിലനിർത്തുക.
- വൈദികർ യുവജനങ്ങൾക്ക് ഉത്തമസുഹൃത്തും, വഴികാട്ടിയുമായി മാറണം. യുവജനങ്ങളെ ഇടവകദൈവാലയത്തിലേക്ക് ആകർഷി ക്കുവാനും സന്ധ്യാപ്രാർത്ഥനയിൽ അവരെ പങ്കെടുപ്പിക്കുവാനും ശ്രദ്ധിക്കുക.

- വൈദികരും ഇടവകജനവും സഭയിൽ തുല്യപങ്കാളികളാണെന്നുള്ള ചിന്ത വളർത്തണം.
- രാഷ്ട്രീയം, മറ്റു ഗ്രൂപ്പിസം എന്നിവയ്ക്ക് വൈദികർ അടിപ്പെടുകയോ ആഭിമുഖ്യംകാട്ടുകയോ അരുത്.
- ഇടവകജനങ്ങളെ കൂടുതൽ ശ്രവിക്കുവാൻ അജപാലകർ താല്പര്യമെടുക്കുകയും സാദ്ധ്യമാകുന്നിടത്തോളം അവരുടെ ആവശ്യങ്ങൾ ചെയ്തുകൊടുക്കുവാൻ ശ്രദ്ധിക്കുകയുംവേണം.
- ഇടവകവൈദികർ വി. കുർബാന കേന്ദ്രീകൃതമായ അജപാലനശുശ്രൂഷ നടത്തണം.
- വി. കൂദാശകൾ പ്രത്യേകിച്ച് കുമ്പസാരം, വി. കുർബാന എന്നിവ വെറും ചടങ്ങായിമാത്രം വിശ്വാസിസമൂഹത്തിനു തോന്നുന്നുണ്ടെങ്കിൽ അതിനുകാരണം അത് പരികർമ്മം ചെയ്യുന്ന വൈദികരുടെ ശ്രദ്ധക്കുറവും ഒരുക്കമില്ലായ്മയുമാണ്.
- സഭാ, രൂപതാനിയമങ്ങളെക്കുറിച്ച് വൈദികർ ആഴത്തിൽ അറിവുള്ളവരും അത് സമയാസമയങ്ങളിൽ വിശ്വാസസമൂഹത്തെ പഠിപ്പിക്കുന്നവരുമാകണം.
- വൈദികർ സമൂഹബലി അർപ്പിക്കുമ്പോൾ ലിറ്റർജിയുടെ നിയമങ്ങൾ മറക്കരുത്.
- ഞായറാഴ്ചകളിൽ ഇടവകയിലെ വൈദികർ ഇടവകയ്ക്ക് വെളിയിലുള്ള പരിപാടികൾ ഇടവകയിലെ കാര്യങ്ങൾ നടത്തിയതിനുശേഷംമാത്രം നടത്തിക്കൊടുക്കുന്നതിൽ ശ്രദ്ധിക്കണം.
- ഇടവകഭരണത്തിൽ കൂടുതൽ ഉത്തരവാദിത്വം അല്മായരെ ഏൽപിക്കുകയും പ്രതിനിധിയോഗം സജീവമാക്കുകയും സംഘടനകളുടെ അഭിപ്രായങ്ങൾ ആരായുകയും ചെയ്യുക.
- മേലദ്ധ്യക്ഷനുമായി ഹൃദ്യമായ ബന്ധവും മറ്റു വൈദികരുമായി വ്യക്തിബന്ധവും സഹകരണവും നിലനിർത്തുക.
- യാമപ്രാർത്ഥനകൾ, വചനവായന, ജപമാല, വ്യക്തിപരമായ ധ്യാനം, പ്രാർത്ഥന തുടങ്ങിയവ വൈദികർ മുടക്കരുത്.
- രൂപതാദ്ധ്യക്ഷനോടും മാർപാപ്പയോടും കൂട്ടായ്മയിലും വിധേയത്വത്തിലും ജീവിക്കുക.
- സീറോ-മലബാർ സഭയുടെ വ്യതിരിക്തതയും പൗരസ്ത്യതനിമയും സുറിയാനിപൈതൃകങ്ങളും അറിയുക, സ്നേഹിക്കുക, പരിരക്ഷിക്കുക.
- ഇടവകയ്ക്കു വെളിയിൽ ജോലിക്കും പഠനത്തിനുമായി പോയിരിക്കുന്ന ഇടവകക്കാരായ പ്രവാസികളോട് നിരന്തരമായ അജപാലകബന്ധം നിലനിർത്തുക.

# III. സമർപ്പിതസന്യാസസമൂഹങ്ങൾ

(വിവിധ സന്യാസിനീ-സന്യാസസമൂഹങ്ങൾ, വിവിധ തലങ്ങളിലെ ചർച്ചകൾ എന്നിവയിൽനിന്നും ലഭിച്ചവ)

- ദൈവവുമായുള്ള വ്യക്തിബന്ധം, വചനബദ്ധജീവിതം, ജീവിതവിശുദ്ധി, പ്രാർത്ഥനാജീവിതം, ജീവിതലാളിത്യം, സന്യാസനിയമങ്ങളോടുള്ള വിശ്വസ്തത, സ്ഥാപകസിദ്ധിയും കാരിസമനുസരിച്ചുള്ള ജീവിതം, പരിശുദ്ധപിതാവിനോടും, രൂപതാദ്ധ്യക്ഷനോടുമുള്ള വിധേയത്വം, ഇടവകവികാരിയച്ചനോടുള്ള ബന്ധം, തിരുസഭാപ്രബോധനങ്ങളുടെ ആഴമായ പഠനം, മാതൃകാപരമായ ജീവിതം, മാനുഷികവും അജപാലനപരവുമായ ആഭിമുഖ്യങ്ങൾ തുടങ്ങിയവവഴി സന്യസ്തർ ഫലപ്രദമായ വിശ്വാസകൈമാറ്റത്തെ സഹായിക്കുന്നു. ഇവ കൂടാതെ ചുവടെ പറയുന്ന മാർഗ്ഗങ്ങളും ഏറെ ഉപകാരപ്പെടുന്നു.
  - ഭവനസന്ദർശനം, കുടുംബക്കൂട്ടായ്മകൾ, ഹോം മിഷൻ, കുടുംബപ്രേഷിതത്വം.
  - വിശ്വാസപരിശീലനരംഗത്തെ സജീവമായ സാന്നിദ്ധ്യം.
  - കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെയും ഇടയിലെ സാക്ഷ്യസ്വാധീനം.
  - മുതിർന്ന തലമുറയോടുള്ള കരുതലും, സ്നേഹവും.
  - വാക്കിലൂടെയും പ്രവൃത്തിയിലൂടെയും പ്രതിഫലിപ്പിക്കുന്ന ആർദ്രഭാവങ്ങൾ.
  - യാത്രാവേളയിലെ ജപമാല.
  - ദൈവാലയമുമ്പിലൂടെ കടന്നുപോകുമ്പോളുള്ള ആചാരം ചെയ്യൽ.
  - മറ്റുള്ളവരിൽ വസിക്കുന്ന ഈശോയെ ദർശിച്ചുകൊണ്ടുള്ള സ്തുതി ചൊല്ലൽ.
  - പാവങ്ങളോട് പക്ഷം ചേർന്നുള്ള പ്രവർത്തനശൈലി.
  - സഹോദരങ്ങളുടെയും സഹജീവികളുടെയും വേദനയിൽ പങ്കുചേരാനുള്ള കഴിവ്.
  - വിവേകപൂർവ്വമായ സമീപനങ്ങൾ.

- മദ്യവിരുദ്ധപ്രവർത്തനങ്ങൾ.
- പ്രാർത്ഥനയുടെയും ത്യാഗത്തിന്റെയും ഫലമായി വ്യക്തികളിൽ ഉണ്ടാകുന്ന മാനസാന്തരം.
- എല്ലാക്കാര്യങ്ങളും ദൈവമഹത്വത്തിനായി ചെയ്യുന്ന അർപ്പണ മനോഭാവം.
- സ്വന്തം സന്തോഷത്തേക്കാൾ സമൂഹാംഗങ്ങളുടെ സന്തോഷത്തിന് നൽകുന്ന മുൻഗണന.
- പരി. ത്രിത്വത്തിന്റെ കൂട്ടായ്മയിലുള്ള സന്തോഷവും, ആദിമ ക്രൈസ്തവസമൂഹക്കൂട്ടായ്മയുടെ സന്തോഷവും വളർത്തുക.
- വരാനിരിക്കുന്ന ജീവിതത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള ജീവിതം, ത്യാഗങ്ങൾ ഏറ്റെടുക്കുവാനും സ്വയം പരിത്യജിക്കുവാനുമുള്ള നല്ല മനസ്സ്, ദൈവപരിപാലനയിലുള്ള ശക്തമായ ആശ്രയബോധം, നിർമ്മലമായ മനഃസാക്ഷി കാത്തുസൂക്ഷിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, നന്ദി നിറഞ്ഞ ഒരു മനസ്സ് എന്നിവ വളർത്തുക.
- തിരുസഭയുടെ പഠനങ്ങളും പ്രബോധനങ്ങളും സമർപ്പിതർ സ്വയം പഠിക്കുകയും തങ്ങളുടെ ശുശ്രൂഷാമണ്ഡലങ്ങളിൽ അത് പഠിപ്പിക്കുകയും ചെയ്യുക.
- ശുശ്രൂഷാരംഗങ്ങളിൽ സത്യസന്ധത, നീതിബോധം, വിശ്വസ്തത, ആത്മാർത്ഥത, സുതാര്യത, ലാളിത്യം തുടങ്ങിയ മൂല്യങ്ങൾ പുലർത്തി ഉത്തമസാക്ഷ്യം നൽകുക.

- ശുശ്രൂഷാരംഗങ്ങളിൽ സ്നേഹത്തോടെയുള്ള ഇടപെടൽ, വിട്ടുവീഴ്ചാമനോഭാവം, സഹാനുഭൂതിയോടുള്ള സമീപനം, തുറന്ന മനസ്സോടെ കേൾക്കാനുള്ള സന്നദ്ധത, ക്ഷമാപൂർവ്വമായ കാത്തിരിപ്പ്, മൂല്യങ്ങളിൽ അടിയുറച്ച ജീവിതരീതി, കൂട്ടായ്മ പരിപോഷിപ്പിക്കുന്നതിലൂടെ സംജാതമാകുന്ന സാക്ഷ്യം ഇവയെല്ലാം വഴിയായി സമർപ്പിതജീവിതവും ശുശ്രൂഷാരംഗങ്ങളും വിശ്വസിക്കുന്നതിന്റെ സന്തോഷം വർദ്ധിപ്പിക്കുന്നു.
- നവസുവിശേഷവത്കരണത്തിൽ സമർപ്പിതർ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:
    - സമകാലികസമൂഹത്തെ ദൈവത്തിലേയ്ക്ക് ആനയിക്കുക.
    - ലളിതമായ ജീവിതശൈലിയിലൂടെയും പ്രാർത്ഥനാജീവിതത്തിലൂടെയും സമർപ്പിതജീവിതം ദൈവത്തിൽ ആനന്ദിക്കുന്ന ജീവിതമാണെന്ന് ജനത്തിന് മനസിലാക്കിക്കൊടുക്കുക.
    - മനുഷ്യവർഗ്ഗത്തിന്റെ ഏകരക്ഷകനായ ഈശോയെയും അവിടുത്തെ സുവിശേഷസത്യങ്ങളെയും തങ്ങൾ ജീവിക്കുന്ന ചുറ്റുപാടുകളിൽ പരസ്യമായി പ്രഘോഷിക്കുക.

- പാവപ്പെട്ടവരോടും പരിത്യക്തരോടുമുള്ള സമർപ്പിതരുടെ സ്നേഹമസൃണമായ ഇടപെടലുകൾവഴി ദൈവത്തിന്റെ പിതൃത്വവും മാതൃത്വവും അവർക്ക് കാണിച്ചുകൊടുക്കുന്നതോടൊപ്പം സമർപ്പിതർ അവരുടെ സ്നേഹിതരാണെന്ന് അവരെ ബോദ്ധ്യപ്പെടുത്തുകകൂടി ചെയ്യുക.
- തിരുസഭയുടെ പഠനങ്ങളോടും നിർദ്ദേശങ്ങളോടും ആത്മാർത്ഥതയും വിശ്വസ്തതയും പുലർത്തുവാൻ ദൈവജനത്തെ ഒരുക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.
- മാതൃകാജീവിതത്തിലൂടെ ദൈവജനത്തിന് വിശുദ്ധിയുടെ വഴി ചൂണ്ടിക്കാണിക്കുക.
- സഭയ്ക്കും രാഷ്ട്രത്തിനും ലോകം മുഴുവനുംവേണ്ടി നിരന്തരം ദൈവസന്നിധിയിൽ മാധ്യസ്ഥം വഹിക്കുന്നവരും അനുഗ്രഹങ്ങൾ വാങ്ങിക്കൊടുക്കുന്നവരുമായിത്തീരുക.

- സമകാലീനസമൂഹത്തിൽ സമർപ്പിതശുശ്രൂഷ ചെയ്യുന്നവർ മുൻഗണന കൊടുക്കേണ്ട മേഖലകൾ:
  - മദ്യപാനത്തിലൂടെ തകരുന്ന കുടുംബബന്ധങ്ങൾ.
  - വർദ്ധിച്ചുവരുന്ന വിവാഹമോചനം.
  - കത്തോലിക്കാസഭയിൽനിന്നും വിവിധ സെക്ടുകളിലേക്ക് പോയവരെ തിരിച്ചുകൊണ്ടുവരുവാനുള്ള പരിശ്രമം.
  - മാധ്യമങ്ങളുടെ ദുരുപയോഗം.
  - സിറ്റി ഇവാഞ്ചലൈസേഷൻ.
  - പരിസ്ഥിതിമലിനീകരണത്തിനെതിരെയുള്ള ബോധവൽക്കരണ പരിപാടി.
  - അന്യസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ബോധവൽക്കരണ പരിപാടികൾ, വിശ്വാസശുശ്രൂഷകൾ.
  - ഗർഭച്ഛിദ്രം, പെൺഭ്രൂണഹത്യ, ആത്മഹത്യ, ദയാവധം, കൃത്രിമ ഗർഭനിരോധനമാർഗ്ഗങ്ങളുടെ ഉപയോഗം, പട്ടിണിമരണം, മദ്യം, മയക്കുമരുന്ന് ഇവയുടെ ദുരുപയോഗം, ലൈംഗികാതിക്രമങ്ങൾ, ബാലവേല.
  - കുടുംബപ്രേഷിതത്വം, ഭവനസന്ദർശനം, കുടുംബക്കൂട്ടായ്മകൾ, ഫാമിലി കൗൺസിലിംഗ്, ഹോം മിഷൻ.
  - അവശവിഭാഗങ്ങളുടെ സമുദ്ധാരണം.
  - ആതുരപരസ്നേഹശുശ്രൂഷാരംഗങ്ങൾ.
  - സാംസ്കാരിക, സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മേഖലകൾ.

- തടവറ പ്രേഷിതത്വം.
- എയ്ഡ്സ്, കുഷ്ഠരോഗസെന്ററുകൾ.
- കൗൺസലിംഗ്.
- കാർഷികമേഖലയുടെ പുനരുദ്ധാരണം.
- യുവജനപ്രേഷിതത്വം.
- ദൈവവിളിപ്രോത്സാഹനം.
- നേഴ്സറി, കോളേജ്, ഹോസ്റ്റൽ, ഹോസ്പിറ്റൽ.

- യുവത്വം ഊർജ്ജസ്വലവും യുവജനങ്ങൾ വെല്ലുവിളികൾ ഏറ്റെടുക്കുവാൻ സന്നദ്ധരും മാതൃകകൾക്കായി ഉറ്റുനോക്കുന്നവരുമാണ്. ശക്തവും തീക്ഷ്ണവുമായ പ്രവർത്തനങ്ങൾക്ക് യുവജനങ്ങളുടെ പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. അതിനാൽ സമർപ്പിതരുടെ ജീവിതമാതൃകയാണ് അവർ യുവതലമുറയ്ക്ക് നൽകുന്ന ഏറ്റവും നല്ല വിശ്വാസമാതൃക.
- യുവജനങ്ങൾ ഉൾപ്പെടുന്ന ഗ്രൂപ്പുകൾ, സംഘടനകൾ, മീറ്റിംഗുകൾ എന്നിവയിലെല്ലാം വിശ്വാസത്തെക്കുറിച്ചും ദൈവവചനത്തെക്കുറിച്ചും സംസാരിക്കുക.
- അവരുടെ സംസാരവേളകളിലുണ്ടാകുന്ന തരംതാഴ്ന്ന വിഷയങ്ങളിലേയ്ക്ക് താഴാതെ, അവരെ ദൈവികചിന്തകളിലേയ്ക്ക് തിരിച്ചുവിടാൻ ഉതകുന്ന ചിന്തകളും പ്രവർത്തനങ്ങളുമാകണം സമർപ്പിതരുടേത്. കൂടാതെ, യുവജനങ്ങളെ ആത്മീയചൈതന്യത്തിൽ വളർത്താൻ പര്യാപ്തമായവിധം ആദ്ധ്യാത്മികതയുള്ളവരായിക്കണം അവർക്ക് നേതൃത്വം കൊടുക്കേണ്ടത്.
- കൂദാശകളിലും യാമപ്രാർത്ഥനകളിലും ഇതരപ്രാർത്ഥനകളിലുമുള്ള സന്യസ്തരുടെ സജീവപങ്കാളിത്തം യുവജനങ്ങൾക്ക് പ്രയോജനദായകമാകുന്ന വിധത്തിലായിരിക്കണം.
- തിന്മകളിൽപ്പെട്ട യുവജനങ്ങൾക്കുവേണ്ടി ദിവ്യകാരുണ്യനാഥന്റെ മുമ്പിൽ പരിഹാരംചെയ്ത് വിശ്വാസത്തോടെ പ്രാർത്ഥിക്കുക.
- യുവജനങ്ങൾ ഇടവകയോടും രൂപതയോടും തിരുസഭയോടുമൊത്ത് ചിന്തിക്കുന്നവരും പ്രവർത്തിക്കുന്നവരും പ്രാർത്ഥിക്കുന്നവരുമാകുവാൻ സമർപ്പിതർ നേതൃത്വം നൽകണം.
- കേരളത്തിലെ യുവജനങ്ങൾ ജോലിക്കും പഠനത്തിനുമായി അന്യനാട്ടിലേക്ക് പോകുന്ന സാഹചര്യം ഒഴിവാക്കാനും അവർക്ക് നമ്മുടെ സംസ്ഥാനത്തുതന്നെ ജോലി സാധ്യതകൾ കണ്ടെത്തുവാനും ഗവൺമെന്റ് തലത്തിലുള്ള പരീക്ഷകൾക്ക് (PSC Examinations, TET, SET, NET, Bank Test etc) ഫൊറോനതലത്തിൽ / രൂപതാതലത്തിൽ പരിശീലനം നൽകുന്നതിനും സമർപ്പിതർ നേതൃത്വം നൽകുക.

- പഠനത്തിനും ജോലിയ്ക്കുമായി ഇടവകയിൽനിന്നും മാറി നിൽക്കുന്ന യുവജനങ്ങളെ അവധിക്കാലത്ത് ഒരുമിച്ച് കൂട്ടി പ്രാർത്ഥന, സെമിനാറുകൾ എന്നിവ നടത്തുക.
- യുവജനങ്ങളെ അറിയുകയും മനസിലാക്കുകയും അവരുടെ നന്മ ആഗ്രഹിക്കുകയും ചെയ്യുന്നുവെന്ന് അവർക്ക് ബോധ്യം വരുന്നവിധ ത്തിലാകണം നമ്മുടെ പ്രവർത്തനങ്ങൾ.
- അവരുടെ വ്യക്തിപരമായ പ്രശ്നങ്ങൾ പങ്കുവയ്ക്കാൻ അവർക്ക് അവസരം ഒരുക്കുന്ന വിധത്തിലായിരിക്കണം നമ്മുടെ ഇട പെടലുകൾ.
- സന്യാസസമൂഹങ്ങൾ നടത്തുന്ന സ്കൂളുകൾ, ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, ഹോസ്പിറ്റലുകൾ എന്നിവയൊക്കെ വിശ്വാസകൈമാറ്റത്തിന് പര്യാപ്തമാകുന്ന രീതിയിൽ ക്രമീകരി ക്കണം. ജീവിതവ്യഗ്രതയും ജോലിബാഹുല്യവും സമയക്കുറവും, ദൈവവിളിയുടെ അഭാവവും ദൈവജനത്തിന് ഇടയിൽ ഇറങ്ങി വിശ്വാസം പകരാനും ശക്തിപ്പെടുത്തുവാനുമുള്ള പ്രവർത്തനങ്ങൾ കുറയ്ക്കുവാനിടയാക്കരുത്.
- ശുശ്രൂഷമേഖലകളെ പുഷ്ടിപ്പെടുത്തുന്നതിനുവേണ്ടി രൂപതാ മെത്രാനുമായി സന്യാസിനിസന്യാസിമാരുടെ അധികാരികൾ ക്രമ മായി കൂടിക്കാഴ്ചയും, ചർച്ചയും നടത്തണം.
- അജപാലനദൗത്യം കാര്യക്ഷമമാക്കണം. ഇടവകജനത്തോട് ബന്ധ പ്പെട്ട് ജീവിക്കുക.
- ഇടവകവികാരിമാരുടെ അനാവശ്യമായ കാർക്കശ്യനിലപാടുകൾ ഒഴി വാക്കുക.
- ഭവനസന്ദർശനം കാര്യക്ഷമമാക്കുക.
- സമർപ്പിതർ യുവതലമുറയിൽ വിശ്വാസതീക്ഷ്ണതയെ വർദ്ധിപ്പി ക്കുന്നതിന് വിശ്വാസത്തിന് സാക്ഷികളായി മാറുക, വാക്കും, പ്രവൃത്തിയും ഒന്നായിരിക്കുക.
- പ്രസ്ഥാനവൽക്കരണം ഉപേക്ഷിച്ച് ദൈവജനത്തെ വിശ്വാസത്തിൽ വളർത്തുന്നതിന് ഉതകുന്ന ശുശ്രൂഷകളിലേക്ക് നീങ്ങുക.
- വിശ്വാസികൾക്ക് ഉതപ്പും ബുദ്ധിമുട്ടുംനൽകുന്ന പ്രസ്ഥാനങ്ങൾ അപകടങ്ങളാണ് വിളിച്ചുവരുത്തുക. മാത്രമല്ല നാം നടത്തിവരുന്ന ചില സ്ഥാപനങ്ങൾ (ആതുരാലയങ്ങൾ, സ്കൂളുകൾ, കോളേജു കൾ) സാക്ഷ്യത്തിനുപരി എതിർസാക്ഷ്യം കൊടുക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.
- ആരാധനക്രമകാര്യങ്ങളിൽ രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശങ്ങൾ പാലിക്കുക.

# IV. കത്തോലിക്കാസംഘടനകൾ

## A) കെ.സി.വൈ.എം./ജീസസ് യൂത്ത്/സി.എസ്.എം.

- കൂടുതൽ വ്യക്തിബന്ധങ്ങൾ ക്രൈസ്തവയുവജനങ്ങൾ വളർത്തണം. മറ്റുള്ളവരെ ഈശോയിലേക്ക് ആനയിക്കണം.
- തെരുവുനാടകങ്ങൾ, മാർഗ്ഗംകളി, ചവിട്ടുനാടകം, സ്കിറ്റ്, ഷോർട്ട് ഫിലിംസ് തുടങ്ങിയവയിലൂടെ സുവിശേഷമൂല്യങ്ങൾ പകരാനാകും. ഇടവകയിൽ തന്നെ യുവജനങ്ങളെ ഇവ പരിശീലിപ്പിക്കുവാൻ കഴിയും.
- വിശ്വാസസംബന്ധിയായ ലഘുലേഖകൾ സ്കൂൾ, കോളേജ് തലത്തിൽ വിതരണം ചെയ്യുക.
- കെ.സി.വൈ.എം., ജീസസ് യൂത്ത് തുടങ്ങിയ യുവജനസംഘടനകൾ ഇടവകകളിൽ ശക്തമാക്കാൻ രൂപതാദ്ധ്യക്ഷൻ നിർദ്ദേശം നൽകണം.
- മൂല്യബോധമുള്ള യുവജനങ്ങൾ ത്രിതലപഞ്ചായത്തുതെരഞ്ഞെടുപ്പുകളിൽ മത്സരിക്കാൻ അധികാരികൾ പ്രോത്സാഹിപ്പിക്കുക.
- നല്ല സാഹിത്യസൃഷ്ടികളിലൂടെ ക്രിസ്തീയമൂല്യങ്ങൾ പ്രചരിപ്പിക്കുവാനും എഴുത്തു പ്രോത്സാഹിപ്പിക്കുവാനുമായി യുവജനങ്ങളുടെ പ്രസിദ്ധീകരണങ്ങൾ തുടങ്ങണം.
- പരിസ്ഥിതിയെ നശിപ്പിക്കുന്നത് പാപമാണെന്ന ബോധ്യം വളർത്തുന്ന യുവജനസെമിനാറുകൾ സംഘടിപ്പിക്കുക. ഇടവകകളിൽ കൃഷിത്തോട്ടങ്ങൾ ഒരുക്കുക.
- CCC, YOUCAT എന്നിവ പഠിക്കാനുള്ള സാഹചര്യങ്ങൾ കൂടുതലായി ഒരുക്കണം. കെ.സി.വൈ.എം, ജീസസ് യൂത്ത് മീറ്റിംഗിൽ ഇവയുടെ ഓരോ ഭാഗങ്ങൾ പഠനവിധേയമാക്കുകയും മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യണം.
- വ്യക്തിപരമായ ദൈവാനുഭവങ്ങൾ ഉള്ളവരെ മനസ്സിലാക്കി ഭാരവാഹിതലങ്ങളിലേക്ക് വളർത്തുക.
- ജയിലുകൾ, അനാഥമന്ദിരങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലുള്ളവർക്ക് ആത്മീയത നൽകുന്ന കർമ്മപദ്ധതികൾ രൂപീകരിക്കുക.

- മാധ്യമങ്ങളിലൂടെ വചനം പ്രഘോഷിക്കണം. ട്രെയിനിൽ സഞ്ചരിക്കുന്നവർക്ക് ലീഫ്ലെറ്റ് എത്തിക്കുന്നതുപോലുള്ള കാര്യങ്ങൾ പ്രോത്സാഹിപ്പിക്കുക.
- ജീവകാരുണ്യപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കണം. വിദ്യാഭ്യാസ ചികിത്സാസഹായങ്ങൾ നൽകാൻ യുവജനങ്ങൾ മുന്നിട്ടിറങ്ങുക.
- രാഷ്ട്രീയ അപചയത്തിനെതിരെ ലേഖനങ്ങൾ എഴുതാൻ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുക.
- മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ പോസ്റ്ററുകൾ, ബോർഡുകൾ എന്നിവ ഇടവകകളിൽ സ്ഥാപിക്കുക.
- പച്ചക്കറികൃഷി സർക്കാരുമായി സഹകരിച്ച് ഇടവകാടിസ്ഥാനത്തിൽ നടത്തുക.
- അവയവദാനം പ്രോത്സാഹിപ്പിക്കുക. സമ്മതപത്രങ്ങൾ എഴുതി വാങ്ങുക.
- പ്രോ-ലൈഫ് മൂവ്മെന്റ് ക്ലാസ്സുകൾ യുവജനസംഗമത്തോടനുബന്ധിച്ച് നടത്തുക.
- കുടുംബപ്രാർത്ഥനയിൽ യുവജനപങ്കാളിത്തം ഉറപ്പുവരുത്തുക.
- സാമൂഹികരാഷ്ട്രീയരംഗങ്ങളിലെ നിഷേധാത്മകനിലപാടുകളോട് പ്രതികരിക്കുക. ഉദാ: നിയമസഭാസ്തംഭനം, നശീകരണപ്രവണത, അനാവശ്യസമരങ്ങൾ, ഹർത്താലുകൾ മുതലായവ.
- റോഡ് സുരക്ഷാസേന കെ.സി.വൈ.എം./ജീസസ് യൂത്ത് നേതൃത്വത്തിൽ ഗവൺമെന്റുമായി സഹകരിച്ച് സംഘടിപ്പിക്കുക.
- സാത്താൻ സേവയെക്കുറിച്ച് ബോധവത്കരണം നടത്തണം.
- ആഘോഷങ്ങളിലെ ധൂർത്ത്, ആർഭാടപ്രവണത എന്നിവ കുറയ്ക്കുക. ഇവയ്ക്കെതിരെ കെ.സി.വൈ.എം. ശക്തമായ ബോധവത്കരണം നടത്തണം.
- സ്പോൺസർഷിപ്പുകളിൽ ബാർ ഹോട്ടലുകൾപോലുള്ളവയുടെ പരസ്യം ഒഴിവാക്കുക.
- ചാരിറ്റി ഫണ്ട് കളക്ഷൻ, ബ്ലഡ് ഗ്രൂപ്പ് നിർണയം, രക്തദാനം എന്നിവ കെ.സി.വൈ.എം., ജീസസ് യൂത്ത് എന്നിവയുടെ നേതൃത്വത്തിൽ കോളേജ്, സ്കൂൾ തലങ്ങളിൽ തുടങ്ങുക.
- മറുനാടൻ പ്രവാസികൾക്കായി കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ ധ്യാനങ്ങൾ സംഘടിപ്പിക്കുക.
- ഈശോയുമായി വ്യക്തിബന്ധം വർദ്ധിപ്പിക്കുന്ന ധ്യാനങ്ങൾ, ഫെയ്ത്ത് ഗ്രൂപ്പുകൾ എന്നിവ ഇടവക ഫൊറോനാതലങ്ങളിൽ പ്രോഗ്രാമുകൾ സംഘടിപ്പിക്കുക.
- വിശ്വാസസത്യങ്ങൾ പഠിപ്പിക്കണം. ക്ലാസ്സുകളിലൂടെ ദൈവാനുഭവം പങ്കുവയ്ക്കുക. മീറ്റിംഗുകളിൽ പ്രാർത്ഥനാനുഭവം പങ്കുവയ്ക്കുക.

- മാസത്തിലൊരിക്കൽ യുവജനങ്ങൾക്കു മാത്രമായി കുമ്പസാരം, കുർബാന എന്നിവ നടത്തുക.
- യൂണിറ്റുകളിൽ പ്രാർത്ഥനാകൂട്ടായ്മകൾ സംഘടിപ്പിക്കുക.
- കുർബാനയിൽ ശുശ്രൂഷികളായി യുവജനങ്ങൾ പങ്കെടുക്കുക.
- പോസിറ്റീവ് മനോഭാവങ്ങൾ പ്രകടിപ്പിക്കാൻ പരിശീലനം നൽകുക.
- സമകാലികപശ്ചാത്തലത്തിൽ യുവത്വം നേരിടുന്ന പ്രധാനവെല്ലുവിളികളായ മദ്യം, മയക്കുമരുന്ന്, മാധ്യമങ്ങളുടെ അമിത ഉപയോഗം, വിധേയത്വമില്ലായ്മ, സിനിമാ അനുകരണം, ആഡംബരപ്രിയം, പോർനോഗ്രഫി കാണൽ, മൊബൈൽ ദുരുപയോഗം, അമിത സ്വാതന്ത്ര്യം (പുറംനാടുകളിൽ), വഴിവിട്ടുപോകുന്ന പ്രേമബന്ധങ്ങൾ, മിശ്രവിവാഹങ്ങൾ, മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന കാഴ്ചപ്പാട്, ഒഴുക്കിനൊത്തുനിന്നു കഷ്ടപ്പെടാതെ പണം സമ്പാദിക്കാനുള്ള പ്രവണത, സഭയ്ക്കെതിരായ പ്രസ്ഥാനങ്ങളിലെ ഭാഗഭാഗിത്വം, മരണാനന്തരജീവിതത്തെക്കുറിച്ച് ചിന്തയില്ലായ്മ. ന്യൂജനറേഷൻ സിനിമകളുടെ സ്വാധീനം, ലൈംഗിക അരാജകത്വം, ജീവനെതിരെയുള്ള വെല്ലുവിളികൾ, വൃദ്ധരോടുള്ള അവഗണന, ആധ്യാത്മികകാര്യങ്ങളിലുള്ള അജ്ഞത, ബ്ലാക്ക് മാസ്, സാത്താൻസേവ, ഗൗരവമായ കാര്യങ്ങളെ നിസ്സാരമായിക്കാണൽ, അധികാരസ്ഥാനത്തുള്ളവരോട് വർദ്ധിച്ചുവരുന്ന നിഷേധമനോഭാവം എന്നിവയ്ക്കെതിരെ ശരിയായ പ്രബോധനങ്ങൾ നൽകുക.
- മേല്പറഞ്ഞ വെല്ലുവിളികളെ നേരിടുവാനുള്ള പ്രതിവിധികൾ: ആത്മീയപിതാക്കളുമായുള്ള ബന്ധം, മാസത്തിലൊരിക്കൽ കുമ്പസാരം, കൂദാശകളിലെ സജീവഭാഗഭാഗിത്വം, നന്മയ്ക്കുവേണ്ടി നിലകൊള്ളുന്ന വ്യക്തികളുടെ കോർ ഗ്രൂപ്പ് രൂപീകരിക്കുക, വചനപഠനം, വ്യക്തിപരമായ പ്രാർത്ഥനാ ട്രെയിനിംഗ്, ഒബ്ജക്ടീവ് മെഡിറ്റേഷൻസ്, വൈ.എ.റ്റി.പി., സി.റ്റി.പി. കോഴ്സുകൾ, ഗർഭകാലം മുതൽ ദമ്പതികൾ ആത്മീയമായി ഒരുങ്ങുക, ലൈംഗിക അരാജകത്വത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തുക, വിശുദ്ധരുടെ ജീവചരിത്രം പഠിപ്പിക്കുക, കോളേജ് സ്ഥാപനങ്ങളിൽ ജീസസ് യൂത്ത് സംഘടനകൾ പ്രോത്സാഹിപ്പിക്കുക, ആത്മവിശുദ്ധീകരണ ധ്യാനങ്ങളിൽ യുവാക്കളെ സംബന്ധിപ്പിക്കുക, മാതാപിതാക്കൾക്ക് ഇടവകാടിസ്ഥാനത്തിൽ വിവിധ ക്ലാസ്സുകൾ സംഘടിപ്പിക്കുക, യുവജനങ്ങൾ ഇന്ന് കൂടുതൽ സമയവും കോളേജുകളിൽ ആയതിനാൽ ജീസ്സസ് യൂത്ത്, കെ.സി.വൈ.എം. ശാഖകൾ കോളേജ് തലത്തിൽ തുടങ്ങാൻ അനുവദിക്കുക. കെ.സി.വൈ.എം. സംഘടനാ സംവിധാനം കാലത്തിനനുസരിച്ച് നവീകരിക്കുക, പള്ളി കമ്മറ്റികളുടെ മാതൃകയിൽ ഒരു വാർഡിൽനിന്ന് രണ്ടു പ്രതിനിധി

കളെ തെരഞ്ഞെടുത്ത് പ്രതിനിധിയോഗം സംഘടിപ്പിക്കുകയും ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്യുക മുതലായ കാര്യങ്ങൾ ശ്രദ്ധാപൂർവം നടപ്പിൽ വരുത്തുക.

- യുവജനപ്രേഷിതത്വത്തിൽ ഇനിയും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:
    - സംഘടനയിൽ ഭാഗഭാക്കാകുന്നതിന് ഇടവകകളിൽ വേണ്ടത്ര പ്രോത്സാഹനം നൽകുക.
    - പലപ്പോഴും സമൂഹത്തിൽ സഭയുടെ മനഃസാക്ഷിയായി വർത്തിക്കാൻ കഴിയുന്നില്ല. കാരണം പ്രവർത്തനസാഹചര്യങ്ങൾ, സമയം, ആളുകളുടെ ലഭ്യത എന്നിവ കുറയുന്നു.
    - പരസ്പരം കണ്ടുമുട്ടുന്ന അവസരം കുറയുന്നു, രണ്ടു വർഷങ്ങൾക്കുള്ളിൽ ആളുകൾ വ്യത്യസ്തതലങ്ങളിൽ ചേക്കേറുന്നു. ഇതിനാൽ സംഘടനാശക്തി കുറയുന്നു.
    - മൂല്യങ്ങൾ കുറയുന്നു. സ്ഥാനമാനങ്ങൾ, അധികാരമോഹം, സാമ്പത്തികനേട്ടം എന്നിവയോടുള്ള താത്പര്യം വർദ്ധിക്കുന്നു. സ്വന്തം കാര്യത്തിൽ മാത്രം ശ്രദ്ധിക്കുന്നവർ കൂടുന്നു. നിസ്സംഗതാമനോഭാവം വളരുന്നതിനാൽ പ്രതികരണശേഷി കുറയുന്നു.
    - മറ്റംഗങ്ങളിൽനിന്ന് സഹകരണം ലഭിക്കാത്തതിനാൽ സംഘാടകത്വം നടക്കുന്നില്ല.
    - മദ്യം, മയക്കുമരുന്ന്, പ്രണയം, ലൈംഗിക അരാജകത്വം എന്നിവ വർദ്ധിക്കുന്നതിനാൽ അർപ്പണമനോഭാവം കുറയുന്നു.
    - ഇടവകതലങ്ങളിൽ യുവജനങ്ങൾക്ക് വേണ്ടത്ര പിന്തുണ കിട്ടുന്നില്ല.
    - പ്രതിഫലം കൂടാതെ പ്രവർത്തിക്കാൻ സന്മനസ്സുള്ളവർ കുറയുന്നു.
    - സംഘടനാപ്രവർത്തനങ്ങളിൽ അച്ചടക്കം കുറയുന്നതുകൊണ്ടും സമർപ്പണം കുറയുന്നതുകൊണ്ടും ശരിയായി പ്രവർത്തിക്കാൻ കഴിയുന്നില്ല.
- വൃദ്ധദിനം, അനാഥമന്ദിരസന്ദർശനം എന്നിവയിലൂടെ നല്ല സന്ദേശങ്ങൾ നൽകാൻ ശ്രദ്ധിക്കുക.
- വീടുനിർമ്മാണം, ശുചിത്വബോധം, പരിസ്ഥിതിസംരക്ഷണം, നേതൃത്വപരിശീലനക്യാമ്പുകൾ എന്നിവയിലൂടെ സാമൂഹ്യഅവബോധം വളർത്തുക.
- പ്രായാനുസൃതവും കാലോചിതവുമായ ലൈംഗികവിദ്യാഭ്യാസം നൽകുക.
- സംഘടനയിലൂടെ യുവജനങ്ങൾക്ക് തങ്ങളുടെ കഴിവുകളെക്കുറിച്ച് അവബോധമുണ്ടാകുകയും സാമൂഹികവിപത്തുകളെക്കുറിച്ച് ബോധവത്കരണം നൽകുകയും ചെയ്യുക.

- സമകാലികവിഷയങ്ങളെ വിശ്വാസത്തിന്റെ കണ്ണിലൂടെ വിലയിരുത്തുക.
- പ്രാദേശികഗ്രൂപ്പുകൾ തുടങ്ങുക. മുൻകാലഭാരവാഹികളെയും ഭാഗഭാക്കുകളാക്കുക.

### B) പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി (PSWS)

- സമകാലികസമൂഹത്തെ കൂടുതലായി ബാധിക്കുന്ന വിപത്തുകളായ അഴിമതി, ധൂർത്ത്, പരിസ്ഥിതിമലിനീകരണം, തൊഴിലില്ലായ്മ, ദാരിദ്ര്യം മുതലായവ നിയന്ത്രിക്കുവാൻ കുടുംബത്തിലും, സമൂഹത്തിലും, മാതാപിതാക്കളും, നേതൃനിരയിലുള്ളവരും പരിശ്രമിക്കണം. ആവശ്യത്തിനു മാത്രം പണം ചെലവഴിച്ച് ചടങ്ങുകൾ ലളിതമായി നടത്തുന്നതിൽ എല്ലാവരും ശ്രദ്ധിക്കണം. സ്വന്തമായ ഉത്പാദനസംരംഭങ്ങൾ ആരംഭിക്കണം.
- ജൈവവളപ്രയോഗം, അടുക്കളത്തോട്ടനിർമ്മാണം എന്നിവ വഴി സ്വന്തമായി പച്ചക്കറിയും മറ്റുകൃഷികളും ഉത്പാദിപ്പിക്കാൻ ശ്രമിക്കണം. പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറച്ച് മണ്ണിനെ മലിനപ്പെടുത്താതെ നോക്കണം. മരം മുറിക്കുന്നതിനു പകരം പുതിയവയെ നട്ടുപിടിപ്പിച്ച് പരിസ്ഥിതിയെ സംരക്ഷിച്ച് ശുദ്ധമായ വായു, വെള്ളം എന്നിവ അടുത്ത തലമുറയ്ക്ക് കൈമാറുവാൻ നാം ബാധ്യസ്ഥരാണ്.
- പൊതുസമൂഹത്തിൽ വേറിട്ട ശബ്ദമായി മാറുവാൻ പി. എസ്.ഡബ്ല്യു.എസ്. എന്ന സംഘടനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. സമൂഹത്തിൽനിന്നും പലവിധത്തിലും ഒഴിച്ചുമാറ്റപ്പെട്ട ജീവിതങ്ങളെ, ക്രിസ്തുവിന്റെ വാക്കുകൾ പ്രാവർത്തികമാക്കികൊണ്ട് അവരെയെല്ലാം സമൂഹത്തിന്റെ മുൻനിരയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ചെറിയ പലിശയിൽ ലോണുകൾ നൽകി സമ്പാദ്യശീലം വളർത്തിയെടുക്കാൻ കഴിയുന്നു. നാനാജാതിമതസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് സമൂഹത്തിൽ ഒരു കൂട്ടായ്മ വളർത്തിയെടുക്കാൻ ഈ സംഘടനയ്ക്ക് കഴിയുന്നു. മെഡിക്കൽ ക്യാമ്പ്, പ്രതിരോധമരുന്ന് വിതരണം, ആട്, കോഴി വിതരണം എന്നിങ്ങനെയെല്ലാം സമൂഹത്തെ ഈ സംഘടന സേവിക്കുന്നു. പലവിധ ക്ലാസുകളും, സെമിനാറുകളും വഴി വ്യക്തികളുടെ കഴിവുകൾ വളർത്തിയെടുക്കുന്നതിലും ഈ സംഘടന പ്രത്യേകം ശ്രദ്ധചെലുത്തുന്നു.

### C) ഡി.സി.എം.എസ്.

- ഡി.സി.എം.എസ്. കുടുംബക്കൂട്ടായ്മകൾ ശക്തിപ്പെടുന്നു. അംഗങ്ങളുടെ വിശ്വാസജീവിതം, കൂദാശാനുഷ്ഠാനം എന്നിവ ശക്തിപ്പെടുത്തുവാൻ പരിശ്രമിക്കുന്നു.

- നവസുവിശേഷവൽക്കരണത്തിലൂടെ പാർപ്പിടമില്ലാത്തവരെ സഹായിക്കുക.
- നവസുവിശേഷവൽക്കരണത്തിന്റെ ഭാഗമായി ഡി.സി.എം.എസ്. കുടുംബങ്ങളെപ്പറ്റി സർവ്വേ നടത്തി ദളിത് കുടുംബങ്ങളുടെ അവസ്ഥയും ആവശ്യവും മനസിലാക്കുന്നതിന് സാധിക്കും. കുട്ടികളെ അൾത്താരബാലന്മാരാക്കിയും ഇടവക ഗായകസംഘത്തിൽ ഉൾപ്പെടുത്തിയും വിശ്വാസചൈതന്യം നൽകാൻ മാതാപിതാക്കൾക്ക് സാധിക്കും. ലഭിച്ച വിശ്വാസം ജീവിച്ചുകാണിക്കുവാൻ, പ്രഘോഷിക്കുവാൻ സൺഡേ സ്കൂളിൽ ദളിത് കുട്ടികൾക്ക് അവസരം ലഭിക്കുന്നു.
- വിശ്വാസതീർത്ഥാടനം, റാലി എന്നിവ സംഘടിപ്പിക്കും. വിശ്വാസപരിശീലനരംഗത്തേയ്ക്ക് ദളിത് യുവജനങ്ങൾ കടന്നുചെല്ലുന്നതിന് പ്രോത്സാഹനം നൽകും. സഭയെ സംബന്ധിച്ചുള്ള ക്ലാസുകൾ ക്യാമ്പുകളിലും, സെമിനാറുകളിലും, നിർബന്ധമായും തുടർച്ചയായും നടത്തും. വിശ്വാസം വഴിതെറ്റിക്കുന്നവരുടെ പിടിയിൽനിന്നും ഡി.സി.എം.എസ്. കുടുംബങ്ങളെ രക്ഷിക്കുവാൻ വിശ്വാസബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കും. ദൈവവിളി സ്വീകരിച്ചവരെ പ്രത്യേകമായി ആദരിക്കും. വചനപ്രഘോഷണരംഗങ്ങളിൽ പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തി സെമിനാറുകൾ സംഘടിപ്പിക്കും. അക്രൈസ്തവരായി ജീവിക്കുന്നവരെ (വിശ്വാസം ത്യജിച്ച് ജീവിക്കുന്നവർ) മുഖ്യധാരയോട് ചേർത്ത് നിർത്തുന്നതിന് മുൻകൈ എടുത്ത് പ്രവർത്തിക്കും.
- രൂപതയിലെ എല്ലാ ഇടവകകളിലും ഡി.എസ്.എം.എസ്. യൂണിറ്റുകൾ ആരംഭിക്കും. യൂണിറ്റുകളിൽ കുടുംബസംഗമങ്ങൾ നടത്തി വിശ്വാസസംബന്ധിയായ ക്ലാസുകൾ നടത്തും. വിശ്വാസധിഷ്ഠിതമായ ജീവിതം നയക്കുന്നവരുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ കാര്യങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ സംഘടന ഏറ്റെടുത്ത് നടത്തും. ദളിത് ക്രൈസ്തവർക്ക് ജനസംഖ്യാനുപാതികമായ നീതി എല്ലാ മേഖലകളിൽനിന്നും നേടിയെടുക്കുവാൻ സംഘടന പരിശ്രമിക്കും. ഇതിനായി സമരങ്ങൾ, ദിനാചരണങ്ങൾ, ക്ലാസുകൾ എന്നിവ സംഘടിപ്പിക്കും.
- യുവജനങ്ങളുടെ റിസോഴ്സ് ടീം ട്രെയിനിംഗ്, മാതാപിതാക്കൾക്കായുള്ള ലീഡേഴ്സ് ക്യാമ്പ്, കുട്ടികളുടെ ഓണാവധി, മദ്ധ്യവേനൽ അവധി ക്യാമ്പുകൾ എന്നിവ കുറച്ചുകൂടി ശക്തിപ്പെടുത്തും.
- ഉന്നതവിദ്യാഭ്യാസത്തിന് സംഘടനയിലെ അംഗങ്ങളുടെ കുട്ടികൾക്ക് അവസരങ്ങൾ ലഭിക്കണം. അതിനായി സ്പോൺസർമാരുടെ സഹായം തേടും. ഡി.സി.എം.എസിന്റെ എസ്.എച്ച്.ജികൾ

ശക്തിപ്പെടുത്തും. സാമ്പത്തികമായ ഉയർച്ചയാണ് ഇന്ന് ഡി.എസ്.എം.എസ് അംഗങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളി. സ്വന്തമായി ഭൂമിയോ സ്ഥിരവരുമാനമോ ഇല്ലാത്ത ദളിതർക്ക് സാമ്പത്തിക, സാമൂഹ്യസുരക്ഷ നൽകാൻ ഇന്ന് ആരുമില്ലാത്ത അവസ്ഥയാണ്. അതിനാൽ സംഘടനയിൽ തുടരുവാൻപോലും മടികാണിക്കുന്നു. സംഘടന മുൻകൈ എടുത്ത് സർക്കാർ തലത്തിലും സഭാതല ത്തിലും ലഭ്യമായ സ്കോളർഷിപ്പുകൾ, ധനസഹായങ്ങൾ വിവിധ ലോണുകൾ എന്നിവ നേടിയെടുക്കുന്നതിന് അംഗങ്ങളെ സഹാ യിക്കും. രൂപതയിൽനിന്നും ഭവനസന്ദർശനം നടത്തും.

- ദളിത് ക്രൈസ്തവരുടെ കത്തോലിക്കാവിശ്വാസം ചഞ്ചലപ്പെടാത്ത താക്കണം. അന്ധവിശ്വാസങ്ങൾക്കും, അക്രൈസ്തവ ആചാര ങ്ങൾക്കും പിറകേ പോകുന്നവരെ തിരികെ കൊണ്ടുവരും. ധ്യാന ങ്ങൾ, പ്രാർത്ഥനാദിനങ്ങൾ, കൗൺസിലിംഗ് എന്നിവ സംഘടി പ്പിക്കും. സഭയുമായുള്ള ആത്മബന്ധം ഉറപ്പിക്കും. ഇടവകതലത്തിൽ നടത്തുന്ന എല്ലാ പരിപാടികളിലും നിർബന്ധിച്ച് ഭാഗഭാഗിത്വം എടുപ്പിക്കും.
- കൂദാശസ്വീകരണം, കുടുംബപ്രാർത്ഥന, ദിവ്യബലിയുടെ പ്രാധാന്യം എന്നിവ ബോദ്ധ്യപ്പെടുത്തും. ദളിത്ക്രൈസ്തവസമഗ്രവികസനം അടിസ്ഥാനമായിരിക്കുന്നത് സാമ്പത്തികവികസനത്തിലാണ്. സാമ്പ ത്തികമില്ലാതെ തളരുമ്പോഴാണ് എല്ലാ വിശ്വാസവും അവർ ത്യജി ക്കുന്നത്. വിദ്യാഭ്യാസപരമായി ഇന്ന് ദളിത് ക്രൈസ്തവർ ഉയർന്നു വരുന്ന കാഴ്ച സർവ്വസാധാരണമാണ്. എന്നാൽ സംവരണം ലഭി ച്ചാൽ ഇവർക്ക് ഏറെ വളരുവാൻ സാധിക്കും. അതിനാൽ ജോലി സംവരണം സമഗ്രവികസനത്തിന് ഒരു മാർഗ്ഗമാണ്. സമൂഹത്തിൽ ലഭിക്കുന്ന ഉയർന്ന സ്ഥാനങ്ങൾ സാമൂഹികമായി വളരാൻ ദളിതരെ സഹായിക്കും.
- മാന്യമായ സ്ഥാനം നമ്മുടെ സംഘടനകളിലും ഇടവകകളിലും ദളിത് ക്രൈസ്തവർക്ക് ലഭ്യമാക്കാൻ സംഘടന പരിശ്രമിക്കും. രൂപ തയുടെ എസ്.എച്ച്.ജി കളിലോ സംഘടനയുടെ എസ്.എച്ച്.ജി കളിലോ ചേർന്ന് പ്രവർത്തിക്കുവാൻ പ്രേരണ നൽകും. എസ്.എച്ച്. ജി-കളിൽ അംഗത്വം ഉള്ളവർക്ക് സംഘടന ലോൺ നൽകുന്നുള്ളൂ. വിശ്വാസവളർച്ചയ്ക്ക് ഡി.സി.എം.എസ്. വനിതാകൂട്ടായ്മ സംഘ ടിപ്പിക്കും.
- ത്രിതല പഞ്ചായത്ത് ഉൾപ്പെടെയുള്ള രാഷ്ട്രീയരംഗങ്ങളിൽ പങ്കാ ളിത്തം നേടുവാൻ പരിശ്രമിക്കും. രാഷ്ട്രീയ നേതാക്കളെ ഉൾപ്പെ ടുത്തി സംഘടനയുടെ പരിപാടികൾ സംഘടിപ്പിക്കും. പട്ടിക ജാതിയ്ക്ക് ലഭിക്കുന്ന നിയമപരിരക്ഷ ദളിത് ക്രൈസ്തവർക്കും ലഭ്യ മാക്കുന്നതിന് കൂടുതൽ പരിശ്രമിക്കും.

- പരിവർത്തിതക്രൈസ്തവവികസനകോർപ്പറേഷനുമായി ബന്ധപ്പെട്ട് ആനുകൂല്യങ്ങൾ നേടുന്നതിന് സഹായിക്കും. നിലവിൽ ഒരു നിയമ പരിരക്ഷയും രാഷ്ട്രീയമായി ദളിത് ക്രൈസ്തവർക്ക് നൽകുന്നില്ല. സഭ നേതൃത്വം നൽകുന്ന ബഹുജനസമരപരിപാടികൾ നടത്താം. ക്രൈസ്തവനേതാക്കൾ ദളിത് ക്രൈസ്തവർക്കുവേണ്ടി കൂടി സംസാരിക്കുന്ന സ്ഥിതിവിശേഷം കൊണ്ടുവരണം.
- വിവിധ സഭകളിലെ ദളിത് ക്രൈസ്തവരെ ഒന്നിപ്പിച്ച സമരപരിപാടികൾ നടത്തുന്നതാണ്. ജസ്റ്റീസ് സൺഡേ ആചരണംപോലുള്ള പരിപാടികളിൽ സഭയിലേയും രാഷ്ട്രീയത്തിലേയും ഉന്നതനേതാക്കളെ പങ്കെടുപ്പിച്ച് കൂടുതൽ സാമൂഹികമുന്നേറ്റം നടത്താം.
- കൂടുതൽ വിദ്യാഭ്യാസ, സാമ്പത്തിക, ആത്മീയ ഉണർവ് നൽകുന്ന കർമ്മപരിപാടികൾ സംഘടിപ്പിച്ച് സമൂഹത്തിൽ ദളിത് ക്രൈസ്തവർക്ക് മാന്യമായ സ്ഥാനം ഉറപ്പുവരുത്തുക.
- മദ്യപാനത്തിലും ആത്മീയദാരിദ്ര്യത്തിലും മുഴുകി ജീവിക്കുന്നവരെ തിരികെയെത്തിക്കുന്നതിന് മറ്റ് കുടുംബങ്ങളുടെ സഹായത്തോടെ ചികിത്സാസൗകര്യങ്ങളും സൗഹൃദക്കൂട്ടായ്മകളും വളർത്തുക.
- രൂപതയിൽനിന്നും ദളിത് ക്രൈസ്തവർക്ക് വൈദ്യസഹായം, വിവാഹസഹായം, ഭവനനിർമ്മാണം എന്നിവയ്ക്കായി ഒരു ഫണ്ട് രൂപീകരിക്കുക.
- വചനം വായിച്ചുപഠിക്കുകയും ദുർവ്യാഖ്യാനം ചെയ്യുന്നത് തിരിച്ചറിയുകയും ചെയ്യുക.
- വചനം ശരിയായ രീതിയിൽ പഠിക്കാനും, മനസിലാക്കാനും, ചിന്തിയ്ക്കാനും ഇടവകതലത്തിലും, കൂട്ടായ്മകളിലം സ്കിറ്റുകളും, മത്സരങ്ങളും സംഘടിപ്പിക്കുക.
- ദൈവത്തോടുള്ള ബന്ധം പരസ്നേഹത്തിലൂടെ സഹോദരങ്ങളിലേയ്ക്ക് വളരണം. വിശ്വാസവും ധാർമ്മികതയും പ്രാർത്ഥനയിലൂടയും ആത്മീയജീവിതത്തിലൂടെയും പരിപോഷിപ്പിക്കണം.
- പ്രായമായവർക്ക് കൂടെക്കൂടെ കൂദാശകൾ പരികർമ്മം ചെയ്യുന്നതിനും ഒന്നിച്ചുകൂടാനും കൂടുതൽ അവസരങ്ങൾ ഉണ്ടാവണം. അവർക്ക് ഒന്നിച്ചിരുന്ന് സംസാരിക്കാനും ഓർമ്മകൾ അയവിറക്കാനും എൽഡേഴ്സ് ഫോറംപോലുള്ള സംഘടനകൾ സജീവമാകണം.
- വചനപ്രഘോഷണവും ദൈവാരാധനയും മാത്രമല്ല പരസ്നേഹപ്രവൃത്തികൾകൂടി ചേരുമ്പോഴാണ് നമ്മുടെ വിശ്വാസം പൂർത്തിയാകുന്നത്. ഈ പരസ്നേഹപ്രവൃത്തികൾ ഈശോയിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും അധിഷ്ഠിതമായിരിക്കണം.

- രോഗികളോടും പാവപ്പെട്ടവരോടും മരണാസന്നരോടും അനുകമ്പയും ആർദ്രതയും കരുതലും കാണിക്കണം.
- വൃദ്ധമന്ദിരങ്ങൾ, അഗതിമന്ദിരങ്ങൾ, ജയിലുകൾ എന്നിവ സന്ദർശിക്കുവാൻ വൈദികരും, സിസ്റ്റേഴ്സും, സംഘടനാനേതാക്കളും സമയം കണ്ടെത്തണം.
- പാവപ്പെട്ടവരെ സ്വയം പര്യാപ്തതയിൽ എത്തിക്കുവാൻ ആവശ്യമായ പദ്ധതികളും സംഘടനകളും ആരംഭിയ്ക്കുക.
- വിശ്വാസജീവിതത്തിൽ ആഴപ്പെടുവാൻ അനുകൂലമായ കുടുംബ പശ്ചാത്തലം ഉണ്ടാക്കിയെടുക്കുക.
- കലാ-സാഹിത്യപരിപാടികളിലൂടെ യുവാക്കളെ പള്ളിയുമായി കൂടുതൽ സഹകരിച്ച് പ്രവർത്തിക്കുവാൻ സാഹചര്യമൊരുക്കുക.
- ഫ്രാൻസീസ് അസ്സീസിയുടെ ലളിതമായ ജീവിതം യുവജനങ്ങളിൽ പ്രചരിപ്പിയ്ക്കുന്നതിന് യു ഫ്രാ (യൂത്ത് ഫ്രാൻസിസ്), രൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപിക്കണം.

### D) മാതൃജ്യോതി

- മാതാപിതാക്കളുടെ മാതൃകാപരമായ ജീവിതവും മക്കളുടെ സ്വഭാവരൂപവൽക്കരണവും വസ്ത്രത്തിന്റെ ഊടുംപാവുംപോലെയാണ്.
- മാധ്യമങ്ങളിലൂടെ കടന്നുവരുന്ന തിന്മകൾ ഒഴിവാക്കാൻ മാതാപിതാക്കൾ മുൻകൈയെടുക്കണം. അമ്മമാർ ടിവി സീരിയലുകൾ മാത്രംകാണാതെ ഷാലോം ടിവി പ്രോഗ്രാം പോലുള്ളവകൂടി പ്രോത്സാഹിപ്പിക്കുക.
- വചനത്തിന് ആദരവു നൽകുകയും വചനം പഠിക്കുകയും ചെയ്യണം. വചനം ജീവിതബന്ധിയാക്കണം. വചനാധിഷ്ഠിത ജീവിതം നയിക്കുവാൻ മുതിർന്നവരും മാതാപിതാക്കളും പ്രേരക ശക്തിയായി മാറണം.
- ധാർമ്മികമൂല്യങ്ങളിലും സത്യസന്ധതയിലും ജീവിതവിശുദ്ധിയിലും ലാളിത്യത്തിലും ജീവിക്കുവാൻ മാതാപിതാക്കൾ മക്കൾക്കു മാതൃകയാവണം.
- മാസത്തിലൊന്ന് കുമ്പസാരിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
- വിദേശങ്ങളിൽ ജോലിക്കും പഠനത്തിനുമായി പോകുന്നവർ പൈതൃകം നഷ്ടപ്പെടുത്തുന്നതും സഭയിൽനിന്നും വിട്ട് സഭ അംഗീകരിക്കാത്ത കൂട്ടായ്മകളിലേക്കു ചേക്കേറുന്നതും വിശ്വാസജീവിതത്തെ ബലഹീനമാക്കുന്നു.
- സഭാനേതൃത്വത്തിനെതിരെയുള്ള തെറ്റായ ധാരണകളും വിശ്വാസ ജീവിതത്തെ നിഷേധാത്മകമായി ബാധിക്കുന്നുണ്ട്.

- ആഢംബരവും, ധൂർത്തും ഉപേക്ഷിക്കുക. സത്യത്തിനും ധാർമ്മികതയ്ക്കും ഊന്നൽകൊടുത്തുകൊണ്ടുള്ള ജീവിതം നയിക്കുക.
- കുടുംബബന്ധങ്ങൾക്ക് പവിത്രത ഉണ്ടാകണം.
- വിശ്വാസികളിൽ പൊതുസമ്മതരായ അല്മായരെ നേതൃനിരയിലേക്കു കൊണ്ടുവരിക.
- ഇടവകതലത്തിൽ താഴെത്തട്ടിലുള്ളവരെ സാമൂഹികമായി അംഗീകരിക്കുകയും, സാമ്പത്തികമായി സഹായിക്കുകയും ചെയ്യുക.
- വിശ്വാസപരിശീലനത്തെ പ്രോത്സാഹിപ്പിക്കുക.
- മാലാഖമാരുടെ, പ്രത്യേകിച്ച് കാവൽ മാലാഖമാരുടെ സംരക്ഷണവും, നമുക്കുണ്ടാകുമെന്നുള്ള ബോദ്ധ്യം (പൂർവ്വികരിൽ നിന്നു ലഭിച്ച ഈ ബോദ്ധ്യം) കുഞ്ഞുങ്ങൾക്കു പകർന്നു നല്കുക.
- പരിശുദ്ധ അമ്മയോടും വിശുദ്ധ യൗസേപ്പ് പിതാവിനോടുമുള്ള ഭക്തി ആഴപ്പെടുവാൻ നമുക്കും മറ്റുള്ളവർക്കും ലഭിച്ച അനുഗ്രഹങ്ങൾ കുഞ്ഞുങ്ങളോടും പങ്കുവയ്ക്കുക.
- വിശ്വാസം വെളിച്ചമാണ് എന്ന ഫ്രാൻസീസ് പാപ്പായുടെ ചിന്തയെ ഉൾക്കൊണ്ടുകൊണ്ട് കുടുംബപ്രാർത്ഥന, തുടങ്ങുംമുമ്പ് തിരി തെളിച്ച്, വിശ്വാസത്തിന്റെ പ്രകാശം പരത്തുക.
- വ്യത്യസ്തമായ പ്രാർത്ഥനാരീതികൾ അവലംബിക്കുക.
- പുതിയ വീട് വയ്ക്കുമ്പോൾ പ്രാർത്ഥനാമുറികൾക്ക് പ്രാധാന്യം നൽകുക.
- രൂപക്കൂടുകൾ അലങ്കരിക്കുവാനും, അതിൽ വിശുദ്ധരുടെ തിരുസ്വരൂപം പ്രതിഷ്ഠിച്ച് അവരുടെ ജീവചരിത്രങ്ങൾ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുവാനും മാതാപിതാക്കൾ ശ്രദ്ധിക്കുക.
- പ്രാർത്ഥനാമുറിയിൽ വി. ഗ്രന്ഥം പ്രഥമസ്ഥാനത്തുവയ്ക്കുകയും കുടുംബപ്രാർത്ഥനയിൽ ഒരു ഭാഗം കുട്ടികൾ ദിവസേന വായിക്കുന്ന പതിവ് വളർത്തിയെടുക്കുകയും ചെയ്യുക. അതുപോലെ വി. ഗ്രന്ഥം വായിക്കുന്നതിനുമുമ്പും പിമ്പും ചുംബിക്കുക.
- വിശുദ്ധരോടുള്ള മാദ്ധ്യസ്ഥംവഴിയായി നമ്മുടെ ആവശ്യങ്ങൾ സാധിച്ചുതരുവാൻ കുടുംബപ്രാർത്ഥനയിൽ കുടുംബാംഗങ്ങൾ പ്രാർത്ഥിക്കുക.
- മരിച്ചുപോയവർക്കുവേണ്ടി നാം പ്രാർത്ഥിക്കുമ്പോൾ അവർ നമുക്കായി മാദ്ധ്യസ്ഥം വഹിക്കണമെന്നുള്ളകാര്യം മനസിലാക്കി പ്രാർത്ഥിക്കുക.
- പ്രാർത്ഥനയുടെ പ്രാധാന്യം കുഞ്ഞുങ്ങളെ മനസിലാക്കിക്കൊടുക്കുക.
- പ്രാർത്ഥനയ്ക്കുശേഷം സ്തുതി ചൊല്ലി സ്നേഹചുംബനം നൽകുന്ന പരമ്പരാഗതരീതി പ്രോത്സാഹിപ്പിക്കുക.

- രാവിലെ ഉണരുമ്പോഴും കിടക്കുന്നതിനുമുമ്പും, പഠിക്കുന്നതിനു മുമ്പും പ്രാർത്ഥിക്കുന്നതിന്റെ ആവശ്യകത മക്കളെ മനസിലാക്കി ചെയ്യിപ്പിക്കുക.
- കുടുംബപ്രാർത്ഥനാസമയത്ത് അംഗങ്ങൾ മറ്റൊരു ജോലിയ്ക്കും പോകരുത്. മൊബൈൽ ഫോൺ സൈലന്റ് ആക്കി വയ്ക്കുക.
- മാതാപിതാക്കളെ ബഹുമാനിക്കണം എന്ന പ്രമാണത്തിന്റെ അർത്ഥവും വ്യാപ്തിയും കുട്ടികൾക്ക് മനസിലാക്കിക്കൊടുത്ത് വളർത്തുക.
- മാതാപിതാക്കളും കുട്ടികളും തമ്മിൽ പരസ്പരഐക്യത്തിലും ധാരണയിലുമുള്ള ഒരു കുടുംബാന്തരീക്ഷം സംജാതമാക്കുക.
- മാതാപിതാക്കൾ അവരുടെ കഷ്ടപ്പാടുകൾ അറിയിച്ചും സഹകരിപ്പിച്ചും കുട്ടികളെ വളർത്തുക.
- മാതാപിതാക്കളെ സംരക്ഷിക്കുക എന്നത് ഔദാര്യമല്ല കടമയാണെന്നുള്ള അവബോധം മക്കളിൽ ജനിപ്പിക്കുക.
- കുടുംബത്തിൽനിന്നകന്നു കഴിയുന്ന മക്കളെ കുടുംബവുമായി സദാ ബന്ധിപ്പിച്ചു നിർത്തുക.
- വൃദ്ധരായ മാതാപിതാക്കളെ അവഗണിക്കരുത്. പ്രായമാകുമ്പോൾ വീടിന്റെ മൂലയിൽ തള്ളാതെ പ്രഥമസ്ഥാനം അവർക്കു നൽകുക.
- കുടുംബത്തിന്റെ വിശ്വാസം, കുടുംബപ്രാർത്ഥന, ധാർമ്മികമൂല്യങ്ങൾ ഇവയ്ക്കു പ്രാധാന്യം കൊടുക്കുന്ന ഒരു ജീവിതശൈലി രൂപപ്പെടുത്തണം.
- കുഞ്ഞുങ്ങളുടെ വിദ്യാലയങ്ങൾ തിരഞ്ഞെടുക്കുന്നതിൽ മാതാപിതാക്കന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതതണ്.
- ഓരോ പ്രധാനകാര്യവും ആരംഭിക്കുന്നതിനുമുമ്പായി വി. കുർബ്ബാനയിൽ പങ്കെടുത്തുകൊണ്ട് ഈശോയുടെ കൂടെ ആരംഭിക്കുവാൻ കുട്ടികളെ പ്രേരിപ്പിക്കുക. വിദ്യാലയവർഷം ആരംഭിക്കുമ്പോഴും, പിറന്നാൾ സമയത്തും എല്ലാ മാതാപിതാക്കളും കുട്ടികളോടൊപ്പം ദിവ്യബലിയിൽ സംബന്ധിക്കുക.
- നല്ല കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ നമ്മുടെ ഭവനങ്ങളിൽ ഉണ്ടായിരിക്കുവാൻ നാം ശ്രദ്ധിക്കുക.
- വി. കുർബ്ബാന, മാതാവിനോടുള്ള ഭക്തി, വിശുദ്ധരോടുള്ള വണക്കം, കുമ്പസാരം, മറ്റുകൂദാശകൾ എന്നിവയിൽ വിശ്വാസികൾക്കുള്ള തീക്ഷ്ണത വഴി വിശ്വാസസമൂഹത്തിൽ നിന്നും അകന്നിരിക്കുന്നവരിൽ വിശ്വാസം എത്തിക്കാം.

# V. വിദ്യാഭ്യാസരംഗം

## (സ്കൂൾ-കോളേജ് തലങ്ങളിൽനിന്നും ലഭിച്ചത്)

- വിശ്വാസ നിസ്സംഗതയും വിശ്വാസരാഹിത്യവും വിശ്വാസപ്രതിസന്ധിയിലേക്ക് സഭയെയും ലോകത്തെയും നയിക്കുന്ന ഒരു കാലഘട്ടമാണിത്. ആഗോളവൽക്കരണവും ആഴമായ വിശ്വാസജീവിതത്തിന്റെ അഭാവവും ഭൗതികചിന്തകളുടെ ദ്രുതഗതിയിലുള്ള കടന്നുവരവും വർദ്ധിച്ചുവരുന്ന അധാർമ്മികതയും വിശ്വാസവിരുദ്ധ ഗ്രൂപ്പുകളുടെ തെറ്റായ പ്രബോധനങ്ങളും മാധ്യമങ്ങളുടെ ദുഃസ്വാധീനവും ദൈവനിഷേധചിന്തകളും വിശ്വാസരംഗം നേരിടുന്ന സമകാലികപ്രതിസന്ധികളാണ്. പരമ്പരാഗതമായി കൈമാറിവന്ന വിശ്വാസസംഹിതകൾ ജീവിതത്തിൽ ആചരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുക നവസുവിശേഷവൽക്കരണത്തിന്റെ ആദ്ധ്യാത്മിക തലമാണ്.
- ജീവിതസാക്ഷ്യം വിശ്വാസകൈമാറ്റത്തിന്റെ സുപ്രധാനഘടകമാണ്. ദൈവാരാധനകേന്ദ്രിതമായ ജീവിതത്തിലൂടെ ഈശോയുടെ സുവിശേഷത്തിന്റെ ജീവിക്കുന്ന സാക്ഷികളായിരിക്കുവാൻ നവസുവിശേഷവൽക്കരണത്തിന്റെ ആദ്ധ്യാത്മികതലം ഓർമ്മപ്പെടുത്തുന്നു.
- വിശ്വാസരംഗം നേരിടുന്ന സമകാലികപ്രതിസന്ധികളെ യുക്തിപൂർവ്വം നേരിടാനുള്ള പരിശീലനവും ഉൾക്കാഴ്ചയും സഭാതനയർക്ക് നൽകുകയാണ് നവസുശേഷവൽക്കരണത്തിന്റെ ബൗദ്ധികതലം ലക്ഷ്യംവയ്ക്കുന്നത്. അതിനായി വിദഗ്ധസംഘത്തെ പരിശീലിപ്പിക്കുന്നതും അവരിലൂടെ സഭാപ്രബോധനങ്ങൾ നൽകുന്നതും കരണീയമാണ്. നവസുവിശേഷവൽക്കരണത്തിന് നൂതനശൈലികൾ കാലോചിതമായി കൈമാറാൻ കഴിയണം.
- വിശ്വാസം ഒരു ആഘോഷമാണ്. ആഘോഷങ്ങൾ സന്തോഷം പകരുകയും കൂട്ടായ്മ പങ്കുവയ്ക്കുകയും ചെയ്യുന്നു. വി. ഗ്രന്ഥത്തിൽ യേശുവിനെ അടുത്തറിഞ്ഞവർ ആ അറിവിനെ ആഘോഷമാക്കി മാറ്റുകയും അനേകർക്ക് പകർന്നു നൽകുകയും ചെയ്തു. ആത്മാവിലും സത്യത്തിലുമുള്ള ആനന്ദവും ആരാധനയുമായി നമ്മുടെ

ജീവിതം മാറണം. അധികാരികളുടേയും അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും വ്യക്തിപരവും സാമൂഹികവുമായ ജീവിത സാക്ഷ്യങ്ങളിലാണ് വിശ്വാസത്തിന്റെ ആനന്ദാനുഭവം പ്രകടമാക്കേണ്ടത്. ക്രിസ്ത്യാനി ആയിരിക്കുന്നതിൽ അഭിമാനിക്കുകയും ആ സന്ദേശം ജീവിതത്തിലൂടെ കൈമാറ്റം ചെയ്യപ്പെടുകയും വേണം.

- നമ്മുടെ സ്ഥാപനങ്ങളിൽ നിന്ന് പഠിച്ചിറങ്ങുന്ന മുഴുവൻ കുട്ടികളെയും സ്വാധീനിക്കാൻ പറ്റുന്ന ജീവിതദർശനവും പെരുമാറ്റരീതികളും നൽകുന്ന കാര്യത്തിൽ നാം പൂർണ്ണമായി വിജയിച്ചിട്ടില്ല.
- ഉത്തരാധുനികകാലഘട്ടത്തിൽ കുട്ടികളും യുവതലമുറയും നേരിടുന്നത് നിരവധി പ്രശ്നങ്ങളാണ്. അസ്തിത്വത്തെ സംബന്ധിക്കുന്ന സംശയങ്ങൾ, സുരക്ഷിതത്വപ്രശ്നങ്ങൾ, ഉദാത്തമാതൃകകളുടെ അഭാവം, നൈതികതയെയും ധാർമ്മികതയേയും സംബന്ധിക്കുന്ന വികലമായ ധാരണകൾ, തെറ്റായ ലൈംഗികബോധം, മദ്യവും മയക്കുമരുന്നും, തൊഴിൽരാഹിത്യം, മത്സരലോകം, വൈകാരിക സംഘർഷങ്ങൾ, അനാഥത്വം, ഉത്തരവാദിത്വപൂർണമായ മാതൃത്വത്തിന്റെയും പിതൃത്വത്തിന്റെയും അഭാവം, തകരുന്ന കുടുംബബന്ധങ്ങൾ, ശാരീരിക ആരോഗ്യത്തെയും ഭക്ഷണരീതിയെയും സംബന്ധിച്ച് തെറ്റായ ധാരണകൾ, അച്ചടക്കരാഹിത്യം, ക്രിയാത്മമായ പ്രതികരണശേഷിയില്ലായ്മ, അനുകരണഭ്രമം, അമിതപഠനഭാരം, അമിതപ്രതീക്ഷ നൽകുന്ന സമ്മർദ്ദം, ജീവിതപരിശീലനത്തിന്റെ അഭാവം തുടങ്ങി നിരവധി പ്രശ്നങ്ങൾ നമ്മുടെ കുട്ടികളും യുവതലമുറയും നേരിട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസസ്ഥാപനത്തിലെ മൂല്യാധിഷ്ഠിതവിദ്യാഭ്യാസത്തിന് ഇവയ്ക്കെല്ലാം പരിഹാരം നിർദ്ദേശിക്കുവാൻ കഴിയുന്നില്ല.
- Counselling, Career Club, സന്നദ്ധസംഘടനകൾ ഇവയിലൂടെയും, സെമിനാറുകൾ, ധ്യാനങ്ങൾ, ക്ലാസ്സുകൾ, നല്ല അദ്ധ്യാപകരുടെ പ്രചോദനം, മാതൃക തുടങ്ങിയവയിലൂടെയും ഒരു പരിധിവരെ പ്രശ്നങ്ങളെ നേരിടാനാവും. എന്നാൽ അതിനായി പ്രത്യേകമായ സമർപ്പണബുദ്ധിയും ആത്മാർത്ഥതയും അദ്ധ്യാപകർക്കുണ്ടാവണം.
- ന്യൂനപക്ഷസ്ഥാപത്തിൽ ജോലിചെയ്യുമ്പോൾ ഇന്ത്യൻ ഭരണഘടന ഉറപ്പുതരുന്ന ന്യൂനപക്ഷ അവകാശങ്ങളെ അഭിമാനമായി കാണാൻ നമുക്ക് കഴിയണം. അവ നേടിയെടുക്കേണ്ടതും നിലനിർത്തേണ്ടതും നമ്മുടെ ഉത്തരവാദിത്വമാണ്. സമകാലികസാമൂഹികപശ്ചാത്തലത്തിൽ അദ്ധ്യാപകരും നിരവധി സമ്മർദ്ദങ്ങളിൽ അകപ്പെട്ടുപോകുന്നു. നമ്മുടെ വിശ്വാസം നമ്മുടെതന്നെ ജീവിതത്തെ പരിവർത്തനപ്പെടുത്തുന്നതും മറ്റുള്ളവർക്ക് വിശ്വാസം പകരുന്നതുമാവണം. എന്നാൽ ഉപരിപ്ലവമായ വിശ്വാസജീവിതത്തിന്റെ

അപകടങ്ങൾ തിരിച്ചറിയണം. അദ്ധ്യാപകർ തങ്ങളുടെ ഉത്തരവാദിത്വങ്ങളോട് വിശ്വസ്തത പുലർത്തുകയും, മനഃസാക്ഷിയുടെ സ്വരമനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നതാണ് ഏറ്റവും വലിയ ജീവിതസാക്ഷ്യം.

- അച്ചടക്കബോധവും ക്രിയാത്മക ചിന്തകളും അദ്ധ്യാപകരുടെ മുഖമുദ്രയാകണം.
- മതബോധനവും സന്മാർഗ്ഗശാസ്ത്രവും പഠിപ്പിക്കുന്നതിനുള്ള ന്യൂനപക്ഷവകാശങ്ങൾ നിർബന്ധമായും പ്രയോജനപ്പെടുത്തുക.
- മാതാപിതാക്കൾക്കും, അദ്ധ്യാപകർക്കും ഓറിയന്റേഷൻ കോഴ്സ് നടത്തുക.
- വിശ്വാസവും ധാർമ്മികമൂല്യങ്ങളുമുള്ളവരെ അദ്ധ്യാപകരായി കണ്ടെത്തുക.
- അദ്ധ്യാപകരുടെയിടയിലെ ഈഗോയും നിക്ഷിപ്തതാല്പര്യങ്ങളും ഗ്രൂപ്പിസവും കലാലയങ്ങളിൽ മുളച്ചുപൊന്താതെ അധികാരികൾ ശ്രദ്ധിക്കുക.
- പള്ളിയോടനുബന്ധിച്ച് പള്ളിക്കൂടം എന്ന ആദ്യകാലക്രൈസ്തവാശയം ദൈവോന്മുഖമായ വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് വിരൽചൂണ്ടുന്നു.
- വി. കുർബാനയും കുമ്പസാരവും മാസത്തിലൊരിക്കലെങ്കിലും നടത്തണം. എല്ലാ കത്തോലിക്കാ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അതിൽ പങ്കെടുക്കാൻ സൗകര്യമൊരുക്കണം.
- കലാ-കായികസാഹിത്യരംഗങ്ങളിൽ ക്രിസ്തീയമൂല്യങ്ങൾ സംരക്ഷിക്കപ്പെടണം.
- സ്ഥാപനങ്ങളിൽ സ്വർഗ്ഗീയമദ്ധ്യസ്ഥന്റെ നാമഹേതുകതിരുനാൾ ആഘോഷിക്കുന്നത് അഭിലഷണീയമാണ്.
- ജീസസ് യൂത്ത്, സി.എസ്.എം, കെ.സി.വൈ.എം. പോലെയുള്ള സംഘടനകൾ സജീവമാക്കുക.
- സേവനതാല്പര്യം വർദ്ധിപ്പിക്കുന്ന സംഘടനകൾ ആരംഭിക്കുക.
- മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരായി വിജിലൻസ് സെൽ ആരംഭിക്കുക.
- ലൈംഗികവിദ്യാഭ്യാസം, മാധ്യമാവബോധം എന്നിവ വിദ്യാർത്ഥികൾക്ക് നൽകുക.
- സാമ്പത്തികപരാധീനതയുള്ള വിദ്യാർത്ഥികളെ സഹായിക്കാൻ പ്രത്യേകപദ്ധതി ആവിഷ്കരിക്കുക.
- അദ്ധ്യാപകർ തമ്മിലും അദ്ധ്യാപകരും കുട്ടികളും തമ്മിലും സൗഹൃദാന്തരീക്ഷം നിലനിർത്തുക.

- വിദ്യാർത്ഥികളെ വ്യക്തിപരമായി അറിയുക.
- കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തുക.
- സ്ഥാപനങ്ങളുടെ സാമ്പത്തിക ഇടപാടുകൾ സുതാര്യമാക്കുക.
- അദ്ധ്യാപകർ മാതൃകാജീവിതം നയിക്കുക.
- ഉപഭോഗസംസ്ക്കാരത്തിനും, ഭൗതികജീവിതത്തിനും അദ്ധ്യാപകർ അടിമപ്പെടാതിരിക്കുക.
- പൂർവ്വവിദ്യാർത്ഥികളെയും അദ്ധ്യാപകരേയും ഉൾക്കൊള്ളിച്ച് സംഘടനകൾ രൂപികരിച്ച് കൂട്ടായ്മ വർദ്ധിപ്പിക്കുക. സങ്കുചിത രാഷ്ട്രീയപ്രവർത്തനം പ്രോത്സാഹിപ്പിക്കാതിരിക്കുക.
- കാലാകാലങ്ങളിൽ സമൂഹത്തിൽ ഉണ്ടാകുന്ന വിവിധ സംഭവങ്ങളോട്, സാമൂഹികതിന്മകളോട് ക്രിയാത്മകമായി പ്രതികരിക്കാൻ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും പര്യാപ്തരാക്കുക.
- ക്രൈസ്തവമൂല്യങ്ങളിൽ വന്നിട്ടുള്ള വീഴ്ചകൾ നിലവാരത്തകർച്ച അദ്ധ്യാപകരുടെ അർപ്പണബോധക്കുറവ്, ലാഭേച്ഛയോടുകൂടിയ വിദ്യാഭ്യാസപ്രവർത്തനങ്ങൾ, സുതാര്യത ഇല്ലായ്മ, കിടമത്സരം, ഗുരുശിഷ്യബന്ധത്തിലെ അകൽച്ച, അമിതമായ ഫീസ്, ഡൊണേഷൻ തുടങ്ങിയ വിഷയങ്ങൾ ചർച്ചകൾക്ക് വിധേയമാക്കി വേണ്ട പരിഹാരംകണ്ടെത്തുക.
- കലാലയങ്ങളിൽ കുടുംബാന്തരീക്ഷം നിലനിർത്താൻ ശ്രദ്ധിക്കണം. എല്ലാ അംഗങ്ങളെയും ഒരുമിച്ചു കൂട്ടിയുള്ള സ്റ്റാഫ് മീറ്റിംഗുകൾ മാസത്തിലൊന്നെങ്കിലും കൂടുകയും പാഠ്യപാഠ്യേതരപ്രവർത്തനങ്ങളിൽ ഒന്നുചേർന്ന് പ്രവർത്തിക്കുകയും വേണം. അദ്ധ്യാപകരും അനദ്ധ്യാപകരും തമ്മിൽ നല്ല ബന്ധം ഉണ്ടാവണം.
- വിദ്യാർത്ഥികളുടെ പ്രശ്നങ്ങളിൽ ഇടപെടുമ്പോൾ അദ്ധ്യാപകർ ഔചിത്യബോധവും ദീർഘവീക്ഷണവും പ്രകടിപ്പിക്കണം.
- ഓരോ അദ്ധ്യാപകന്റെയും നേട്ടങ്ങളെ പ്രോത്സാഹിപ്പിക്കുകയും, അവർക്ക് വളരാനുള്ള അവസരങ്ങൾ ഒരുക്കിക്കൊടുക്കുകയും വേണം. അദ്ധ്യാപകരുടെ ജന്മദിനം, മറ്റ് വിശേഷദിനങ്ങൾ എന്നിവ ഡിപ്പാർട്ടുമെന്റുകളിൽ ചെറിയ തോതിൽ ആഘോഷിക്കുന്നത് കൂട്ടായ്മ വളർത്തും. ഇടയ്ക്കിടെ സഹപ്രവർത്തകരുടെ വീടുകൾ സന്ദർശിക്കുക, കുടുംബവുമായി നല്ല ബന്ധം പുലർത്തുക എന്നിവയും നല്ലതാണ്. കുറവുകൾ പരിഹരിക്കാൻ വ്യക്തിയുമായി നേരിട്ട് സംസാരിക്കുന്നതാണ് അഭികാമ്യം. ആഴ്ചയിലൊരിക്കലോ മാസത്തിലൊരിക്കലോ എല്ലാ അദ്ധ്യാപകരും ഒരുമിച്ചുള്ള ചെറിയ പ്രാർത്ഥനാകൂട്ടായ്മയും ഒരു കത്തോലിക്കാസ്ഥാപനത്തിൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ക്രിസ്തീയവിശ്വാസത്തിന്റെ ലക്ഷ്യം അറിയുകയും അത് സാക്ഷാത്ക്കരിക്കുകയും ചെയ്യുന്ന

തിൽ മാനേജ്മെന്റും അദ്ധ്യാപകരും ഉപേക്ഷ വിചാരിക്കരുത്. അദ്ധ്യാപനത്തെ പ്രേഷിതശുശ്രൂഷയായി കാണുക.

- ക്രിസ്ത്വാനുഭവം ഒരുവന് നേടിത്തരുന്നതും അത് അപരനിലേയ്ക്ക് പകർന്നു നൽകാൻ സഹായിക്കുന്നതും പരിശുദ്ധാത്മിന്റെ കൃപയാലാണ്. പരിശുദ്ധത്രിത്വത്തിലുള്ള വിശ്വാസം, വി. കുർബ്ബാന കേന്ദ്രീകൃതമായ ജീവിതം, ആരാധനയിലും പ്രാർത്ഥനകളിലുമുള്ള സജീവ പങ്കാളിത്തം എന്നിവയെല്ലാം പരിശുദ്ധാത്മാവിന്റെ പ്രത്യേകവരദാനങ്ങളായി നാം തിരിച്ചറിയണം. അതുപോലെ, സഭയോടുള്ള വിധേയത്വം, സഭാപാരമ്പര്യങ്ങളിലും പഠനങ്ങളിലുമുള്ള വിശ്വാസം, അതിലുള്ള ബോദ്ധ്യങ്ങൾ ഇവയെല്ലാം പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായാണ് ഒരുവന് ലഭിക്കുക.
- മറ്റു മതസ്ഥരേക്കാളും, നവസുവിശേഷവൽക്കരണം ഓരോ ക്രിസ്ത്യാനിക്കും നവ്യമായ ഒരനുഭവമാവണം. ഈശോയെയും സഭയേയും കൂടുതലായി മനസ്സിലാക്കാനുള്ള അവസരമായി ഇതിനെ മാറ്റുകയും സ്വന്തം ജീവിതത്തെ മാതൃകാപരമാക്കി തീർക്കുകയും വേണം. പരസ്പരം മനസ്സിലാക്കാനും, സഹജീവി സ്നേഹം പുലർത്താനും, മറ്റുള്ളവരുടെ വേദനയിൽ പങ്കുകൊള്ളാനും, അനീതി-അക്രമം എന്നിവയിൽ ഒരിക്കലും ഉൾപ്പെടാതിരിക്കുവാനും ശ്രമിക്കണം. ഇതിനായി ആഴമായ മതപഠനവും വിശ്വാസബോധ്യങ്ങളും മനുഷ്യത്വമുള്ള ജീവിതശൈലിയും വേണം. മനസ്സാക്ഷിയെ ശരിയായി പരിശീലിപ്പിക്കുക, മൂല്യാധിഷ്ഠിതവിദ്യാഭ്യാസം ലഭ്യമാക്കുക, കുടുംബബന്ധങ്ങൾ കൂടുതൽ കെട്ടുറപ്പുള്ളതാക്കുക, തുടങ്ങിയവയിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്.
- സർക്കാർതലത്തിലോ, യൂണിവേഴ്സിറ്റി തലത്തിലോ മുൻകൈയ്യെടുത്ത് നടപ്പിലാക്കാൻ സാധിക്കാത്ത ഒരു വസ്തുതയാണ് മൂല്യാധിഷ്ഠിതവിദ്യാഭ്യാസം. വിദ്യാഭ്യാസത്തിന്റെ യഥാർത്ഥലക്ഷ്യങ്ങൾ കുട്ടികൾക്ക് തിരിച്ചറിയാൻ സാധിക്കണം. അറിവിന്റെ പൂർണ്ണതയിൽ അഹങ്കരിക്കാനല്ല, മറിച്ച, സ്നേഹത്തിന്റെയും, സമാധാനത്തിന്റെയും, സന്തോഷത്തിന്റെയും, നിറവിലേയ്ക്കാണ് വിദ്യാഭ്യാസം ലക്ഷ്യം വയ്ക്കുന്നതെന്ന് അവർ മനസ്സിലാക്കണം. ബുദ്ധി വികസിക്കുന്നതോടൊപ്പം അറിവിന്റെ ശകലങ്ങൾ ഹൃദയത്തിൽ സ്വന്തമാക്കി പരസ്നേഹത്തിന്റെയും, മനുഷ്യത്വത്തിന്റെയും, മൂല്യബോധത്തിന്റെയും വക്താക്കളായി മാറാൻ വിദ്യാഭ്യാസംകൊണ്ട് ഒരുവന് സാധിക്കണം. നാനാജാതിമതസ്ഥർ ഒരുമിച്ചു പഠിക്കുമ്പോൾ നിശ്ചയമായും, സാംസ്ക്കാരികവും, മൂല്യാധിഷ്ഠിതമായ ഒരു പഠന സമ്പ്രദായം ഏകീകരിക്കപ്പെടേണ്ടതാണ്.

- വിശ്വാസജീവിതവും, വിശ്വാസതീക്ഷണതയുമെല്ലാം കൈമാറ്റം ചെയ്യാൻ തികഞ്ഞ ആദ്ധ്യാത്മികമൂല്യങ്ങൾ അദ്ധ്യാപകർ പരിശീലിക്കണം. അദ്ധ്യാപനം തന്റെ ജോലി മാത്രമല്ല മറിച്ച് അത് തന്നിലേൽപ്പിക്കപ്പെട്ടിരിക്കുന്ന കർമ്മമായി കാണാൻ പരിശ്രമിക്കണം.
- അദ്ധ്യാപനത്തിന്റെ മഹനീയലക്ഷ്യങ്ങൾ തിരിച്ചറിഞ്ഞ് കുട്ടികളെ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും, സഹവർത്തിത്വത്തിന്റെയും ഉദാത്തഭാവങ്ങളാക്കി രൂപപ്പെടുത്താൻ സമകാലികസാഹചര്യങ്ങളിൽ അദ്ധ്യാപകർക്ക് കഴിയുന്നുണ്ടോ എന്നത് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ട ഒരു കാര്യമാണ്.
- അകത്തോലിക്കാവിദ്യാർത്ഥികൾക്ക് സന്മാർഗ്ഗജീവിതവും സാമൂഹികപ്രതിബദ്ധതയും കേന്ദ്രീകരിച്ചും കത്തോലിക്കാവിദ്യാർത്ഥികൾക്ക് ക്രിസ്തുപ്രബോധനങ്ങളും, സഭാപഠനങ്ങളും സാമൂഹിക പ്രതിബദ്ധതയും കേന്ദ്രീകരിച്ചും പുസ്തകങ്ങൾ തയ്യാറാക്കുക.
- വാർഷികധ്യാനങ്ങൾ കൂടുതൽ തീക്ഷണമാക്കുക. കഴിയുമെങ്കിൽ ഒരു ടീം രൂപികരിച്ച് ധ്യാനങ്ങൾ ഏകീകരിക്കുക.
- അദ്ധ്യാപകരുടെ വിശ്വാസജീവിതവും ആദ്ധ്യാത്മികമൂല്യങ്ങളും ഉറപ്പുവരുത്തുക. അതിനായി നല്ല പരിശീലനപരിപാടികൾ സംഘടിപ്പിക്കുക. വിചിന്തനത്തിനുള്ള അവസരമൊരുക്കുക.
- രാഷ്ട്രീയയുവജനപ്രസ്ഥാനങ്ങളിലുള്ള വിദ്യാർത്ഥികളുടെ ഭാഗഭാഗിത്വം പരിശോധിക്കേണ്ടതാണ്.
- യുവജനപ്രസ്ഥാനങ്ങളിൽ, പ്രത്യേകിച്ചും കത്തോലിക്കാ സംഘടനകളായ കെ.സി.വൈ.എം, ജീസസ് യൂത്ത് പ്രസ്ഥാനങ്ങളിൽ നേതൃത്വം വഹിക്കുന്നവരുടെ മൂല്യാധിഷ്ഠിതജീവിതവും ഉദ്ദേശശുദ്ധിയും ഉറപ്പുവരുത്തുക. തീക്ഷണതയുള്ള നേതൃത്വത്തിനുമാത്രമേ ഫലവത്തായ പുതിയ പ്രവർത്തനമേഖലകളിൽ പ്രശോഭിക്കാനാവൂ.
- പ്ലസ്ടു വരെയുള്ള കുട്ടികളുടെ വേദപാഠപഠനം നിർബന്ധമാക്കുക. കോച്ചിംഗ് ക്ലാസ്സുകളിൽ ഞായാറാഴ്ചകളിൽ പങ്കെടുക്കുന്ന കുട്ടികൾക്കായി സമാന്തരവേദപാഠപഠനപദ്ധതി നടപ്പിലാക്കണം.
- കത്തോലിക്കാവിദ്യാർത്ഥികളുടെ ഒരു ഡേറ്റാ നിർബന്ധമായും സ്ഥാപനങ്ങളിൽ പ്രത്യേകം സൂക്ഷിക്കണം. കുട്ടികളുടെ മാതൃഇടവകയുമായി സമ്പർക്കം പുലർത്താൻ ഇത് സഹായിക്കും.
- YOUCAT, CCC തുടങ്ങിയ തിരുസഭാപ്രബോധനങ്ങൾ അദ്ധ്യാപകർക്കും കുട്ടികൾക്കും പരിചയപ്പെടുത്തുക.
- അദ്ധ്യാപകർ ക്ലാസ്സ്റൂമിൽ പഠിപ്പിക്കുന്നതിനൊടൊപ്പം തന്നെ വിശ്വാസം കുട്ടികൾക്ക് പകർന്നു നൽകണം.
- കുട്ടികൾക്ക് നല്കുന്ന ധ്യാനങ്ങളിൽ തിരുസഭയുടെ പ്രബോധന

ങ്ങളും ഉൾപ്പെടുത്തുകയും വേണം.

- തിരുസഭാപഠനങ്ങളേക്കുറിച്ച് കുട്ടികളുടെ ഇടയിൽ ചർച്ച നടത്തുക.
- കുട്ടികൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഇടയ്ക്കിടെ രൂപതാദ്ധ്യാക്ഷൻ സർക്കുലറായി വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അറിയിക്കുക.
- തിരുസഭയുടെ പ്രബോധനങ്ങളിലൂടെ ലഭിക്കുന്ന ബൗദ്ധിക വിജ്ഞാനം ജീവിതത്തിൽ പ്രാവർത്തികമാക്കുകയും മനോഭാവത്തിലും ചിന്തയിലും വാക്കിലും മാറ്റം വരുത്തുകയും ചെയ്യേണ്ടതാണ്.
- കുട്ടികളിൽ പോസിറ്റീവ് കാഴ്ചപ്പാട് രൂപപ്പെടാനുതകുന്ന രീതിയിൽ അദ്ധ്യാപകർ കുട്ടികൾക്ക് മൂല്യങ്ങൾ പകർന്നു നൽകണം.
- അദ്ധ്യാപകർ വിശ്വസിക്കുന്നതിന്റെ സന്തോഷം തന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും പ്രകടിപ്പിക്കണം.
- അദ്ധ്യാപകർ വിദ്യാർത്ഥികൾക്ക് ഭവനസന്ദർശനത്തിനുള്ള അവസരങ്ങൾ നല്കുക, പാവങ്ങളെ സഹായിക്കുന്ന പാഠ്യേതരപ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാക്കുക.
- കുട്ടികളുടെ ജീവിതപ്രശ്നങ്ങളെ വിശ്വാസധിഷ്ഠിതമായി നേരിടുന്നതിനുള്ള ശക്തി വിശ്വാസാധിഷ്ഠിതമായ ബോധനത്തിലൂടെയും ചർച്ചകളിലൂടെയും ക്ലാസുകളിൽ ഉറപ്പുവരുത്തുക.
- ആരോഗ്യസംരക്ഷണത്തിന്റെ ആവശ്യകതയും എക്കോ-ഫ്രണ്ട്ലി പരിതസ്ഥിതിയും വളർത്തിയെടുക്കുവാൻ ഉതകുന്ന രീതിയിൽ പരിശീലനം ആസൂത്രണം ചെയ്യുക.
- മൂല്യാധിഷ്ഠിതവിദ്യാഭ്യാസം വെറുമൊരു പഠനവിഷയം മാത്രമായി ഒതുങ്ങാതെ ശ്രദ്ധിക്കുക.
- ആധുനികതലമുറയിലെ വിദ്യാർത്ഥികൾ നേരിടുന്ന സമകാലീന പ്രശ്നങ്ങളായ അന്ധവിശ്വാസം, മയക്കുമരുന്ന്, മുതലായവയിൽ വിദ്യാർത്ഥികൾ ഉൾപ്പെടാതിരിക്കാൻ അദ്ധ്യാപകർ നതാന്ത ജാഗ്രത പുലർത്തണം. ഇതിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് ആവശ്യമായ കൗൺസിലിംഗ് നല്കണം.
- അദ്ധ്യാപകർ വിശ്വാസപരിശീലനത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് വിശ്വാസപരിശീലനത്തിൽ പങ്കെടുക്കണം.
- സഭാപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും പൊതുസ്ഥലങ്ങളിലും മറ്റ് മതസ്ഥരോടും സഭാപ്രവർത്തനങ്ങളെക്കുറിച്ച് പരസ്യമായി കുറ്റപ്പെടുത്താതിരിക്കുകയും ചെയ്യുക.
- അടിസ്ഥാനവിശ്വാസത്തിൽ മാത്രം ഒതുങ്ങാതെ സ്ഥാപനത്തോടും സഭയോടും ചേർന്ന് പ്രവർത്തിക്കുക.

- സഹപ്രവർത്തകരുടെ ഇടയിൽ സാഹോദര്യം ഉണ്ടാകണം. സഹ പ്രവർത്തകരുടെ ഉയർച്ചയിലും തളർച്ചയിലും അദ്ധ്യാപകർ താങ്ങും തണലും നൽകണം.
- സ്ഥാപനത്തിൽ ഭയത്തിന്റെയും ആശങ്കയുടേയും അന്തരീക്ഷം മാറണം. സ്ഥാപനത്തിൽ വരുന്നവരോട് ഹൃദയമായി പെരുമാറണം.
- വിശ്വസിക്കുന്നതിന്റെ സന്തോഷം വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നുണ്ട്. ദൈവത്തിനുള്ള പരിപൂർണ്ണസമർപ്പ ണവും അവിടുന്നിലുള്ള പരിപൂർണ്ണ ആശ്രയവും ഒരുവനിൽ നിറ യ്ക്കുന്ന ആനന്ദത്തിന്റെ അനുഭൂതി കുരുന്നു മനസ്സുകളിൽ സംജാ തമാക്കുവാൻ അധികാരികളും അദ്ധ്യാപകരും ശ്രദ്ധിക്കുന്നുണ്ട്. ദൈവം തരുന്ന എണ്ണമറ്റ അനുഗ്രഹങ്ങൾക്ക് നന്ദിയേകി സന്തോ ഷപൂർണ്ണമായ ജീവിതം നയിക്കുന്നതിൽ മാതൃകയാകുന്ന ഇവർ കുട്ടികൾക്ക് കിട്ടുന്ന ദൈവാനുഗ്രഹങ്ങളെ കണ്ടറിയുന്നതിനും അവയ്ക്ക് നന്ദിയേകി ദൈവാനുഭവത്തിൽ അടിയുറയ്ക്കുന്നതിനും പ്രോത്സാഹനം നൽകുന്നു. ഇതിനുള്ള പ്രധാനവേദികൾ താഴെ ചേർക്കുന്നു.
    - വിശുദ്ധരുടെ തിരുനാളാഘോഷങ്ങൾ.
    - സൊഡാലിറ്റി, കെ.സി.എസ്.എൽ തുടങ്ങിയ സംഘടനകൾ.
    - കൗൺസിലിംഗ്, ഭവനസന്ദർശനം.
    - വാർഷികധ്യാനം, കുട്ടികൾക്കും രക്ഷിതാക്കൾക്കും നടത്തുന്ന സെമിനാറുകൾ.
    - വിസീത്തകൾ, ജപമാലപ്രദക്ഷിണം.
    - വി. ഗ്രന്ഥവായനയ്ക്ക് പ്രോത്സാഹനവും, പരിശീലനവും.
    - തനിച്ചും സമൂഹമായും പ്രാർത്ഥിക്കുന്നതിന് സ്കൂളുകളിൽ സജ്ജീകരിച്ചിരിക്കുന്ന പ്രാർത്ഥനാമുറി.
    - കൊന്തനമസ്ക്കാരം.
    - ഓരോ ക്ലാസ്സും ആരംഭിക്കുന്നതിനു മുമ്പായി നടത്തുന്ന പ്രാർത്ഥന.
    - വിശുദ്ധരുടെ ചിത്രങ്ങൾ, ഇതര ക്രൈസ്തവപ്രസിദ്ധീകരണ ങ്ങൾ ഇവയുടെ വിതരണം.
- വൈജ്ഞാനികശിക്ഷണവും വിശ്വാസപരിശീലനവും വ്യക്തിത്വവി കസനസാധ്യതകളും ഉൾക്കൊള്ളുന്ന, നമ്മുടെ വിദ്യാഭ്യാസസ്ഥാ പനങ്ങളിലെ മൂല്യാധിഷ്ഠിതവിദ്യാഭ്യാസത്തിന് കുട്ടികളും യുവത ലമുറയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഒരു പരിധിവരെ സാധിക്കുന്നുണ്ട്. കൗൺസിലിംഗ്, സെമിനാറുകൾ, ഭക്തസംഘടനകളുടെ കാര്യക്ഷമമായ പ്രവർത്തനം തുടങ്ങിയവയും

ഇതിന് സഹായകമാണ്. എന്നാൽ മാധ്യമങ്ങളുടെ സ്വാധീനം, തകർന്ന കുടുംബാന്തരീക്ഷം, മോശമായ കൂട്ടുകെട്ട്, മതപരമായ കാര്യങ്ങളിലുള്ള താല്പര്യക്കുറവ്, തൊഴിലധിഷ്ഠിതവിദ്യഭ്യാസ ത്തിന് നൽകുന്ന അമിതപ്രധാന്യം ഇവ ലക്ഷ്യപ്രാപ്തിയെ നിഷേ ധാത്മകമായി സ്വാധീനിക്കുന്നുണ്ട്.

- നല്ലൊരു വിഭാഗം അദ്ധ്യാപകരും വിശ്വാസജീവിതം നയിക്കുന്നവരും കുട്ടികളിലേയ്ക്ക് അത് കൈമാറ്റം ചെയ്യുന്നവരുമാണ്. എന്നാൽ, ഏതാനും ചിലരുടെ ജീവിതസാക്ഷ്യം വിശ്വാസജീവിത്തെ തകർക്കുന്നു. മദ്യപാനം, പുകവലി, മോശമായ സംസാരം, പ്രവർത്തനം, വസ്ത്രധാരണം തുടങ്ങിയവയൊക്കെ എതിർ സാക്ഷ്യം നൽകുന്നു. കുട്ടികൾ അനുകരണഭ്രമമുള്ളവരാണ്. ചില സന്ദർഭങ്ങളിൽ മാതാപിതാക്കളേക്കാൾ അവരെ സ്വാധീനിക്കുന്നത് അദ്ധ്യാപകരാണ്. കുട്ടികളുടെ സ്വാഭാവരൂപവത്കരണത്തിന് എല്ലാ അദ്ധ്യാപകരും വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. അടിയുറച്ച മൂല്യ ബോധം നൽകാൻ സാധിക്കാത്തതിനാൽ കുട്ടികൾ പലപ്പോഴും മാധ്യമങ്ങളുടെ സ്വാധീനവലയത്തിൽപെടുന്നു. അർപ്പണമനോഭാവ മുള്ള അദ്ധ്യാപകർക്കേ കുട്ടികളെ പൂർണ്ണമായി അറിയാനും അവരെ നേർവഴിക്ക് നയിക്കാനും സാധിക്കു.
- ബൗദ്ധികമായ അറിവിന്റെ ഫലപൂർണ്ണതയ്ക്ക് ഏറ്റവും ആവശ്യമാ യിരിക്കുന്ന വിശ്വാസത്തിന്റെ സജീവതയെക്കുറിച്ചുള്ള ബോധ്യ ത്തിൽ ആഴപ്പെടുത്തുക.
- വ്യക്തിജീവിതത്തിലെ ദൈവാനുഗ്രഹത്തിന്റെ സവിശേഷനിമിഷ ങ്ങളെ തിരിച്ചറിയാനും പങ്കുവയ്ക്കാനും പ്രോത്സാഹനം നൽകുക.
- കൂദാശാധിഷ്ഠിതജീവിതത്തിന്റെ ധന്യതയെ കുട്ടികൾക്ക് അനുഭവ പരമാക്കുക.
- മാസത്തിലൊരിക്കലെങ്കിലും സ്കൂൾ-കോളേജ് തലങ്ങളിൽ കുമ്പ സാരിക്കുവാനും കുർബാനയിൽ പങ്കുചേരുവാനും അവസരം നൽകുക.
- ജീവിതപ്രശ്നങ്ങളെയും പ്രതിസന്ധികളെയും ഫലപ്രദമായി കൈകാര്യം ചെയ്യാനുതകുന്ന രീതിയിൽ മൂല്യാധിഷ്ഠിത വിദ്യാ ഭ്യാസം ക്രമപ്പെടുത്തണം. മൂല്യവിശകലനം, പരിണിതഫലങ്ങളുടെ കണ്ടെത്തൽ, മൂല്യവൽക്കരണം, മൂല്യമുൻഗണനാക്രമം എന്നി വയ്ക്ക് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രത്യേക പരിശീലനം നൽകണം.

# VI. ആതുര-പരസ്നേഹ ശുശ്രൂഷാരംഗങ്ങൾ

**(ആശുപത്രികൾ, നേഴ്സിംഗ് കോളേജുകൾ, നേഴ്സിംഗ് സ്കൂളുകൾ, വിൻസെന്റ് ഡി പോൾ സൊസൈറ്റി, ഫ്രാൻസിസ്കൻ അത്മായസമൂഹം, അസോസിയേഷൻ ഓഫ് കാത്തലിക് കെയർ ഹോംസ് (ACCH) തുടങ്ങിയ തലങ്ങളിൽനിന്ന് ലഭിച്ചവ)**

- ജീവൻ ദൈവത്തിന്റെ ദാനമാണെന്നും അത് നശിപ്പിക്കാൻ ആർക്കും അവകാശമില്ലെന്നും ബോദ്ധ്യമാക്കിക്കൊടുക്കുക.
- ആതുരശുശ്രൂഷാരംഗത്തുള്ളവരെ പ്രഥമവും പ്രധാനവുമായി ദൈവ വിശ്വാസത്തിൽ ഉറപ്പിക്കണം. ആതുരശുശ്രൂഷചെയ്യുന്നവർ ഈ ശുശ്രൂഷയുടെ മഹത്വം മനസ്സിലാക്കി വിശ്വാസത്തിലും പരസ്നേഹത്തിലും ജീവിച്ച് പ്രാർത്ഥനയിൽ വളർന്ന് ദൈവത്തിന്റെ ജീവിക്കുന്ന അടയാളങ്ങളായി കത്തിജ്വലിക്കണം.
- പ്രോലൈഫ് മൂവ്മെന്റ് ശക്തിപ്പെടുത്തുക. കുട്ടികളുടെ നേരെയുള്ള അതിക്രമങ്ങൾ തടയുക.
- അബോർഷൻ, ലിംഗനിർണ്ണയം എന്നിവ പാപമാണെന്ന് പഠിപ്പിക്കുകയും കത്തോലിക്കാസ്ഥാപനങ്ങളിൽ ഇവ കർശനമായും നിരോധിക്കുകയും ചെയ്യുക.
- അംഗസംഖ്യ കൂടുതലുള്ള കുടുംബങ്ങളെ ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- മനുഷ്യജീവന്റെ മാഹാത്മ്യത്തെ വിശദമാക്കുന്ന ലീഫ്ലെറ്റ്, സി. ഡി തുടങ്ങിയവ പ്രചരിപ്പിക്കുക.
- ഹോസ്പിറ്റൽ ഒ.പി, വാർഡുകൾ എന്നിവയിലൊക്കെ ഇതിനുതകുന്ന പരസ്യങ്ങൾ, ദൃശ്യശ്രവണമാദ്ധ്യമങ്ങൾ ഉപയോഗിച്ചുനൽകുക.
- മക്കൾ ദൈവത്തിന്റെ ദാനമാണെന്നും ജനനം മുതൽ മരണംവരെ മനുഷ്യജീവനെ ആദരിക്കുകയും ബഹുമാനിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതാണെന്നു ബോദ്ധ്യപ്പെടുത്തുക.
- മനുഷ്യജീവന്റെ ശ്രേഷ്ഠതയെ വെളിവാക്കുന്ന ദൈവവചനങ്ങൾ

പഠിപ്പിക്കുക.

- ഫാമിലി കൗൺസിലിംഗ്, സെമിനാർ, സ്കിറ്റ് എന്നിവവഴി കുട്ടികൾക്കും മുതിർന്നവർക്കും മാതാപിതാക്കൾക്കും ജീവന്റെ മൂല്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക.
- Antinatal Counselling ലൂടെ ഗർഭിണികളായ സ്ത്രീകളെ ജീവന്റെ മൂല്യങ്ങളെക്കുറിച്ച് ബോദ്ധ്യമുള്ളവരാക്കുക.
- കൗൺസിലിംഗിലൂടെ മദ്യപാനം മയക്കുമരുന്ന് മുതലായവയ്ക്ക് അടിമപ്പെട്ടവരെ ബോധവൽക്കരിക്കുക.
- പാസ്റ്ററൽ care-ലൂടെ രോഗികളായി ആശുപത്രിയിൽ കിടക്കുന്നവർക്ക് ആത്മീയസഹായം ചെയ്തുകൊടുക്കുക. (വി.കുർബ്ബാന, കുമ്പസാരം, രോഗീലേപനം, etc....)
- നിരവധി പ്രാർത്ഥനാകൂട്ടായ്മകൾ സംഘടിപ്പിക്കുക. ആതുരശുശ്രൂഷാരംഗത്തുള്ളവർ ധാർമ്മികമൂല്യങ്ങൾ നിലനിർത്തിക്കൊണ്ട് ജോലിയിൽ ഏർപ്പെടുക. ജീവന്റെ മൂല്യത്തെക്കുറിച്ച് അവബോധമുള്ളവരായി ത്യാഗബദ്ധതയോടെ ജോലിയിൽ ഏർപ്പെടുക.
- വൃദ്ധമന്ദിരങ്ങൾ, പാലിയേറ്റീവ് കെയർസെന്ററുകൾ എന്നിവിടങ്ങളിൽ ഏത്തുന്നവർക്ക് സ്നേഹം, കാരുണ്യം, ദയ, വിശ്വാസം, സമാധാനം എന്നിവ പകർന്നുകൊടുക്കുന്നതുവഴി ദൈവത്തെ നേരിട്ടനുഭവിക്കുവാൻ കഴിയും. അതിനാൽ അവരുടെ ഏതാവശ്യങ്ങളിലും അവരെ സഹായിക്കുക.
- രോഗികളോട് സ്നേഹപൂർവ്വം പെരുമാറുക, അവരെ കേൾക്കുന്നവരായിരിക്കുക, അവരുടെ ജീവിതത്തിന്റെ അവസാനനിമിഷങ്ങൾ പരമാവധിസന്തോഷപൂർണ്ണമാക്കാൻ ശ്രദ്ധിക്കുക, ജാതിമതഭേദമെന്യേ എല്ലാവർക്കും തുല്യതനൽകി ശുശ്രൂഷചെയ്യുക, രോഗികൾക്ക് കുർബ്ബാന, കുമ്പസാരം, കൗൺസിലിംഗ് എന്നിവയ്ക്ക് സൗകര്യം ഒരുക്കുക, സഹനത്തിന്റെ മൂല്യം അവർക്ക് മനസ്സിലാക്കി കൊടുക്കുക, ഇല്ലായ്മകളെക്കുറിച്ച് പരാതിപ്പെടാതെ ദൈവം കനിഞ്ഞുനൽകിയ അനുഗ്രഹങ്ങളെ ഓർത്ത് നന്ദിപറയുവാൻ അവരെ പ്രാപ്തരാക്കുക, നിരാശയിൽ നിപതിക്കാതെ മക്കളെയും സമൂഹത്തെയും പഴിക്കാതെ അവർക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ, മക്കളോട് ക്ഷമിക്കുവാൻ അവരെ സഹായിക്കുക, വൃദ്ധമന്ദിരത്തിലാണെങ്കിലും മാതാപിതാക്കളെ വന്നുകാണുവാൻ മക്കളെയും ബന്ധുക്കളെയും പ്രേരിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകുക.
- അമിതജോലിഭാരവും ജോലിയുടെ സമയദൈർഘ്യവും നിലനിൽക്കുന്ന സാഹചര്യത്തിൽ നേഴ്സുമാരുടെ കുടുംബജീവിതത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്താൻ പറ്റാതെവരുന്നു. ഇങ്ങനെയുള്ള

മാനസികസമ്മർദ്ദങ്ങൾ ജോലിയോടുള്ള ആത്മാർത്ഥയെ ബാധിക്കുന്നു.

- ശാസ്ത്രസാങ്കേതികവിദ്യയുടെ വികസനമനുസരിച്ചുള്ള സൗകര്യങ്ങൾ നമ്മുടെ പല ആശുപത്രികളിലും ലഭ്യമാകുന്നില്ല.
- എവിടെയും മത്സരബുദ്ധി നിലനിൽക്കുന്നതുകൊണ്ട് ചെറിയ ആശുപത്രികൾക്ക് പിടിച്ചുനിൽക്കുവാനോ സ്ഥാപനം മുന്നോട്ടുകൊണ്ടുപോകാനോ സാധിക്കുന്നില്ല.
- ഭ്രൂണഹത്യ, കുടുംബാസൂത്രണപ്രവർത്തനങ്ങൾ എന്നിവയ്ക്ക് കൂട്ടുനിൽക്കേണ്ട അവസ്ഥ, ഇവചെയ്തുകൊടുക്കാത്തതിന്റെ പേരിൽ ആളുകൾ കത്തോലിക്കാ സ്ഥപനങ്ങൾ ഉപേക്ഷിച്ച് മറ്റ് സ്ഥാപനങ്ങളിലേക്ക് പോകുന്ന പ്രവണത വർദ്ധിച്ചുവരുന്നു. ഇവ ഫലപ്രദമായി തടയുവാൻ പരിശ്രമിക്കണം.
- മാറിവരുന്ന രാഷ്ട്രീയസാഹചര്യത്തിൽ സർക്കാർ സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനത്തെ നിയന്ത്രിക്കാൻ ശ്രമിക്കുമ്പോൾ സഭയുടെ ഒരുമിച്ചുള്ള നിലപാടുകളും പ്രവർത്തനങ്ങളും കൂടുതൽ പ്രസക്തമാകുന്നു.
- ഗവൺമെന്റ് ഫാമിലിപ്ലാനിംഗ് സർവ്വവിധത്തിലും പ്രോത്സാഹിപ്പിക്കുന്ന ഈ കാലഘട്ടത്തിൽ തിരുസഭയുടെ നിലപാടുകൾക്കനുസരിച്ച് സ്ഥാപനങ്ങൾ നിലകൊള്ളുക എന്നത് ഒരു വെല്ലുവിളിയാണ്.
- കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്റ്റിന്റെ പിൻബലത്തിൽ സ്ഥാപനങ്ങൾക്കെതിരെ അന്യായമായി വരുന്ന കടന്നാക്രമണം. നിസാര കാര്യങ്ങൾക്കുപോലും വലിയ സ്കാനിംഗും വിലപിടിപ്പുള്ള മരുന്നുകളും എഴുതി പാവപ്പെട്ടവരെ കഷ്ടപ്പെടുത്തി അമിതലാഭം കൊയ്യുന്ന അവസ്ഥകളും ഒഴിവാക്കണം.
- നേഴ്സുമാരും രോഗികളും തമ്മിലുള്ള നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന അനുപാതം എല്ലാ ഹോസ്പിറ്റലുകളിലും നിലനിർത്തണം.
- ശമ്പളവർദ്ധനവും വിദേശരാജ്യങ്ങളിലേതുപോലുള്ള സമയക്രമീകരണവും നടപ്പാക്കുക.
- ഉത്തരവാദിത്വബോധമുള്ള, നീതിബോധമുള്ള ധാർമ്മികമൂല്യങ്ങളിൽ ഉറച്ചുനിൽക്കുന്ന, നല്ല മാനേജരായി പ്രവർത്തിക്കാൻ കഴിയുന്ന നേഴ്സിംഗ് ലീഡേഴ്സിനെ ഹോസ്പിറ്റലുകളിൽ നിയമിക്കുക.
- ഈശോയുടെയും സഭയുടേയും മൂല്യങ്ങൾക്കനുസരിച്ച് നിലകൊള്ളുവാനുള്ള ധൈര്യവും വിശ്വാസവും ആതുരശുശ്രൂഷമേഖലയുമായി ബന്ധപ്പെട്ട എല്ലാവർക്കും ഉണ്ടായിരിക്കണം.
- നഷ്ടം സംഭവിക്കുമെന്ന് തോന്നിയാലും ദൈവപരിപാലനയിൽ ആശ്രയിക്കാനുള്ള മനോഭാവം.

- സ്ഥാപനങ്ങളല്ല, ദൈവജനത്തിന്റെ ആവശ്യങ്ങളാണ് പ്രധാനം എന്ന് മനസ്സിലാക്കി പ്രവർത്തിക്കുക.
- സമൂഹത്തിൽ പെരുകുന്ന വൃദ്ധസദനങ്ങൾ കുടുംബബന്ധങ്ങളുടെ തകർച്ചയുടെ ഫലമാണെന്ന് തിരിച്ചറിയുക.
- കരിയറിന്റെ ഉയർച്ച, പണത്തോടുള്ള അമിതതാൽപ്പര്യം എന്നിവ മൂലം സ്വന്തം കുടുംബത്തോടൊപ്പം സമയംചിലവഴിക്കാൻ നേഴ്സുമാർക്കും ഡോക്ടർമാർക്കും സാധിക്കുന്നില്ല.
- മാതാപിതാക്കളുടെ സമയക്കുറവുമൂലം ചെറുപ്രായത്തിൽത്തന്നെ ഡെ-കെയർ സെന്റർ-ലേക്ക് അയയ്ക്കപ്പെടുന്ന കുട്ടികൾ ആരോടും ഒരു പ്രതിബന്ധതയും ഇല്ലാത്ത മനോഭാവക്കാരായി മാറുന്നു. ഇവർ തങ്ങളുടെ മാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ എത്തിക്കുന്നതിൽ അദ്ഭുതപ്പെടാനില്ല.
- വൃദ്ധരായ മാതാപിതാക്കളുടെ സംരക്ഷണം തങ്ങളുടെ കടമയും ദൈവാനുഗ്രഹത്തിനുള്ള വഴിയുമാണെന്ന ബോദ്ധ്യം ചെറുപ്രായത്തിൽത്തന്നെ വളർത്തിക്കൊണ്ടുവരാൻ മാതാപിതാക്കൾ, അദ്ധ്യാപകർ, മതബോധനം നൽകുന്നവർ ശ്രദ്ധിക്കണം.
- കുട്ടികളെ ശരിയായ രീതിയിലും മൂല്യബോധമുള്ളവരായും വളർത്തേണ്ടതെന്ന് യുവമാതാപിതാക്കൾക്ക് പ്രത്യേക ബോധവൽക്കരണം നൽകണം.
- ഞായറാഴ്ചയിലെ ദിവ്യബലിയിലും വാർഷികധ്യാനവേളയിലും ഒക്കെ ഇത്തരം വിഷയങ്ങൾക്ക് ഊന്നൽ കൊടുത്ത് സംസാരിക്കാവുന്നതാണ്.
- വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ദൈവാനുഗ്രഹത്തിന്റെയും വിത്തുകൾ പുതുതലമുറയ്ക്ക് പകരാൻ സാധിക്കണം.
- വ്യക്തിബന്ധങ്ങൾ, കമ്മ്യൂണിക്കേഷൻ ഇവ വളർത്തി എടുക്കുക.
- മാനുഷികമൂല്യങ്ങളും സാന്മാർഗ്ഗികപുണ്യങ്ങളും വളർത്താൻ പഠിപ്പിക്കുക.
- കുടുംബപ്രേഷിതത്വത്തിന് ഊന്നൽ നൽകുക.
- കൂടുതൽ കുഞ്ഞുങ്ങൾക്ക് ജന്മം നൽകുവാൻ ദമ്പതിമാരെ പ്രോത്സാഹിപ്പിക്കുക.
- കുട്ടികൾക്ക് പ്രായമായവരുടെ അടുത്ത് കൂടുതൽ സമയം ആയിരിക്കുവാൻ സമയം കൊടുക്കുക.
- അനുകമ്പയോടെയുള്ള നോട്ടം, പുഞ്ചിരിക്കുന്ന മുഖം, സൗമ്യമായ ഒരു വാക്ക്, മൃദുവായ ഒരു സ്പർശം ഇത്രയും മതി രോഗം പകുതിയും ഭേദമാക്കുവാൻ. ഏതു ജീവിതാവസ്ഥയിലൂടെയുള്ളവരും

കടന്നുപോകുന്ന ഒന്നാണ് രോഗാവസ്ഥ. അപ്പോൾ ദൈവത്തിനു മാത്രമേ സഹായിക്കുവാൻ സാധിക്കുകയുള്ളു എന്ന് അവർക്ക് മനസിലാക്കിക്കൊടുക്കുവാൻ ആതുരശുശ്രൂഷാരംഗത്തുള്ളവർക്കു സാധിക്കണം.

- ജാതി മതഭേതമെന്യേ, ഓരോരുത്തർക്കും അവരർഹിക്കുന്ന രീതിയിൽ മാന്യത കൊടുക്കണം.
- ആതുരശുശ്രൂഷാരംഗത്തു പ്രവർത്തിക്കുന്നവർ തങ്ങളുടെ വേദനകളും ദുഃഖങ്ങളും മറന്നും ദുഃഖത്തിനും നിരാശയ്ക്കും ഭയത്തിനും അടിപ്പെട്ട് തങ്ങളെ സമീപിക്കുന്ന രോഗികൾക്ക് ധൈര്യവും സമാധാനവും പകർന്നുകൊടുത്ത് കർത്താവിനുവേണ്ടി എല്ലാം സഹിക്കുവാനുള്ള തീക്ഷ്ണത ജനിപ്പിക്കാനും തങ്ങളുടെ മാതൃകാപരമായ ജീവിതത്തിലൂടെ വചനമായ ഈശോയെ അവർക്ക് കൈമാറാനും ശ്രദ്ധിക്കണം.
- ചേർപ്പുങ്കലിൽ പണിയുന്ന രൂപതവക ആശുപത്രിയെ കഴിവതും സഹായിക്കുക.
- അൽമായർ നടത്തുന്ന ആതുരപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക.
- പ്രായവും, രോഗവും, വൈകല്യങ്ങളും ശാപമല്ല മറിച്ച് അനുഗ്രഹത്തിന്റെ വഴികളാണെന്ന ബോധ്യം നൽകി വ്യക്തികളെയും കുടുംബങ്ങളെയും സമൂഹത്തെയും ബോധവൽക്കരിക്കുക
- ശാരീരിക-മാനസികകാരണങ്ങളാൽ തിരസ്ക്കരിക്കുന്നവർക്കും തിരസ്ക്കരിക്കപെടുന്നവർക്കും കൗൺസിലിംഗ് നൽകുക
- ACCH (Association of Catholic Care Homes)ന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ തമ്മിൽ നല്ല ധാരണയും സഹവർത്തിത്വവും ഉണ്ടാവുക
- ആതുരശുശ്രൂഷാസ്ഥാപനങ്ങളിലെ രോഗികൾക്ക് പ്രത്യേക സന്ദർഭങ്ങളിലുണ്ടാകുന്ന ഭീമമായ ചികിത്സാ ചെലവുകൾക്ക് വേണ്ട ക്രമീകരണങ്ങൾ രൂപതയുടെ നേതൃത്വത്തിൽ നമ്മുടെ ആശുപത്രികളിൽ ലഭ്യമാക്കുക
- ഇടവകതലത്തിൽ ACCH അംഗങ്ങളുടെ കാര്യത്തിൽ പ്രത്യേകപരിഗണന നൽകുക. കൂദാശകൾ സ്വീകരിക്കാനും ആത്മീയകാര്യങ്ങൾ ലഭ്യമാക്കാനും വൈദികർ പ്രത്യേകം താൽപര്യം കാണിക്കുക.
- അംഗങ്ങൾക്കായി പ്രത്യേകധ്യാനങ്ങൾ, വി.കുർബ്ബാന, ആഘോഷപരിപാടികൾ എന്നിവ ക്രമീകരിച്ച് ദൈവസ്നേഹാനുഭവം പങ്കുവയ്ക്കുക.

# VII. സാമൂഹിക, സാംസ്കാരിക രാഷ്ട്രീയമേഖലകൾ

(ഏ.കെ.സി.സി., ഇൻഫാം, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി എന്നീ തലങ്ങളിൽനിന്നും ലഭിച്ചത്)

- മതാനുഷ്ഠാനങ്ങളിൽ മാത്രം വിശ്വാസം ഒതുങ്ങി നിൽക്കാതെ സുവിശേഷം അറിഞ്ഞും മനസ്സിലാക്കിയും ജീവിക്കാൻ നവസുവിശേഷവത്കരണത്തിലൂടെ സാധിക്കണം.
- ദൈവവിശ്വാസവും ദൈവാനുഭവവും വ്യക്തിപരമായ ദൈവസ്നേഹാനുഭവമായി മാറണം. ദൈവസ്നേഹാനുഭവം സഭയോടും അവളുടെ വിശ്വാസപ്രബോധനങ്ങളോടും ദൈവാരാധനയോടും ബന്ധപ്പെട്ട് പ്രായോഗികവത്കരിക്കണം.
- വിശ്വസിക്കുന്നതിൽ സന്തോഷംലഭിക്കുന്ന യഥാർത്ഥവിശ്വാസാനുഭവത്തിലേക്ക് ദൈവമക്കളെ ഉണർത്താനും ഉയർത്താനും സഭയുടെ വിവിധ ശുശ്രൂഷകൾക്ക് കഴിയണം. നിയമങ്ങളുടേയും അടിച്ചേല്പിക്കലുകളുടേയും ചട്ടക്കൂടുകളുടേയും രീതി സഭയിൽ നിലനിൽക്കുന്നു എന്ന ധാരണമാറ്റി സഭ മിശിഹാനുഭവത്തിന്റെ ഉദാത്തവേദിയാണെന്ന് മനസ്സിലാക്കി കൊടുക്കണം.
- സഭ ദൈവജനം എന്ന പ്രബോധനം സഭയുടെ എല്ലാ തലങ്ങളിലും പൂർണ്ണമായി നടപ്പിലാക്കുവാൻ സമയബന്ധിതമായ കർമ്മപരിപാടികൾ ആവിഷ്കരിക്കണം.
- എല്ലാവരേയും ശ്രവിക്കാനും പരിഗണിക്കാനും, ബഹുമാനിക്കാനും പുതിയ പ്രവർത്തനശൈലി സ്വീകരിക്കാനും സാധിക്കണം.
- വിശ്വസിക്കുന്നതിന്റെ സന്തോഷം നമ്മുടെ പൊതുജീവിതത്തിലും വ്യക്തിജീവിതത്തിലും, ആദ്ധ്യാത്മികജീവിതത്തിലും ഉണ്ടെന്ന് നമ്മളുമായി ബന്ധപ്പെടുന്നവർ തൊട്ടനുഭവിക്കണം.
- വിശ്വാസവിഷയങ്ങളെ കൂടുതൽ ആഴത്തിൽ പഠിക്കാൻ അവസരം നൽകണം.
- ആധുനികതയുടെ കാലഘട്ടമെങ്കിലും പരമ്പരാഗതവിശ്വാസരീതികളെ മുറുകെ പിടിച്ചുകൊണ്ട് സന്ധ്യാപ്രാർത്ഥന. അനുദിനവിശുദ്ധകുർബാന, മറ്റ് കൂദാശകളുടെ സ്വീകരണം, ദരിദ്രരുമായുള്ള പങ്കവയ്ക്കൽ, സഹജീവികളോടുള്ള മനുഷ്യത്വപരമായ സമീപനം തുടങ്ങിയവ പ്രോത്സാഹിപ്പിക്കണം.

- സർഗ്ഗാത്മകവും ക്രിയാത്മകവുമായ വീക്ഷണവും, വിമർശനങ്ങളേയും എതിർപ്പുകളെയും തുറവിയോടെ സ്വീകരിക്കുന്ന മനോഭാവവും വളർത്തണം.
- ജീവിക്കുന്ന മാതൃകകൾ നമുക്കിടയിലുണ്ടാകണം. ഫ്രാൻസീസ് മാർപ്പാപ്പയുടെ ആദർശങ്ങൾ പ്രസംഗങ്ങളിൽനിന്ന് മാറി പ്രായോഗികരൂപം പ്രാപിക്കുവാൻ നടപടിയെടുക്കണം.
- സാമൂഹിക അസമത്വം ഇന്നു നേരിടുന്ന വലിയ പ്രശ്നമാണ്. ദളിതരെയും പാവങ്ങളെയും പരിഗണിക്കുക. വിശക്കുന്നവന് വചനത്തോടൊപ്പം അപ്പവും നൽകുക. എങ്കിൽ മാത്രമേ പ്രായോഗികമായി വിശ്വാസം കൈമാറ്റപ്പെടുകയുള്ളൂ.
- സഭാസ്ഥാപനങ്ങളിലെ നിയമനങ്ങളും മറ്റ് പ്രവർത്തനങ്ങളും നീതിപൂർവ്വം ആകണം. ഇത് പക്ഷപാതപരമാവുമ്പോൾ വിശ്വാസികൾ സഭാസമൂഹത്തിൽനിന്ന് അകലുന്നു.
- വിശ്വാസവും ജീവിതവും തമ്മിലുള്ള അന്തരം എല്ലാ രംഗങ്ങളിലും വർദ്ധിച്ചുവരുന്നു. ഇത് കുറച്ചുകൊണ്ടുവരണം.
- ഈശോയെ അറിയാത്തവരുടെ ഇടയിലുള്ള സുവിശേഷവത്കരണത്തിനു പ്രാധാന്യം നൽകുക. തിരുവചനം, കൗദാശികജീവിതം, വിശുദ്ധരോടുള്ള ശരിയായ വണക്കം ഇവയിൽ കൂടുതൽ ആഴപ്പെടുക.
- വ്യക്തിജീവിതത്തിൽ വിശുദ്ധിയും വിശ്വസ്തതയും, വിശ്വസനീയതയും, സുതാര്യതയും ഇന്നിന്റെ ആവശ്യമാണ്. മാതൃകാവ്യക്തികളിലൂടെയേ വിശ്വാസതീക്ഷ്ണത വർദ്ധിക്കൂ.
- പൊതുസമൂഹത്തിന്റെ വേദനകളിലും പ്രശ്നങ്ങളിലും ഇടപെട്ട് അവയ്ക്ക് പരിഹാരം കണ്ടെത്തുക.
- നമ്മുടെ ഇടവകയിൽത്തന്നെ മറ്റ് മതത്തിൽപ്പെട്ടവരെ നമ്മൾ സ്വീകരിക്കുന്നതിൽ വിമുഖത കാട്ടുന്നത് ഒഴിവാക്കുക.
- സെമിനാറുകളിലും ക്ലാസ്സുകളിലും കമ്മറ്റികളിലും നിരുപദ്രവകരമായ വിഷയങ്ങൾ മാത്രം ചർച്ച ചെയ്യുന്ന രീതി മാറ്റി സംവാദങ്ങൾ ഉണ്ടാകുന്ന വിഷയങ്ങളും ഉൾപ്പെടുത്തുക.
- സെമിനാറുകൾക്കും ക്ലാസ്സുകൾക്കും, പ്രസംഗങ്ങൾക്കുമപ്പുറം ക്രൈസ്തവമൂല്യങ്ങൾക്ക് പ്രായോഗികരൂപം നൽകി വിശ്വാസം ഹൃദയങ്ങളിലെത്തിക്കുക.
- സംഘടനകളും വ്യക്തികളും തമ്മിലുള്ള അകലം കുറച്ച് സഭയിൽ സജീവമായി പ്രവർത്തിക്കുന്ന അംഗങ്ങളാവുക.
- വിശ്വസിക്കുന്നതിന്റെ സന്തോഷം ഉള്ളിൽ പേറുന്ന മുതിർന്നവർ യുവജനങ്ങൾക്കു മുമ്പിൽ മാതൃകയായി ഉണ്ടാകണം.

- സഭയുടെ നിർദ്ദേശങ്ങളും നിബന്ധനകളും അടിച്ചേൽപ്പിക്കലും ഭാരവുമാണെന്നുള്ള ചിന്ത മുതിർന്ന തലമുറ നൽകരുത്.
- സഭയുടെ പ്രബോധനങ്ങൾക്ക് പ്രായോഗികരൂപം നൽകി അവതരിപ്പിക്കാനും പൂർണ്ണത കൈവരിക്കാനും മുതിർന്ന തലമുറയ്ക്ക് സാധിക്കണം.
- നമ്മുടെ സമൂഹത്തിലെയും കുടുംബങ്ങളിലെയും മാതൃകാപരമായ വ്യക്തികളെയും കഴിഞ്ഞകാല പ്രവർത്തനങ്ങളെയും പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുക. ചരിത്ര അവബോധം അത്യാവശ്യമാണ്.
- ദൈവപ്രമാണങ്ങളോടും തിരുസഭയുടെ കല്പനകളോടും കാണിക്കുന്ന വിശ്വസ്തത പുതിയ തലമുറയ്ക്ക് പകർന്നു നൽകുക.
- സഭയുടെ പല പ്രവർത്തനങ്ങളും (പള്ളിക്കമ്മറ്റി, സംഘടനകൾ, വിശ്വാസപരിശീലനം, കുടുംബകൂട്ടായ്മ) ഒരു രാഷ്ട്രീയ-സാംസ്കാരികപ്രവർത്തിക്ക് തുല്യമാണെന്ന് പുതിയ തലമുറ കരുതുന്നു. ഇത് പരിശുദ്ധാത്മാവിന്റെ നിറവിൽ നടക്കുന്ന ദൈവിക ഇടപെടലുകളാണെന്ന് ബോദ്ധ്യം പുതിയ തലമുറക്ക് നൽകുക. അതിനുള്ള പ്രാധാന്യവും നൽകുക.
- രാഷ്ട്രീയപാർട്ടികൾ (ജനാധിപത്യപ്രസ്ഥാനങ്ങൾ) സഭയുടെ എല്ലാ പ്രസ്ഥാനങ്ങളിലും ബോധപൂർവ്വം കടന്ന് പ്രാദേശികമായി രാഷ്ട്രീയസ്വാധീനം ഉറപ്പിക്കാൻ ശ്രമിക്കുന്നത് പുതിയ തലമുറയ്ക്ക് സഭാപ്രവർത്തനങ്ങളിലെ ദൈവിക ഇടപെടലുകൾ മനസ്സിലാക്കാൻ വിഘാതമായി നിൽക്കുന്നു.
- സഭയുടെ വേദികളിൽ കടന്നു വരുന്നവർ പൂർണ്ണമായും സഭയോടും സമുദായത്തോടും കൂറുള്ളവരായിരിക്കുക. പലപ്പോഴും പ്രശ്നങ്ങളിലും അഭിപ്രായരൂപീകരണവേളകളിലും, നിലപാടുകളിലും, അവരവരുടെ നേതാക്കളുടെയും ഗ്രൂപ്പുകളുടെയും താത്പര്യം മാത്രം നോക്കുന്നു. ഇത് ചിന്തിക്കുന്ന യുവതലമുറക്ക് ഇടർച്ച നൽകുന്നു.
- പഴയ തലമുറയിൽനിന്നും കൈമാറ്റം ചെയ്യേണ്ടിയിരുന്ന നഷ്ടപ്പെട്ടുപോയ ജീവിതശൈലിയും ആചാരാനുഷ്ഠാനങ്ങളും കണ്ടെത്തി പുനഃസ്ഥാപിക്കുക.
- തിരുനാളുകൾ ഉൾപ്പെടെയുള്ള സഭയുടെ എല്ലാ പൊതുവായ പ്രവർത്തനങ്ങളും മാതൃകാപരമാക്കുക. അനാവശ്യവും പരിധി ലംഘിക്കുന്നതുമായ പബ്ലിസിറ്റിഭ്രമം അവസാനിപ്പിക്കുക. എന്നാൽ പരമ്പരാഗതമായ ആചാരാനുഷ്ഠാനങ്ങളും ആഘോഷങ്ങളും മുറുകെ പിടിക്കുക.

- ത്യാഗംസഹിക്കാനും കഷ്ടപ്പാടുകളിലൂടെ കടന്നുപോകാനും, ജീവിതപ്രശ്നങ്ങളിൽ ദൈവഹിതം കണ്ടെത്താനും പുതിയ തലമുറയെ പ്രാപ്തരാക്കുക.
- നമ്മുടെ മഹാഭൂരിപക്ഷം കുടുംബങ്ങളും കാർഷികാധിഷ്ഠിതമായതുകൊണ്ട്, പുതിയ തലമുറ സ്വഭവനങ്ങളിൽ നിൽക്കുന്ന സമയംവരെ കാർഷികമേഖലയുമായി ബന്ധപ്പെടുത്തി വളർന്നുവരുന്നതിനും അതിന്റെ നല്ല മൂല്യങ്ങൾ സ്വാംശീകരിക്കുന്നതിനും അവസരംനൽകുകയും അതിനുവേണ്ട പ്രായോഗികപരിശീലനം നൽകുകയും ചെയ്യുക.
- സഭയുടെ ഉന്നതശ്രേണിയിൽ അല്മായപങ്കാളിത്തം ഉറപ്പുവരുത്തുക. എല്ലാ ജനവിഭാഗങ്ങൾക്കും പ്രാധാന്യം നൽകുക. സഭാസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ മാത്രമാകുമ്പോൾ അവർ നിഷ്പക്ഷവും നീതിപൂർവ്വകവും സത്യസന്ധവുമായ അഭിപ്രായ പ്രകടനങ്ങൾ നടത്തുന്നില്ലെന്ന് പുതിയ തലമുറ കരുതുന്നു. സ്തുതിപാഠകവൃന്ദമായി തെറ്റിദ്ധരിക്കപ്പെടുന്നു. ഇതിന് മാറ്റം വരണം.
- പുരോഹിതരും അല്മായരും തമ്മിലുള്ള അകൽച്ച പുതിയ തലമുറയെ സ്വാധീനിക്കുന്നു. ചർച്ചകളിലും തീരുമാനമെടുക്കലുകളിലും പങ്കാളിത്തമില്ലെന്ന് തെറ്റിദ്ധരിക്കപ്പെടുന്നു. ഇത് പരിഹരിക്കാൻ ബോധപൂർവ്വം പ്രവർത്തിക്കണം.
- സഭാനേതൃത്വത്തോടും വൈദികരോടും സമർപ്പിതരോടും നൽകിയിരുന്ന ബഹുമാനവും ആദരവും തിരികെ കൊണ്ടുവരുന്നതിനുള്ള അജപാലനശൈലി പ്രായോഗികവൽക്കരിക്കുക.
- പൂർണ്ണമദ്യനിരോധനം എന്ന ലക്ഷ്യത്തോടൊപ്പം മദ്യത്തിന്റെ മാന്യമായ ഉപയോഗം, അമിതമദ്യപാനത്തിന്റെ ദോഷം, മദ്യമെന്നപേരിൽ വിഷം വിൽക്കുന്ന അവസ്ഥ ഇവ ചർച്ച ചെയ്യുക.
- മദ്യവ്യവസായവുമായി ബന്ധപ്പെട്ടവരെ സഭയുടെ വിവിധ വേദികളിൽ നിന്നും, കമ്മറ്റികളിൽനിന്നും ഒഴിവാക്കുക എന്ന തീരുമാനം പൂർണമായും നടപ്പിലാക്കി എന്ന് ഉറപ്പുവരുത്തുക.
- മദ്യമേഖലയുമായി ബന്ധപ്പെട്ടവരുടെ പണം (അവർക്ക് മറ്റു മേഖലയിൽനിന്നും വരുമാനം ഉണ്ടെങ്കിലും) വേണ്ടെന്നു വയ്ക്കുക.
- അഴിമതിരഹിതരായ ഉദ്യോഗസ്ഥരെയും പൊതുപ്രവർത്തകരെയും കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
- സഭയ്ക്കും സംഘടനകൾക്കും, അഴിമതിക്കെതിരെ ധാർമ്മികശബ്ദമാകാൻ സാധിക്കുന്ന സാഹചര്യം സൃഷ്ടിക്കുക.
- സ്വന്തം ആളുകളുടെ അഴിമതിയും വിശ്വാസജീവിതത്തിനെതിരായ പ്രവർത്തനങ്ങളും കണ്ടില്ലെന്ന് നടിക്കുന്ന സമീപനം

അവസാനിപ്പിക്കുക. ഇത്തരം വ്യക്തികളെ സഭയുടെ വേദികളിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കുക.

- തെരഞ്ഞെടുപ്പുവേളകളിൽ അഴിമതിക്കാരെ ചൂണ്ടിക്കാണിക്കുക, നിരുൽസാഹപ്പെടുത്തുക, തുടങ്ങിയ കാര്യങ്ങൾ കൂടുതൽ ശ്രദ്ധിക്കുക. അഴിമതിരഹിതരെ പ്രോത്സാഹിപ്പിക്കുക.
- ധൂർത്ത് നിരുത്സാഹപ്പെടുത്തുക. (നിശ്ചിതസംഖ്യയിൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്ന വിവാഹം പോലുള്ള ആഘോഷങ്ങൾ നിരുത്സാഹപ്പെടുത്തുക. ഇന്നു കാണുന്ന ആഘോഷപൂർവ്വമായ 'മനസമ്മതം' വേണ്ടെന്നു വയ്ക്കുക)
- കുടുംബങ്ങളിലെ ധൂർത്തിനെതിരെ ശക്തമായ നിലപാടുകൾ എടുക്കുക; (വീടുകളിൽ അമിതവിലയുള്ള വാഹനങ്ങളുടെ ഉപയോഗം, നിശ്ചിതവിസ്തീർണ്ണത്തിൽ കൂടുതലുള്ള കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങിയവ കഴിവതും നിരുത്സാഹപ്പെടുത്തുക.)
- സഭയുടെ വേദികളിലും ധൂർത്തും ആർഭാടവും ഇല്ലെന്ന് ഉറപ്പു വരുത്തുക.
- ലാളിത്യവും മിതത്വവുമായി കടന്നു വരുന്നവരെ പ്രോത്സാഹിപ്പിക്കുക. ഇത് കഴിവുകേടും പ്രാപ്തിക്കുറവുമാണെന്നുള്ള ചിന്ത ഒഴിവാക്കുക.
- പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുക. പകരം സംവിധാനം കണ്ടെത്തുക.
- പരിസര-പരിസ്ഥിതിപ്രവർത്തനങ്ങൾക്ക് സഭ കൂടുതൽ പ്രാധാന്യം നൽകുക. ഈ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ പ്രോത്സാഹിപ്പിക്കുക.
- സഭയുമായി ബന്ധപ്പെട്ട പ്രചരണപരിപാടികളിലും തിരുനാളുകളിലും പ്ലാസ്റ്റിക്കും, മറ്റു ഹാനികരമായ വസ്തുക്കളും ഒഴിവാക്കി മാതൃകനൽകുകയും ഫ്ളക്സ് ബോർഡ് അതിപ്രസരം നിയന്ത്രിക്കുകയും ചെയ്യുക.
- അഴിമതി പാപമാണെന്ന ചിന്ത നൽകുക. തിന്മകളെ സാർവത്രീകരിച്ച് ലഘുവായി ചിത്രീകരിക്കുന്നത് ഒഴിവാക്കുക.
- കാർഷികമേഖലയിലെ പ്രശ്നങ്ങൾ, വിലയിടിവ്, കർഷകവിരുദ്ധ നിയമങ്ങൾ, (ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾ, പട്ടയവിഷയം) തുടങ്ങിയ വിഷയങ്ങളിൽ പ്രതികരിച്ച് നടത്തിയ, പഠനവേദികൾ, റാലികൾ, ധർണ്ണകൾ, സമ്മേളനങ്ങൾ, നിവേദനം സമർപ്പിക്കൽ, സമരങ്ങൾ തുടങ്ങിയവയിലൂടെ അവരുടെ ഇടയിലേയ്ക്ക് ഇറങ്ങിച്ചെല്ലുവാൻ സാധിച്ചു.

- യൂണിറ്റ്, ഫൊറോനാതലങ്ങളിൽ നടത്തിയ, സാമൂഹിക ഇടപെടലുകൾ, മെഡിക്കൽ ക്യാമ്പുകൾ, അവയവദാനക്യാമ്പുകൾ, ഭവന നിർമ്മാണസഹായപദ്ധതികൾ, വിദ്യാഭ്യാസസഹായപദ്ധതികൾ, വൈദ്യസഹായങ്ങൾ, പാലിയേറ്റീവ് കെയർ പ്രോഗ്രാമുകൾ തുടങ്ങിയവയിലൂടെ വേദനിക്കുന്നവരുടെ മനഃസാക്ഷിയാകാൻ ശ്രമിക്കുന്നു.
- സാമൂഹികതിന്മകൾക്കും മൂല്യച്യുതിക്കും, പൊതുസമൂഹം നേരിടുന്ന പ്രശ്നങ്ങൾക്കും ക്രിയാത്മകമായി ഇടപെടുകയും പരിഹാരം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു.
- പകർച്ചവ്യാധികൾക്കെതിരെയും, ജീവിതശൈലിരോഗങ്ങൾക്കെതിരെയും ബോധവത്കരണപരിപാടികളും പ്രതിരോധപരിപാടികളും നടത്തുക.
- സർക്കാരുകളുടെ ജനവിരുദ്ധനീക്കങ്ങളിൽ പ്രതിഷേധിക്കുകയും പ്രതികരിക്കുകയും സർക്കാർ ക്ഷേമപരിപാടികൾ ജനങ്ങളിലെത്തിക്കാൻ ശ്രമിക്കുകയും ചെയ്യുക.
- സഭയുടെ പ്രധാനപ്പെട്ട വേദികളിലും കമ്മറ്റികളിലും സഭാസംഘടനകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുക. അത് ചില വിഭാഗങ്ങൾക്കു മാത്രമായി മാറരുത്. രാഷ്ട്രീയനേതാക്കന്മാർക്കും അദ്ധ്യാപകർക്കുമൊപ്പം ബഹുഭൂരിപക്ഷം വരുന്ന സാധാരണ അത്മായരും കർഷകരും ഉണ്ടെന്ന് ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക.
- രൂപതാതലത്തിൽനിന്നും ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും പ്രോത്സാഹനവും നൽകുക. അതിനായി വർഷത്തിലൊരിക്കലെങ്കിലും രൂപതാനേതൃത്വത്തിൽ നിന്ന് വിളിച്ചുചേർത്ത് അവലോകനങ്ങൾ നടത്തുക.
- സഭയിലെ സംഘടനകളുടെ പ്രാധാന്യം സഭാവേദികളിലും പുറത്തും പ്രഖ്യാപിക്കുവാനും എല്ലാവരെയും ബോദ്ധ്യപ്പെടുത്തുവാനും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
- പാരമ്പര്യങ്ങൾ നഷ്ടപ്പെടുത്താതെ സൂക്ഷിക്കുക. മാതാപിതാക്കളുടെ ഉത്തമജീവിതമാതൃക, കുടുംബപ്രാർത്ഥന കൗദാശിക ജീവിതം. കുട്ടികളുടെ വിശ്വാസപരിശീലനം ഇടവകജീവിതത്തിലുള്ള ഭാഗഭാഗിത്വം, തുടങ്ങിയവ വഴി പ്രവർത്തനമണ്ഡലങ്ങളിൽ മാതൃകയായിരിക്കുക.
- മദ്യപാനം പാപം ആണെന്ന് ബോദ്ധ്യപ്പെടുത്തുക മദ്യപൻമാരെ സഭയുടെ വിവിധ മണ്ഡലങ്ങളിൽ നിന്നും മാറ്റി നിർത്തുക. മദ്യമില്ലാത്ത നല്ല കുടുംബങ്ങളുടെ മാതൃക ഉയർത്തിക്കാണിക്കുക. അഴിമതി ധൂർത്ത്, പരിസര-പരിസ്ഥിതിമലിനീകരണം, തുടങ്ങിയവ ബോധ

വൽക്കരണം വഴി മാറ്റുക. മദ്യവിരുദ്ധസമിതിയംഗത്തെ കൂടി പള്ളിക്കമ്മറ്റിയിൽ ഉൾപ്പെടത്തുക. ലഹരിവിരുദ്ധപ്രവർത്തനങ്ങളും പുനരധിവാസവും സജീവമാക്കുക. കൗദാശിക ജീവിതത്തിന് ഊന്നൽ നൽകുക. മദ്യപാനം തിന്മയും അപമാനവുമാണെന്ന ബോധ്യം കുടുംബങ്ങളിൽവച്ചുതന്നെ വളർത്തിയെടുക്കുക.

- സാമൂഹ്യ-കുടുംബ-മാധ്യമവേദികളിൽ മദ്യത്തിനു ലഭിക്കുന്ന അനർഹമായ സ്വീകാര്യത അമിതമായ പ്രാധാന്യം സൃഷ്ടിക്കുന്നു.
- തൊഴിലവസരങ്ങളെപ്പറ്റി അറിവുനൽകുക.
- മദ്യപൻമാരെ മദ്യപാനത്തിൽനിന്നും പിൻതിരിപ്പിക്കുന്നതിന് ചികിത്സ, ധ്യാനം, കൗൺസിലിംഗ് എന്നിവയ്ക്ക് അവസരം നൽകുക.
- വിശുദ്ധരുടെ കബറിടത്തിങ്കലേക്ക് തീർത്ഥയാത്ര നടത്തുക.
- സ്വജീവിതത്തിൽ വിപരീതജീവിതാനുഭവങ്ങളിൽ ദൈവത്തിലാശ്രയിച്ചും പ്രാർത്ഥനയിൽ ശരണം പ്രാപിച്ചും സന്തോഷത്തോടെ ജീവിതപ്രശ്നങ്ങളെ തരണംചെയ്ത് കാണിച്ചവരെ പരിചയപ്പെടുത്തി വിശ്വസിക്കുന്നതിന്റെ സന്തോഷം വരുംതലമുറയ്ക്ക് കൈമാറാം.
- സ്വന്തം ജീവിതത്തിൽ മൂല്യങ്ങൾക്കുവേണ്ടി എന്തു ത്യാഗവും സഹിക്കുന്നതും മൂല്യാധിഷ്ഠിതജീവിതത്തിന് മാതൃകയും നൽകി വിശ്വസിക്കുന്നതിന്റെ സന്തോഷം കൈമാറുന്നു.
- പഴയ തലമുറയുടെ പാരമ്പര്യത്തിൽ കുടുംബത്തിലെ സ്ഥാനമാനങ്ങളും (വല്യപ്പൻ, വല്യമ്മ, അപ്പൻ, അമ്മ) ക്രമവും ബഹുമാനവും പരസ്പരബന്ധവും കുടുംബത്തിലും ജീവിതത്തിലും പാലിച്ചുകൊണ്ട് വരുംതലമുറയ്ക്ക് മാതൃകനൽകാൻ കഴിയണം.
- നമ്മുടെ ജീവിതം ഈ ലോകത്തിൽ തീരുന്നതല്ലെന്നും ഇതിനുമപ്പുറം നമുക്കൊരു ജീവിതം ഉണ്ടെന്നുമുള്ള പ്രത്യാശയുടെ മനോഭാവം കുഞ്ഞുങ്ങളിലേക്ക് പകർന്നുനൽകുക. കുടുംബപ്രാർത്ഥനയ്ക്കും പരസ്പരസംസാരത്തിലൂടെയുള്ള ആശയവിനിമയത്തിനും പ്രാധാന്യംനൽകി വിശ്വസിക്കുന്നതിന്റെ സന്തോഷം കൈമാറുക.
- പങ്കുവയ്ക്കലിന്റെ സന്തോഷം വരുംതലമുറയിലേക്ക് പകരുന്നതിന് സമയവും കഴിവും സമ്പത്തുമെല്ലാം ആവശ്യമാണ്. പങ്കുവയ്ക്കുന്ന സഹോദരസ്നേഹം ഈ ജീവിതത്തിലൂടെ പകരുന്നു.
- പണവും അധികാരവും ഉൾപ്പെടെ സർവസന്നാഹങ്ങളുമാണ് സാമൂഹികവിപത്തുകളെ വളർത്തിക്കൊണ്ടുവരുന്ന ലോബികൾക്കുള്ളത്. അതുകൊണ്ടുതന്നെ ഇവയ്ക്കെതിരെയുള്ള പോരാട്ടത്തിൽ ഓരോ

ചെറിയ വിജയവും വരുംതലമുറയ്ക്ക് നിർണ്ണായകമാണ്. സഭയുടെ വിമോചനദൗത്യം ക്രിസ്തുവിന്റെ വിമോചനദൗത്യത്തിന്റെ തുടർച്ച യാണ്. അതിനാൽ സഭാമക്കൾക്ക് ഈ വിമോചനദൗത്യം കാര്യക്ഷമ മായി നിർവഹിക്കണമെങ്കിൽ ക്രിസ്തീയജീവിതത്തിന്റെ ആഴങ്ങളെ ക്കുറിച്ചും പരമമായ ലക്ഷ്യങ്ങളെക്കുറിച്ചും ഉറച്ച ബോധ്യമുണ്ടാ കണം.

- സമൂഹത്തെ ഏറ്റവും വഷളാക്കുന്ന വിപത്തുകളാണ് മദ്യപാനം, അഴിമതി, ധൂർത്ത്, പരിസ്ഥിതിമലിനീകരണം മുതലായവ. കൊല പാതകങ്ങൾ, ആത്മഹത്യകൾ, സ്ത്രീപീഢനങ്ങൾ, വാഹനാപകട ങ്ങൾ തുടങ്ങിയ എല്ലാ ദുരന്തങ്ങൾക്കും മൂലകാരണം മദ്യപാന മാണെന്ന ചിന്ത സകലരിലുമെത്തിക്കുക.
- കുടുംബത്തിലും സമൂഹത്തിലും മാതാപിതാക്കളും നേതൃനിരയിൽ ഉള്ളവരും മാതൃകാപരമായ ജീവിതം കാഴ്ചവയ്ക്കണം. മദ്യലഭ്യത കുറയ്ക്കുവാനുള്ള പരിശ്രമങ്ങളിൽ സഭയും മദ്യവിരുദ്ധസമിതികളും മുൻപന്തിയിൽ നിൽക്കണം. മദ്യപൻമാർക്കും അവരുടെ കുടും ബാംഗങ്ങൾക്കും കൗൺസിലിംഗ് സംഘടിപ്പിക്കണം. സമൂഹം നേരിടുന്ന വിപത്തുകളെക്കുറിച്ച് യുവജനങ്ങളെ ആകർഷിക്കുവാൻ ഇടവകതലത്തിൽ നൂതനാശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ക്രിയാത്മകപരിപാടികൾ ആസൂത്രണം ചെയ്യണം.
- ലഹരിക്കെതിരായ പോരാട്ടത്തിൽ നാം സ്വീകരിക്കേണ്ട അജപാലന പരമായ മനോഭാവങ്ങൾ ഏറെ പ്രസക്തവും പ്രധാനവുമാണ്. പുതിയതായി ഒരാൾപോലും മദ്യത്തിന്റെ വലയത്തിൽപ്പെടാതിരിക്കു വാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് പ്രായോഗികമാക്കണം.
- കഴിവുള്ള ആൾക്കാരെ പൊതുരംഗത്തു കൊണ്ടുവരാനും സഭയും സമൂഹവും പരിശ്രമിക്കണം.
- സാമൂഹിക-രാഷ്ട്രീയമേഖലകളിൽ സഭ സജീവമായി ഇട പെടണം. ഉയർന്ന ജീവിതമൂല്യങ്ങൾ പാലിക്കുന്നവരെ സഭ പ്രോത്സാഹിപ്പിക്കണം.
- പൗരബോധം, ധാർമ്മികത, കാര്യപ്രാപ്തി, മൂല്യബോധമുള്ളവർ എന്നിവരെ പോഷിപ്പിക്കേണ്ടത് സഭയുടെ കടമയാണ്. ഉൾപ്പാർട്ടി ജനാധിപത്യം നമ്മുടെ രാഷ്ട്രീയത്തിന്റെ മൂലക്കല്ലാണ്.
- നിസ്വാർത്ഥത, ദൈവവിശ്വാസം ജീവിതമൂല്യങ്ങൾ, നിയമ ത്തോടും ഭരണഘടനാസംവിധാനത്തോടുമുള്ള ബഹുമാനം എന്നിവ നിലവിലുള്ള രാഷ്ട്രീയക്കാരിൽ ഉറപ്പുവരുത്താനും ക്രൈസ്തവർ ശ്രമിക്കണം.

- വോട്ടുചെയ്യാതെ നിസ്സംഗരായി ഇരിക്കുന്നതും രാഷ്ട്രീയ സംവിധാനം നന്നാകില്ല എന്നു ചിന്തിക്കുന്നതും തെറ്റായ പ്രവണത യാണ് എന്ന ബോധ്യംനൽകുക.
- രാഷ്ട്രീയ പാർട്ടികൾ സ്ഥാനാർത്ഥികളെ തങ്ങളുടെ ഇഷ്ട ത്തിനനുസരിച്ച് തെരഞ്ഞെടുത്തതിനുശേഷം സഭയുടെ പിന്തുണ തേടി വരുന്ന പ്രവണത അവസാനിപ്പിച്ചു സഭയ്ക്ക്കൂടി താല്പര്യ മുള്ള പൊതുസമ്മതരായ സ്ഥാനാർത്ഥികളെ നിശ്ചയിക്കാൻ സഭാധി കാരികൾ മുൻകൈയെടുക്കണം.
- സത്യത്തിനും നീതിക്കുംവേണ്ടി നിലകൊണ്ട് എല്ലാ വിഭാഗം ജന ങ്ങളുടെയും നന്മയായിരിക്കണം സഭയുടെ ലക്ഷ്യം താല്ക്കാലിക ലാഭത്തിനുവേണ്ടി രാഷ്ട്രീയക്കാരുടെ ചതിക്കുഴികളിൽ വിഴരുത്.
- തെരഞ്ഞെടുപ്പ് അവസരങ്ങളിൽ ക്രൈസ്തവമൂല്യങ്ങൾ ഉയർത്തി പ്പിടിക്കുന്ന ആളുകളെ തെരഞ്ഞെടുക്കുന്നതിന് കുടുംബങ്ങളിൽ അവബോധം ഉണ്ടാവണം.
- ഭക്തസംഘടനകളിൽ പ്രവർത്തിക്കുന്ന മൂല്യബോധമുള്ളവരെ സാമൂഹ്യരാഷ്ട്രീയമേഖലകളിലേയ്ക്ക് വളർത്തിക്കൊണ്ടുവരാൻ സഭാനേതൃത്വം തയ്യാറാവുകയും അവസരമൊരുക്കുകയും വേണം.
- സാമൂഹ്യരാഷ്ട്രീയരംഗങ്ങളിൽ പ്രവർത്തിക്കുന്ന സഭാംഗങ്ങൾക്ക് വേണ്ടത്ര പരിഗണന സഭ കൊടുക്കുന്നുണ്ടോ എന്നു പരി ശോധിക്കുക.
- നല്ലവരായ വ്യക്തികളെ സമൂഹത്തിന്റെ മുൻനിരയിലേക്ക് പ്രോത്സാ ഹിപ്പിച്ചുകൊണ്ടുവരാൻ ഇടവകയിലുള്ള തടസ്സങ്ങൾ നീക്കുക. വ്യക്തിബന്ധങ്ങളിലെ ഉലച്ചിലുകൾമൂലം ഇടവകയോഗങ്ങളിലും സംഘടനകളിലുമുള്ള നല്ലവരായ ആളുകൾ പിൻമാറുന്ന അവസ്ഥ ശ്രദ്ധിക്കപ്പെടണം. നിസാരമായ പ്രശ്നങ്ങൾ മൂലം വിശ്വാസികൾ ഇടവകയിൽനിന്ന് അകന്നുപോകുന്ന അവസ്ഥ ഉണ്ടാകാതിരി ക്കുവാൻ കൂടുതൽ ശ്രദ്ധിക്കുകയുംവേണം.
- സിവിൽ സർവ്വീസിലേയ്ക്കും മറ്റും മിടുക്കരായ സഭാമക്കളെ വളർത്തിക്കൊണ്ടുവരാൻ ഇടവകതലത്തിൽ ശ്രമം നടക്കണം.
- സത്യവിശ്വാസത്തിന് വിരുദ്ധമായി അന്യമതങ്ങളുടെ ആരാധനക ളിൽ പങ്കെടുക്കുന്നവരെ സഭാസമിതികളിൽനിന്ന് ഒഴിവാക്കുക.

# VIII. നവീനവിവരസാങ്കേതികവിദ്യകൾ

(വിവിധ തലങ്ങളിലെ ചർച്ചയിൽനിന്ന് ഏകോപിപ്പിച്ചത്)

- ഇലക്ട്രോണിക് മീഡിയകൾ നന്നായി ഉപയോഗിക്കുവാനും ദുരുപയോഗം തടയാനും കൂട്ടായ്മകളിലും വിദ്യാലയങ്ങളിലും വിശ്വാസപരിശീലനക്ലാസ്സുകളിലും ഇടവകകളിലും പരിശീലിപ്പിക്കപ്പെടണം. കത്തോലിക്കാപ്രബോധനങ്ങളും ഇടയലേഖനങ്ങളും എല്ലാവരിലും എത്തിക്കാൻ നവീനസാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുക.
- ഇന്റർ നെറ്റിന്റെ അപകടസാധ്യതകൾ, മൊബൈൽഫോണിന്റെ ദുരുപയോഗം ഇവയെപ്പറ്റി വിശ്വാസികളെ നിരന്തരം ഓർമ്മപ്പെടുത്തുക.
- വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ വിശ്വാസകൈമാറ്റമേഖലയിൽ ഉപയോഗപ്പെടുത്തുക.
- വിശ്വാസപരിശീലനക്ലാസുകൾ കൂടുതൽ ഫലപ്രദമായിത്തീരുന്നതിന് നൂതന സാങ്കേതികവിദ്യകളും നവീനമാതൃകകളും സ്വീകരിക്കണം.
- ദൃശ്യ-ശ്രാവ്യമാധ്യമങ്ങളിലൂടെ ലഭിക്കുന്ന വിശ്വാസവിരുദ്ധ ആശയങ്ങൾ കുട്ടികളിൽ നിസംഗത ഉണ്ടാക്കുന്നതിനാൽ മാധ്യമങ്ങൾ ഉപയോഗിക്കേണ്ടതിനെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക.
- സഭയുടെ ചരിത്രം, വിശ്വാസസത്യങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, നേട്ടങ്ങൾ എന്നിവ ആധുനിക ദൃശ്യ-ശ്രാവ്യമാധ്യമങ്ങളിലൂടെ അവതരിപ്പിക്കുക.
- സാധിക്കുന്ന ഇടവകകളെല്ലാം വിശ്വാസപരിശീലനപരിപാടികൾക്കായി ഓഡിയോ-വിഷ്വൽ ക്ലാസ് റൂമുകൾ ക്രമീകരിക്കുക.
- വെബ്സൈറ്റുകളുടെ ചതിക്കുഴികളെക്കുറിച്ച് ബോധവത്ക്കരണം നടത്തുക, കാർട്ടൂണുകളിലൂടെയും ആനിമേഷനുകളിലൂടെയും കുട്ടികൾക്ക് ആകർഷകമായ വിധത്തിൽ വിശ്വാസസംബന്ധമായ കാര്യങ്ങൾ അവതരിപ്പിക്കുക.
- ദൈവവചനം എസ്.എം.എസ്. ചെയ്യുന്ന രീതി പ്രോത്സാഹിപ്പിക്കുക, വിശ്വാസികൾക്ക് തുടർപരിശീലനത്തിനുപകരിക്കുന്ന ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുക.

- പവർപോയിന്റ് പ്രസന്റേഷൻ, ദൃശ്യശ്രാവ്യമാധ്യമങ്ങൾ തുടങ്ങിയവ വിശ്വാസപരിശീലനത്തിനായി പ്രയോജനപ്പെടുത്തുക.
- വിശ്വാസപരിശീലനക്ലാസുകളിൽ നൂതനസാങ്കേതികവിദ്യയുടെ ശരിയായ ഉപയോഗം പരിശീലിപ്പിക്കണം.
- സോഷ്യൽ മീഡിയ (ട്വിറ്റർ, ഫേസ് ബുക്ക്, യൂറ്റൂബ്) രൂപതാകേന്ദ്രത്തിൽനിന്ന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു വൈദികന്റെ നേതൃത്വത്തിൽ ക്രമീകരിക്കണം. കത്തോലിക്കാപ്രബോധനം എളുപ്പം എത്തിക്കാനുള്ള (പ്രത്യേകിച്ച് യുവജനങ്ങളിൽ) ഏറ്റവും ശക്തമായ മാധ്യമമായി ഇതിനെ മാറ്റിയെടുക്കണം.
- ഇടവകകളുടെ കമ്പ്യൂട്ടർവൽക്കരണം സമയബന്ധിതമായി പൂർത്തിയാക്കണം. രൂപതയിലെ എല്ലാ ഇടവകകളെയും പരസ്പരവും രൂപതാകേന്ദ്രവുമായും ബന്ധിപ്പിക്കണം.
- വിശ്വാസതീക്ഷ്ണതയും അത് പ്രചരിപ്പിക്കുവാൻ ആഗ്രഹവും അർപ്പണബുദ്ധിയുമുള്ളവർ മീഡിയരംഗത്ത് ഉണ്ടാകണം. ജീവൻ ടി.വി., ദീപിക, ദീപനാളം, പാലാ കമ്മ്യൂണിക്കേഷൻസ് തുടങ്ങിയവയുടെ മുഴുവൻ സാധ്യതകളും ഉപയോഗപ്പെടുത്തണം.
- രൂപതാകേന്ദ്രത്തിൽനിന്നും എല്ലാ മതസ്ഥരുമായി ബന്ധപ്പെടാൻ സാധിക്കുന്ന ഒരു ടെക്നോളജി രൂപപ്പെടുത്തുക.
- ഫേസ്ബുക്ക്, ട്വിറ്റർ എന്നിവയിലൂടെ ആഗോളാടിസ്ഥാനത്തിൽ യുവനജങ്ങളെ സംഘടിപ്പിക്കുക.
- ജോബ് ഓപ്പർച്യൂണിറ്റീസ്, മാട്രിമണി വിവരങ്ങൾ എന്നിവ പങ്കുവയ്ക്കുക.
- കേന്ദ്രീകൃത മെസേജ്സംവിധാനം ഉണ്ടാക്കുക. എല്ലാ ഇടവകാംഗങ്ങൾക്കും ഇടവകയുടെ ഓഫീസിൽനിന്നും മെസേജുകൾ അയയ്ക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.
- ഇലക്ട്രോണിക് മീഡിയ ഉപയോഗിച്ച് പുതിയ അവതരണശൈലി രൂപപ്പെടുത്തി കുട്ടികളെയും യുവജനങ്ങളെയും ആകർഷിക്കുക.
- വിശ്വാസകൈമാറ്റത്തിന്റെ ജ്വലിക്കുന്ന മാതൃകകളായ വിശുദ്ധരെ ദൃശ്യശ്രാവ്യമാധ്യമങ്ങളിലൂടെ കുട്ടികൾക്ക് പരിചയപ്പെടുത്തുക.
- മാറുന്ന ജീവിതപരിതസ്ഥിതിയിൽ വ്യത്യസ്തവിനിമയസാധ്യതകൾ പ്രയോജനപ്പെടുത്തി സുവിശേഷസന്ദേശങ്ങൾ കൈമാറ്റം ചെയ്യപ്പെടണം. പ്രത്യേക വെബ്സൈറ്റുകൾ, കുട്ടികൾക്കായുള്ള ബൈബിളധിഷ്ഠിത കാർട്ടൂൺപരിപാടികൾ, സൗഹൃദകൂട്ടായ്മകൾ തുടങ്ങിയവ ഉണ്ടാവണം. വേദപാഠക്ലാസുകൾ, ബൈബിൾ ക്ലാസുകൾ ഇവ വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ ആയാൽ ഇന്നത്തെ തലമുറ താല്പര്യത്തോടെ സ്വീകരിക്കും.

- വിശ്വാസപരിശീലനപാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കി വീഡിയോ ക്ലിപ്പുകൾ തയ്യാറാക്കുക. ക്രൈസ്തവകലാരൂപങ്ങളായ മാർഗ്ഗംകളി, പരിചമുട്ടുകളി, ബൈബിൾ നാടകങ്ങൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുവാൻ ആധുനിക മാധ്യമങ്ങൾ ഉപയോഗിക്കുക.
- വിശ്വാസം കൈമാറുന്ന നല്ല കുടുംബകഥകളുടെ വീഡിയോകൾ കാണുവാൻ അവസരം ഒരുക്കുക.
- ശാലോം, ഗുഡ്നെസ്സ്, ഡിവൈൻ ടി.വി.കൾ കാണുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
- ഇടവകയുടെ ബ്ലോഗുകൾ ആരംഭിക്കുക.
- ദൈവവചനം വാൾപേപ്പർ ആയും ഭക്തിഗാനങ്ങൾ റിംഗ്ടോൺ ആയും ഉപയോഗിക്കുക.
- വീഡിയോ സി.ഡി.യിലൂടെ വിശുദ്ധനാടുകളെ പരിചയപ്പെടുത്തുക.
- ദൃശ്യശ്രാവ്യമാധ്യമങ്ങളിലേക്ക് ക്രൈസ്തവയുവാക്കൾ വരാൻ പ്രോത്സാഹിപ്പിക്കണം. ഇതിനായി രൂപത മുൻകൈ എടുത്ത് ട്രെയിനിംഗ് സെന്ററുകൾ നടത്തണം.
- സുവിശേഷമൂല്യങ്ങൾ പങ്കുവയ്ക്കുന്ന ഫേസ്ബുക്ക് അക്കൗണ്ടുകൾ തുടങ്ങുക.
- ഓൺലൈൻ കൗൺസിലിംഗിനും പ്രാർത്ഥനാവശ്യങ്ങൾക്കുമായി സൗകര്യങ്ങൾ ഒരുക്കുക.
- ഇന്റർനെറ്റ്, മറ്റ് മാധ്യമങ്ങൾ എന്നിവ ദുരുപയോഗം ചെയ്യാതിരിക്കാൻ വിദ്യാർത്ഥികളെ പഠിപ്പിക്കുക.
- ഇന്റർനെറ്റ്, ഫേസ്ബുക്ക് തുടങ്ങിയ സാധ്യതകളെ സുവിശേഷ കൈമാറ്റത്തിനായി ഉപയോഗിക്കുക. നെറ്റ് സൗഹൃദകൂട്ടായ്മകൾ ആരംഭിക്കുക.
- അദ്ധ്യാപകർ പുതിയ രീതികളായ സോഷ്യൽ നെറ്റ് വർക്ക്, മാധ്യമങ്ങൾ തുടങ്ങിയവ വിശ്വാസം കൈമാറുന്നതിനായി ഉപയോഗിക്കുക.
- ഇടവകവൈദികർക്കും രൂപതാവൈദികവിദ്യാർത്ഥികൾക്കും അത്യാവശ്യംവേണ്ട കമ്പ്യൂട്ടർ സാങ്കേതികപരിജ്ഞാനം നൽകണം. ഇതിനായി പ്രത്യേക പരിശീലനപദ്ധതികൾ ക്രമീകരിക്കുക. മൈനർ സെമിനാരി മുതൽക്കേ കമ്പ്യൂട്ടർ ഉപയോഗിക്കുവാൻ പരിശീലനം നൽകണം.
- മാധ്യമങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനും മാധ്യമ ഉല്പന്നങ്ങൾ വേണ്ടവിധത്തിൽ തരംതിരിച്ച് ഉപയോഗിക്കുന്നതിനുള്ള കഴിവ് (മാധ്യമസാക്ഷരത) വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുക.

- നിരീശ്വരപ്രത്യയശാസ്ത്രത്തിന് നല്ല വേരോട്ടമുള്ള നമ്മുടെ ചുറ്റുപാടുകളിൽ അവയുടെ സ്വാധീനം നമ്മുടെ തീക്ഷ്ണതയെ ബാധിക്കുന്നു. അവരുടെ സംഘടനാനീക്കങ്ങൾക്കെതിരെ ബോധപൂർവ്വമായ നീക്കങ്ങൾ ആധുനികസാങ്കേതികവിദ്യകൾ ഉപയോഗിച്ച് നടത്തണം.
- സോഷ്യൽനെറ്റുവർക്കുവഴി വിശ്വാസം പങ്കുവയ്ക്കാം. നാടകം, എഫ്.എം. റേഡിയോ സ്റ്റേഷൻ, ടിവി ലോക്കൽ ചാനലുകൾ മുതലായവയിലൂടെ വിശ്വാസസംബന്ധമായ കാര്യങ്ങൾ കൂടുതൽ കൊടുക്കുക.
- ദീപികയുടെ ഒരു പേജ് സഭയുടെ പ്രബോധനങ്ങൾക്കും ബൈബിൾ വ്യാഖ്യാനത്തിനുമായി മാറ്റിവയ്ക്കുക.
- യുവജനങ്ങളുടെ സംശയങ്ങൾക്ക് മാധ്യമങ്ങളിലൂടെ മറുപടി നൽകുക.
- വിശ്വാസപരിശീലനക്ലാസുകൾ മൾട്ടി മീഡിയ സംവിധാനം ഉപയോഗപ്പെടുത്തുക.
- ഇടവകകളിൽ കമ്പ്യൂട്ടർ, പ്രൊജക്ടറുകൾ ഇവ നിർബന്ധമാക്കുക.
- മദ്യം, മയക്കുമരുന്ന് ലൈംഗിക അരാജകത്വം എന്നിവയ്ക്കെതിരെ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തുക. കഥ, കവിത, ചിത്രരചന എന്നിവയിലൂടെ ബൈബിൾ സന്ദേശങ്ങൾ പ്രചരിപ്പിക്കുക.
- ഇന്റർനെറ്റ് സാദ്ധ്യത ഉപയോഗപ്പെടുത്തി ഇടവകയ്ക്കും രൂപതയ്ക്കും വെളിയിലുള്ള ഇടവകക്കാരും രൂപതാംഗങ്ങളുമായ എല്ലാവരോടും നല്ല ബന്ധം നിലനിർത്തുക.
- ഇന്റർനെറ്റിലൂടെയുള്ള സുവിശേഷവൽക്കരണസാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്തുവാൻ ഒരു വൈദികന്റെ നേതൃത്വത്തിൽ ഏതാനും സാങ്കേതികവിദഗ്ദ്ധരുടെ സഹായത്തോടെ ഒരു ഓഫീസ് രൂപതാകേന്ദ്രത്തിൽ പ്രവർത്തിക്കുക. രൂപതാതിർത്തിക്കുള്ളിലെ ഇന്റർനെറ്റ് പ്രവർത്തനങ്ങൾ ഈ ഓഫീസ് ഏകോപിപ്പിക്കണം.

# IX. വൈദികപരിശീലനം

**(സെമിനാരിവിദ്യാർത്ഥികൾ നൽകിയത്)**

- ഇടവകകളിൽ പ്രവർത്തിക്കാൻ സെമിനാരിക്കാർക്ക് അവസരം നൽകുക.
- പൗരോഹിത്യത്തോട് ആദരവുള്ളവരാക്കുവാൻ മാതാപിതാക്കൾക്ക് പരിശീലനം നൽകുക.
- പൗരോഹിത്യത്തെപ്പറ്റി അറിവു നൽകാൻ വിവര സാങ്കേതികവിദ്യ ഉപയോഗിക്കുക.
- സെമിനാരിക്കാർക്ക് പുതിയ തലമുറകളുമായി കൂടുതൽ ബന്ധപ്പെടാൻ അവസരം ഒരുക്കുക.
- കുടുംബക്കൂട്ടായ്മകളിൽ പ്രാർത്ഥനയ്ക്ക് നേതൃത്വം കൊടുക്കാൻ വൈദികവിദ്യാർത്ഥികൾക്ക് അവസരം നൽകുക.
- രൂപതാദ്ധ്യക്ഷൻ വൈദികവിദ്യാർത്ഥികളെ നിരന്തരമായ ബന്ധത്തിലൂടെ പ്രോത്സാഹിപ്പിക്കുക.
- മൂല്യബോധം വളർത്താനും ജീവിതസാക്ഷ്യങ്ങൾ കാണാനും ആത്മീയ നിർദ്ദേശങ്ങൾ സ്വീകരിക്കാനും ഉതകുന്ന പരിശീലനം നൽകുക.
- പുതിയ തലമുറയെ അറിഞ്ഞ് അവരെ പരിശീലിപ്പിക്കുവാനും അവർക്ക് കൗൺസിലിംഗ് കൊടുക്കാനും കഴിവുള്ള വൈദികരുടെ സാന്നിദ്ധ്യം സെമിനാരിയിൽ ഉണ്ടാകണം.
- മൈനർ സെമിനാരിക്കാലത്തുതന്നെ സഭാചരിത്രം,ആരാധനാക്രമ പൈതൃകം തുടങ്ങിയവ മനസിലാക്കാൻ അവസരം നൽകുക.
- സാമൂഹ്യസേവനത്തിന് വൈദികവിദ്യാർത്ഥികൾക്ക് അവസരം നൽകുക.
- വിശ്വാസത്തിന്റെ സന്തോഷം അനുഭവിച്ച വിശുദ്ധരുടെ ജീവിതം പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുക. ഈ ജീവിതമാതൃകകൾ സുവിശേഷത്തിന്റെ വ്യാഖ്യാനങ്ങൾതന്നെയാണ്.
- മിഷൻ അനുഭവങ്ങൾ പങ്കുവയ്ക്കപ്പെടണം.
- തെറ്റുപറ്റിയാൽ തുറവിയോടെ മറ്റുള്ളവരുമായി സംസാരിക്കുക. തിരുത്തേണ്ടവ തിരുത്തുക. നാം പൂർണ്ണരല്ല എന്ന് മനസിലാക്കുക. ക്രിയാത്മകമായി പ്രതികരിക്കുക.

# X. വൈദിക-സന്യസ്ത ദൈവവിളി പ്രോത്സാഹനം

**(വിവിധ തലങ്ങളിലെ ചർച്ചയിൽനിന്ന് ഏകോപിപ്പിച്ചത്)**

- വൈദിക-സന്യസ്തദൈവവിളികൾക്കുവേണ്ടി പ്രാർത്ഥിക്കുക. ദൈവവിളി സ്വീകരിച്ച് പോകുന്നവരുടെ പേര് ഞായറാഴ്ച കുർബാനയിൽ അനൗൺസ് ചെയ്യുക.
- സമർപ്പിതരുടെ ജീവിതവും, ശുശ്രൂഷയിലുള്ള സന്തോഷവും സമർപ്പണജീവിതത്തോടുള്ള സ്നേഹവും യുവതീയുവാക്കളെ സമർപ്പണജീവിതത്തിലേക്ക് ആകർഷിക്കുവാൻ സഹായിക്കണം.
- അൾത്താരബാലന്മാരെ സവിശേഷശ്രദ്ധയോടെ പരിഗണിക്കുക; പ്രോത്സാഹിപ്പിക്കുക.
- സൺഡേസ്കൂൾ പാഠ്യപദ്ധതിയിൽ ദൈവവിളിയെപ്പറ്റിയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തുക.
- വൈദികരുടെയും സന്യസ്തരുടെയും ജീവിതമാതൃക ദൈവവിളികളെ വളർത്തും.
- ഇടവക-സ്കൂൾ തലത്തിൽ ദൈവവിളി സംബന്ധിച്ച് ക്ലാസുകൾ നടത്തുക.
- ഭക്തസംഘടനകൾ പ്രോത്സാഹിപ്പിക്കുക പ്രത്യേകിച്ച് തിരുബാലസഖ്യം, മിഷൻ ലീഗ്, K.C.Y.M, ജീസസ് യൂത്ത് എന്നിവ.
- വിദ്യാർത്ഥികൾക്ക് സെമിനാരി സന്ദർശിക്കാൻ അവസരം ഒരുക്കുക.
- സ്കൂൾതലത്തിൽ ദൈവവിളിയെപ്പറ്റി ചർച്ചകൾ നടത്തുക.
- വിശുദ്ധരുടെ ജീവിതമാതൃക പരിചയപ്പെടുത്തുക.
- ദൈവവിളിയെ സഹായിക്കുന്ന കലാരൂപങ്ങൾ, വീഡിയോകൾ, നിർമ്മിച്ചു നൽകുക.
- സമർപ്പിതജീവിതങ്ങൾ ഈശോയെകൊണ്ട് നിറഞ്ഞ് ഉള്ളിൽ സന്തോഷം വർദ്ധിച്ചെങ്കിലേ അത് ശുശ്രൂഷാമണ്ഡലങ്ങളിലേയ്ക്കും പകർന്നുകൊടുക്കാനാവൂ. ഈശോയുടെ കരുണയുടെയും സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും സ്പർശം പകർന്നുകൊടുത്തുകൊണ്ട് ദൈവവിളികളെ വളർത്തുവാൻ കഴിയും.
- ദളിത് കുടുംബങ്ങളിൽനിന്നുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കുക.
- ദൈവവിളി കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ ദൈവവിളിയുടെ മാഹാത്മ്യം മാതാപിതാക്കൾ മക്കൾക്കു പറഞ്ഞുകൊടുക്കുക.
- മിഷൻസ്ഥലങ്ങളിലേക്കുള്ള ദൈവവിളികളെയും വളർത്തുക; മിഷൻസ്ഥലങ്ങൾ പ്രത്യേകിച്ച് അദിലാബാദ് മിഷൻ സന്ദർശിക്കാൻ കുട്ടികളെയും യുവാക്കളെയും സെമിനാരിക്കാരെയും പ്രോത്സാഹിപ്പിക്കുക.

# സമാപനാശംസ

## തീക്ഷ്ണതയോടെ ജീവിതവീഥിയിലേക്ക്

നവസുവിശേഷവൽക്കരണപ്രവർത്തനങ്ങളിലൂടെ കരുത്ത് സ്വീകരിച്ച് ഈശോയോടും അവിടുത്തെ സുവിശേഷത്തോടും അവിടുത്തെ തുടർച്ചയായ തിരുസഭയുടെ പ്രബോധനങ്ങളോടും ചേർന്ന് ഫലദായകമായ ഒരു കത്തോലിക്കാവിശ്വാസജീവിതം നയിക്കുവാൻ പാലാ രൂപതയിലെ വിശ്വാസികളുടെ സമൂഹത്തിന് എന്നും കഴിയണം. ആഴമായ വിശ്വാസത്തിന്റെ നല്ല വേരോട്ടമുള്ള, വളക്കൂറുള്ള മണ്ണാണ് നമ്മുടെ രൂപതയുടേത്. ഈ വിശ്വാസം നന്നായി ജീവിക്കുവാനും ഫലപ്രദമായി കൈമാറ്റം ചെയ്യുവാനും നമുക്ക് എല്ലാവർക്കും കഴിയട്ടെ. സ്ഥായിഭാവമുള്ള വിശ്വാസജീവിതത്തിനും വിശ്വാസകൈമാറ്റത്തിനും ഉപകരിക്കുന്ന കർമ്മപദ്ധതികൾ രൂപപ്പെടുത്തുവാൻ ഈ എപ്പാർക്കിയൽ അസംബ്ലിക്ക് സാധിക്കട്ടെ. തീക്ഷ്ണതയോടെ ജീവിതവീഥിയിൽ വ്യാപരിക്കുവാൻ ഈശോയും ദൈവമാതാവായ പരിശുദ്ധമറിയവും നമ്മുടെ പിതാവായ മാർതോമ്മാ ശ്ലീഹായും വി. അൽഫോൻസാമ്മയും വാഴ്ത്തപ്പെട്ട കുഞ്ഞച്ചനും ധന്യൻ മത്തായിയച്ചനും നമ്മെ സഹായിക്കട്ടെ.

**തയ്യാറാക്കിയത്:**
**എപ്പാർക്കിയൽ അസംബ്ലിയുടെ മാർഗരേഖയ്ക്കുവേണ്ടിയുള്ള**
**സെൻട്രൽ കമ്മിറ്റി**

ഫാ. ഡോമിനിക് വെച്ചൂർ (ചെയർമാൻ)
ഫാ. തോമസ് പാറയ്ക്കൽ
ഫാ. മാത്യു ചന്ദ്രൻകുന്നേൽ
സി. ലിസാ മാർട്ടിൻ
ഡോ. ആൻസി ജോർജ്
ഡോ. റ്റി.സി. തങ്കച്ചൻ